# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**നഗരസഭാ ഓഡിറ്റ് കാര്യാലയം**

**തിരൂർ പി.ഒ**

**ഇ-മെയിൽ: mltir.ksad@kerala.gov.in**

**ഫോൺ :**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TRM2-507/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരൂർ പി.ഒ
തീയ്യതി: 28/12/2023
ഇ-മെയിൽ: mltir.ksad@kerala.gov.in
ഫോൺ:

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തിരൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : തിരൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12, 1-17, 1-18, 1-40 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്. മലപ്പുറം(ഉപരിപത്രം സഹിതം)
3.കാര്യാലയ പകർപ്പ്

നമ്പർ: KSA-TRM2-507/2023 തീയ്യതി: 28/12/2023

## മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 30-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 92 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽ.പി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 01-05-2023 | 31-05-2023 |
| ശ്രീ.ഹരി കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 01-06-2023 | 30-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-05-2023 | 30-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രസാദ്.പി. ഓഡിറ്റ് ഓഫീസർ 01.05.2023 മുതൽ 30.11.2023 വരെ

ശ്രീ. മുഹമ്മദ് മുസ്തഫ.പി. അസി.ഓഡിറ്റ് ഓഫീസർ 01.05.2023 മുതൽ 30.11.2023 വരെ

ശ്രീ. അനീത് ബാബു.കെ.ടി. സീനിയർ ഗ്രേഡ് ഓഡിറ്റർ 01.05.2023 മുതൽ 11.06.2023 വരെ

ശ്രീ. മുഹമ്മദ് ഫാസിൽ.ടി.ടി. സീനിയർ ഗ്രേഡ് ഓഡിറ്റർ 12.06.2023 മുതൽ 30.11.2023 വരെ

ശ്രീ. ഡാനിഷ് കെ.ഇസഡ്, ഓഡിറ്റർ 01.05.2023 മുതൽ 09.07.2023 വരെ

ശ്രീ. ജാസിം എൻ.വി. 10.07.2023 മുതൽ 30.11.2023 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നസീമ. എ.പി | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ.ഷെറി.ജി | സെക്രട്ടറി | 01-04-2022 | 15-04-2022 |
| ശ്രീ.റ്റി.വി.ശിവദാസൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-04-2022 | 02-06-2022 |
| ശ്രീ.ഷെറി.ജി | സെക്രട്ടറി | 03-06-2022 | 27-07-2022 |
| ശ്രീ.റ്റി.വി.ശിവദാസൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-07-2022 | 28-02-2023 |
| ശ്രീമതി. സിനി ടി.എൻ | സെക്രട്ടറി | 01-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 30-04-2022 |
| ശ്രീ. കൃഷ്ണൻകുട്ടി | മുനിസിപ്പൽ എഞ്ചിനീയർ | 01-05-2022 | 18-07-2022 |
| ശ്രീമതി. ധന്യ | മുനിസിപ്പൽ എഞ്ചിനീയർ | 19-07-2022 | 31-03-2023 |
| ശ്രീമതി. പ്രിൻസി സേവ്യർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ. ബേബി ലക്ഷ്മി.കെ.ആർ | മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി | 01-04-2022 | 31-03-2023 |
| ശ്രീ. ജീവരാജ്. ഇ.കെ | ഹെൽത്ത് സൂപ്പർവൈസർ (സി.സി.എം) | 01-04-2022 | 31-03-2023 |
| ശ്രീമതി. സക്കീന കുന്നത്ത് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. അബൂബക്കർ. പി | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ/കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. പി. ഉഷ | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് നയീം. ബി.സി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 07-04-2022 |
| ശ്രീ. ഷിബിൻ | വ്യവസായ വികസന ഓഫീസർ | 08-04-2022 | 01-08-2022 |
| ശ്രീ. മുഹമ്മദ് നയീം. ബി.സി | വ്യവസായ വികസന ഓഫീസർ | 02-08-2022 | 16-10-2022 |
| ശ്രീമതി. നാജില.പി.സി | വ്യവസായ വികസന ഓഫീസർ | 17-10-2022 | 31-03-2023 |
| ശ്രീ. രഞ്ജിത്ത് | പ്രോജക്ട് ഓഫീസർ, യു.പി.എ.സി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. ശ്രീജേഷ്. കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. പത്മശ്രീ. കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 02-12-2022 |
| ശ്രീ. മുഹമ്മദ് അഷ്ഹർ. സി | അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ് | 03-12-2022 | 13-12-2022 |
| ശ്രീമതി. റിജ. പി.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 14-12-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ അസീസ് | പ്രധാനാധ്യാപകൻ | 01-04-2022 | 06-08-2022 |
| ഒഴിവ് | പ്രധാനാധ്യാപകൻ | 07-08-2022 | 29-08-2022 |
| ശ്രീ. കുഞ്ഞവറാൻ കുട്ടി | പ്രധാനാധ്യാപകൻ | 30-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കുറിപ്പുകൾ,അനുമാനങ്ങൾ , മുൻ വർഷ താരതമ്യ തുകകൾ എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ തൻവർഷത്തെ ലെഡ്ജർ/ട്രയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | B1 ഷെഡ്യൂൾ പ്രകാരമുള്ള ജനറൽ ഫണ്ട്, എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ എന്നിവ ലെഡ്ജർ പ്രകാരമുള്ള തുകകളുമായും B1 Landscape തുകകളുമായും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള പാസ്സ് ബുക്ക് നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം കാണുന്നുണ്ട് | 1-1-4 |
| 6 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല | 1-1-5 |
| 7 | ബെനെഫിഷ്യറി കോൺട്രിബ്യൂഷൻ–വിവരങ്ങൾ ലഭ്യമല്ല | 1-1-6 |
| 8 | പിരിവ് വിവരങ്ങളും വാർഷിക കണക്കിലെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | എ.സി.ആർ ലെയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെയും ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ഡെപ്പോസിറ്റ് റിസീവ്ഡ് ലെ തുക വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-9 |
| 11 | വസ്തു നികുതി ഡി.സി.ബി വിവരങ്ങൾ എ.എഫ്.എസ് ലെ വസ്തു നികുതി ഡി.സി.ബി വിവരങ്ങളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-10 |
| 12 | ടെണ്ടർ ഫീ ഫോറം വില്പന ഫീ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | നികുതി പിരിവിലെ കാര്യക്ഷമതയില്ലായ്മയും ഫണ്ട് വിനിയോഗത്തിലെ കുറവും കാരണം നഗരസഭയ്ക്ക് 2.71 കോടി നഷ്ടമായി | 1-11 |
| 23 | IFTE& OS ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 1-12 |
| 24 | തൊഴിൽ നികുതി ഈടാക്കുന്നതിലെ വിവിധ അപാകതകൾ | 1-13 |
| 25 | വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല. 4231987/- രൂപ കുടിശ്ശിക | 1-14 |
| 26 | ലേലതുക പിരിച്ചെടുക്കുന്നതിലെ അപാകതകൾ | 1-15 |
| 27 | പരിരക്ഷ പാലിയേറ്റീവ് കെയർ പദ്ധതി- KMSCL ൽ നിന്നും മരുന്നുകൾ ലഭ്യമായില്ല - 245028/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-16 |
| 28 | അറവുശാല നവീകരണം - അപാകതകൾ | 1-17 |
| 29 | ഹരിത കർമ്മ സേന പ്രവർത്തനത്തിലെ പോരായ്മകൾ | 1-18-1 |
| 30 | ഹരിത കർമ്മ സേന - ഹരിത സഹായ സംഘത്തിന്റെ കരാർ ലംഘനം മൂലം നഷ്ടമായ 130220 രൂപ തിരികെ ഈടാക്കിയില്ല | 1-18-2 |
| 31 | ഹരിത കർമ്മ സേന - സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ നടത്തിപ്പിലെ അപാകതകൾ | 1-18-3 |

| | | |
|---|---|---|
| 32 | ഹരിത കർമ്മ സേന - പുന:ചംക്രമണ സാധ്യത ഇല്ലാത്ത അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ - അപാകതകൾ | 1-18-4 |
| 33 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫർണീച്ചർ/സാധന സാമഗ്രികൾ വാങ്ങി | 1-19 |
| 34 | പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി - അപാകതകൾ | 1-20 |
| 35 | പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ പ്രോജക്ടിലെ അപാകതകൾ | 1-21 |
| 36 | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - തുല്യതാ പഠിതാക്കൾക്ക് ധനസഹായം - അപാകതകൾ | 1-22 |
| 37 | തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ (എ.എം.സി) കുടിശ്ശികകാരനിൽ നിന്ന് തുക വസൂലാക്കിയില്ല | 1-23 |
| 38 | ഉപയോഗ്യ ശൂന്യമായ യു.പി.എസ് ബാറ്ററികൾ മതിപ്പുവില കണക്കാക്കി ലേലം ചെയ്യാതെ കൈയൊഴിഞ്ഞു | 1-24 |
| 39 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ –വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക 911233 തടസ്സപ്പെടുത്തുന്നു | 1-25-1 |
| 40 | വയോമിത്രം സാമൂഹ്യ സുരക്ഷാമിഷന് വിഹിതം നല്കൽ–വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക 10,00,000 രൂപ തടസ്സപ്പെടുത്തുന്നു | 1-25-2 |
| 41 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക 3647000 രൂപ തടസ്സപ്പെടുത്തുന്നു | 1-25-3 |
| 42 | പയ്യനങ്ങാടി കടിവെള്ള പദ്ധതി അപാകതകൾ | 1-26 |
| 43 | നഗരസഭയിലേക്ക് സാനിട്ടറി ഉപകരണങ്ങൾ വാങ്ങൽ - ചെലവുതുക 3,92,167/- രൂപ തടസ്സം ചെയ്യുന്നു | 1-27 |
| 44 | വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം മൂലം പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കാതെ പോകുന്നു | 1-28 |
| 45 | നഗരസഭ ചിൽഡ്രൻസ് ലൈബ്രറി കെട്ടിടം തിരൂർ പ്രസ്സ് ക്ലബ്ബിന് താത്കാലികമായി അനുവദിച്ചതിലെ അപാകതകൾ | 1-29 |
| 46 | C No.7 അംഗനവാടി അറ്റകുറ്റപ്പണികൾ – അപാകതകൾ | 1-30 |
| 47 | കരാറുകാരുമായി ചമയ്ക്കുന്ന കരാറിലെ വ്യവസ്ഥകൾ കാലഹരണപെട്ടത് | 1-31 |
| 48 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - നഗരസഭയുടെ വിഹിതം നൽകൽ - അപാകതകൾ - ചെലവു തുക 380000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു | 1-32 |
| 49 | വയോമിത്രം മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല. ചെലവു തുക ആയതിനാൽ 109648/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. | 1-33 |
| 50 | നഗരസഭയിലെ കിണറ്റിലെ ജലം പരിശോധിക്കാൻ കെമിസ്ട്രി ലാബ് ശാക്തീകരണം പദ്ധതി നടത്തിപ്പിലെ അപാകത ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടും പരിഹരിച്ചില്ല; പദ്ധതിപ്പണം പാഴ്ചെലവാകുന്നു | 1-34 |
| 51 | ബിരുദം, ബിരുദാന്തര ബിരുദം, ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം അപാകതകൾ–109632/-രൂപ തടസത്തിൽ വയ്ക്കുന്നു | 1-35 |
| 52 | വീട് വാസയോഗ്യമാക്കൽ (ജനറൽ)-അപാകതകൾ | 1-36-1 |
| 53 | വീട് അറ്റകുറ്റപ്പണി (ജനറൽ) അപാകതകൾ | 1-36-2 |
| 54 | ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ–അപാകതകൾ | 1-37 |
| 55 | തിരൂർ മാർക്കറ്റ് കോറിഡോർ വികസനം - കരാറുകാരനിൽ നിന്ന് പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല | 1-38-1 |
| 56 | വൈദ്യുതീകരണ പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പ്രവർത്തി പൂർത്തീകരിച്ചില്ല – പിഴ ഈടാക്കിയില്ല | 1-38-2 |
| 57 | പകൽ വീട് നിർമ്മാണത്തിലെ അപാകതകൾ | 1-39 |
| 58 | റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല | 1-40 |
| 59 | വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ (കിച്ചൺ വേസ്റ്റ് ഡയജസ്റ്റർ) നൽകൽ - പദ്ധതി നടപ്പാക്കിയില്ല | 1-41 |

| | | |
|---|---|---|
| 60 | വിശപ്പുരഹിത കേരളം-ജനകീയ ഹോട്ടലുകൾ ആരംഭിക്കൽ -അപാകതകൾ ചെലവു തുക 106390/- തടസ്സം ചെയ്യുന്നു. | 1-42 |
| 61 | കുടിവെള്ള കിണറുകൾക്ക് സബ്സിഡി-അപാകതകൾ ചെലവു തുക 135000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-43 |
| 62 | ആരോഗ്യ കേന്ദ്രങ്ങളിലേക്ക് വാങ്ങിയ ഫർണിച്ചർ ഉപകരണങ്ങൾ വിതരണം ചെയ്തില്ല -ചെലവു തുക 494134/-രൂപ തടസ്സത്തിൽ വയ്ക്കുന്നു | 1-44 |
| 63 | മിനി എസ്കവേറ്റർ - ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ | 1-45 |
| 64 | ഹയർ സെക്കന്ററി സ്കൂളിൽ സാനിട്ടറി നാപ്കിൻ വിതരണം അപാകതകൾ -ചെലവു തുക 228153/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 1-46 |
| 65 | നഗരസഭയിൽ സംഭരിച്ച ടാർ ഉപയോഗ ശൂന്യമാകുന്നു. | 1-47 |
| 66 | അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി കരാറുകാരനിൽ നിന്ന് വാങ്ങിയില്ല | 1-48 |
| 67 | ഇ.എം.എസ്. ചിൽഡ്രൻസ് പാർക്ക് നവീകരണം - എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതയും, മറ്റ് അപാകതകളും-ചെലവു തുക 51088/-രൂപ തടസ്സത്തിൽ വയ്ക്കുന്നു | 1-49 |
| 68 | മുനിസിപ്പൽ ബസ്സ്റ്റാന്റ് വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്-നിരീക്ഷണങ്ങൾ | 1-50 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ (ഖണ്ഡിക 1-13) | |
| 4 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ (ഖണ്ഡിക 1-13) | |
| 5 | പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി (ഖണ്ഡിക 1-20) | |
| 6 | വാടക കുടിശ്ശികയുടെ വിശദവിവരങ്ങൾ (ഖണ്ഡിക 1-14) | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**(1)** തിരൂർ നഗരസഭയുടെ 2023 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണ സമിതിയുടെ 20-07-2023 തീയതിയിലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 21-07-2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

(2) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിൻമേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

(3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തിരൂർ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തിരൂർ
28.12.2023

ഡെപ്യൂട്ടി ഡയറക്ടർ,
നഗരസഭ ഓഡിറ്റ് കാര്യാലയം, തിരൂർ

### 1-1-1 കുറിപ്പുകൾ,അനുമാനങ്ങൾ , മുൻ വർഷ താരതമ്യ തുകകൾ എന്നിവ വാർഷികകണക്കിൽ

**ഉൾപ്പെടുത്തിയിട്ടില്ല**

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ 58(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 58(2)(എഫ്) പ്രകാരമുള്ള അനുമാനങ്ങൾ 58(3) പ്രകാരമുള്ള മുൻ വർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ തൻവർഷത്തെ ലെഡ്ജർ/ട്രയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.**

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബാലൻസ് ഷീറ്റ് 2021-22 | ലെഡ്ജർ/ട്രയൽ ബാലൻസ് 22-23 |
|---|---|---|---|---|
| 1 | 310100100 | ജനറൽ ഫണ്ട് | 140424529.78 | 22387021.28 |
| 2 | 310900100 | എക്സസ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ | 25909623 | 143947131.50 |

**1-1-3 B1 ഷെഡ്യൂൾ പ്രകാരമുള്ള ജനറൽ ഫണ്ട്, എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ എന്നിവ ലെഡ്ജർ പ്രകാരമുള്ള തുകകളുമായും B1 Landscape തുകകളുമായും പൊരുത്തപ്പെടുന്നില്ല**

| ക്രമ നമ്പർ | ശീർഷകം | ഇനം | ബി1 ഷെഡ്യൂൾ | ലെഡ്ജർ |
|---|---|---|---|---|
| 1 | 310100100 | ജനറൽ ഫണ്ട് | 166334152.78 | 22387021.28 |
| 2 | 310900100 | എക്സസ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ | 14686620 | 143947131.50 |

Excess Income Over The Expenditure B-1 Schedule (Land Scape) ൽ 15,86,33,751 ആണ് വർഷാവസാനത്തെ നീക്കിയിരിപ്പ്

**1-1-4 റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള പാസ്സ് ബുക്ക് നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം കാണുന്നുണ്ട്**

1-1.4) B-17, RP-40(b) ഷെഡ്യൂളുകൾ പ്രകാരമുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരുപ്പുകളും പാസ്സ് ബുക്ക്/സ്റ്റേറ്റ്മെൻ്റ് പ്രകാരമുള്ള നീക്കിയിരുപ്പുകളും പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ നീക്കിയിരിപ്പിൽ വ്യത്യാസമുണ്ട്. ആയത് ക്രമീകരിക്കുന്ന റീകൺസിലിയേഷൻ പത്രികകൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള പാസ്സ് ബുക്ക് നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം കാണുന്നുണ്ട്.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | എ.എഫ്.എസ് പ്രകാരം നീക്കിയിരിപ്പ് | പാസ്സ് ബുക്ക് പ്രകാരം | റീകൺസിലിയേഷൻ പ്രകാരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ICICI 021905001257 | 51800 | 5930429 | 16000 |
| 2 | SBI OWN FUND 57003523639 | 52023740.28 | 50895806.12 | 50447753 |
| 3 | SBT (EPF) 67327417799 | 103281 | 12612 | 106881 |

ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ RP-40(b) മായി പൊരുത്തപ്പെടുന്നില്ല.

1. 799011400007351 നമ്പർ STSB അക്കൗണ്ടിൽ 2188278/- രൂപ നീക്കിയിരുപ്പുണ്ട്. അത് എ.എഫ്.എസ് ൽ ഉൾപ്പെടുത്തിയിട്ടില്ല.
2. STSB അക്കൗണ്ട് കണ്ടിജന്റ് പെൻഷൻ 7352 ൽ പാസ്സ് ബുക്ക്/സ്ക്രോൾ പ്രകാരം 1342026/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ എ.എഫ്.എസ് പ്രകാരം പൂജ്യമാണ്.
3. LGTSB 799013000000582 ൽ പാസ്സ് ബുക്ക്/സ്ക്രോൾ പ്രകാരം 2034471/- രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ എ.എഫ്.എസ് പ്രകാരം (-)184239 എന്ന സംഖ്യയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മൈനസ് തുക വരാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

**1-1-5 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല**

2022-23 വർഷത്തെ ബി-14 ഷെഡ്യൂൾ പ്രകാരം 13,47,748/- രൂപയുടെ സ്റ്റോക്ക് ബാലൻസുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി സ്റ്റോക്ക് രജിസ്റ്റർ ആവശ്യപ്പെട്ടുവെങ്കിലും നഗരസഭ ഹാജരാക്കിയില്ല. 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിലെയെല്ലാം എ.എഫ്.എസ് കളിൽ 1347748/- രൂപയുടെ സ്റ്റോക്ക് ബാലൻസാണ് ബി-14 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതാത് വർഷങ്ങളിൽ നടത്തുന്ന സ്റ്റോർ പർച്ചേസുകളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്റ്റോക്കുകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തിയല്ല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാണ്.

**1-1-6 ബെനെഫിഷ്യറി കോൺട്രിബ്യൂഷൻ-വിവരങ്ങൾ ലഭ്യമല്ല**

ബാലൻസ് ഷീറ്റിലെ ബെനെഫിഷ്യറി കോൺട്രിബ്യൂഷൻ (ബി-4 ഷെഡ്യൂൾ - 320801000) ഹെഡിനത്തിൽ 60,58,994 രൂപ നീക്കിയിരിപ്പുണ്ട്. 2021-2022 സാമ്പത്തിക വർഷത്തിൽ 6088994/- രൂപയായിരുന്ന നീക്കിയിരിപ്പ്. ഈ ഇനത്തിൽ പിരിച്ചെടുത്ത തുകയുടെ വിശദാംശങ്ങളും പൂർണ്ണമായി ചെലവഴിക്കാത്ത പ്രൊജക്റ്റുകളുടെ വിവരവും മറ്റു വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-1-7 പിരിവ് വിവരങ്ങളും വാർഷിക കണക്കിലെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

അക്രൂവൽ അടിസ്ഥാനത്തിലല്ലാതെ കണക്കാക്കുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പിരിവ് വിവരങ്ങളും വാർഷിക കണക്കിലെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | രജിസ്റ്റർ പ്രകാരം | എ.എഫ്.എസ് പ്രകാരം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 140501000 – Market Fees | 56,01,999 | 45,90,065 |
| 2 | 140501300 – Vehicle Stand Fee | 1,24,500 | 4,47,905 |
| 3 | 140500900 – Public Sanitation Charge | 2,31,999 | 8,13,734 |

**1-1-8 എ.സി.ആർ ലെയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെയും ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.**

| ക്രമ നമ്പർ | ഗ്രാന്റ് | വാർഷിക കണക്ക് | എ.സി.ആർ | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ചെലവ് |
|---|---|---|---|---|
| 1 | ഡവലപ്മെന്റ് ഫണ്ട് ജനറൽ | 25563377 | 25563377 | 29569399 |
| 2 | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 7513249 | 8513249 | 7513249 |
| 3 | ഡവലപ്മെന്റ് ഫണ്ട് എസ്.സി.പി | 11633042 | 11640542 | 11269228 |

**1-1-9 ഡെപ്പോസിറ്റ് റിസീവ്ഡ് ലെ തുക വ്യത്യാസപ്പെട്ടിരിക്കുന്നു.**

2022-23 വാർഷിക കണക്കിൽ B7 Deposit Received തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 15374388 രൂപയാണ്. യഥാർത്ഥത്തിൽ B7 Deposit Received തുകയായി വരേണ്ട തുക 13557139/- രൂപയാണ്.

2022-23 ലെ വാർഷിക കണക്കിൽ B7 – Deposit Received (നീക്കിയിരിപ്പ്) 15374388

2021-22 ലെ വാർഷിക കണക്കിൽ B7 – Deposit Received (നീക്കിയിരിപ്പ്) 14383752

2022-23 RP-27 (Receipt) 1716843

2022-23 RP-27 (Payment) 2543456

B7 പ്രകാരം 2022-23 യഥാർത്ഥ ഡെപ്പോസിറ്റ് = 2021-22 B7- Depoist Received +

2022-23 RP-27 (Receipt) -

2022-23 RP-27 (Payment) = 13557139

വ്യത്യാസം = 1817249 (15374388 – 13557139)

### 1-1-10 വസ്തു നികുതി ഡി.സി.ബി വിവരങ്ങൾ എ.എഫ്.എസ് ലെ വസ്തു നികുതി ഡി.സി.ബി വിവരങ്ങളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാക്കിയ വസ്തു നികുതി ഡി.സി.ബി വിവരങ്ങൾ എ.എഫ്.എസ് ലെ വസ്തു നികുതി ഡി.സി.ബി വിവരങ്ങളുമായി ചുവടെ കൊടുക്കുന്നത് പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

**കുടിശ്ശിക**

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ (കുടിശ്ശിക) | 43065240 | 14844130 | 28264919 |
| എ.എഫ്.എസ് | 36461871 | 14336618 | 21400054 |

**തൻവർഷം**

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ | 58262780 | 43962417 | 15793873 |
| എ.എഫ്.എസ് | 46310000 | 37066719 | 9705445<br>(B15 – 2022-23 പ്രകാരം) |

സഞ്ചയയിൽ തൻവർഷം 15793873 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുമ്പോൾ എ.എഫ്.എസ് പ്രകാരം അത് 9705445 രൂപ മാത്രം. അപാകത വിശദീകരിക്കേണ്ടതാണ്.

### 1-1-11 ടെണ്ടർ ഫീ ഫോറം വില്പന ഫീ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇൗ-ടെണ്ടർ ഫോറം ഫീ ഇനത്തിലെ തുക 2022-23 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ബജറ്റ് 26.03.2022 ലെ തീയതിയിലെ 1ാംതീരുമാന പ്രകാരവും പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21.03.2023 ലെ 1ാം തീരുമാനപ്രകാരവും അംഗീകരിക്കുകയുണ്ടായി.

1. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്-ചെലവ് കണക്കുകളും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് – ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | 2022-23 ലെ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് (രൂപ) | 2022-23 ലെ വാർഷിക കണക്ക് പ്രകാരം ലഭ്യമായത് (രൂപ) | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 100767529 | 120864102 | 20096573 |
| വരവ് | 494135696 | 318390461 | 175745235 |
| ആകെ | 594903225 | 439254563 | 155648662 |
| ചെലവ് | 518829941 | 309664438 | 209165503 |
| നീക്കിയിരിപ്പ് | 76073284 | 129590125 | 53516841 |

വാർഷിക ധനകാര്യ പത്രികയും ബജറ്റും തമ്മിൽ വലിയ അന്തരം കാണിക്കുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ കൂടുതൽ

യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. 2022-23 ലെ ബജറ്റിൽ 6 കോടി രൂപയുടെ വായ്പ കാണിച്ചിട്ടുണ്ട് (ബി.എസ് 6) എന്നാൽ മേൽ വായ്പ വരവിന് എപ്രകാരമാണ് തിരിച്ചടവ് എന്ന് കാണിക്കുന്ന ബി.എസ് 11 ൽ യാതൊരു തുകയും ബജറ്റ് പ്രൊവിഷനായി കാണിച്ചിട്ടില്ല. കൗൺസിൽ തീരുമാനമില്ലാതെ BS6-ൽ 6കോടി രൂപ ഉൾപ്പെടുത്തിയത് നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

ബജറ്റ് തയ്യാറാക്കുമ്പോൾ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 293 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 120864102.28 |
| വരവ് | 318390461 |
| ആകെ | 439254563.28 |
| ചെലവ് | 309664438 |
| നീക്കിയിരിപ്പ് | 129590125.28 |

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നം. | ഗ്രാന്റിന്റെ പേര് | മുന്നിരിപ്പ് | വരവ് തുക (ഉറവിട കിഴിവ് ഉൾപ്പെടെ) | ആകെ വരവ് | ചെലവു തുക (ഉറവിട കിഴിവ് ഉൾപ്പെടെ) | ലാപ്സായ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 01 | വികസന ഫണ്ട് (ജനറൽ) | 0 | 36064000 | 36064000 | 35521044 | 542956 | ഉറവിട കിഴിവ് 99577667 രൂപയാണ് |
| 02 | വികസന ഫണ്ട് (എസ്.സി.പി) | 0 | 16567959 | 16567959 | 11640542 | 4927417 | |
| 03 | വികസന ഫണ്ട് (ടി.എസ്.പി) | 0 | 1700000 | 1700000 | 0 | 1700000 | G.O(Rt)No.1049/2023/Fin Dated 13.02.203 പ്രകാരം 1700000/-രൂപ അനുവദിച്ചത് Grant Statement,ACRലും രേഖപ്പെടുത്തിയിട്ടില്ല. |
| 04 | മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 21165000 | 21165000 | 12220812 | 8944188 | |
| 05 | മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | 0 | 14807000 | 14807000 | 8513249 | 6293751 | |
| 06 | വികസന ഫണ്ട് (സി.എഫ്.സി. ടൈഡ്) | 16311825 | 22401390 | 38713215 | 31316061 | 7397154 | നീക്കിയിരിപ്പ് തുകയിൽ ട്രഷറി അലോട്ട്മെന്റായ 4405340/-രൂപ കാലാഹരണപ്പെട്ടു. ബാങ്ക് നീക്കിയിരിപ്പ് 2991814/-രൂപ |
| 07 | വികസന ഫണ്ട് (സി.എഫ്.സി. അൺ ടൈഡ്) | 7940619 | 11178705 | 19119324 | 18753539 | 365785 | നീക്കിയിരിപ്പ് തുകയിൽ ട്രഷറി അലോട്ട്മെന്റായ 422487/-രൂപ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | കാലാഹരണപ്പെട്ടു. 56702/-രൂപ ബാങ്കിലെ ടൈഡ് നീക്കിയിരിപ്പിൽ നിന്നും ഉപയോഗിച്ചു. |

**2022-23 ൽ വിവിധ ഗ്രാന്റുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ**

**1. വികസന ഫണ്ട് (ജനറൽ)**

| ക്രമ നം. | സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് | SCP/TSP യിലേക്ക് ക്രമീകരിച്ചത് | നികുതി പിരിവിലെ കുറവ് മൂലമുള്ള കിഴിവ് | അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിലെ കിഴിവ് | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | നെറ്റ് അലോട്ട്മെന്റ് |
|---|---|---|---|---|---|---|---|
| 01 | സ.ഉ (സാധാ) നം. 2839/2022 ധന തീ. 08.04.2022 | 17870000 | 0 | 0 | 627800 | 0 | 17242200 |
| 02 | സ.ഉ (സാധാ) നം. 6872/2022 ധന തീ. 12.10.2022 | 9097000 | | 0 | 627800 | 1233334 | 7235866 |
| 03 | സ.ഉ (സാധാ) നം. 1049/2023 ധന തീ. 13.02.2023 | 9097000 | 5246959 | 360640 | 627800 | 1233334 | 1628267 |
| | ആകെ | 36064000 | 5246959 | 360640 | 203400 | 2466668 | 26106333 |

**2.വികസന ഫണ്ട് (എസ്.സി.പി)**

| ക്രമ നം. | സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് | SCPയിലേക്ക് ജനറലിൽ നിന്ന് ക്രമീകരിച്ച ഇനത്തിൽ ലഭിച്ചത് | ആകെ എസ്.സി.പി അലോട്ട്മെന്റ് |
|---|---|---|---|---|
| 01 | സ.ഉ (സാധാ) നം. 2839/2022 ധന തീ. 08.04.2022 | 4340000 | 0 | 4340000 |

| | | | | |
|---|---|---|---|---|
| 02 | സ.ഉ (സാധാ) നം. 6872/2022 ധന തീ. 12.10.2022 | 4340500 | 0 | 4340500 |
| 03 | സ.ഉ (സാധാ) നം. 1049/2023 ധന തീ. 13.02.2023 | 4340500 | 3546959 | 7887459 |
| | ആകെ | 13021000 | 3546959 | 16567959 |

**3.വികസന ഫണ്ട് (ടി.എസ്.പി )**

| ക്രമ നം. | സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് | TSPയിലേക്ക് ജനറലിൽ നിന്ന് ക്രമീകരിച്ച ഇനത്തിൽ ലഭിച്ചത് | ആകെ ടി.എസ്.പി അലോട്ട്മെന്റ് |
|---|---|---|---|---|
| 01 | സ.ഉ (സാധാ) നം. 2839/2022 ധന തീ. 08.04.2022 | 0 | 0 | 0 |
| 02 | സ.ഉ (സാധാ) നം. 6872/2022 ധന തീ. 12.10.2022 | 0 | 0 | 0 |
| 03 | സ.ഉ (സാധാ) നം. 1049/2023 ധന തീ. 13.02.2023 | 0 | 1700000 | 1700000 |
| | ആകെ | 0 | 1700000 | 1700000 |

**4.സംരക്ഷണ ഫണ്ട് (റോഡ്)**

| ക്രമ നം. | സർക്കാർ ഉത്തരവ് | ആകെ അലോട്ട്മെന്റ് | മറ്റ് റിക്കവറികൾ | നെറ്റ് അലോട്ട്മെന്റ് |
|---|---|---|---|---|
| 01 | സ.ഉ | 672700 | 0 | 672700 |

| | | | | |
|---|---|---|---|---|
| | (സാധാ) നം. 2862/2022 ധന തീ. 08.04.2022 | | | |
| 02 | സ.ഉ (സാധാ) നം. 6267/2022 ധന തീ. 05.09.2022 | 10246150 | 0 | 10246150 |
| 03 | സ.ഉ (സാധാ) നം. 8253/2022 ധന തീ. 05.12.2022 | 10246150 | 0 | 10246150 |
| | ആകെ | 21165000 | 0 | 21165000 |

**4.സംരക്ഷണ ഫണ്ട് (നോൺ - റോഡ്)**

| **ക്രമ നം.** | **സർക്കാർ ഉത്തരവ്** | **ആകെ അലോട്ട്മെന്റ്** |
|---|---|---|
| 01 | സ.ഉ (സാധാ) നം. 2862/2022 ധന തീ. 08.04.2022 | 4615000 |
| 02 | സ.ഉ (സാധാ) നം. 6267/2022 ധന തീ. 05.09.2022 | 5096000 |
| 03 | സ.ഉ (സാധാ) നം. 8253/2022 ധന തീ. 05.12.2022 | 5096000 |
| | ആകെ | 14807000 |

5. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്)

| **ക്രമ നം.** | **സർക്കാർ ഉത്തരവ്** | **ആകെ അലോട്ട്മെന്റ്** |
|---|---|---|
| 01 | സ.ഉ (സാധാ) നം. 4585/2022 ധന തീ. 23.06.2022 | 9538390 |
| 02 | സ.ഉ (സാധാ) നം. 938/2023 ധന തീ. 08.02.2023 | 12863000 |
| | ആകെ | 22401390 |

6. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)

| **ക്രമ നം.** | **സർക്കാർ ഉത്തരവ്** | **ആകെ അലോട്ട്മെന്റ്** |
|---|---|---|
| 01 | സ.ഉ (സാധാ) നം. 4585/2022 ധന തീ. 23.06.2022 | 1995169 |
| 02 | സ.ഉ (സാധാ) നം. 765/2023 ധന തീ. 01.02.2023 | 8575500 |
| 03 | പലിശ ഇനത്തിൽ ലഭിച്ചത് | 608036 |

| | | |
|---|---|---|
| | ആകെ | 11178705 |

കുറിപ്പുകൾ

1. നികുതി പിരിവ് 90% കൈവരിക്കാത്തതിനാൽ 2022-23 ലെ ആകെ വികസന ഫണ്ട് ജനറൽ അലോട്ട്മെന്റിന്റെ 1% തുകയായ 360640 രൂപ (സ.ഉ (കൈ) നം. 179/2022 ധന.തീ. 18.10.2022) നഗരസഭയ്ക്ക് നഷ്ടപ്പെട്ടു.

2. സ.ഉ (കൈ) നം. 79/2021 ധന.തീ. 15.07.2021 പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ നോൺ ജനറൽ ഫണ്ട് വിഭാഗത്തിൽ കാലഹരണപ്പെടുന്ന തുക തൊട്ടടുത്ത വർഷം ജനറൽ ഫണ്ടിൽ നിന്ന് വകവെച്ച് കൊടുക്കുന്നതാണ്. ഇത് മൂലം 2022-23 ൽ ജനറൽ ഫണ്ടിൽ നിന്ന് 5246959 രൂപ കുറവ് ചെയ്യുകയും എസ്.സി.പി യിലേക്ക് 3546959 രൂപയും ബാക്കി 17,00,000 രൂപ അലോട്ട്മെന്റ് ഇല്ലാത്ത ടി.എസ്.പി യിലേക്കും ക്രമീകരിച്ചു.

3. സി.എഫ്.സി ഫണ്ട് 2021-22 വർഷം മുതൽ ബാങ്കിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയുണ്ടായി. വർഷം അവസാനിച്ചാലും ബാങ്കിൽ നീക്കിയിരിപ്പ് ഉള്ളതിനാൽ ഫണ്ട് ലാപ്സാകുന്നില്ല. (ട്രഷറി അലോട്ട്മെന്റിൽ ചെലവഴിക്കാത്ത തുക കാലഹരണപ്പെടുന്നുണ്ട്. 2022-23 ൽ 48,27,827 രൂപ കാലഹരണപ്പെട്ടു) വിശദവിവരം ചുവടെ ചേർക്കുന്നു.

**2021-22 സി.എഫ്.സി ഫണ്ട് (ടൈഡ്)**

| | OB | RECEIPTS - Allotment | TOTAL | PAYMENT | BALANCE | Remarks |
|---|---|---|---|---|---|---|
| **Treasury** | **0** | 13911217 | 13911217 | 5649862 | 8261355 | 8261355 Lapsed |
| **IDBI Bank** | **0** | 24839000 | 24839000 | 8527175 | 16311825 | 16311825<br>Balance In IDBI Bank |
| Total | 0 | 38750217 | 38750217 | 14177037 | 24573180 | |

**2021-22 സി.എഫ്.സി ഫണ്ട് (അൺടൈഡ്)**

| | OB | RECEIPTS | TOTAL | PAYMENT | BALANCE | IDBI പലിശ | Remarks |
|---|---|---|---|---|---|---|---|
| **Treasury** | **0** | **5477930** | 5477930 | 5443704 | 34226 | 0 | Lapsed 34,226 |
| **IDBI Bank** | **0** | **16559000** | 16559000 | 8864034 | 7694966 | 245653 | 7694966+245653= 7940619 Balance In Bank |
| **Total** | **Total** | 22036930 | 22036930 | 14307738 | 7729192 | | |

**2022-23 സി.എഫ്.സി ഫണ്ട് (ടൈഡ്)**

| | OB | RECEIPTS - Allotment | TOTAL | PAYMENT | BALANCE | Remarks |
|---|---|---|---|---|---|---|
| **Treasury** | **0** | 9538390 | 9538390 | 5133050 | 4405340 | 4405340 Lapsed |
| **IDBI Bank** | **16311825** | 12863000 | 29174825 | 26183011 | 2991814 | 2991814<br>Balance In IDBI Bank |
| Total | 16311825 | 22401390 | 38713215 | 31316061 | 7397154 | |

**2022-23 സി.എഫ്.സി ഫണ്ട് (അൺടൈഡ്)**

| | OB | RECEIPTS | IDBI പലിശ | TOTAL | PAYMENT | BALANCE | Remarks |
|---|---|---|---|---|---|---|---|
| **Treasury** | **0** | **1995169** | 0 | 1995169 | 1572682 | 422487 | Lapsed 422487 |
| **IDBI Bank** | **7940619** | **8575500** | 608036 | 17124155 | 17180857 | -56702 | 56702 രൂപ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | അൺടൈഡിനായി അധികം ചെലവഴിച്ചത് ടൈഡ് ബാങ്ക് ബാലൻസിൽ നിന്നാണ്. |
| Total | 7940619 | 10570669 | 608036 | 19119324 | 18753539 | 365785 | |

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും അവ നടപ്പാക്കിയതിന്റേയും വിശദവിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 336 | 247296512 | 204 | 136067404 | 0 | 132 | 60.71% |

വിവിധ ഫണ്ടുകൾ ഉൾപ്പെടുത്തി 336 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളത്. ആയതിൽ 204 പ്രോജക്ടുകൾക്കേ സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം ഗ്രാന്റിനത്തിൽ നഗരസഭയ്ക്ക് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായി പോയിട്ടുണ്ട്. നഗരസഭയ്ക്ക് ലഭ്യമായ മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെട്ടിട്ടുണ്ട് എന്നത് ശ്രദ്ധയിൽ കൊണ്ടുവരുന്നു. നിർവ്വഹണോദ്യോഗസ്ഥരിൽ സബ് ഇൻസ്പെക്ടർ ഓഫീസ് ഫിഷറീസ്, ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ, മുനിസിപ്പൽ എഞ്ചിനീയർ, അസി.എഞ്ചിനീയർ, സെക്രട്ടറി എന്നിവരൊഴികെ മറ്റു നിർവ്വഹണോദ്യോഗസ്ഥർ അവരുടെ പദ്ധതികൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്.

സെക്രട്ടറി ആകെ നടപ്പാകാനുദ്ദേശിച്ച 40 പദ്ധതിയിൽ 25ഉം, മുനിസിപ്പൽ എഞ്ചിനീയർ ആകെ നടപ്പാകാനുദ്ദേശിച്ച 15 പദ്ധതിയിൽ 10ഉം, അസി.എഞ്ചിനീയർ 171ൽ 89ഉം പ്രൊജക്ടുകൾക്കാണ് പദ്ധതി പണം വിനിയോഗിച്ചത്. വ്യക്തമായ ഒരു നിർമ്മാണ/മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയല്ല മുനിസിപ്പൽ എഞ്ചിനീയറും, അസി.എഞ്ചിനീയറും പദ്ധതികൾ നടപ്പിലാക്കിയത്. സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും മിനിറ്റ്സ് പരിശോധനയിൽ പദ്ധതി നിർവ്വഹണം വിലയിരുത്തിയതായി കാണുന്നില്ല. പദ്ധതി നിർവ്വഹണത്തിൽ മേൽ കമ്മിറ്റികൾ അവരുടെ കടമ ശരിയായ രീതിയിൽ വിനിയോഗിച്ചിട്ടില്ല എന്നതാണ് വ്യക്താക്കുന്നത്. പ്രൊജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പല പദ്ധതികളും മുൻവർഷത്തെ സ്പിൽ ഓവർ പദ്ധതികളാണ്. മേൽ പദ്ധതികളിൽ ഗുണഭോക്തലിസ്റ്റിൽപ്പെട്ട ധാരാളം അർഹരായ ഗുണഭോക്താക്കൾ ഉണ്ടായിട്ടും അവരിൽ കുറച്ചു പേർക്ക് മാത്രമാണ് അർഹമായി ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്. ഗുണഭോക്താക്കൾക്ക് അനുസൃതമായി ആവശ്യമായ ഫണ്ട് വകയിരുത്താതെയും സ്പിൽ പദ്ധതിയായാൽ പോലും മുഴുവൻ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യങ്ങൾ തുടർ വർഷങ്ങളിൽ ലഭിക്കാതെ പോകുകയും ചെയ്യുന്നു. മേൽ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും വർക്കിഗ് ഗ്രൂപ്പുകളുടേയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

**1.പദ്ധതി നടത്തിപ്പിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിഗ് കമ്മിറ്റികൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.**

ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 സാമ്പത്തിക വർഷം 4 യോഗങ്ങൾ ചേർന്നെങ്കിലും ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയോ അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്തിട്ടില്ല.

പൊതുമരാമത്ത്, ഊർജ്ജം വർക്കിംഗ് ഗ്രൂപ്പ് 16.05.22, 22.12.22, 18.01.23 തിയ്യതികളിൽ യോഗം

ചേർന്നിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ മാത്രമാണ് ചർച്ച ചെയ്തിട്ടുള്ളത്. എന്നാൽ മുൻവർഷം നടപ്പാക്കാൻ കഴിയാത്ത പദ്ധതികളെക്കുറിച്ചും, സ്പിൽ ഓവർ പദ്ധതികളുടെ നിർവ്വഹണത്തെക്കുറിച്ചും ചർച്ച ചെയ്യുന്നില്ല.നഗരസഭ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പൊതുമരാമത്ത് പ്രവർത്തികൾക്കാണ്. എന്നാൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധനയിൽ പദ്ധതിയെ സംബന്ധിച്ച ശരിയായ വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല.

**2.നഗര സഭയിൽ പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളാവുന്ന പ്രവണത വർദ്ധിക്കുന്നു.**

വിവിധ നിർവ്വഹണോദ്യോഗസ്ഥർ തൻവർഷം 204 പദ്ധതികളാണ് നടപ്പിലാക്കിയത്. 104 എണ്ണവും സ്പിൽ ഓവർ പദ്ധതിയാണ്.

മുനിസിപ്പൽ എഞ്ചിനീയർക്ക് ആകെ 15 പദ്ധതികളാണ് നിർവ്വഹണം ചെയ്യാനുണ്ടായിരുന്നത് 11 എണ്ണം സ്പിൽ ഓവർ പദ്ധതിയാണ്. മേൽ പദ്ധതിയിൽ 8 എണ്ണം നടപ്പിലാക്കുകയും 3 എണ്ണം നടപ്പാക്കാതെ അവശേഷിക്കുകയും ചെയ്യുന്നു. പദ്ധതികൾ സ്പിൽ ഓവറാവാൻ പ്രധാന കാരണം പദ്ധതി നടത്തിപ്പിലെ അനാസ്ഥയാണ്. ഉദാഹരണമായി ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ. ഈ പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നം. 124/19 നമ്പറായി പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭിച്ചത് 207/EE/LSGD/Electrical Committee/2019-20 നാണ്. 2021-22 സാമ്പത്തിക വർഷം 106/22 നമ്പർ പ്രൊജക്ടായി സ്പിൽ ഓവർ ആയി വച്ചുങ്കിലും മേൽ പദ്ധതി പൂർത്തീകരിച്ചത് SO.066/23 നമ്പറായി അളവെടുത്തത് 30.03.2022 നാണ്. സൈറ്റ് കൈമാറിയത് 11.03.2020നും. 2019-20 ലെ ടെണ്ടർ നോട്ടീസ് പ്രകാരം മേൽ പദ്ധതി പൂർത്തീകരിക്കേണ്ടത് സൈറ്റ് കൈമാറിയതിനു ശേഷം 2 മാസമാണ്. പൊതുമരാമത്ത് പ്രവർത്തികൾ സ്പിൽ ഓവറാവാൻ കാരണം ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചതിനു ശേഷവും പ്രവർത്തി തുടരാൻ വൈകിയതാണ് കാരണം. പൊതു മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയോ ധനകാര്യ-വികസന കമ്മിറ്റിയോ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. അസി.എഞ്ചിനീയറർ നിർവ്വഹണം നടത്തിയ പല പദ്ധതികളും മേൽ കാരണങ്ങളാൽ സ്പിൽ ഓവർ പദ്ധതികളാവുകയാണ് ചെയ്യുന്നത്. പദ്ധതികൾ 3 വർഷത്തിനു ശേഷവും പൂർത്തിയായിട്ടില്ലെങ്കിൽ ആയതിന്റെ ഗുണഫലം നഗരസഭയിലെ ജനങ്ങൾക്ക് ലഭ്യമാക്കാതെ പോകുന്ന അവസ്ഥയാണ് ഉണ്ടാകുന്നത്.

പദ്ധതി നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെയും, സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ശക്തമായി ഇടപ്പെടൽ ഇല്ലാത്തതാണ് പദ്ധതികൾ യഥാസമയം പൂർത്തിയാക്കാത്തതും സ്പിൽ ഓവർ പദ്ധതികളാവുന്നതിനും കാരണം. പദ്ധതികളുടെ ഓരോ ഘട്ടത്തിലും സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും വർക്കിംഗ് ഗ്രൂപ്പുകളുടെയും നിരീക്ഷണങ്ങൾ പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിന് അനുപക്ഷണിയമാണ്. പദ്ധതി രൂപീകരണ ശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ടവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ. എന്നാൽ വർക്കിഗ് ഗ്രൂപ്പുകൾ പദ്ധതിയുടെ നടത്തിപ്പോ പദ്ധതി നിർവ്വഹണത്തെകുറിച്ചോ വിശകലനം ചെയ്ത് ആയതിന്റെ ഗുണദോഷവശങ്ങൾ യഥാസമയം നഗരസഭയെ അറിയിക്കുന്നില്ല.

സ.ഉ(കൈ)നം.86/2022/തസ്വഭവ തിയ്യതി 19.04.2022 മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിഗ് ഗ്രൂപ്പുകളുടേയും ചുമതലകളെ കുറിച്ചും പ്രവർത്തനങ്ങളെ കുറിച്ചും വിശദമായി പ്രതിപാദിക്കുന്നുണ്ട്. വരും വർഷങ്ങളിൽ പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും പരമാവധി പദ്ധതികൾ സ്പിൽ ഓവർ ആകാതിരിക്കുവാനും നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| PNB Total | Receipt | Total | Expenditure For Project | | | Expenditure For Administration | | | Total Expenditure E-BIMS | Total Expenditure PNB | BIMS Balance | PNB Balance |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | Wages | Material Cost | Total | Salary | Others | Total | | | | |
| 296975 | 5000000 | 5296975 | 4636647 | 41310 | 4677957 | 611374 | 3506 | 614880 | 4999082 | 293755 | 918 | 3220 |

അയ്യൻങ്കാളി പദ്ധതി നിർവ്വഹണത്തിനായി ആകെ 5296975/-രൂപ വരവും 5292837/-രൂപ ചെലും നീക്കിയിരിപ്പ് 4138/-രൂപയുമാണ്. സംസ്ഥാന വിഹിതമായി ട്രഷറിയിൽ നിക്ഷേപിച്ച 5000000/-രൂപയിൽ BIMS വഴി 4999082/-രൂപ വിവിധ ചെലവുകൾക്കായി പിൻവലിച്ചു. BIMSൽ അവശേഷിക്കുന്ന തുക 918/-രൂപയാണ്. പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ ഉള്ള 296975/-രൂപയിൽ നിന്ന് 293755/-രൂപ അയ്യങ്കാളി ചെലവുകൾക്കായി പിൻവലിച്ചു .പഞ്ചാബ് നാഷണൽ ബാങ്കിൽ അവശേഷിക്കുന്ന തുക 3220/-രൂപയാണ്. വിവിധ പ്രവർത്തനങ്ങൾക്കായി 18023/-മനുഷ്യദിനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ആകെ ലഭ്യമായ തുകയിൽ നിന്നും 99% തുകയും ഉപയോഗിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 641600 | 54 |
| വിധവാപെൻഷൻ | 19930300 | 1832 |
| വാർദ്ധക്യകാലപെൻഷൻ | 41704200 | 3924 |
| വികലാംഗപെൻഷൻ | 5761000 | 543 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 556800 | 51 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.05.2023, 24.06.2023, 03.08.2023, 25.08.2023, 26.08.2023, 26.09.2023, 21.10.2023, 27.11.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. മേൽ തീയതികളിലെല്ലാം ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

**1. വാടക രജിസ്റ്ററിൽ ഡി സി ബി രേഖപ്പെടുത്തിയിട്ടില്ല.**

വാടക രജിസ്റ്ററിൽ ഡി സി ബി രേഖപ്പെടുത്തിയിട്ടില്ല. 2022-23 വർഷത്തെ വാടക അടച്ചതിന്റെ രേഖപ്പെടുത്തലുകൾ മാത്രമാണ് വരുത്തിയിരിക്കുന്നത്. Arrear Demand, Current Demand , Arrear Collection ,Current Collection , Arrear Balance, Current Balance എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്.

**2.സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - കാര്യക്ഷമമല്ല**

2022-23 വർഷത്തെ കൺകറന്റ് ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനക്കായി ആവശ്യപ്പെടുകയും, സ്റ്റോർ സ്റ്റോക്ക് രജിസ്റ്റർ, രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, പൊതുമരാമത്ത് വിഭാഗം സ്റ്റോക്ക് രജിസ്റ്റർ എന്നിങ്ങനെ മൂന്ന് സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനക്കായി ലഭ്യമാക്കുകയും ചെയ്തു. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.സ്റ്റേഷനറി ഇനങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന സ്റ്റോർ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോറിലൂടെ വിതരണം ചെയ്യുന്ന മുഴുവൻ ഇനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

2.സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഇൻവോയിസ് നമ്പർ, തീയതി, വിതരണം ചെയ്ത സ്ഥാപനം എന്നിവയൊന്നും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3.സ്റ്റോക്ക് സംബന്ധിച്ച് വാർഷിക പരിശോധന നടത്തുകയോ, വാർഷിക സ്റ്റോക്ക് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല.

4.രസീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രസീതി ബുക്കുകളുടെ വിതരണം സംബന്ധിച്ച വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും രസീതി തിരിച്ചേൽപ്പിക്കുന്നതിന്റെ വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നതിൽ കൃത്യതയില്ല.

5.രസീതി ബുക്കുകളുടെ സ്റ്റോക്കും വാർഷിക പരിശോധന നടത്തി സ്റ്റോക്ക് ഉറപ്പു വരുത്തി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

6.പൊതുമരാമത്ത് വിഭാഗം സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ നഗരസഭയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ആവശ്യത്തിനും അറ്റകുറ്റപ്പണികൾക്കുമായി വാങ്ങുന്ന ഉപകരണങ്ങളുടെ വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ ആയതിലും വാർഷിക പരിശോധന നടത്തി സ്റ്റോക്ക് കണക്കിലെടുത്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. എം ബുക്ക് സംബന്ധിച്ച വിവരം ആയതിൽ ഉൾപ്പെടുത്തിയിട്ടില്ല.

7.നഗരസഭയിലെ ഫർണിച്ചറുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക്

ഹാജരാക്കിയിട്ടില്ല.

8.കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

9.നഗരസഭയിലെ ഇലക്ട്രിക് ഉപകരണങ്ങൾ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

10.നഗരസഭയിലെ ജീവനക്കാരുടെ സേവന പുസ്തകങ്ങൾ സംബന്ധിച്ച Register Of Service Books പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

11.ക്രമ നമ്പർ 7 മുതൽ 10 വരെ സൂചിപ്പിച്ച സ്റ്റോക്ക് രജിസ്റ്ററുകൾ നഗരസഭ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കുന്നതിനും അല്ലാത്ത പക്ഷം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് 8-12-22 ലെ എൻക്വയറി നമ്പർ 14/2022-23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല.

12.നഗരസഭയിലെ ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ, ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. നഗരസഭ ലക്ഷക്കണക്കിന് രൂപ ചെലവിട്ട് പർച്ചേസ് ചെയ്യുന്ന ഇത്തരം ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുകയും വാർഷിക പരിശോധന യഥാസമയം നടത്തി സാക്ഷ്യപ്പെടുത്തൽ വരുത്തുകയും ചെയ്യാത്ത സാഹചര്യത്തിൽ അവ നഷ്ടപ്പെടുന്നത് കണ്ടെത്താൻ നഗരസഭയ്ക്ക് യാതൊരു മാർഗ്ഗവും ഇല്ലാതെ വരുകയും നഗരസഭയിലെ വില പിടിപ്പുള്ള പല ഉപകരണങ്ങളും നഷ്ടപ്പെടുകയും ചെയ്യും. കൂടാതെ നഗരസഭ ജീവനക്കാരുടെ സേവന പുസ്തകങ്ങളെ സംബന്ധിച്ച Register Of Service Books സൂക്ഷിക്കാത്തതു മൂലം സേവന പുസ്തകം നഷ്ടപ്പെട്ടാലും അറിയാൻ കഴിയില്ല. ജീവനക്കാരുടെ സേവന പുസ്തകങ്ങൾ നഗരസഭയിൽ ലഭ്യമാകുമ്പോഴും ആയത് മറ്റു കാര്യാലയങ്ങളിലേക്ക് അയച്ചു കൊടുക്കുമ്പോഴും രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽ പ്രകാരം സൂചിപ്പിച്ച എല്ലാ സ്റ്റോക്ക് രജിസ്റ്ററുകളും തയ്യാറാക്കി ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

13.അഡ്വാൻസ് രജിസ്റ്ററും ഡെപ്പോസിറ്റ് രജിസ്റ്ററും കാലികമായി സൂക്ഷിക്കുന്നില്ല.

**3.തിരൂർ നഗരസഭ - സമഗ്രമായ വിവര ശേഖരണം - നഗരസഭയിൽ അടിസ്ഥാന വിവരങ്ങൾ ലഭ്യമല്ല - ഗുരുതര വീഴ്ച**

കൺകറന്റ് ഓഡിറ്റ് സംവിധാനം പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപനത്തെ സംബന്ധിച്ച സമഗ്രമായ വിവര ശേഖരണം നടത്താൻ സംസ്ഥാന ഓഡിറ്റ് വകുപ്പ് 09-03-2022 ലെ 02/2022 നമ്പർ സർക്കുലർ പ്രകാരം കൺകറന്റ് ഓഡിറ്റ് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തിരൂർ നഗരസഭയുടെ സമഗ്ര വിവര ശേഖരണത്തിനായി സ്ഥാപനത്തിന്റെ ആസ്തി, വരവിന്റെ ഉറവിടം, ജനസംഖ്യ, വാർഡുകൾ, സോണൽ ഓഫീസുകൾ, വാഹനങ്ങൾ, നികുതിദായകർ, കെട്ടിടങ്ങൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, വിനോദ കേന്ദ്രങ്ങൾ എന്നിവയുടെ വിശദാംശങ്ങളോടൊപ്പം സ്ഥാപന ഭരണാധികാരികളുടെയും ജന പ്രതിനിധികളുടെയും ജീവനക്കാരുടെയും (കൈമാറിക്കിട്ടിയ സ്ഥാപനങ്ങളടക്കം) പൂർണ്ണമായ വിവര ശേഖരണത്തിനായി പൊതു വിവരങ്ങൾ, ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ, നഗരസഭ വരവിനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിങ്ങനെ മൂന്ന് തലക്കെട്ടുകളിലായി ചോദ്യാവലി തയ്യാറാക്കി ഓഡിറ്റ് എൻക്വയറി നമ്പർ 10/2022-23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകുകയും നഗരസഭ ആയത് 25-10-2022 ന് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി നഗരസഭ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ നഗരസഭയിലെ ബന്ധപ്പെട്ട സെക്ഷനുമായി നേരിട്ട പല തവണ ബന്ധപ്പെട്ടെങ്കിലും ലഭ്യമാക്കാൻ നടപടി സ്വീകരിക്കാതെ ഗുരുതരമായ അലംഭാവവും ഉദാസീനതയുമാണ് നഗരസഭ കാണിച്ചത്. ആയത് സൂചിപപ്പിക്കുന്നത് സ്ഥാപനത്തെ സംബന്ധിച്ച പല അടിസ്ഥാന വിവരങ്ങളും നഗരസഭയിൽ ലഭ്യമല്ലായെന്നതാണ്. ഇത് ഗുരുതരമായ വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഈ വിഷയം നഗരസഭാധികൃതരേയും ഭരണ സമിതിയേയും നേരിട്ട് ബോധ്യപ്പെടുത്തുന്നതിനായി ഓഡിറ്റ് നടപടി സ്വീകരിക്കുന്നതാണ്.

**4. പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നില്ല.**

സമയബന്ധിതമായി പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നില്ല. ഇത് മൂലം പിഴത്തുക വർദ്ധിച്ചു വരുകയാണ്. 2012-13 മുതൽ 2022-23 വരെയുള്ള വെള്ളക്കര കുടിശ്ശിക (പിഴ ഇല്ലാതെ) 5529416 രൂപയാണ്.

വിശദ വിവരങ്ങൾക്ക് ഖണ്ഡിക 1-21 കാണുക.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2019 മുതൽ 23.10.2019 വരെ | 2018-19, 2019-20 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.09.2019 | 2018-19 | 07.12.2019 |

## 1-11 നികുതി പിരിവിലെ കാര്യക്ഷമതയില്ലായ്മയും ഫണ്ട് വിനിയോഗത്തിലെ കുറവും കാരണം നഗരസഭയ്ക്ക് 2.71 കോടി നഷ്ടമായി

നികുതി പിരിവ് 90% കൈവരിക്കാത്തതിനാൽ 2022-23 സാമ്പത്തിക വർഷത്തെ മൂന്നാമത്തെ ഗഡു വികസന ഫണ്ട് ജനറൽ അലോട്ട്മെന്റിൽ നിന്നും 360640 രൂപ സ.ഉ(കൈ) നം.179/2022 ധന.തീ 18.10.2022 ഉത്തരവ് പ്രകാരം കുറവ് ചെയ്യുകയുണ്ടായി. 2022-23 പദ്ധതി അലോട്ട്മെന്റ് തുക സമയബന്ധിതയമായി ചെലവഴിക്കാത്തതിനാൽ 26813652 രൂപ നഷ്ടമായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാന്റിന്റെ പേര് | നഷ്ടമായ തുക |
|---|---|---|
| 01 | വികസന ഫണ്ട് (ജനറൽ) | 542956 |
| 02 | വികസന ഫണ്ട് (എസ്.സി.പി) | 4927417 |
| 03 | വികസന ഫണ്ട് (ടി.എസ്.പി) | 1700000 |
| 04 | മെയിന്റനൻസ് ഫണ്ട്(റോഡ്) | 8944188 |
| 05 | മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 6293751 |
| 06 | വികസന ഫണ്ട് (സി.എഫ്.സി.ടൈഡ്) | 4405340 |
| 07 | വികസന ഫണ്ട് (സി.എഫ്.സി.അൺ ടൈഡ്) | 422487 |
| | ആകെ | 26813652 |

ആകെ 2,71,74,292 രൂപ (26813652+360640) നഷ്ടമായി

സ.ഉ(കൈ) 79/2021 ധന തീ. 15.07.2021 പ്രകാരം 2021-22 മുതൽ വികസന ഫണ്ട് ജനറൽ വിഭാഗത്തിന് പുറമേ ലഭിക്കുന്ന ഫണ്ടുകളിൽ തൻ വർഷം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തൊട്ടടുത്ത വർഷത്തെ കുറവ് വരുത്തുന്നതാണെന്ന് നിഷ്കർഷിക്കുന്നു. ഇത് പ്രകാരം 2021-22 ലെ എസ്.സി പി ഫണ്ടിൽ ചെലവഴിക്കാതെ നഷ്ടപ്പെട്ട 52,46,959 രൂപ 2022-23 ലെ ജനറൽ ഫണ്ട് അലോട്ട്മെന്റിൽ കുറവ് വരുത്തി എസ്.സി.പി ഫണ്ടിലേക്ക് 35,46,959 രൂപയും ബാക്കി 17,00,000 (52,46,959-35,46,959) ടി.എസ്.പി ഫണ്ടിലേക്ക് പുനക്രമീകരിക്കുകയുണ്ടായി. ഇത് മൂലം 2022-23 ൽ വികസന ഫണ്ട് ജനറലിൽ അരക്കോടിയോളം രൂപയുടെ കുറവുണ്ടാകുകയും നോൺ ജനറൽ ഫണ്ടായി എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടുകയും ചെയ്തു. നോൺ ജനറൽ ഫണ്ടായി ടി.എസ്.പി യിൽ 17 ലക്ഷമാണ് അലോട്ട്മെന്റ് അനുവദിച്ചിരിക്കുന്നത്. ടി.എസ്.പി ഇനത്തിൽ നഗരസഭയ്ക്ക് അലോട്ട്മെന്റ് ഇല്ലാത്തതാണ്. തിരൂർ നഗരസഭയിലെ ജനസംഖ്യ 30436 പുരുഷൻമാരും 30969 സ്ത്രീകളും ഉൾപ്പെടെ 61405 ആണ്. ഇതിൽ പട്ടിക ജാതി ജനസംഖ്യ 2697 ആണ്. പട്ടിക വർഗ്ഗ വിഭാഗക്കാർ ഇല്ല. മൊത്തം ജനസംഖ്യയുടെ 4.39% മാത്രമാണ് പട്ടികജാതിക്കാരുടേത്. വികസന രേഖപ്രകാരം ആകെയുള്ള 11985 വീടുകളിൽ 580 വീടുകൾ മാത്രമാണ് പട്ടിക ജാതിക്കാരുടേത്. എസ്.സി മേഖലയിൽ ജനസംഖ്യ കുറവായതിനാൽ പദ്ധതി ആനുകൂല്യം ഒരേ ആളുകൾക്ക് തന്നെ വീണ്ടും വീണ്ടും നൽകേണ്ട സാഹചര്യമുണ്ടാകുന്നു. സ.ഉ(കൈ) 79/2021 ധന തീ. 15.07.2021 പ്രാബല്യത്തിൽ വന്നതിനാൽ

2023-24 ലും നോൺ ജനറൽ ഫണ്ടിൽ ചെലവ് കുറയാനും തത്തുല്യമായ തുക ജനറൽ ഫണ്ടിൽ നിന്ന് ക്രമീകരിക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

നഗര വികസന പദ്ധതികൾക്ക് നടപ്പിലാക്കുന്നതിൽ വികസന ഫണ്ടിന് പ്രധാന പങ്കുണ്ട്. എന്നാൽ വികസന ഫണ്ടിൽ വരുന്ന കുറവ് നഗരസഭയുടെ വികസനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ഓരോ വർഷവും കഴിയുമ്പോഴും ജനക്ഷേമത്തിനും നഗരസഭയുടെ വികസനത്തിനും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ കൂടുതൽ വികസന ഫണ്ട് അത്യാവശ്യമാണ്. വികസനഫണ്ട് ആവശ്യത്തിനു ലഭ്യാക്കാതിരുന്നാൽ പല പദ്ധതികളും നടപ്പിലാക്കാൻ പറ്റാത്ത സാഹചര്യം നഗരസഭയിൽ സംഭവിക്കാവുന്നതാണ്. ഇത് സാധാരണ ജനങ്ങൾക്ക് സേവനങ്ങളും ആനുകൂല്യങ്ങളും ലഭിക്കാതിക്കാൻ കാരണമാകും. വികസന ഫണ്ടിന്റെ ക്രമരഹിതമായ കുറവ് ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരാർ നഗരസഭയും പ്രത്യകിച്ച് ധനകാര്യ-വികസന-ക്ഷേമകാര്യ കമ്മിറ്റികൾ ആവശ്യമായ ഇടപ്പെടലുകൾ നടത്തേണ്ടതാണ്.

അപാകത ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 IFTE& OS ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

നഗരസഭ 2022-2023 സാമ്പത്തിക വർഷം അനുവദിച്ച IFTE & OS ലൈസൻസുകളുടെ വിശദാംശം പരിശോധിച്ചു. അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ലൈസൻസ് യഥാസമയം അനുവദിക്കുന്നില്ല.

2022-23 വർഷത്തേക്കുള്ള ലൈസൻസ് 2023-24 സാമ്പത്തിക വർഷം അനുവദിച്ചതായി കാണുന്നു. അപേക്ഷ നൽകിയിട്ടും ഒരു വർഷം കഴിഞ്ഞ് ലൈസൻസ് വിതരണം ചെയ്യുന്നത് സേവനം നിഷേധിക്കുന്നതിന് തുല്യമാണ്. ഇത് മൂലം ലൈസൻസ് ഇല്ലാതെ നഗരസഭയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യവും ഉണ്ടാവുന്നു. ലൈസൻസുകൾ യഥാസമയം നൽകി അനാവശ്യ കാലതാമസം ഒവിവാക്കേണ്ടതാണ്.

2. ഒരു ദിവസത്തിൽ അനുവദിക്കുവാൻ കഴിയുന്നതിലും അധികം ലൈസൻസുകൾ അനുവദിച്ചു.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും (IFTE & OS) ലൈസൻസ് അനുവദിച്ചത് പരിശോധിച്ചപ്പോൾ 26.09.2023 ന് 1500 ലൈസൻസുകൾ അനുവദിച്ചതായി കാണുന്നു.

2022-2023 സാമ്പത്തിക വർഷത്തെ അപേക്ഷകളിൽ 60 എണ്ണവും , 2023-2024 സാമ്പത്തിക വർഷത്തെ 1440 എണ്ണവും ഉൾപ്പെടെ 1500 അപേക്ഷകളിൽ ലൈസൻസുകൾ നഗരസഭ അനുവദിച്ചതായാണ് കാണുന്നത്. 2022-2023 സാമ്പത്തിക വർഷത്തെ ലൈസൻസ് അപേക്ഷകൾക്ക് യഥാസമയം ലൈസൻസ് അനുദിക്കാതെ ഒരു ദിവസം ഇത്രയും അധികം ലൈസൻസുകൾ അനുവദിച്ച നടപടി ശരിയല്ല.

സ.ഉ(കൈ)നം.156/2021/തസ്വഭവ , തീയതി 23.07.2021 ഉത്തരവ് പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 447 പ്രകാരം പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന്, ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടെ അപേക്ഷ സമർപ്പിക്കുമ്പോൾ അഞ്ച് ദിവസത്തിനകം ലൈസൻസ് നൽകണമെന്നും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 448 പ്രകാരം വ്യവസായശാലയോ ഫാക്ടറിയോ മറ്റു പണിസ്ഥലമോ നിർമ്മിക്കുന്നതിനോ അതിൽ ആവിശക്തിയോ മറ്റേതെങ്കിലും ശക്തിയോ ഉപയോഗിക്കുന്നതിനോ മറ്റു യന്ത്രസാമഗ്രഹികൾ സ്ഥാപിക്കുന്നതിനോ ഉള്ള അപേക്ഷകളിൽ നഗരസഭ കൌൺസിലുകൾ 30 ദിവസത്തിനകം അനുവാദം നൽകണമെന്ന നിയമവും ഉത്തരവും നിലനിൽക്കെയാണ് ലൈസൻസ് ലഭിക്കുന്നതിന് അപേക്ഷകർ ഒരു വർഷത്തിലധികം കാലതാമസം നേരിടേണ്ടി വരുന്നത്. ഇത് ഗുരുതരമായ കൃത്യ വിലോപമാണ്.

ഒരു ദിവസത്തിൽ അനുവദിക്കാൻ കഴിയുന്നതിലും അധികം ലൈസൻസുകളാണ് 26.09.2023ന് നഗരസഭ ആരോഗ്യവിഭാഗം മേധാവി അനുവദിച്ച് നൽകിയത്. ആഭ്യന്തരനിയന്ത്രണ സംവീധാനത്തിലെ അപര്യാപ്തതയാണ് ഇത്തരം നടപടികൾക്ക് കാരണമാകുന്നത്. കാര്യക്ഷമമല്ലാത്ത ആഭ്യന്തരനിയന്ത്രണ സംവീധാനം ഓഫീസ് സേവനങ്ങളുടെ സുതാര്യതയെ സംശയത്തിലാക്കുന്നതാണ്.

ആയതിനാൽ വ്യവസായങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിയ്ക്കുന്നതിനും വ്യവസായിക സൌഹൃദ അന്തരീക്ഷം സൃഷ്ടിയ്ക്കുന്നതിനും നിക്ഷേപം പ്രോത്സാഹിപ്പിയ്ക്കുന്നതിനും സുഗമമാക്കുന്നതിനും മേൽ ഉത്തരവനുസരിച്ച് ലൈസൻസുകൾ നല്കുന്നതിന്റെയും പുതുക്കുന്നതിന്റെയും സമയക്രമങ്ങളും മാനദണ്ഡങ്ങളും പാലിച്ച് ലൈസൻസുകൾ യഥാസമയം അനുവദിക്കേണ്ടതാണ്.

ലൈസൻസ് അനുവദിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ വിശദീകരണവും 26.09.2023 ന് ഒരു ദിവസത്തിൽ അനുവദിക്കാൻ കഴിയുന്നതിലും അധികം ലൈസൻസുകൾ അനുവദിച്ചതിന്റെ വിശദീകരണവും ഓഡിറ്റിനെ അറിയിക്കുവാനവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.89/29.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 തൊഴിൽ നികുതി ഈടാക്കുന്നതിലെ വിവിധ അപാകതകൾ

**തൊഴിൽ നികുതി ഈടാക്കുന്നതിലെ വിവിധ അപാകതകൾ**

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245 പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നഗരസഭ കാര്യാലയത്തിലെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 2022 - 23 വർഷം നഗരസഭ പരിധിയിലെ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയതിന്റെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1. നഗരസഭ പരിധിയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

നഗരസഭ കാര്യാലയത്തിലെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 2022 - 23 വർഷം നഗരസഭ പരിധിയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം അനുബന്ധം 3 ൽ ചേർത്തത് കാണുക. ടി സ്ഥാപനങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ എണ്ണം സംബന്ധിച്ച് വ്യക്തത ഇല്ല. തൊഴിൽ നികുതി കാര്യക്ഷമമായി പിരിക്കേണ്ടതിന് ഓരോ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരം നഗരസഭയ്ക്ക് ഉണ്ടാവേണ്ടതും നഗരസഭക്ക് തൊഴിൽ നികുതി ഇനത്തിൽ കിട്ടേണ്ട വരുമാനം തനത്ഫണ്ടിൽ മുതൽക്കൂട്ടാനുള്ള ഊർജ്ജിത നടപടി നഗരസഭ സ്വീകരിക്കേണ്ടതാണ്.

**2. തൊഴിൽ നികുതി ഡിമാന്റ് ചെയ്യപ്പെടുന്നില്ല.**

2022-2023 കാലയളവിലെ IFTE & OS Register (D&O Register) ഉം 2022-23 കാലയളവിലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററും തമ്മിൽ പരിശോധിച്ചു. D&O രജിസ്റ്ററിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. വാർഡ് തിരിച്ച കണക്കുകൾ ഏതാനും ഉദാഹരണങ്ങൾ സഹിതം അനുബന്ധം 4 ൽ ഉൾപ്പെടുത്തിയത് കാണുക.

തൊഴിൽ നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ വിട്ടുപോകാതിരിക്കാൻ നഗരസഭാ പരിധിയിലെ ഓരോ സ്ഥാപനവും ജീവനക്കാരും ഡിമാന്റ് ചെയ്യപ്പെടൽ അനിവാര്യമാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്യപ്പെടാത്തവരെ കണ്ടെത്തി തൊഴിൽ നികുതി ഡിമാന്റ് ചെയ്യാനുള്ള ക്രിയാത്മക നടപടികൾ നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

**3. നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല**

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (10) എന്നിവ പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1,250/- രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-2023 വർഷത്തിൽ നഗരസഭയുടെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന ചുവടെകൊടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1. സിദ്ധീഖ് . കെ
2. അർജ്ജുനൻ . എം
3. മോഹൻദാസ് . പി
4. ബാലകൃഷ്ണൻ . ടി
5. അബ്ദുസലീം . എൻ
6. കുഞ്ഞിമുഹമ്മദ് . യു
7. മുഹമ്മദ് സിറാജ്. കെ.കെ
8. അരവിന്ദാക്ഷൻ . ടി
9. മുഹമ്മദ് മുസ്തഫ ടി.കെ
10. യാസർ അഹമ്മദ് . എൻ
11. സുജീവ് . പി. പി
12. അബ്ദുൽ റഷീദ് . കെ. പി
13. കോർടെക് കൺസ്ട്രക്ഷൻ എൽ. എൽ.പി.

ടി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**2. അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരമെഡിക്കൽ വിദഗ്ധർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരമെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ തുടങ്ങിയവരിൽ നിന്ന് 1250,/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭാ പരിധിയിലുള്ള അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരമെഡിക്കൽ വിദഗ്ധർ എന്നിവർക്ക് നോട്ടീസ് നൽകി 2022-23 സാമ്പത്തിക വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കാനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

**3. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല**

മുനിസിപ്പാലിറ്റി പരിധിയിലെ ബിസിനസ് സ്ഥാപനങ്ങളിൽ നിന്നുമുള്ള തൊഴിൽ നികുതി വരവ് പരിശോധിക്കുന്നതിന് വേണ്ടി സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാലികമാക്കി മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 71/08.11.02023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-14 വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല. 4231987/- രൂപ കുടിശ്ശിക**

മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥാപനങ്ങളിലെ കടമുറികൾ/കെട്ടിട ഭാഗങ്ങൾ തുടങ്ങിയവ വാടകയ്ക്കെടുത്ത വാടകക്കാർ യഥാസമയം വാടക അടവാക്കാത്തതിനാൽ 2022-2023 സാമ്പത്തിക വർഷം 42,31,987 രൂപ കുടിശ്ശിക വരുത്തിയതായി വാടക രജിസ്റ്റർ പരിശോധിച്ചത് പ്രകാരം കാണുന്നു. വിശദാംശങ്ങൾ അനുബന്ധം-6 കാണുക. സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | 12 മാസത്തെ വാടകയായി 2022-23 സാമ്പത്തിക വർഷം മുനിസിപാലിറ്റിക്ക് ലഭിക്കേണ്ടത് (വാടക രജിസ്റ്റർ പ്രകാരം) | ലഭിച്ചത് | ബാക്കി |
|---|---|---|---|---|
| 1. | മാർക്കറ്റ് കെട്ടിടം | 772440 | 364708 | 407732 |
| 2. | ബസ്സ്റ്റാന്റ് കെട്ടിടം | 288308 | 18207 | 270101 |
| 3. | കെ. അബൂബക്കർ സാഹിബ് മെമ്മോറിയൽ ബസ്-ബേ ഷോപ്പിംങ് കോംപ്ലക്സ് | 1795848 | 643162 | 1152686 |
| 4. | ലൈബ്രറി കെട്ടിടം | 311916 | 27907 | 284009 |
| 5. | പാർക്ക് സൈറ്റ് കെട്ടിടം | 229656 | 76791 | 152865 |
| 6. | വണ്ടിപ്പേട്ട - കാർഷിക വിപണന കേന്ദ്രം | 316500 | 11906 | 304594 |
| 7. | വണ്ടിപ്പേട്ട സ്റ്റാളുകൾ | 49032 | 32688 | 16344 |
| 8. | ബങ്കുകൾ | 272172 | 200741 | 71431 |

| | | | | |
|---|---|---|---|---|
| 9. | കെ. അബൂബക്കർ സാഹിബ് മെമ്മോറിയൽ ബസ്-ബേ ഷോപ്പിംങ് കോംപ്ലക്സിലെ ടെറസ്സ് (48 ച.മീ) | 33480 | 30690 | 2790 |
| 10. | ചെറുകിട മത്സ്യ മാർക്കറ്റ് | 1353708 | 272925 | 1080783 |
| 11. | ക്ലാസിക്ക് ലോഡ്ജ് | 464424 | 00 | 464424 |
| 12. | ടൌൺഹാൾ | 69228 | 45000 | 24228 |
| | **ആകെ** | **5956712** | **1724725** | **4231987** |

വാടകയ്ക്കാർ യഥാസമയം വാടക അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് വാടകയിനത്തിൽ വൻനഷ്ടം ഉണ്ടാവുന്നു. കുടിശ്ശികയായി ലഭിക്കാനുള്ള തുക കുടിശ്ശികക്കാരിൽ നിന്നും നിയമാനുസൃത പലിശ സഹിതം പിരിച്ചെടുത്ത് തനതു ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. വാടകകുടിശ്ശിക ഒടുക്കാൻ തയ്യാറാകാത്ത ലൈസൻസികളുടെ മുറി പൂട്ടി സീൽ ചെയ്ത് പുനർലേലം ചെയ്യേണ്ടതും വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതുമാണ്. കുടിശ്ശികകാർക്ക് വീണ്ടും മുറി വാടകയ്ക്ക് നൽകുന്നത് കൗൺസിലിന്റെ വീഴ്ചയാണ്. കുടിശ്ശിക ഈടാക്കാത്ത പക്ഷം ഉത്തരവാദികളായ വാടക സെക്ഷനിൽ നിന്നും (ആർ-4) ബന്ധപ്പെട്ട റവന്യൂ ഓഫീസറിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു. വാടക ബൈലോ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വാടക ഈടാക്കത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 84/22.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 ലേലതുക പിരിച്ചെടുക്കുന്നതിലെ അപാകതകൾ

തിരൂർ നഗരസഭയിലെ 2022-23 വർഷത്തെ ലേലവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്ത അപാകതകൾ കാണുന്നു.

**1.ലേലതുക മുഴുവനായും പിരിച്ചെടുത്തിട്ടില്ല**

2022-2023 വർഷത്തിൽ ലേലം കൊണ്ടിട്ടുള്ള നഗരസഭയുടെ അധീനതയിലുള്ള ചുവടെ കൊടുത്ത വസ്തുവകകൾ ലേലം കൊണ്ട ആളുകളിൽ നിന്ന് ലേലതുക മുഴുവനായും ഈടാക്കിയിട്ടില്ല.

| **ലേല വസ്തു/ ഇനം** | **ലേലം കൊണ്ട വ്യക്തി** | **ലേലതുക** | **ഒടുക്കിയ തുക (ജി.എസ്.ടി ഉൾപ്പെടെ)** | **ബാക്കി തുക (ജി.എസ്.ടി ഉൾപ്പെടെ)** |
|---|---|---|---|---|
| ഫലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കൽ | ശ്രീ. മുഹമ്മദ് റാഷിദ് ഉമ്പിൽ | 1,50,000/- | 50,000/- (രസീത് നമ്പർ. 121010117489 ,തീയതി 10.03.22) | 1,00,000/- |
| ഇഎംഎസ് സ്മാരക ചിൽഡ്രൻസ് പാർക്ക് | ശ്രീ. ഷറഫുദ്ദീൻ വി. , എം. ഡി , നിള ഹോളിഡേയേസ് പ്രൈ. ലി | 2,10,000/-(പാർക്ക് നടത്തിപ്പ് ) 55,000/- (പരിസര പാർക്കിംഗ് ) | ഇല്ല | 2,65,000/- |
| | | | ആകെ | 3,65,000/- |

മേൽ പറഞ്ഞ വസ്തുവകകൾ ലേലംകൊണ്ട ആൾക്കാരിൽ നിന്നും ലേലതുക മുഴുവനായും പിരിച്ചെടുത്ത് തനത് ഫണ്ടിൽ വരവ് വെക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**2.ലേലതുകയിൽനിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല.**

മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനായി ശ്രീ. ബഷീർ.വി എന്നവരിൽ നിന്നും 2022-23 സാമ്പത്തിക വർഷം 2,32,000 രൂപ പിരിച്ചെടുത്തതായി വാടക രജിസ്റ്ററിൽ പേജ് നമ്പർ 87 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ഇനത്തിൽ 18% ജി എസ് ടി തുകയായ 41760 രൂപ ഈടാക്കിയിട്ടില്ല. ടി വരവിൽ നിന്നും ജി.എസ്.ടി തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

**3.ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ തൻവർഷം ലേലം ചെയ്തിട്ടില്ല.**

ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ തൻവർഷം ലേലം ചെയ്തിട്ടില്ലെന്ന് രജിസ്റ്ററിൽ കാണുന്നു. ലേലം ചെയ്യാത്തതിനാൽ തൻവർഷം നഗരസഭയ്ക്ക് ടി ഇനത്തിൽ വരുമാനം നഷ്ടപ്പെട്ടിരിക്കുന്നു. ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ തൻവർഷം ലേലം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (84/22.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 പരിരക്ഷ പാലിയേറ്റീവ് കെയർ പദ്ധതി- KMSCL ൽ നിന്നും മരുന്നുകൾ ലഭ്യമായില്ല - 245028/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

ഫയൽ നമ്പർ : എ1/4841/2022

പ്രൊജക്റ്റ് നമ്പർ : 04/23
ബിൽ നമ്പർ / തീയതി : 279/17.02.2023

അടങ്കൽ : ₹10,50,000

(ജനറൽ- ₹1,00,000; തനത് ഫണ്ട്- ₹4,00,000

ധനകാര്യ കമ്മീഷൻ അവാർഡ്- ₹ 5,50,000 )

ചെലവ് : ₹10,32,154

(ജനറൽ- ₹99,926 ; തനത് ഫണ്ട്-₹3,82,744

ധനകാര്യ കമ്മീഷൻ അവാർഡ്-₹5,49,484 )

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

പരിരക്ഷ പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി പരിരക്ഷാ ജീവനക്കാരുടെ വേതനം, റിഫ്രഷ്മെന്റ്, പരിപാടികൾ, മരുന്നുവാങ്ങൽ എന്നിവയ്ക്കായി 10,32,154 രൂപ ചെലവഴിച്ചിട്ടുണ്ട്. മരുന്നു വാങ്ങുന്നതിന് 4,99,410 രൂപ മുൻകൂറായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയെങ്കിലും ചുവടെ കൊടുത്ത ബില്ലുകൾ പ്രകാരം 2,54,382 രൂപയുടെ മരുന്നുകളാണ് ലഭ്യമായത്. അവശേഷിക്കുന്ന 2,45,028 രൂപയുടെ മരുന്നുകൾ വാങ്ങി ഓഡിറ്റിനെ അറിയക്കേണ്ടതാണ്.

| വൗച്ചർ നം. / തീയതി | കെ.എം.എസ്.സി.എൽ ന് നൽകിയ തുക |
|---|---|
| 22201622/ 23.02.2023 | 169344 |
| 22201624/ 23.02.2023 | 230140 |
| ബി.ആർ.എൻ 22150547004201236437/ 17.02.2023 | 99926 |
| ആകെ | **499410** |

ഇൻവോയ്സുകൾ പ്രകാരം 2,54,382 രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം / തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 1. | 1589 / 04.05.2023 | 14504 |
| 2. | 10590 / 26.06.2023 | 47504 |
| 3. | 4637 / 20.05.2023 | 75264 |
| 4. | 15627 / 10.08.2023 | 18816 |
| 5. | 665/ 11.04.2023 | 3433 |
| 6. | 4067 / 18.05.2023 | 12681 |
| 7. | 7506 / 03.06.2023 | 8539 |
| 8. | 10603/ 26.06.2023 | 35380 |
| 9. | 9905/ 19.06.2023 | 2512 |
| 10. | 9603/ 17.06.2023 | 20395 |
| 11. | 4632/ 20.05.2023 | 15354 |
| | **ആകെ** | **254382/-** |
| | **ഇനി ലഭ്യമാക്കാനുള്ള മരുന്നുകളുടെ തുക** | **499410 - 254382 =2,45,028/-** |

KMSCL ൽ നിന്നും Proforma Invoice പ്രകാരം മുൻകൂർ തുക നൽകിയത് പ്രകാരം 2022-2023 സാമ്പത്തിക വർഷം മരുന്നുകൾ ലഭ്യമാക്കാതെ 2,45,028 രൂപ ചെലവ് നടത്തിയിരിക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.51/05.09.2023) ടി തുകയുടെ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ KMSCL ൽ നിന്നും ടി തുകയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് ഹാജരാക്കുന്നത് വരെ 2,45,028/- രൂപ തടസ്സം ചെയ്യുന്നു.

**1-17 അറവുശാല നവീകരണം - അപാകതകൾ**



ഫയൽ നമ്പർ : പി.ഡബ്ലിയു.1/10220/07 (സിവിൽ വർക്ക്)

,, : പി.ഡബ്ലിയു.1/ഡി4/325/22-23 & 313/23

,, : പി.ഡബ്ലിയു.1/10220/07 (ഇലക്ട്രിക്കൽ വർക്ക്),

(മെക്കാനിക്കൽ വർക്ക്സ്)

നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി

ബഹു. സുപ്രീം കോടതിയുടെ 8-7-2009 ലെ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അറവ്ശാല സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നഗരസഭയുടെ 14-ാം വാർഡിൽ നിലവിലെ അറവ്ശാല നവീകരിക്കാൻ 2010 ൽ പദ്ധതി തയ്യാറാക്കുകയും ശുചിത്വ മിഷൻ നാളിതുവരെ 1,56,69,000 രൂപ അനുവദിക്കുകയും ചെയ്തു. ഈ പദ്ധതിക്ക് നാളിതുവരെ 2,53,13,988 രൂപ ചെലവഴിച്ചിട്ടുണ്ട്. ആദ്യം 65,09,512 രൂപയ്ക്ക് ശുചിത്വമിഷൻ അനുമതി നൽകിയ പദ്ധതിക്ക് തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 1,24,00,000 ആയും 2,16,52,000 ആയും അടങ്കൽ ഉയർത്തി. (എസ്.ഒ 364/21, 343/സി2/2010/എസ്.എം. തീയതി 28-10-2020 ശുചിത്വമിഷന്റെ കത്ത് കാണുക). മൃഗസംരക്ഷണ വകുപ്പ് തിരുവനന്തപുരത്തിന്റെ നേതൃത്വത്തിൽ ഒരു സംഘം സ്ഥല പരിശോധന നടത്തി ഒരു പ്രാഥമിക റിപ്പോർട്ട് നഗരസഭക്ക് നൽകി. തുടർന്ന് ഡി.പി.ആർ തയ്യാറാക്കുവാൻ താത്പര്യപത്രം ക്ഷണിച്ചതിൽ സെന്റർ ഫോർ ഫാമിംഗ് & ഫുഡ് പ്രോസ്സസിംഗ് കണ്ണൂർ എന്ന സ്ഥാപനം തയ്യാറാക്കിയ 2,45,87,223 രൂപയുടെ ഡി.പി.ആർ ന് 2019 ൽ അനുമതി നൽകി.

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

**(1) ഒരു ഏജൻസിയിൽ നിന്നും നിയമപരമായ അനുമതി ലഭ്യമാക്കിയില്ല.**

താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും അറവുശാല നിർമ്മാണവുമായി ബന്ധപ്പെട്ട് അനുമതികൾ/എൻ.ഒ.സി

കൾ ലഭ്യമാക്കിയിട്ടില്ല. .

1. പൊല്യൂഷൻ കൺട്രോൾ ബോർഡ്.
2. ഫയർ & റസ്ക്യൂ
3. ടൗൺ പ്ലാനിംഗ്
4. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
5. റവന്യൂ
6. ഫാക്ടറീസ് & ബോയിലേഴ്സ്

പ്രവൃത്തി പൂർത്തിയാക്കും മുൻപ് എത്രയും പെട്ടെന്ന് പ്രസ്തുത അനുമതികൾ ലഭ്യമാക്കേണ്ടതാണ്.

**(2) നിർമ്മാണത്തിന് ലഭ്യമായ തുക എത്രയെന്ന് വ്യക്തതയില്ല.**

അറവ്ശാലാ നിർമ്മാണത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന ഡി.പി.ആർ. ശുചിത്വമിഷന്റെ അനുമതിക്ക് നൽകുമ്പോൾ പ്രസ്തുത സ്ഥാപനം നഗരസഭയ്ക്ക് ഫണ്ട് അനുവദിക്കുന്നുണ്ട്. നഗരസഭയ്ക്ക് നാളിതുവരെ എത്ര തുക ലഭിച്ചു എന്നത് സംബന്ധിച്ച വ്യക്തത ബന്ധപ്പെട്ട ഫയലിൽ ഇല്ല. രേഖകൾ പരിശോധിച്ചതിൽ ലഭ്യമായ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗഡുക്കൾ | വരവ് വന്ന തുക | തീയതി | ഉത്തരവ് |
|---|---|---|---|
| 1 | 3269000 | 27-04-2011 | DD No. 252372/23-04-2011 |
| 2 | 4904000 | 28-01-2004 | ഡി.ഡി.5/6956/12 തീ. 16-11-13 |
| 3 | 7496000 | 27-06-17 | ഡി.ഡി.2/12893/2015 തീ. 27-6-17 |
| ആകെ | 1,56,69,000 | | |

ഇതിൽ ആദ്യ ഗഡുവായ 32,69,000 രൂപ 28-09-2013 നും രണ്ടാം ഗഡുവായ 49,04,000 രൂപ 30-01-2014 നും ധനലക്ഷ്മി ബാങ്കിൽ സ്ഥിര നിക്ഷേപം ചെയ്തിട്ടുണ്ട്. ഇത് 2022-23 വർഷക്കാലമാകുമ്പോഴേക്കും 1,67,78,618 രൂപയാകുകയും ഇതിൽ 1,47,56,006 രൂപ ധനലക്ഷ്മി ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (അക്കൗണ്ട് നമ്പർ 100104960). അവശേഷിക്കുന്ന 20,22,612 രൂപ 31-03-23 ൽ പലിശ ഉൾപ്പെടെ 21,28,806 രൂപയായി അക്കൗണ്ടിലേക്ക് തുടർന്നും മാറ്റിയിട്ടുണ്ട്. (മേൽ കാണിച്ച 14756006 റിലീസ് ചെയ്തത് ഇപ്രകാരമാണ്. 8806403 രൂപ 18-04-2022 നും 5949603രൂപ 27-09-22 നുമാണ് റിലീസ് ചെയ്തത്. 2022612 രൂപയ്ക്ക് (16778618 – 14756006 = 2022612) നിയമാനുസൃത പലിശ ഉൾപ്പെടെ 31-03-23 ന് 2128806 രൂപയായി ധനലക്ഷ്മി ബാങ്കിലെ എസ്.ബി അക്കൗണ്ടിൽ ഉണ്ട്).

27-06-2017ന് ശുചിത്വമിഷൻ അനുവദിച്ച 74.96 ലക്ഷം രൂപ എസ്.ബി.ടി Own Fund അക്കൗണ്ടിൽ 5-1-2017 ന് വരവ് വെച്ചതായും കാണുന്നു.

ഇത്തരത്തിൽ താഴെ കാണിച്ച പ്രകാരം അറവ്ശാലാ നിർമ്മാണത്തിൽ 2,47,74,051 രൂപ ലഭിച്ചിട്ടുണ്ട് (പലിശ ഉൾപ്പെടെ)

| ഗഡു | തുക | ആകെ | റിമാർക്സ് |
|---|---|---|---|
| 1 | 3269000 | 14756006 | എഫ്.ഡി പലിശ ഉൾപ്പെടെ |
| 2 | 4904000 | 2128806 | |
| | | 393239 | തനത് ഫണ്ടിൽ ആദ്യ ഗഡു 32,69,000 രൂപയ്ക്ക് 27-04-2011 മുതൽ 28-09-13 വരെ ലഭിച്ച പലിശ |

| | | | |
|---|---|---|---|
| 3 | 7496000 | 7496000 | |
| | ആകെ | 24774051 | |

അനുവദിച്ച തുക നാളിതുവരെ 2,47,74,051 രൂപയായി മാറുമ്പോൾ തന്നെ മൂന്നാം ഗഡുവായ 74,96,000 രൂപ എസ്.ബി.ടി ഓൺഫണ്ട് അക്കൗണ്ടിൽ 27-06-17 മുതൽ 31-03-2022 വരെ അവശേഷിക്കുന്നുണ്ട്. ഇതിന് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പലിശ (കാലാകാലങ്ങളിലെ പലിശ) പരിഗണിക്കുമ്പോൾ 74,96,000 രൂപയ്ക്ക് 31-03-22 വരെ 5,95,610 രൂപ ലഭിച്ചു. ഇതും മേൽ വരവ് ഇനത്തിൽ പരിഗണിക്കുമ്പോൾ ആകെ തുക 2,53,69,661 രൂപ ആയിരിക്കും.

മേൽ കാണിച്ച പ്രകാരം ശുചിത്വമിഷൻ ഫണ്ട് ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്ത ഇനത്തിൽ ലഭിച്ച വരവ്, സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ അവശേഷിച്ച ഫണ്ടിന് ലഭിച്ച പലിശ എന്നിവയ്ക്ക് ഒരു കൃത്യത നഗരസഭയിലെ കണക്കുകൾക്ക് ഇല്ല. സമയബന്ധിതമായി ഫണ്ട് ചെലവഴിക്കാതെ ഫണ്ട് നഗരസഭ അക്കൗണ്ടിൽ പാർക്ക് ചെയ്തത് ഉചിതമായില്ല.

**(3) ഫണ്ട് വകയിരുത്തിയതിൽ കൃത്യതയില്ല.**

അറവ്ശാലാ നിർമ്മാണത്തിനായി നാളിതുവരെ 2,53,13,988 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ വർഷം തിരിച്ചുള്ള ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ചെലവ് തുക | ഫണ്ട് വകയിരുത്തിയത് |
|---|---|---|---|
| 1 | 2017-18 | 3959565 | സംസ്ഥാനാവിഷ്കൃത ഫണ്ട് |
| 2 | 2019-20 | 2612184 | സംസ്ഥാനാവിഷ്കൃത ഫണ്ട് |
| 3 | 2020-21 | 224827 | തനത് ഫണ്ട് |
| 4 | 2021-22 | 8632112 | സംസ്ഥാനാവിഷ്കൃത ഫണ്ട് |
| 5 | 2022-23 | 9885300 | സംസ്ഥാനാവിഷ്കൃത ഫണ്ട് (ശുചിത്വമിഷൻ ഫണ്ട്)<br>SO 69/23 - 15642166 രൂപ |
| | ആകെ | 25313988 | SO 325/23 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് 500000 രൂപ<br>തനത് ഫണ്ട് - 3,64,000 |

ഓരോ വർഷവും വിവിധ ഫണ്ടുകളിൽ വൻ തുക വകയിരുത്തി, പദ്ധതി തയ്യാറാക്കി തുക ചെലവഴിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ നഗരസഭയ്ക്ക് ലഭിച്ച/ചെലവഴിച്ച തുക എത്ര എന്ന കണക്ക് സൂക്ഷിക്കുന്നില്ല. ശുചിത്വമിഷനിൽ നിന്ന് ലഭിച്ച 1,56,69,000 രൂപ പലിശ സഹിതം 2022-23 വർഷത്തിൽ 25369661 രൂപയായിരിക്കുകയും അതുവരെയുള്ള ചെലവ് 25313988 രൂപയുമാണ്. അതായത് ശുചിത്വമിഷൻ ഫണ്ട് ഇപ്പോഴാണ് വിനിയോഗിച്ച് തീർത്തത്. എന്നാൽ 2022-23 വർഷത്തെ പദ്ധതിയായ SO 325/23 പ്രകാരം മേൽ ചെലവിൽ ഉൾപ്പെട്ട ഇലക്ട്രിഫിക്കേഷന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് 5 ലക്ഷം രൂപയും, തനത് ഫണ്ട് 3,64,000 രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2023-24 ലെ പദ്ധതിയിൽ (SO 204/24) സംസ്ഥാനാവിഷ്കൃത പദ്ധതി ചെലവഴിക്കാൻ ബാക്കി 6478602 രൂപയുണ്ടെന്ന് വ്യക്തമാവുന്നു. സ്പിൽ ഓവർ പ്രോജക്ട് ഫോറം ക്രമ നമ്പർ 20 കാണുക. ഇതിൽ നിന്നും നഗരസഭയ്ക്ക് ഫണ്ട് വകയിരുത്തിയതിലും വിനിയോഗിച്ചതിലും എത്രയെന്ന് നിരീക്ഷിക്കുന്നതിൽ വീഴ്ച വന്നെന്ന് കാണാം.

**(4) അറവ്ശാലാ നിർമ്മാണം പൂർത്തിയായില്ല.**

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ എസ്.എം. (1) 1382/09 തീയതി 7-1-2010 ലെ നിർദ്ദേശ പ്രകാരം 11-02-2010 ൽ 53,85,000 രൂപ അടങ്കലായി തയ്യാറാക്കി സമർപ്പിച്ച ഈ പദ്ധതി നാളിതുവരെ പൂർത്തിയായിട്ടില്ല. അതായത് 2010 ൽ ആരംഭിച്ച് 2013 നകം പൂർത്തിയാക്കേണ്ട പദ്ധതി 13 വർഷം കഴിഞ്ഞിട്ടും

പൂർത്തിയാകാത്തത് പൊതുജനത്തിന് ലഭിക്കേണ്ട സേവനം വൈകി ലഭിക്കുന്നതിന് തുല്യമാണ്. നാളിതുവരെ 25313988 രൂപ ചെലവഴിച്ചിട്ടും 2023-24 വർഷം താഴെ കൊടുത്ത രീതിയിൽ പദ്ധതി വകയിരുത്തിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | തുക | വിശദാംശം |
|---|---|---|
| 1) 204/24 | 6478602 | ബാക്കി പ്രവൃത്തികൾ |
| 2) 297/24 | 774000 | ഇലക്ട്രിഫിക്കേഷൻ |

ഈ ചെലവ് കൂടി ഉൾപ്പെടുത്തുമ്പോൾ ആകെ ചെലവ് 3.25 കോടിയിലധികം വരും. ഏറ്റവും അവസാനം ശുചിത്വമിഷൻ ഈ പദ്ധതിയുടെ സാങ്കേതികാനുമതി നൽകിയത് 21652000 രൂപയ്ക്കാണ്. 3.25 കോടി രൂപയിലധികം ചെലവ് വരുമെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതാണ്. സാങ്കേതികാനുമതി നിലവിൽ 21652000 രൂപയ്ക്ക് നൽകിയെങ്കിലും ചെലവ് 25313988 രൂപയായ സാഹചര്യത്തിൽ 3661988 അധികം ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. പ്രവർത്തനം പൂർത്തിയാക്കാത്തതിനാൽ ഷെഡ്യൂൾ റേറ്റിൽ വരുന്ന വ്യത്യാസത്തിനനുസരിച്ച് ഇനിയും ചെലവ് തുക വർദ്ധിക്കാനിടയുണ്ട്. ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

**(5) പ്ലാന്റ് പ്രവർത്തനക്ഷമമായാൽ നടത്തിപ്പ് എപ്രകാരമെന്ന് തീരുമാനം കൈക്കൊണ്ടിട്ടില്ല.**

അറവ്ശാലാ നവീകരണം അവസാന ഘട്ടത്തിലായതിനാൽ, ഇതിന്റെ നടത്തിപ്പ് എപ്രകാരമായിരിക്കണമെന്ന് നഗരസഭ ഇതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല. മെഷിനറി ഇൻസ്റ്റാൾ ചെയ്ത കമ്പനി അതിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിന്റെ ഭാഗമായി ഒരു വർഷക്കാലം പ്ലാന്റിന്റെ നടത്തിപ്പ് ഏറ്റെടുക്കുമെങ്കിലും അതിന് ശേഷം പ്രവർത്തനം എത്തരത്തിലായിരിക്കണമെന്ന് നഗരസഭ തീരുമാനിക്കേണ്ടതുണ്ട്. വൻ തുക ചെലവഴിച്ച പദ്ധതിയാകുമ്പോൾ 3 തരത്തിലുള്ള നടത്തിപ്പാണ് ഡി.പി.ആർ ൽ വ്യക്തമാക്കുന്നത്.

1. അറവ്ശാല കരാറുകാരൻ നിർമ്മിച്ച് 10 വർഷം നടത്തിപ്പ് ഏറ്റെടുക്കുക, നഗരസഭയ്ക്ക് നിശ്ചിത തുക അടക്കുക.
2. മാസ വാടകയ്ക്ക് കരാറുകാരന് നൽകുക
3. ലാഭ വിഹിതം ശതമാനക്കണക്കിൽ വീതിക്കുക

ഇതിൽ ക്രമ നമ്പർ ഒന്ന് പ്രായോഗികമല്ലാത്തതിനാൽ മറ്റ് രണ്ടെണ്ണത്തിൽ എത്തരത്തിലായിരിക്കണം അറവ്ശാല നടത്തിപ്പ് എന്ന് തീരുമാനിക്കേണ്ടതുണ്ട്. പ്ലാന്റ് കമ്മീഷൻ ചെയ്ത് ഒരു വർഷം കഴിയുമ്പോൾ തൊട്ടടുത്ത ദിവസം തന്നെ പ്രവർത്തനം മുടങ്ങാത്ത രീതിയിൽ ഈ ഓപ്പറേഷൻ & മെയിന്റനൻസ് സജ്ജീകരിക്കേണ്ടതാണ്.

**(6) മെക്കാനിക്കൽ പ്രവൃത്തി സിവിൽ എഞ്ചിനീയർ മെഷർ/ചെക്ക് മെഷർ ചെയ്തു.**

ഈ പ്രവൃത്തിയുടെ ഭാഗമായി എസ്.എ എഞ്ചിനീയറിംഗ് വർക്സ്, ഗാസിയാബാദ്, ഉത്തർപ്രദേശ് എന്ന സ്ഥാപനത്തിൽ നിന്ന് 2021-22, 22-23 വർഷത്തിൽ 16042800 രൂപയ്ക്ക് അറവ്ശാലക്ക് വേണ്ട മെഷിനറികൾ വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ/ചെക്ക് നമ്പർ | ചെലവഴിച്ച തുക | എം. ബുക്ക് പേജ് |
|---|---|---|---|
| 1 | 771828/31-03-22 | 6157500 | 127/2021-22 പേജ് 4 |
| 2 | 941638/17-06-22 | 3661001 | 127/2021-22 പേജ് 8 |
| 3 | 344509/27-09-22 | 3593000 | 127/2021-22 പേജ് 13 |
| 4 | 344511/2-2-23 | 2631299 | 127/2021-22 പേജ് 18 |
| | ആകെ | 16042800 | |

2022 മാർച്ച് മാസം മുതൽ 2023 ഫെബ്രുവരി മാസത്തിനുള്ളിലാണ് ഈ മെഷീനറി/പ്ലാന്റ് അറവ്ശാലയിൽ ഇൻസ്റ്റാൾ ചെയ്തത്. ഇതിന്റെ വാരണ്ടി/ഗ്യാരണ്ടി പിരീഡ് അവസാനിക്കാൻ സാധ്യതയുണ്ട്. ഈ മെക്കാനിക്കൽ പ്രവൃത്തി അളന്ന് തിട്ടപ്പെടുത്തിയത് മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയറും, ചെക്ക് മെഷർ ചെയ്തത് മുനിസിപ്പൽ എഞ്ചിനീയറുമാണ്. ഇവർ രണ്ട് പേരും എൽ.എസ്.ജി.ഡി സിവിൽ വർക്ക് എഞ്ചിനീയർമാരാണ്. എം. ബുക്കിൽ മെക്കാനിക്കൽ വർക്ക് എന്ന് രേഖപ്പെടുത്തിയാണ് എഞ്ചിനീയർ മെഷർ/ചെക്ക് മെഷർ ചെയ്തത്. എം. ബുക്ക് 127/2021-22 പേജ് 1 മുതൽ 18 വരെ കാണുക. സ്വന്തമായി മെക്കാനിക്കൽ എഞ്ചിനീയർ ഇല്ലാത്ത സാഹചര്യമാണെങ്കിൽ പി.ഡബ്ലിയു.ഡി മെക്കാനിക്കൽ വിഭാഗത്തെ സമീപിച്ച് അവർ മെഷർ/ചെക്ക് മെഷർ ചെയ്യേണ്ടിടത്ത് സ്വന്തം നിലയ്ക്ക് മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ മെഷർ ചെയ്ത് മുനിസിപ്പൽ എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത നടപടി ഗുരുതരമായ കൃത്യവിലോപമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

**(7) കേന്ദ്ര വിഹിതം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ല.**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 21-04-2009 ലെ 4279/ഡി.ബി.2/09/തസ്വഭവ. നമ്പർ സർക്കലറിൽ അറവുശാലകളുടെയും ഇറച്ചി വിൽപ്പനശാലകളുടെയും നവീകരണവും, അവയിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന സർക്കുലർ ആണ്. ഇതിലെ ഖണ്ഡിക 2-2-4 ൽ അറവ്ശാല നവീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലെ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ധനസഹായമായി പ്ലാന്റിന്റെയും യന്ത്രത്തിന്റെയും വിലയുടെ 50% വരെയോ ബുദ്ധിമുട്ട് ഉള്ള സ്ഥലങ്ങളിൽ 75% വരെയോ പരമാവധി 15 കോടി രൂപയോ ഏതാണോ കുറവ് അത് ലഭ്യമാക്കാൻ സാധ്യതയുണ്ട്. ഇത് ഉപയോഗപ്പെടുത്താനുള്ള നടപടി കൈക്കൊള്ളേണ്ടതാണ് എന്നും നിഷ്കർഷിക്കുന്നു. എന്നാൽ നഗരസഭ ഇത്തരത്തിൽ ഒരു ഫണ്ട് ലഭിക്കാൻ ആവശ്യമായ നടപടികൾ ഒന്നും തന്നെ കൈക്കൊണ്ടിട്ടില്ല. ഫലത്തിൽ സമയത്ത് പ്രവർത്തിക്കാത്തതിനാൽ കേന്ദ്രത്തിൽ നിന്ന് ലഭ്യമായേക്കാവുന്ന ഒരു ഫണ്ട് നഷ്ടപ്പെടാനിടയായി.

ക്രമ നമ്പർ (1) മുതൽ (7) വരെയുള്ള പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 59 തിയ്യതി 29.09.2023) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.
അറവുശാലയുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി മെഷിനറികൾ സ്ഥാപിച്ചിട്ടുള്ള പ്ലാന്റ് 23.11.2023 ന് സന്ദർശിക്കുകയുണ്ടായി. രണ്ടര കോടിയലധികം രൂപ ചെലവഴിച്ചിട്ടും അറവു ശാല പ്രവർത്തന സജ്ജമായിട്ടില്ല. ഇത് മൂലം സ്ഥാപിച്ച പല മെഷിനറികളുടേയും വാറന്റി പിരീയഡ് കഴിഞ്ഞ അവസ്ഥയാണുള്ളത്. അറവ് ശാല എത്രയും വേഗം പ്രവർത്തന സജ്ജമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18-1 ഹരിത കർമ്മ സേന പ്രവർത്തനത്തിലെ പോരായ്മകൾ

ഫയൽ നമ്പർ : H3/19424/2017

നഗരസഭയിലെ ഹരിത കർമ്മ സേനയുടെ പ്രവർത്തനം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1. നഗരസഭയിലെ വാർഡിനനുസരിച്ച് മതിയായ ഹരിത കർമ്മസേന അംഗങ്ങളെ നിയോഗിച്ചിട്ടില്ല.**

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഹരിത കർമ്മ സേന രൂപീകരിക്കുന്നതിന് കുടുംബശ്രീ സംഘടന സംവിധാനം ഉപയോഗിച്ച് നടപ്പിലാക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകിയിരുന്നത്. ഇത് സംബന്ധിച്ച് സർക്കാർ സ.ഉ (സാധാ) നം 2420/2017 ത.സ്വ.ഭ.വ തീയതി 15.07.2017, സ.ഉ (സാധാ) നം 1496/2020 ത.സ്വ.ഭ.വ തീയതി 12.08.2020 എന്നിവ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. ഹരിത കർമ്മ സേന രൂപീകരികരിക്കുന്നതിന്റെ ഭാഗമായി 41 അംഗ ഹരിത കർമ സേനാംഗങ്ങളെ കുടുംബശ്രീ തിരൂർ സി.ഡി.എസ് 08.11.2018 നൽകുകയുണ്ടായി. നഗരസഭാ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ (HSC) 28.11.2018 ലെ മൂന്നാം നമ്പർ തീരുമാന പ്രകാരം ഹരിത കർമ്മ സേനയെ അംഗീകരിക്കുകയും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള യൂസർ ഫീസ് മാസം തോറും വീടുകൾക്ക് 50 രൂപയും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് 25 കെ.ജി വ്യാപ്തിയുള്ള രണ്ട് ചാക്കിന് 100 രൂപ ഫീസും അധികമുള്ള ഒരോ ചാക്കിനും 100 രൂപ ഫീസ് നിശ്ചയിക്കുകയുണ്ടായി. മേൽ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയുണ്ടായി. കൗൺസിലിന്റെ 29.11.2018 ലെ 23ാം

നമ്പർ തീരുമാന പ്രകാരം ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ചു. 2019 നവംബർ ഒന്നിന് ഹരിത കർമ്മസേന നഗരസഭയിൽ പ്രവർത്തനം ആരംഭിച്ചു. ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ പ്രകാരം (സ.ഉ (സാധാ) നം 1496/2020 ത.സ്വ.ഭ.വ തീയതി 12.08.2020) ഒരോ വാർഡിലും പരമാവധി രണ്ടു പേരെ അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിനും ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് സഹായിക്കുന്നതിനുമായി പരിശീലനം നൽകി തെരഞ്ഞെടുക്കണം. നഗരസഭയിൽ വീടുകളുടെ എണ്ണം കൂടുതൽ ആയതിനാൽ ഒരു വാർഡിൽ രണ്ടിൽ അധികം പേരെ തിരഞ്ഞെടുക്കാം. തിരൂർ നഗരസഭയിൽ 38 വാർഡുകളാണുള്ളത്. എന്നാൽ നഗരസഭയുടെ വാർഡിന്റെ എണ്ണത്തിനനുസരിച്ചുള്ള ഹരിത കർമ്മ സേനാംഗങ്ങളെ നിയോഗിക്കുകയുണ്ടായില്ല.

ഫയൽ പരിശോധിച്ചതിൽ 03.06.2022 ന് ഹരിതകർമ്മസേന സമർപ്പിച്ച അപേക്ഷ കാണുകയുണ്ടായി. അതിൽ നിലവിൽ 38 വാർഡുകളിലേയും കടകളിലേയും അജൈവ മാലിന്യം ശേഖരിക്കുന്നതിനും സെഗ്രഗേറ്റ് ചെയ്യുന്നതിനും 21 അംഗങ്ങളെ വെച്ച് സാധിക്കുന്നില്ല എന്നും ആർ ആർ എഫിൽ മാലന്യം കൂട്ടിയിട്ട് കിടക്കുന്നതിനാൽ 20 അംഗങ്ങളെ കൂടി ഉൾപ്പെടുത്തി ഹരിതകർമ്മസേനയെ ശക്തിപ്പെടുത്തണമെന്നാണുള്ളത്. ആയതനുസരിച്ച് പത്രപരസ്യം ചെയ്യാൻ തീരുമാനിച്ചതായി കാണുന്നു. തുടർനടപടി വിവരം ലഭ്യമല്ല.

സ.ഉ (സാധാ) നം. 2174/2022/LSGD തീ. 02.09.2022 പ്രകാരം ഓണത്തോടനുബന്ധിച്ച് ഹരിതകർമ്മസേനാംഗങ്ങൾക്ക് ആയിരം രൂപ തനത് ഫണ്ടിൽ നിന്ന് അലവൻസായി നൽകാന് ഉത്തരവായി. ഇതുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന കൺസോർഷ്യം പ്രസിഡന്റ് ബേബി മഞ്ജുള യും സെക്രട്ടറി കൃപയും ഒപ്പിട്ട സ്റ്റേറ്റമെന്റിൽ ആകെ 29 പേരാണ് (പ്രസിഡന്റ് & സെക്രട്ടറി ഉൾപ്പെടെ) ഹരിതകർമ്മസേനാംഗങ്ങളായുള്ളത്.

കുടുംബശ്രീയുടെ 25ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 2023 മാർച്ച് 8 ന് നടത്തുന്ന ഹരിത കർമ്മസേന സംഗമത്തോടനുബന്ധിച്ച് മികച്ച ഹരിത കർമ്മസേന കൺസോർഷ്യത്തെ തിരഞ്ഞെടുക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ 28.02.2023 ലെ 3786/എ2/17/KSMPM (2)/ നം കത്തിന് 04.03.2023 ലെ എച്ച് 3/19424/17 നമ്പർ പ്രകാരം നഗരസഭ മറുപടി നൽകുകയുണ്ടായി. ഇത് പ്രകാരം ആകെ പ്രവർത്തിക്കുന്ന ഹരിത കർമ്മസേനയുടെ എണ്ണം 32 ആണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഹരിത കർമ്മസേനാംഗങ്ങൾക്ക് 1000 രൂപ വീതം ഉത്സവബത്ത നൽകുന്നതിന് സ.ഉ (സാധാ) 1686/2023 /ത.സ്വ.ഭ.വ തീയതി 19.08.2023 പ്രകാരം ഉത്തരവായി. ഇതനുസരിച്ച് നഗരസഭയിലെ 40 ഹരിത കർമ്മസേനാംഗങ്ങൾക്കാണ് 1000 രൂപ വീതം ഉത്സവബത്ത അനുവദിച്ചത്.

ഓരോ വാർഡിലും രണ്ട് പേർ വീതം ഏറ്റവും ചുരുങ്ങിയത് 76 (38x2) ഹരിത കർമ്മസേന അംഗങ്ങളെ നഗരസഭയുടെ ശുചീകരണ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ പ്രവർത്തനത്തിന് ആവശ്യമാണ്. നഗരസഭയിൽ വീടുകളുടേയും കടകളുടേയും എണ്ണം കൂടുതൽ ആയതിനാൽ ഒരു വാർഡില് രണ്ടിൽ അധികം പേരെ തിരഞ്ഞെടുക്കാം. എന്നാൽ 40 പേരുടെ സേവനം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇത് മൂലം ഹരിത കർമ്മസേനയുടെ പ്രവർത്തനം താളംതെറ്റുന്നുണ്ട്. നഗരസഭയിലെ വാർഡുകളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമായ ഹരിത കർമ്മ സേന അംഗങ്ങളെ നിയോഗിക്കാത്തത് നഗരസഭയുടെ വീഴ്ചയാണ്.

**2. മൈക്രോ സംരഭങ്ങളായി പ്രവർത്തിക്കുന്നില്ല**

സ.ഉ (സാധാ) നം 1496/2020 ത.സ്വ.ഭ.വ തീയതി 12.08.2020 പ്രകാരം പുറപ്പെടുവിച്ച ഹരിത കർമ്മ സേന പ്രവർത്തന മാർഗ്ഗരേഖ പ്രകാരം മൂന്ന് മുതൽ അഞ്ചുവരെ വാർഡുകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി മൈക്രാ സംരഭം രൂപീകരിക്കണം. ഓരോ ഹരിത സംരഭ പ്രവർത്തനത്തിലും 250 വീടുകൾ എങ്കിലും ഉണ്ടായിരിക്കണം. കൂടാതെ അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് രണ്ട് വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാത്ത ഒരു മിനി എം.സി.എഫും (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) നഗരസഭ തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാത്ത ഒരു എം.സി.എഫ് നിർമ്മിച്ച് അല്ലെങ്കിൽ വാടകയ്ക്ക് ഏർപ്പെടുത്തിയിരിക്കണം.

ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച നിലവിലെ സ്ഥിതി അറിയുന്നതിന് ഹരിത കർമ്മസേന പ്രസിഡന്റ്&സെക്രട്ടറിയെ 11.08.2023 ന് നേരിൽ കേൾക്കുകയുണ്ടായി. മൈക്രോ സംരഭങ്ങളായി പ്രവർത്തിക്കുന്നില്ലായെന്നും ബൈലോ തയ്യാറാക്കിയിട്ടില്ലയായന്നും വാർഡ് തലത്തിൽ മിനി എം.സി.എഫ്

ഏർപ്പെടുത്തിയിട്ടില്ലായെന്നും ഹരിതകർമ്മ സേനയെ അറിയിക്കുകയുണ്ടായി. ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ മിനി എം.സി.എഫ്, വാഹനം, ഓഫീസ് സംവിധാനം ഉൾപ്പെടെ നഗരസഭ ഒരുക്കി നൽകുന്നതിലും ഹരിത കർമ്മസേനയെ മൈക്രോ സംരഭ പ്രവർത്തിപ്പിച്ച് സജ്ജമാക്കുന്നതിലും നഗരസഭയുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായി.

3. <u>ഹരിത കർമ്മസേനയുടെ പ്രവർത്തനം പൂർണതോതിലല്ല. വയബിലിറ്റി ഫണ്ട് അനുവദിക്കേണ്ടതായി വരുന്നു.</u>

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | നിർവ്വഹണം | വർഷം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | ആകെ അടങ്കൽ | ആകെ ചെലവ് |
|---|---|---|---|---|---|---|---|
| 1 | ഹെൽത്ത് ഓഫീസർ (നഗരസഭ) | 2018-19 | 21/2019 | വയബിലിറ്റി ഗ്യാപ് ഫണ്ട് | വികസനഫണ്ട് - പൊതുവിഭാഗം | 500,000 | 155418 |
| 2 | ഹെൽത്ത് ഓഫീസർ (നഗരസഭ) | 2020-21 | 224/2021 | ഹരിതകർമ്മസേന വി.ജി.എഫ് | വികസനഫണ്ട് - പൊതുവിഭാഗം & കേന്ദ്രാവിഷ്കൃത ഫണ്ട് & സംസ്ഥാനാവിഷികൃത ഫണ്ട് | 367232 & 308227 & 205191 ആകെ 880650 | 284894 & 265960 & 127466 ആകെ 678320 |
| 3 | ഹെൽത്ത് ഓഫീസർ (നഗരസഭ) | 2022-23 | 120/2023 | ഹരിതകർമ്മസേന വി.ജി.എഫ് | ധനകാര്യകമ്മീഷൻ അവാർഡ് -ടൈഡ് | 500904 | 500904 |
| | | | | | | ആകെ | 1334642 |

യൂസർ ഫീ മാത്രം ശേഖരിച്ച് കൊണ്ട് ഹരിതകർമ്മസേനയ്ക്ക് അതിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ട് പോകാൻ സാധിക്കാത്ത സാഹചര്യത്തിലാണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കുന്നത്. നഗരസഭയിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം പൂർണതോതിൽ പ്രവർത്തനസജ്ജമാകാത്തതിനാൽ നാളിതു വരെ 13,34,642 രൂപ വയബിലിറ്റി ഫണ്ട് ഇനത്തിൽ നഗരസഭയ്ക്ക് ചെലവിടേണ്ടി വന്നു. ഹരിത കർമ്മസേനയുടെ പ്രവർത്തനം മന്ദഗതിയിലായതിനാലാണ് നഗരസഭയ്ക്ക് വീണ്ടും വീണ്ടും വി.ജി.എഫ് അനുവദിക്കേണ്ടി വരുന്നത്. 2022-23 മുതൽ 2026-27 വരെയുള്ള വർഷങ്ങളിലേക്കുള്ള സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ തീയതി 28.05.2022 ഖണ്ഡിക 6.8 (ഡി) 7 പ്രകാരം നിലവിൽ വാതിൽപ്പടി ശേഖരണം നടത്തിവരുന്ന ഹരിതകർമ്മസേനകൾക്ക് പരമാവധി 2022 നവംബർ 30 വരെ വി.ജി.എഫ് അനുവദിക്കാവുന്നത്. ഹരിത സഹായ സംഘങ്ങളെ നിയോഗിച്ചിട്ടും അജൈവ മാലിന്യങ്ങളുടെ സംസ്കരണം ഹരിത കർമ്മസേനയുടെ വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ ആവാത്തതിനാലാണ് ഈ അപാകത ആവർത്തിക്കുന്നത്. അപാകതയ്ക്ക് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. <u>MCF &RRF ലെക്ക് കെയർടെയ്ക്കറെ (ടെക്നീഷ്യൻ) നിയമിക്കൽ</u>

നഗരസഭ പരിധിയിലെ വാർഡ് 38 ൽ പോറ്റില്ലത്തറ എന്ന സ്ഥലത്താണ് MCF& RRF ഉം തൊട്ടടുത്തായി സ്ഥിതി ചെയ്യുന്നത്. എം.സി.എഫ് , ആർ ആർ എഫ് എന്നിവയുടെ നടത്തിപ്പിനായി ദിവസവേതനാടിസ്ഥാനത്തിൽ കെയർടെയ്ക്കറെ (ടെക്നീഷ്യൻ) നിയോഗിക്കുന്നതിന് പതിനാലം പഞ്ചവത്സര സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ 28.05.2022) പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. ആയതനുസരിച്ച ഹരിത കർമ്മസേനയ്ക്കായി ദിവസവേതനാടിസ്ഥാനത്തിൽ കെയർടെയ്ക്കറെ (ടെക്നീഷ്യൻ) നിയമിക്കുന്ന വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിന് 19.05.2023 ലെ കൗൺസിലിന്റെ 4ാം നമ്പർ തീരുമാന പ്രകാരം ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 27.06.2023 ലെ 7ാം നമ്പർ തീരുമാന പ്രകാരം പത്രപരസ്യം നൽകി കെയർ ടെയ്ക്കറെ നിയമിക്കാൻ തീരുമാനമെടുത്തതായി

കാണുന്നു. തുടർനടപടി വിവരം ഫയലിൽ നിന്നും ലഭ്യമായില്ല.

കെയർ ടെയ്ക്കറെ നിയമിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ചർച്ച ചെയ്തതായി കാണുന്നില്ല. നിലവിൽ എപ്രകാരമാണ് കെയർടെയ്ക്കറുടെ അഭാവത്തിൽ എം.സി.എഫ് , ആറ് ആറ് എഫ് പ്രവർത്തിപ്പിക്കുന്നത് എന്നും കെയർ ടെയ്ക്കറുടെ നിയമനം സംബന്ധിച്ച തുടർ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**5. ICICI ബാങ്ക് സി.എസ്.ആർ ഫണ്ടിൽ ഉൾപ്പെടുത്തി ഇ-ഓട്ടോ അനുവദിച്ചത് - സംബന്ധിച്ച്**

09.01.2023 ലെ നോട്ട് ഫയൽ പരിശോധിച്ചതിൽ നഗരസഭ സെക്രട്ടറി ശ്രീ ഷെറി താഴെ വിവരിച്ച കുറിപ്പെഴുതിയതായി കാണുന്നു.

ഐ.സി.ഐ.സി.ഐ ബാങ്കിൽ പുതുതായി 5 അക്കൗണ്ടുകൾ കൂടി ആരംഭിച്ചിട്ടുള്ളതാണ്. ഹരിത കർമ്മസേനയ്ക്ക് പ്രത്യേക വാഹനമില്ലാത്തതിനാൽ വാടകയ്ക്ക് എടുത്താണ് ഓടുന്നത്. സി.എസ്.ആര് ഫണ്ടിലുൾപ്പെടുത്തി ഒരു ഇ-ഓട്ടോ ലഭ്യമാക്കാൻ കത്ത് നൽകുക. തുടർന്ന് 10.01.2023 ലെ എച്ച്3/17242/21 നമ്പർ കത്ത് പ്രകാരം ഐ.സി.ഐ.സി.ഐ ബാങ്ക് മാനേജർക്ക് കത്ത് നൽകുകയുണ്ടായി. സി.എസ്.ആറ് ഫണ്ടിലുൾപ്പെടുത്തി ഇലക്ട്രിക് ഓട്ടോ നഗരസഭയ്ക്ക് അനുവദിച്ചിട്ടുണ്ടെന്നും ICICI Foundation For Inclusive Growth നുള്ള കത്തും സാക്ഷ്യപത്രവും ആർ.ടി.ഒ യ്ക്കുള്ള കത്തും ഇന്ന് തന്നെ നൽകണമെന്നും കാണിച്ച് ഐ.സി.ഐ.സി.ഐ തിരൂർ ബാങ്ക് മാനേജർ ഇ-മെയിൽ ഹാജരാക്കിയിട്ടുണ്ടെന്ന് 24.01.2023 ലെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അന്നേ തീയതിൽ മേൽ കത്തുകൾ ഒപ്പ് വെച്ചതായി സെക്രട്ടറി കുറിപ്പെഴുതിയിട്ടുണ്ട്. എന്നാൽ കത്തിന്റെ അസ്സൽ പകർപ്പ് ഫയലിൽ ഇല്ല. ഹരിത കർമ്മസേനയ്ക്ക് മേൽ പരാമർശിച്ച ഇ-ഓട്ടോ ലഭ്യമായിട്ടില്ലായെന്ന് 11.08.2023 ന് ഹരിതകർമ്മ സേനയെ നേരിൽ കേട്ടതിൽ നിന്ന് ബോധ്യപ്പെട്ടു. ഐ.സി.ഐ.സി.ഐ ബാങ്കിൽ പുതുതായി ആരംഭിച്ച 5 അക്കൗണ്ടുകളുടെ വിശദാംശങ്ങളും ഇ-ഓട്ടോ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

6. **വാർഷിക ഓഡിറ്റ് യഥാസമയം നടത്തുന്നില്ല**

സ.ഉ (സാധാ) നം 1496/2020 ത.സ്വ.ഭ.വ തീയതി 12.08.2020 ഖണ്ഡിക 20.3 പ്രകാരം ഹരിത കർമ്മസേനയുടെ ഓഡിറ്റിംഗ് കാസ് മുഖേന എല്ലാ വർഷവും നടത്തേണ്ടതാണ്. എന്നാൽ ഒറ്റത്തവണ മാത്രമാണ് കാസ് ഓഡിറ്റിന് വിധേയമാക്കിയത്. 08/2020 മുതൽ 12/2021 വരെയുള്ള കാലയളവിലെ കണക്കുകൾ മാത്രമാണ് കുടുംബശ്രീ അക്കൗണ്ടിംഗ് ആന്റ് ഓഡിറ്റിംഗ് സർവീസ് സൊസൈറ്റി (കാസ്) ഓഡിറ്റ് ചെയ്തത്. വാർഷിക കണക്കുകൾ കൃത്യമായി ഇടവേളകളിൽ ഓഡിറ്റിന് വിധേയമാക്കുന്നില്ല.

**7. ബോട്ടിൽ ബൂത്തിന്റെ ചുമതല ഹരിത കർമ്മസേനയ്ക്ക് കൈമാറിയിട്ടില്ല.**

ബോട്ടിൽ ബൂത്തുകൾ നഗരസഭ ഐ.ഇ.സി ഫണ്ട് ഉപയോഗിച്ചാണ് സ്ഥാപിച്ചിട്ടുള്ളത്. നഗരസഭ പ്രദേശത്ത് 3 ബോട്ടിൽ ബൂത്തുകളാണ് സ്ഥാപച്ചിട്ടുള്ളത് എന്ന് കാണുന്നു.

(1) ബോയ്സ് ഹൈസ്കൂളിനടുത്ത്

(2) ഒന്നാം വാർഡിലെ പൊറ്റർ

(3) നഗരസഭ സമുച്ചയത്തിന്റെ പരിസരത്ത്

എന്നാൽ മൂന്നിന്റേയും താക്കോൽ ഹരിത കർമ്മസേനയ്ക്ക് കൈമാറിയിട്ടില്ലായെന്ന് 11.08.2023 ന് ഹരിതകർമ്മ സേനയെ നേരിൽ കേട്ടതിൽ നിന്ന് മനസ്സിലാകുന്നു. ബോട്ടിൽ ബൂത്തുകളുടെ ചുമതല ഹരിത കർമ്മസേനയ്ക്ക് കൈമാറാത്തതിന് കാരണം വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.66/20.10.2023) മറുപടി ലഭ്യമാക്കിയില്ല.

**1-18-2 ഹരിത കർമ്മ സേന - ഹരിത സഹായ സംഘത്തിന്റെ കരാർ ലംഘനം മൂലം നഷ്ടമായ 130220 രൂപ തിരികെ ഈടാക്കിയില്ല**

ഫയൽ നമ്പർ : H3/19424/2017

ഹരിത കർമ്മ സേനയെ സാങ്കേതികമായി സഹായിക്കുന്നതിനും സംരഭകത്വത്തിന് ഹരിത കർമ്മസേനയെ സജ്ജമാക്കുന്നതിന്റെ ഉത്തരവാദിത്തമാണ് ഹരിത സഹായ സംഘത്തിനുള്ളത്. കൗൺസിലിന്റെ 26.08.2020 ലെ അഞ്ചാം നമ്പർ തീരുമാന പ്രകാരം തിരൂർ നഗരസഭയുടെ ശുചീകരണ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ഏകോപിക്കുന്ന സ്ഥാപനമായി ഹരിത കേരള മിഷൻ എംപാനൽ ചെയ്ത നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് തളിപറമ്പ്, കണ്ണൂരിനെ (നെല്ലിയ്ക്ക കമ്പനി) ഏൽപ്പിക്കാൻ തീരുമാനിച്ചു. ജൈവ- അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ഹരിത കർമ്മസേനയെ സഹായിക്കുന്നതിനും, ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ നഗരസഭയ്ക്ക് ബാധ്യത വരാതെ നിർമ്മാർജ്ജനം ചെയ്യുന്നതിനും ടി സ്ഥാപനത്തെ ചുമതലപ്പെടുത്തി. ഹരിത ചട്ടങ്ങളും നിലവിലെ എസ്.ഡബ്ല്യു.എം റൂൾ പാലിച്ചുകൊണ്ടും കരാർ ചമയ്ക്കുന്നതിനും അനുവാദം നല്കി. അജൈവ മാലിന്യങ്ങളുടെ തരംതിരിക്കൽ, ശേഖരണം നിർമാർജ്ജനം എന്നീ പ്രവർത്തനങ്ങൾക്ക് ആർ.ആർ.എഫ് നിബന്ധനകളോടെ ടി ഏജൻസിയ്ക്ക് നൽകുന്നതിനും അനുവാദം നൽകി. ഹരിത സഹായ സ്ഥാപനങ്ങൾക്ക് നൽകുന്ന സർക്കാർ നിർദ്ദേശിത വേതനം, മറ്റു ചെലവുകൾക്കുള്ള തുക എന്നിവ നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റിന് (നെല്ലിയ്ക്ക കമ്പനി) നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. തുടർന്ന് 30.10.2020 ന് നഗരസഭ സെക്രട്ടറി ഒന്നാം കക്ഷിയായും നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് (നെല്ലിയ്ക്ക കമ്പനി) സെക്രട്ടറി ശ്രീ.ഫഹദ് മുഹമ്മദ് രണ്ടാം കക്ഷിയായും സ.ഉ (സാധാ)നം.2420/2017 ത.സ്വ.ഭ.വ തീ.15.07.2017 നെ അടിസ്ഥാനപ്പെടുത്തി മൂന്ന് വർഷ കാലയളവിലേക്ക് കരാർ ഒപ്പു വെച്ചു. കരാറിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. അജൈവ മാലിന്യ ശേഖരണത്തിനായി രജിസ്റ്റർ ചെയ്യുന്ന വീടുകളിൽ നിന്ന് പ്രതിമാസം രണ്ട് ചാക്ക് വരെ 50 രൂപ യൂസർഫീയും കൂടതലായി വരുന്ന ഒരോ ചാക്കിനും 50 രൂപ അധിക ഫീസും ആദ്യ മാസം 100 രൂപ രജിസ്ട്രേഷൻ ഫീസും ഹരിത കർമ്മസേന കൺസോർഷ്യം മുഖേന ഈടാക്കാൻ നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റിന് (നെല്ലിയ്ക്ക കമ്പനി) അനുവാദം നൽകി.

2. സ്ഥാപനങ്ങളിൽ നിന്ന് അജൈവ മാലിന്യം പ്രതിമാസം ഒരു തവണ സന്ദർശിച്ച സ്വീകരിക്കുന്നതിന് ചാക്കൊന്നിന് 100 രൂപയും ആഴ്ചയിൽ ഒരിക്കൽ ശേഖരിക്കുന്നതിന് മാസത്തിൽ 200 രൂപയും എല്ലാ ദിവസവും സ്ഥാപനങ്ങൾ സന്ദർശിച്ച് മാലിന്യ ശേഖരണം നടത്തുന്നതിന് മാലിന്യത്തിന്റെ തോത് അനുസരിച്ച് (പ്രതിദിനം ഒരു ചാക്ക്) പ്രതിമാസം 300 രൂപ മുതൽ 3000 രൂപ വരെ ഹരിത കർമ്മസേന കൺസോർഷ്യം മുഖേന ഈടാക്കാൻ നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റിന് (നെല്ലിയ്ക്ക) അനുവാദം നൽകി.

3. എം.സി.എഫ് / ആറ് ആറ് എഫ് , ബെയ്‌ലിങ് യൂണിറ്റ് തുടങ്ങിയവ കരാർ കാലയളവിൽ നെല്ലിയ്ക്ക കമ്പനി വിട്ടു നൽകി.

4. നഗരസഭ വിട്ട് നൽകുന്ന യന്ത്രങ്ങളുടേയും ബിൽഡിംഗുകളുടേയും വൈദ്യുതി, വെള്ളക്കരം ചാർജ്ജ് മറ്റു മെയിന്റനൻസ്

ഉത്തരവാദിത്വം നെല്ലിയ്ക്ക കമ്പനിയ്ക്കാണെന്ന് വ്യവസ്ഥ ചെയ്തു.

5. കരാർ വ്യവസ്ഥകളുടെ ലംഘനത്തിന് രണ്ടാം കക്ഷിയായ നെല്ലിക്ക കമ്പനിയ്ക്ക് നോട്ടീസ് നൽകി കൗൺസിൽ തീരുമാനത്തോട് കൂടി തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യാവുന്നതും കഷ്ടനഷ്ടങ്ങൾ ഈടാക്കാവുന്നതുമാണ്.

6. പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായ മുനിസിപ്പൽ പരിധിയിലുള്ള മുഴുവൻ വീടുകളിൽ നിന്നും ക്യു.ആർ സ്റ്റിക്കർ പതിപ്പിക്കുന്നതിന് നെല്ലിക്ക കമ്പനിയ്ക്ക് അനുമതി നൽകി.

7. നെല്ലിക്ക കമ്പനിയ്ക്ക് നഗരസഭ വി.ജി.എഫ് അനുവദിക്കുന്നതല്ല.

8. വരവ് - ചെലവ് കൈകാര്യം ചെയ്യുന്നതിന് ഹരിത സഹായ സ്ഥാപന പ്രതിനിധിയും ഹരിതകർമ്മസേന കൺസോർഷ്യം പ്രതിനിധിയും സംയുക്തമായി ബാങ്കിൽ അക്കൗണ്ട് തുറന്ന് യുസർ ഫീയും മറ്റും അതിൽ നിക്ഷേപിച്ച് മേൽ ഫണ്ടിൽ നിന്ന് എല്ലാ മാസവും 5ാം തീയതിയ്ക്കകം ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനം നൽകുക.

9. നെല്ലിക്ക കമ്പനിയുടെ പ്രവർത്തനത്തിന് (ഓഫീസ്, സ്റ്റാഫ് സാലറി, വാഹനം, സോഫ്റ്റ്‌വെയർ, മാലിന്യം നീക്കംചെയ്യൽ, എംസി.എഫ്/ആർ.ആർ.എഫ് പ്രവർത്തനം) ആവശ്യമായ തുക ഹരിതകർമ്മ സേന ശേഖരിക്കുന്ന യൂസർഫീയിൽ കൺസോർഷ്യം മുഖേന ഉണ്ടാക്കുന്ന ഉപകരാർ മുഖേന ഈടാക്കുന്നതിന് നെല്ലിയ്ക്ക് കമ്പനിയ്ക്ക് അനുമതി നൽകി.

10. ഏതെങ്കിലും സാഹചര്യത്തിൽ നഗരസഭയുടെ വാഹനം മാലിന്യ നീക്കങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെങ്കിൽ വാഹനത്തിന്റെ ഇന്ധന/അറ്റകുറ്റപണി ചെലവും ഡ്രൈവറുടെ വേതനവും നെല്ലിയ്ക്ക

കമ്പനി വഹിക്കേണ്ടതാണ്.

എട്ട് മാസക്കാലം നെല്ലിക്ക് കമ്പനി ഹരിത സഹായ സ്ഥാപനമായി നഗരസഭയിൽ പ്രവർത്തിക്കുകയുണ്ടായി. നിലവിൽ അനുവർത്തിച്ച് പോരുന്ന-ഹരിത സഹായ സ്ഥാപന പ്രതിനിധിയും ഹരിത കർമ്മസേന കൺസോർഷ്യം പ്രതിനിധിയും സംയുക്തമായി ബാങ്കിൽ അക്കൗണ്ടിൽ വരവ് വെച്ച് അതിൽ നിന്ന് ഹരിത കർമ്മസേനയുടെ ചെലവ് നിർമ്മൽ ഭാരത് ട്രസ്റ്റ് (നെല്ലിക്ക കമ്പനി) പ്രസ്തുത ചെലവ് വഹിക്കുന്ന രീതി ശരിയല്ല എന്ന് പുതിയ മാർഗ്ഗരേഖ (സ.ഉ (സാധാ) നം 1496/2020 ത.സ്വ.ഭ.വ 12.08.2020) യുടെ അടിസ്ഥാനത്തിൽ ജില്ലാ ശുചിത്വമിഷന് ചൂണ്ടിക്കാണിച്ചതിനാൽ സൗത്ത് ഇന്ത്യൻ ബാങ്ക് തിരൂർ ശാഖയിലെ നിലവിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് നിർത്തലാക്കാനും പുതുതായി ഹരിതകർമ്മസേന പ്രസിഡന്റ്/സെക്രട്ടറിയുടേയും പേരിൽ അക്കൗണ്ട് ആരംഭിക്കാനും 20.07.2021 ന് നഗരസഭാ സെക്രട്ടറി ഉത്തരവ് ഇറക്കുകയുണ്ടായി.

ഇതിനെ തുടർന്ന് നിർമ്മൽ ഭാരത് ട്രസ്റ്റ് (നെല്ലിക്ക കമ്പനി) 07/2021 മുതൽ സംയുക്ത അക്കൗണ്ടിലെ വരുമാനത്തിൽ നിന്നുള്ള ഹരിതസേനാംഗങ്ങളുടെ വേതനം, മാലിന്യം നീക്കാനുള്ള വാഹന ചെലവ് എല്ലാം നിർത്തിവെച്ചു. മാലിന്യ നീക്കം തടസ്സപ്പെട്ടു. ട്രഞ്ചിംഗ് ഗ്രൗണ്ട് മാലിന്യം കൊണ്ട് നിറഞ്ഞു. ഹരിത കർമസേനാംഗങ്ങൾക്ക് വേതനം ലഭിക്കാത്ത സാഹചര്യമുണ്ടായി. 30.10.2020 ൽ ചമച്ച കരാറിലെ വ്യവസ്ഥ 23 പ്രകാരം കരാർ വ്യവസ്ഥകളുടെ ലംഘനത്തിന് രണ്ടാം കക്ഷിയായ നെല്ലിക്ക കമ്പനിയ്ക്ക് നോട്ടീസ് നൽകി. കൗൺസിൽ തീരുമാനത്തോട് കൂടി നെല്ലിക്ക കമ്പനിയെ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യാവുന്നതും കഷ്ടനഷ്ടങ്ങൾ ഈടാക്കാവുന്നതുമാണ്. എന്നാൽ വ്യവസ്ഥകൾ ലംഘിച്ചതിനെതിരെ നഷ്ടം ഈടാക്കിയതായി കാണുന്നില്ല. വ്യവസ്ഥ പ്രകാരം ഹരിത കർമ്മസേന കൺസോർഷ്യവും നെല്ലിക്ക ഗ്രൂപ്പ് കമ്പനിയും ചേർന്നുള്ള സംയുക്ത ബാങ്ക് അക്കൗണ്ടില് (സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ട് നമ്പർ 0426073000000427) നിന്നും ഹരിത കർമ്മസേന മുൻകൂട്ടി ഒപ്പിട്ടു വെച്ച ചെക്ക് മുഖേന ശമ്പളത്തിനായി 18.08.2021 ന് 48,080 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ അതിനു ശേഷം അക്കൗണ്ടിലുണ്ടായിരുന്ന തുക മുൻകൂട്ടി ഒപ്പിട്ടു നൽകിയ രണ്ട് ചെക്ക് മുഖേന പിൻവലിച്ചതിനാൽ ഹരിത കർമ്മസേനയ്ക്ക് 130220 രൂപ നഷ്ടമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| തീയതി | ചെക്ക് നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 18.08.2021 | 1037483 | 96220 | |
| 04.03.2022 | 1037480 | 34000 | |
| | ആകെ | 130220 | |

കരാർ ലംഘനം നടത്തിയ നെല്ലിക്ക് കമ്പനിയിൽ നിന്ന് പുതിയ അക്കൗണ്ട് ഹരിത കർമ്മസേന കൺസോർഷ്യം പ്രസിഡന്റ് , സെക്രട്ടറി എന്നിവരുടേ പേരിൽ സ്റ്റേറ്റ് ബാങ്ക് തിരൂർ എൻ.ആർ.ഐ ശാഖയിൽ 29.07.2021 ന് 40321561690 – ാം നമ്പറായി കറന്റ് അക്കൗണ്ട് ആരംഭിച്ചപ്പോൾ നിലവിലെ അക്കൗണ്ടിൽ നിന്ന് തുക ഹരിത കർമ്മസേനയുടെ പുതിയ അക്കൗണ്ടിലേക്ക് വീണ്ടെടുക്കാൻ യാതൊരു ഇടപെടലുകളും നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടായില്ല. 130220 രൂപ നെല്ലിക്കയിൽ നിന്ന് തിരികെ ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടത്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 67/20.10.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-18-3 ഹരിത കർമ്മ സേന – സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ നടത്തിപ്പിലെ അപാകതകൾ

ഫയൽ നമ്പർ : H3/17348/21

ഹരിത കേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്ത സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ്‌വെയർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ/പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിയ്ക്ക് സ.ഉ (സാധാ) നം.1967/2020 ത.സ്വ.ഭ.വ തീ.21.10.2020 പ്രകാരം അംഗീകാരം നൽകുകയുണ്ടായി. മേൽ ആവശ്യത്തിലേക്ക് കെൽട്രോൺ സ്മാർട്ട് ഗാർബേജ് ആപ്പ് എന്ന സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതു വിഭാഗം - സാധാരണ വിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ

ഭാഗമായി ഹരിത കർമ്മസേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യത്തിന് ലാപ്ടോപ്പ്, കെൽട്രോണിന് സർവീസ് ചാർജ് നൽകുന്നതിനും ഫണ്ട് അനുവദിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സ.ഉ (സാധാ) നം.2307/2021 ത.സ്വ.ഭ.വ തീ.18.11.2021 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി.

നഗരസഭ ആരോഗ്യ സ്ഥിരം സമിതിയുടെ 21.10.2021ലെ 4ാം നമ്പർ തീരുമാന പ്രകാരം കെൽട്രോൺ രൂപീകരിച്ച സ്മാർട്ട് ഗാർബേജ് ആപ്പ് തിരൂർ നഗരസഭയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. 29.11.2021 ലെ ഒന്നാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ച പ്രോജക്ടിന് ഡി.പി.സി അംഗീകാരം ലഭിക്കുകയുണ്ടായി. ആകെ അടങ്കൽ 763,000 രൂപ (വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് 6,63,000 & തനത് ഫണ്ട് 100,000) 2021-22 ൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി (296/2022) മേൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മസേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യത്തിന് ലാപ്ടോപ്പ്, കെൽട്രോണിന് സർവീസ് ചാർജ് നൽകുന്നതിനും ഫണ്ട് അനുവദിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുകയുണ്ടായി. എന്നാൽ ഹരിത കർമ്മ സേനാംഗങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശമ്പളം പറ്റുന്ന ജീവനക്കാരല്ലാത്തതിനാലും സുരക്ഷാ പ്രശ്നം നിലനിൽക്കുന്നതിനാലും ഓഫീസ് ആവശ്യത്തിന് ലാപ്ടോപ്പ്, കെൽട്രോണിന് സർവീസ് ചാർജ് എന്നിവയോട് കൂടെ ഹരിത കർമ്മസേനാംഗങ്ങളുടെ വ്യക്തിഗത ഫോണിൽ യൂസർ 1 ന് (ഒരു വാർഡിലേക്ക്) 220 രൂപ/മാസം ഒരു വർഷ കാലയളവിലേക്ക് റീചാർജ് ചെയ്യുന്നതിനുള്ള തുക വകയിരുത്തി ഭേദഗതി ചെയ്യാൻ സ.ഉ (സാധാ) നം.173/2022 ത.സ്വ.ഭ.വ തീ.23.01.2022 പ്രകാരം ഉത്തരവായി. ഇത് പ്രകാരം 38 വാർഡിലേക്ക് 100320 രൂപ (38*220*12) വകയിരുത്താൻ കുറിപ്പെഴുതി വെച്ചെങ്കിലും തുക പദ്ധതിയിൽ വകയിരുത്തി ചെലവഴിച്ചിട്ടില്ല.

സ.ഉ (സാധാ) നം 493/2022 ത.സ്വ.ഭ.വ തീയതി 02.03.2022 പ്രകാരം സർവീസ് ചാർജ്, എസ്.എം.എസ് ഘടകങ്ങളിലുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെൽട്രോണിന് കൈമാറേണ്ടതാണ് എന്നും ക്യൂർ ആർ കോഡ് പ്രിന്റിംഗ്, ലാപ്ടോപ് വാങ്ങൽ, ഹരിതകർമ്മസേനാംഗങ്ങൾക്ക് ഫോൺ റീചാർജിംഗ് എന്നീ ഘടകങ്ങളിൽ വകയിരുത്തിയ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചട്ട പ്രകാരം നേരിട്ട് ചെലവഴിക്കാവുന്നതുമാണ് എന്നും കൂടാതെ ശുചിത്വ മിഷനും കെൽട്രോണും ഫണ്ട് വകയിരുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ ട്രൈപാർട്ടി കരാർ ചമക്കണമെന്നും ഉത്തരവായി. ഇതനുസരിച്ച കെൽട്രാണിന്റെ സർവീസ് ലഭ്യമാക്കുന്നതിന് സർവീസ് ചാർജിനത്തിൽ 6 മാസത്തേക്ക് 649000 രൂപയും എസ്.എം.എസ് ഇനത്തിൽ 24,000 രൂപയും ക്യു.ആർ കോഡിനത്തിൽ 40,000 രൂപയും അടവാക്കുന്നതിന് ഉദ്ദേശിക്കുന്നതിനാൽ ആയത് സംബന്ധിച്ച് കരാറിൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിക്കാൻ കെൽട്രാണിന് 08.03.2022 ലെ എച്ച്3-17348/21 നമ്പർ പ്രകാരം വർക്ക് ഓർഡർ നൽകുകയുണ്ടായി.

തുടർന്ന് 15.03.2022 ലെ KCC/CPG/CR-341/2021-22/071 നമ്പർ കത്ത് പ്രകാരം ട്രൈപാർട്ടി അഗ്രിമെന്റ് ലഭ്യമാക്കാൻ സർവീസ് ചാർജിനത്തിൽ 6 മാസത്തേക്ക് 649000 രൂപയും എസ്.എം.എസ് ഇനത്തിൽ 24,000 രൂപയും ഉൾപ്പെടെ 673,000 രൂപ (പ്രഫോർമ ഇൻവോയ്സ് നമ്പർ SGMS/071/21-22 തീ. 14.03.2022) അടവാക്കാൻ അപേക്ഷിക്കുകയുമുണ്ടായി. കൂടാതെ ക്യൂ.ആർ. കോഡിനത്തിൽ 40,000 രൂപയും 18.03.2022 ലെ KCC/CPG/CR-341/2021-22/033 നമ്പർ കത്ത് പ്രകാരം (പ്രഫോർമ ഇൻവോയ്സ് നമ്പർ SGMS-A/2035/21-22 തീ. 18.03.2022) നഗരസഭ നൽകിയ വർക്ക് ഓർഡർ ലഭ്യമായതിനെ തുടർന്ന് കരാർ ഉടമ്പടി സഹിതം അപേക്ഷിക്കുയുണ്ടായി. ആകെ 713000 രൂപ (673,000+40,000)

**2021-22**

പദ്ധതിയുടെ പേര് : സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം 296/2022

അടങ്കൽ : അടങ്കൽ 763,000 രൂപ (വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് 6,63,000 & തനത് ഫണ്ട് 100,000)

ഫണ്ടിനം : വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്

ചെലവ് : 6,63,000 രൂപ (വൗച്ചർ നം 22101453 തീ. 22.03.2022)

2021-22 ൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മേൽ പദ്ധതിയിൽ വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ

ഗ്രാന്റ് - ടൈഡ് ഫണ്ടായി വകയിരുത്തിയ 6,63,000 രൂപ പി.എഫ്.എം.സ് മുഖേന കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് (കെൽട്രോൺ) കൈമാറുകയുണ്ടായി. തനത് ഫണ്ടിൽ വകയിരുത്തിയ തുക ചെലവഴിച്ചില്ല. കെൽട്രോണ് അപേക്ഷിച്ച പ്രകാരം 713000 രൂപയിൽ നഗരസഭ 6,63,000 മാത്രമാണ് അനുവദിച്ചത്. 50,000 രൂപ (10,000+40,000) 2021-22 വർഷത്തിൽ നൽകാനുള്ളതിനാൽ (തനത് ഫണ്ടിൽ വകയിരുത്തിയ തുക 100,000 രൂപ ചെലവഴിക്കാത്തതിനാൽ)കുടിശ്ശികയായി.

**2022-23**

പദ്ധതിയുടെ പേര് : സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം 123/23 (സ്പിൽ ഓവർ)

അടങ്കൽ : 100,000

ഫണ്ടിനം : വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്

ചെലവ് : 97,490 (വൗച്ചർ നം 22200224 തീ. 20.05.2022)

പദ്ധതി പ്രകാരം ലാപ്ടോപ്പ് വാങ്ങുന്നതിന് 3 ക്വട്ടേഷൻ ലഭിക്കുകയുണ്ടായി. കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച ഐ സപ്പോർട്ട് എന്ന സ്ഥാപനത്തിൽ നിന്ന് ലാപ്ടോപ് വാങ്ങുന്നതിന് തീരുമാനമെടുത്തു. കെൽട്രോണിന് നൽകാനുണ്ടായിരുന്ന 50,000 രൂപയും ലാപ് ടോപ്പ് വാങ്ങിയതിനാൽ ഐ സപ്പോർട്ട് എന്ന സ്ഥാപനത്തിനുള്ള തുകയും (₹47,490) പി.എഫ്.എം.എസ് മുഖന അനുവദിക്കുകയുണ്ടായി. ആകെ ചെലവ് 97,490 (വൗച്ചർ നം 22200224 തീ. 20.05.2022)

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ (മൊബൈൽ ആപ്പ്) തദ്ദേശസ്വയംഭരണ സ്ഥാപനതല പരിശീലനം കില, ഹരിത കേരളം, ശുചിത്വ മിഷൻ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടക്കുന്ന വിഷയം 30.05.2022 ലെ 508/2022/DSM കത്ത് പ്രകാരം ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർ അറിയിക്കുകയുണ്ടായി. ഇതനുസരിച്ച 13.06.2022 ന് 10 മുതൽ രണ്ട് വരെ കൗൺസിൽ ഹാളിൽ വെച്ച് പരിശീലനം നടക്കുകയുണ്ടായി. പരിശീലനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജന പ്രതിനിധികൾ സി.ഡി.എസ് അംഗങ്ങൾ, ഹരിത കർമ്മസേനാംഗങ്ങൾ, വ്യാപാരി വ്യവസായി അംഗങ്ങൾ, റസിഡൻഷ്യൽ അസോസിയേഷൻ ഭാരവാഹികൾ ഉൾപ്പെടെ 95 പേർ പങ്കെടുത്തു.

ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് പ്രവർത്തന സജ്ജമാക്കുന്നതിനായി വീടുകളിലും കടകളിലും ക്യു.ആർ കോഡ് ഒട്ടിക്കുന്നതിനായി ക്യു.ആറ് കോഡ് വാങ്ങുന്നതിനായി കെൽട്രാണിന് 40,000 രൂപ 20.05.2022 ന് കൈമാറിയിരുന്നു. എന്നാൽ, കെൽട്രോൺ 30,000 ക്യു.ആർ കോഡ് ആണ് അയച്ചു തന്നിട്ടുള്ളത്. ആയതിന്റെ ചെലവ് ഇൻവോയ്സ് (നം.9731/03.03.2023) പ്രകാരം 28,235 രൂപയാണ്. ബാക്കി വരുന്ന 11,765 രൂപ നഗരസഭയ്ക്ക് റീഫണ്ട് ചെയ്യുന്നതിന് അക്കൗണ്ട് ഡീറ്റെയിൽസ് അയച്ചു തരുന്നതിന് 06.03.2023 ലെ KCC/CPG /CR-341/2022-23/1667 നമ്പർ കത്ത് പ്രകാരം കെൽട്രോൺ ആവശ്യപ്പെട്ടതായി കാണുന്നു. തനത് ഫണ്ടിലേക്ക് തുക കൈമാറുന്നതിനുള്ള കത്ത് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതായി 30.03.2023 ലെ നോട്ട് ഫയലിൽ കുറിപ്പെഴുതിയിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമല്ല. 11765 രൂപ കെൽട്രോണിൽ നിന്ന് തിരികെ ലഭ്യമാക്കേണ്ടതാണ്.

ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ പ്രവർത്തന മാർഗ്ഗരേഖ സ.ഉ (സാധാ) നം 2341/2022 ത.സ്വ.ഭ.വ തീയതി 26.09.2022 പ്രകാരം നഗര തദ്ദേശ സ്ഥാപന പരിധിയിൽ ഒരു വീടിന് / സ്ഥാപനത്തിന് ക്യു.ആറ് കോഡ് പതിപ്പിക്കുന്നതിന് പരമാവധി 25 രൂപ വരെ അനുവദിക്കാവുന്നതാണ്. എന്നാൽ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 25.04.2023 ലെ 5ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ തീരുമാന പ്രകാരം ക്യു.ആറ് കോഡ് പതിപ്പിക്കുന്നതിന് ഒരു വീടിന് / സ്ഥാപനത്തിന് 20 രൂപ വീതം നൽകുന്നതിന് തീരുമാനമെടുക്കുകയുണ്ടായി. ഇതനുസരിച്ച് 247460 രൂപ ആവശ്യമായി വരും (12373 വീടുകൾ/സ്ഥാപനങ്ങൾ) എന്ന് 24.07.2023 ലെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നു. മേൽ തുക 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകിയാൽ മതിയാകും എന്ന് നോട്ട് ഫയലിൽ 02.08.2023 ൽ കുറിപ്പെഴുതിയതായി കാണുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**അപാകതകൾ**

1. സ്മാർട്ട് ഗാബേജ് സിസ്റ്റത്തിന്റെ ഭാഗമായി കെൽട്രോൺ 30,000 ക്യൂർ ആർ കോഡുകളാണ് ലഭ്യമാക്കിയത്

എന്നാൽ 12373 വീടുകൾ/സ്ഥാപനങ്ങളിലാണ് പതിപ്പിച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നത്. 11.08.2023 ന് ഹരിത കർമ്മസേനയെ നേരിൽ കേട്ടതിൽ ഒട്ടിച്ച ക്യൂ ആർ കോഡുകൾ ഇളകി പോരുന്നതായി അറിയിക്കുകയുണ്ടായി. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ (മൊബൈൽ ആപ്പ്) പ്രവർത്തന സജ്ജമായോ ?

2. പദ്ധതിയുടെ ഭാഗമായി വാങ്ങിയ ലാപ് ടോപ്പ് സ്റ്റോക്കിലെടുത്തോ ? നിലവിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ മോണിറ്ററിംഗ് ചെയ്യുന്നതിന് നഗരസഭ ആരെയാണ് ചുമതലപ്പെടുത്തിയത്.

3. ഹരിത കർമ്മസേനാംഗങ്ങളുടെ വ്യക്തിഗത ഫോണിൽ യൂസർ 1 ന് (ഒരു വാർഡിലേക്ക്) 220 രൂപ/മാസം ഒരു വർഷ കാലയളവിലേക്ക് റീചാർജ് ചെയ്യുന്നതിനുള്ള തുക വകയിരുത്തി ഭേദഗതി ചെയ്യാൻ സ.ഉ (സാധാ) നം.173/2022 ത.സ്വ.ഭ.വ തീ.23.01.2022 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ നഗരസഭ ആയത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടില്ല.

4. കെൽട്രോൺ 30,000 ക്യു.ആർ കോഡ് ആണ് അയച്ചു തന്നിട്ടുള്ളത്. ആയതിന്റെ ചെലവ് ഇൻവോയ്സ് (നം.9731/03.03.2023) പ്രകാരം 28,235 രൂപയാണ്. ബാക്കി വരുന്ന 11,765 രൂപ നഗരസഭയ്ക്ക് റീഫണ്ട് ചെയ്യുന്നതിന് അക്കൗണ്ട് ഡീറ്റെയിൽസ് അയച്ചു തരുന്നതിന് 06.03.2023 ലെ KCC/CPG/CR-341 /2022-23/1667 നമ്പർ കത്ത് പ്രകാരം കെൽട്രോൺ ആവശ്യപ്പെട്ടതായി കാണുന്നു. 11765 രൂപ കെൽട്രോണിൽ നിന്ന് തിരികെ ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 68/20.10.2023) ക്ക് താഴെ വിവരിച്ച പ്രകാരം 16.12.2023 ന് മറുപടി ലഭ്യമാക്കി.

1) നഗരസഭയിലെ മുഴുവൻ വീടുകളിലും ക്യൂ.ആർ കോഡ് പതിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ക്വാളിറ്റി സംബന്ധിച്ച വിഷയം ബന്ധപ്പെട്ട യോഗങ്ങളിൽ കെൽട്രോണിനെ അറിയിച്ചിട്ടുണ്ടെന്നും സ്മാർട്ട് ഗാർബേജ് സിസ്റ്റം ആപ്പ് പ്രവർത്തന സജ്ജമാണെന്നും അറിയിച്ചു.

ക്യൂ.ആർ കോഡ് ഇളകി പോരുന്നതാണെങ്കിൽ ആപ്പിന്റെ പ്രവർത്തനം എത്രത്തോളം സാധ്യമാകുന്നത് എന്ന് വിശദീകരിക്കേണ്ടതാണ്.

2) ലാപ് ടോപ് സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു. സ്മാർട്ട് ഗാർബേജ് മോണിറ്റർ സിസ്റ്റത്തെ മോണിറ്റർ ചെയ്യുന്നതിന് ഹെൽത്ത് സൂപ്പർവൈസർ, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരെ ചുമതലപ്പെടുത്തി എന്നും അറിയിച്ചു. 05/2022 ന് വാങ്ങിച്ച ലാപ്ടോപ്പ് നാളിതു വരെ സ്റ്റോക്കിലെടുക്കാത്തത് ക്രമപ്രകാരമല്ല. ലാപ്ടോപ്പ് സ്റ്റോക്കിലെടുക്കാതെ എങ്ങനെയാണ് മോണിറ്ററിംഗ് നടത്തുന്നതെന്ന് വിശദീകരിക്കേണ്ടതാണ്.

3) മൊബൈൽ റീചാർജ് ചെയ്യുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതാണ് എന്ന് അറിയിച്ചു.

തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4) 11765 രൂപ കെൽട്രോണിൽ നിന്ന് റീഫണ്ട് ചെയ്തിട്ടുള്ളതാണ് എന്ന് അറിയിച്ചു.

ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനം ശരിയായ രീതിയിലാണ് നടക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-18-4 ഹരിത കർമ്മ സേന - പുന:ചംക്രമണ സാധ്യത ഇല്ലാത്ത അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ - അപാകതകൾ

പുന:ചംക്രമണ സാധ്യത ഇല്ലാത്ത അജൈവ മാലിന്യങ്ങൾ സംസ്ഥാനത്തിനകത്ത് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിലേക്കായി വേണ്ടി വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണെന്ന് സ.ഉ (സാധാ) നം. 127/2018 ത.സ്വ.ഭ.വ തീയതി.12.01.2018 പ്രകാരം ഉത്തരവായിരുന്നു. നഗരസഭ വാർഡ് തലത്തിൽ ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങളിൽ കൂടുതലും പുന:ചംക്രമണ യോഗ്യമല്ലാത്തതായതിനാൽ ഇത്തരം മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിന് പുന:ചംക്രമണ ഏജൻസികൾക്ക് തുക നൽകേണ്ടതുണ്ട്. സ.ഉ (സാധാ) നം. 2112/2019 ത.സ്വ.ഭ.വ തീയതി.27.09.2019 പ്രകാരം പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഒരു കിലോഗ്രാമിന് 10 രൂപ (സേവന നികുതിയ്ക്ക് പുറമേ) അതത് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകാൻ

ഉത്തവായി.

നഗരസഭയുടെ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ മുൻകാലത്ത് നിക്ഷേപിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ (ലെഗാസി വേസ്റ്റ്) ക്ലീൻ കേരള കമ്പനി മുഖേന നീക്കം ചെയ്യുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ പദ്ധതി (423/21) രൂപീകരിക്കുകയുണ്ടായി. തുടർന്ന് നഗരസഭ ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ടു. ക്ലീൻ കേരള കമ്പനി തിരൂർ നഗരസഭയുടെ പോറ്റില്ലത്തറ മാലിന്യ സംസ്കരണ കേന്ദ്രത്തിലെ ലെഗാസി മാലിന്യങ്ങൾ നീക്കം ചെയ്ത ഇനത്തിൽ വിവിധ പ്രോജക്ടുകളിലായി 50,63,388 രൂപ നൽകുകയുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

ലെഗാസി വേസ്റ്റ് ഗവ.ഉത്തരവ് പ്രകാരം ക്ലീൻ കേരള കമ്പനി മുഖാന്തിരം ലാന്റ് ഫില്ലിംഗിനായി കൈമാറൽ

ഫണ്ടിനം : വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്

(ഫയൽ നമ്പർ : H3/19208/20)

| വർഷം | പ്രോജക്ട് നമ്പർ | അടങ്കൽ | ആകെ ചെലവ് | ആകെ നീക്കം ചെയ്ത അജൈവ മാലിന്യങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|
| 2020-21 | 423/2021 | 3000000 | 1292816<br>(ബില്ല് നമ്പർ 20150547004101154904 തീ. 25.02.2021) | 2021 ജനവരി - 108640 കി.ഗ്രാം | 108640 കിലോ ഗ്രാം 10 രൂപ നിരക്കിൽ + 18% GST +1% KFC ഉൾപ്പെടെ ആകെ ₹1296816 |
| 2021-22 | 235/2022<br>(സ്പിൽ ഓവർ) | 3000000 | 1707184<br>(ബില്ല് നമ്പർ 21150547004100673358 തീ. 19.11.2021) | 2021 മാർച്ച് - 39540 കി.ഗ്രാം<br>2021 ജൂലൈ - 280,000 കി.ഗ്രാം<br>ആകെ : 319540 കി.ഗ്രാം | 1446766.10 കിലോ ഗ്രാം 10 രൂപ നിരക്കിൽ + 18% GST ഉൾപ്പെടെ ആകെ ₹1707184 |
| | | | 1217816<br>(ബില്ല് നമ്പർ21150547004101368596 തീ. 18.03.2022 | | 174863.39 കിലോ ഗ്രാം 10 രൂപ നിരക്കിൽ + 18% GST ഉൾപ്പെടെ ആകെ ₹2063388 |
| 2022-23 | 246/2023<br>(ന്യൂ) | 870,000 | 845572<br>(വൗച്ചർ നം 22200751 തീ. 17.09.2022) | 2063388 രൂപയിൽ 1217816 മാത്രമാണ് അനുവദിച്ചിരുന്നത്. അവശേഷിക്കുന്ന തുക (₹845572) നൽകുന്നതിന് പുതിയ പ്രോജക്ട് (246/2023) രൂപീകരിക്കുകയുണ്ടായി. | (1217816+845572 = 2063388) |
| | | ആകെ | 50,63,388 | | |

ഗ്രീൻവേംസ് എക്കോ സൊല്യൂഷ്യൻസ് LLP യെ ഹരിതസഹായ സംഘമായി 23.12.2021 ലെ പത്താം നമ്പർ

കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചു. നഗരസഭ സെക്രട്ടറി ഒന്നാം കക്ഷിയായും ഗ്രീൻ വേംസ് എക്കോ സൊല്യൂഷ്യൻസ് പ്രോജക്ട് അസോസിയേറ്റ്സ് അഭിജിത് ഡി രണ്ടാം കക്ഷിയായുള്ള ഒരു വർഷത്തേക്കുള്ള കരാർ 30.12.2021 ന് ഒപ്പുവെച്ചു. കരാർ വ്യവസ്ഥ പ്രകാരം റീസൈക്കിൾ സാധ്യമാകാത്തവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് കിലോയ്ക്ക് 6.50 രൂപ നഗരസഭ നൽകുന്നതാണ്. ഇത് ക്ലീൻ കേരള കമ്പനി നൽകുന്നതിനേക്കാൾ (കിലോയ്ക്ക് 10 രൂപ) കുറവാണ്.

23.12.2021ലെ 10ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നഗരസഭ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ തിരസ്കരണ മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രീൻവേംസ് എക്കോ സൊല്യൂഷ്യൻസ് LLP എന്ന സ്ഥാപനവുമായുള്ള കരാർ 30.12.2022 ന് അവസാനിച്ചതിനെ തുടർന്ന് ഇ-ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മാലിന്യ സംസ്കരണ രംഗത്ത് മുൻപരിചയമുള്ള എക്കോ ഗ്രീൻ കേരളയുടെ ടെണ്ടർ 18.03.2023 ലെ 29ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. എക്കോ ഗ്രീൻ കേരളയുമായി (ഹരിതസഹായ സംഘം) നെഗോഷിയേറ്റ് ചെയ്ത് 22.03.2023 ന് (അഗ്രിമെന്റ് നം.113) കരാറിലേർപ്പെടുകയുണ്ടായി. റീസൈക്കിൾ ചെയ്യാൻ സാധിക്കുന്നവ ഉയർന്ന നിരക്കിലും അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കുറഞ്ഞ നിരക്കായ 5.40 രൂപയ്ക്ക് എക്കോ ഗ്രീൻ ഏറ്റെടുത്തത്.

**നഗരസഭ ട്രെഞ്ചിംഗ് ഗ്രൗണ്ടിലെ തിരസ്കരണ മാലിന്യം നീക്കൽ ചെയ്യൽ**

**ഫണ്ടിനം : വികസന ഫണ്ട് -ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്)**

**(ഫയൽ നമ്പർ : H3/2224/22)**

| വർഷം | പ്രോജക്ട് നമ്പർ | അടങ്കൽ | ആകെ ചെലവ് | ആകെ നീക്കം ചെയ്ത അജൈവ മാലിന്യങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|
| 2021-22 | 311/2022 | 10,00,000 | 237250 | 2022 ജനുവരി, ഫെബ്രുവരി, മാർച്ച് 19 വരെ മാസങ്ങളിൽ - 36500 കിലോ ഗ്രാം | ഗ്രീൻ വേംസ് എക്കോ സൊല്യൂഷ്യൻസ് (6.5/കി.ഗ്രോ)<br>36500 കിലോ ഗ്രാം 6.5 രൂപ നിരക്കിൽ ₹237250 |
| 2022-23 | 125/23 (സ്പിൽ ഓവർ) | 762750 | 762750 | 2022 മാർച്ച് (31 മുതൽ), ഏപ്രിൽ, മെയ്, ജൂണ്, ജൂലൈ, ഓഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ, നവംബർ, ഡിസംബർ വരെയുള്ള മാസങ്ങളിൽ വരെ - 179940 കിലോ ഗ്രാം | ഗ്രീൻ വേംസ് എക്കോ സൊല്യൂഷ്യൻസ് (6.5/കി.ഗ്രോ)<br>179940 കിലോ ഗ്രാം 6.5 രൂപ നിരക്കിൽ ₹1169610 |
| | 310/23 | 406860 | 406860 | | 1169610 |

| | | | | | |
|---|---|---|---|---|---|
| | (ന്യൂ) | | | | (762750+406860) |
| | 372/23 (ന്യൂ) | 2,00,000 | 1,41,264 | 2023 മാർച്ച് മാസം – 26160 കിലോ ഗ്രാം | എക്കോ ഗ്രീൻ കേരള (5.4/കി.ഗ്രോ) 26160 കിലോ ഗ്രാം 5.4 രൂപ നിരക്കിൽ ₹141264 |
| | | ആകെ | 1548124 | | |

**2023-24**

പ്രോജക്ട് നം 264/2024 പ്രകാരം 2023 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി ആകെ 10 ലോറികളിലായി 64880 കിലോ ഗ്രാം തിരസ്കരണ മാലിന്യം നീക്കം ചെയ്തതിന് കിലോഗ്രാമിന് 5.40 രൂപ നിരക്കിൽ ₹350352 (വൗച്ചർ നം 22300454 തീ. 11.07.2023 ₹ 350352) എക്കോ ഗ്രീൻ കേരളയ്ക്ക് അനുവദിക്കുകയുണ്ടായി. 2023ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി ആകെ 6 ലോറികളിലായി 45500 കിലോ ഗ്രാം തിരസ്കരണ മാലിന്യം നീക്കം ചെയ്തതിന് എക്കോ ഗ്രീൻ കേരള ഇൻവോയ്സ് ഹാജരാക്കുകയുണ്ടായി. കിലോഗ്രാമിന് 5.40 രൂപ നിരക്കിൽ ₹245700 അനുവദിക്കുന്നതിനായി 16.10.2023 ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തിരസ്കരണ മാലിന്യം നീക്കം ചെയ്യാനുള്ള ഫണ്ട് ഹരിത കർമ്മ സേനയുടെ ശേഖരിക്കുന്ന യൂസർ ഫീ ഉൾപ്പെടുയുള്ള ഫണ്ട് പിരിച്ചെടുക്കുന്നതിൽ നിന്നാണ് ചെലവഴിക്കേണ്ടത്. അതിനു പകരം നഗരസഭയുടെ ഫണ്ടാണ് ഇതിനു വേണ്ടി വിനിയോഗിക്കുന്നത്. 2021 ജനുവരി, മാർച്ച്, ജൂലൈ വരെയുള്ള കാലയളവിൽ തിരസ്കരണ മാലന്യം നീക്കം ചെയതതിൽ ഇനത്തിൽ വിവിധ പദ്ധതികളിലൂടെ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയ തുക 5063388. ഗ്രീൻ വേംസ്, എക്കോ ഗ്രീൻ എന്ന കമ്പനിയ്ക്ക് നൽകിയ തുക 1548124. ആകെ 6611512/- രൂപ നഗരസഭയുടെ ശുചിത്വ- മാലിന്യ സംസ്കരണ മേഖലകളിലെ മറ്റ് പ്രോജക്ടുകൾക്ക് വേണ്ടി വിനിയോഗിക്കപ്പെടേണ്ട തുകയാണ് 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഈ ഒറ്റ പദ്ധതിയിലൂടെ നഗരസഭയ്ക്ക് നഷ്ടമായത്. ഓഡിറ്റ് ഇത് ഗൗരവത്തോടെ വീക്ഷിക്കുന്നു. നടപ്പു വർഷം 2023-24 ൽ എക്കോ ഗ്രീൻ കേരളയ്ക്ക് 264/2024പദ്ധതി പ്രകാരം 350352 രൂപ ഈ ആവശ്യത്തിനായി ചെലവഴിക്കുകയുണ്ടായി. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്നത് മേൽ നടപടികളിലൂടെ എന്റെ മാലിന്യം നഗരസഭയുടെ ഉത്തരവാദിത്തം എന്ന രീതിയിലോക്ക് മാറുകയാണ്. ലെഗാസി വേസ്റ്റുകൾ സേനാംഗങ്ങൾ കളക്ട് ചെയ്യുമ്പോൾ തന്നെ കയറ്റി അയക്കാനുള്ള തുക വീട്/വാണിജ്യ സ്ഥാപനം/മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കപ്പെടുന്നുണ്ടോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തുന്നില്ല. തിരസ്കരണ മാലിന്യം നീക്കം ചെയ്യാനുള്ള ഫണ്ട് ഹരിത കർമ്മസേനയുടെ അക്കൗണ്ടിൽ നിന്ന് ചെലവഴിക്കാതെ നഗരസഭയുടെ സി.എഫ്.സി - ടൈഡ് ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്ന രീതി കർശനമായും ഒഴിവാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 69/20.10.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-19 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫർണീച്ചർ/സാധന സാമഗ്രികൾ വാങ്ങി

പ്രൊജക്റ്റ് നമ്പർ : 236/2023

ബിൽ നമ്പർ : 22150547003601416128/21.03.2023

തുക : 4,99,470

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

നഗരസഭയിലെ വിവിധ അങ്കണവാടികളിൽ ഭക്ഷ്യവസ്തുക്കൾ സൂക്ഷിച്ച് വെക്കാൻ ഫുഡ് കണ്ടെയിനർ 5 ലി., 10ലി, എന്നിവയും, സ്റ്റീൽ അലമാര, സ്റ്റീൽ ടേബിൾ എന്നിവ വാങ്ങാൻ ഉദ്ദേശിച്ച് മേൽ പദ്ധതി തയ്യാറാക്കി 5 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വകയിരുത്തുകയുണ്ടായി. സ്റ്റീൽ ഫർണ്ണിച്ചർ ടെൻഡർ നടപടിയില്ലാതെ ആർട്കോ എന്ന സ്ഥാപനത്തിൽ നിന്ന് മേൽ ബിൽ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ

വാങ്ങിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. ജി.ഒ (ആർ.ടി) 1/21/എസ്.പി.ഡി തീയതി 5-1-2021 പ്രകാരമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ടെൻഡർ നടപടി ഇല്ലാതെ ആർട്കോ-യിൽ നിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങിയത്. ഈ ഉത്തരവിൽ സർക്കാർ അംഗീകരിച്ച നിരക്ക് പ്രകാരമാണ് സാധനങ്ങൾ വാങ്ങേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ വില നിശ്ചയിച്ചത് ജി.ഒ (ആർ.ടി) 8/2020/എസ്.പി.ഡി, തീ 10-02-2020 എന്ന ഉത്തരവിലാണ്. എന്നാൽ ഈ ഉത്തരവിൽ ഫർണ്ണിച്ചർ അല്ലാതെ ഫുഡ് കണ്ടയിനർ 5 ലിറ്റർ, 10 ലിറ്റർ എന്നിവയുടെ വില അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടില്ല. ഇത് ആർട്കോ ബിൽ പ്രകാരമുള്ള തുക നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് നൽകുകയായിരുന്നു. 5 ലിറ്റർ, 10 ലിറ്റർ എന്നിവയ്ക്ക് യഥാക്രമം 2200, 2711 എന്നീ നിരക്കാണ് അനുവദിച്ചത്. ഇപ്രകാരം 5 ലിറ്റർ കണ്ടെയിനർ 129 എണ്ണം വാങ്ങിയതിന് ജി.എസ്.ടി 18% ഉൾപ്പെടെ 334884 രൂപയും (2200 + 129 + 51084 = 334884) 10 ലിറ്റർ രണ്ട് കണ്ടെയിനർ 639 രൂപയ്ക്കും വാങ്ങി. (2 X 2711 = 5422, 18% X 5422 = 976, 5422 + 976 = 6398). ഇത് ശരിയായ നടപടിയല്ല. ഈ രണ്ട് സാധനവും ഓപ്പൺ മാർക്കറ്റിൽ നിന്ന് ടെണ്ടർ നടപടിയിലൂടെ വാങ്ങേണ്ടതിന് പകരം ആർട്കോ-യിൽ നിന്ന് ടെണ്ടറില്ലാതെ നേരിട്ട് വാങ്ങിയത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

2. സ്റ്റീൽ അലമാര (165 X 90 X 48) 13 എണ്ണവും, സ്റ്റീൽ ടേബിൾ (120 X 60 X 75) 5 എണ്ണവും ആർട്കോ-യിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഇത് യഥാക്രമം 9399.88 രൂപയ്ക്കും 7198 രൂപയ്ക്കുമാണ് ജി.എസ്.ടി ഉൾപ്പെടെ വാങ്ങിയത്. എന്നാൽ ജി.ഒ (ആർ.ടി) 8/2020/ എസ്.പി.ഡി , തീയതി 10-02-2020 പ്രകാരം മേൽ അലമാരയ്ക്ക് 20 ഗേജിന് 7245 രൂപയും അതിന്റെ ജി.എസ്.ടി ഉൾപ്പെടെ 8716.5 രൂപയാണ്. ഇത് 22 ഗേജ് ആണെങ്കിൽ വില ഇനിയും കുറയും. (ജി.എസ്.ടി ഉൾപ്പെടെ 6753 രൂപ). 20 ഗേജാണ് വിതരണം ചെയ്തത് എന്ന് കണക്കാക്കിയാൽ പോലും ഒരു അലമാരയ്ക്ക് 683.38രൂപ (9399.88 – 8716.5 = 683.38) അധികം നൽകിയിട്ടുണ്ട്. ഇപ്രകാരം 13 അലമാരയ്ക്ക് 8884 രൂപ (683.38 X 13 = 8883.94) അധികം നൽകാനിടയായി.

സ്റ്റീൽ ടേബിളിന് 20 ഗേജിന് ജി.എസ്.ടി ഉൾപ്പെടെ 6415.66 രൂപയാണ് സർക്കാർ ഉത്തരവിലെ നിരക്ക്,

(5437 X 18% +5437 ) = 6415.66) ഈ മേശ 5എണ്ണമാണ് വാങ്ങിയത്. അതിന് ഒരെണ്ണത്തിൻമേൽ 782.34 രൂപ (7198 – 6415.66 = 782.34) അധികം നൽകി. ഇപ്രകാരം 5 മേശക്ക് 3911.7 രൂപ അധികം നൽകാനിടയായിട്ടുണ്ട്.

അധികം നൽകാനിടയായ 12796 രൂപ (8884 +3911.7 = 12796) ആർട്കോ-യിൽ നിന്ന് തിരികെ ഈടാക്കി പ്ലാൻഫണ്ടിൽ തിരിച്ചടക്കുവാൻ ഓഡിറ്റ് എൻക്വയറി നം.26/2022-23 തീയതി. 14.07.2023 പ്രകാരം ആവശ്യപ്പെട്ട മറുപടിയിൽ പ്രൊജക്റ്റ് തയ്യാറാക്കിയ വേളയിൽ Acredited Agency- ൽ നിന്നും വാങ്ങുന്ന എന്ന് കാണിച്ചിട്ടുള്ളതിനാലും ഗുണനിലവാരമുള്ള വസ്തുക്കൾ ലഭ്യമാക്കാൻ ക്വട്ടേഷൻ സ്വീകരിച്ച് കുറഞ്ഞ വില ഭരണസമിതി തന്നതിനാലും പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ പരിശോധന പ്രകാരം അംഗീകാരം നൽകിയതിനാലും ആണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഫുഡ്കണ്ടയ്നറുകൾ വിതരണം ചെയ്തത് എന്നും ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച പ്രകാരം ഇനിമേൽ ചെയ്യുന്നതാണെന്നും വിശദീകരണം നൽകിയിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-20 പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി – അപാകതകൾ

നഗരസഭയുടെ പി.എം.എ.വൈ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. നഗരസഭ തയ്യാറാക്കി ഓഡിറ്റിനു സമർപ്പിച്ച നാളിതു വരെയുള്ള പി.എം.എ.വൈ ലൈഫ് ഭവന പദ്ധതിയുടെ സാമ്പത്തിക ചെലവ് പുരോഗതി ചുവടെ ചേർക്കുന്നു. 22 കോടി 37 ലക്ഷം രൂപയ്ക്കടുത്ത് ചെലവ് കാണിച്ചിട്ടുണ്ട്.

| ക്ര.നം | ആകെ ഗുണഭോക്താക്കൾ (ഡി.പി.ആർ 1 മുതൽ 9 വരെ) | ഡി.പി.ആർ 1 മുതൽ 9 വരെ - ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് നഗസഭയുമായ കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ | നഗരസഭ ചെലവഴിച്ച തുക (ഹഡ്കോ ലോൺ ഉൾപ്പെടെ) | കേന്ദ്ര വിഹിതം ലഭിച്ച ഇനത്തിൽ ചെലവഴിച്ച തുക | സംസ്ഥാന വിഹിതം ലഭിച്ച ഇനത്തിൽ ചെലവഴിച്ച തുക | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | എണ്ണം | | | | |
| 1 | 674 | 654 | 120538000 | 7,74,00,000 | 2,58,00,000 | 223738000 |

നഗരസഭയുടെ പി.എം.എ.വൈ ക്യാഷ് രജിസ്റ്റർ പ്രകാരമുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്ര.നം | ഡി.പി.ആർ | അംഗീകരിച്ച വർഷം | ആകെ ഗുണഭോക്താക്കൾ | ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭയുമായ കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | ഭവന നിർമാണം പൂർത്തീകരിച്ചവർ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1 | 2017-18 | 73 | 72 | 59 | |
| 2 | 2 | 2017-18 | 158 | 151 | 138 | |
| 3 | 3 | 2017-18 | 55 | 50 | 37 | |
| 4 | 4 | 2017-18 | 72 | 67 | 52 | |
| 5 | 5 | 2018-19 | 59 | 58 | 48 | |
| 6 | 6 | 2018-19 | 98 | 95 | 61 | |
| 7 | 7 | 2021-22 | 76 | 57 | 4 | |
| 8 | 8 | 2021-22 | 35 | 28 | 0 | |
| 9 | 9 | 2022-23 | 87 | 87 | 0 | |
| | | ആകെ | 713 | 665 | 399 | |

നഗരസഭയുടെ പി.എം.എ.വൈ ക്യാഷ് രജിസ്റ്റർ പ്രകാരമുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണവും (713) കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണവും (665) നഗസഭ തയ്യാറാക്കിയ പത്രികയിലെ കണക്കുകളുമായി (യഥാക്രമം 674 & 654) പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

2.PMAY ഭവന നിർമ്മാണ പദ്ധതി(DPR-1) നഗരസഭയിൽ ആരംഭിക്കുന്നത് 2017-18 ലാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 2016-17ൽ ഈയിനത്തിൽ 4040000/-രൂപ ചെലവ് വന്നതായി കാണുന്നു. DPR-1 ആരംഭിക്കുന്നതിന് മുന്നേ പദ്ധതിയിൽ ചെലവ് വന്നത് എങ്ങനെയെന്ന് വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

3. പി.എം.എ.വൈ-ലൈഫ് പദ്ധതിയ്ക്കായി നഗരസഭ വിവിധ പ്രോജക്ടുകൾ മുഖന ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | വർഷം | നിർവ്വഹണം | പ്രോജക്ട് | ആകെ ചെലവ് |
|---|---|---|---|---|
| 1 | 2016-17 | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജന സെൽ | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി (123/2017) | 4040000 |
| 2 | 2017-18 | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജന സെൽ | പി.എം.എ.വൈ ധനസഹായം എസ്.സി.പി (411/2018) | 2178106 |
| | | പ്രോജക്ട് ഓഫീസർ, | പി.എം.എ.വൈ ധനസഹായം | 6916305 |

| | | | | |
|---|---|---|---|---|
| | | നഗരദാരിദ്ര്യ നിർമാർജന സെൽ | (297/2018) | |
| 3 | 2018-19 | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജന സെൽ | ലൈഫ് മിഷൻ പണി പൂർത്തിയാകാത്ത ഭവനങ്ങൾക്ക് (279/2019) | 380000 |
| | | സെക്രട്ടറി, മുനിസിപ്പാലിറ്റി | .എം.എ.വൈ ധനസഹായം (നഗരസഭ വിഹിതം) (112/2019) | 7170000 |
| | | സെക്രട്ടറി, മുനിസിപ്പാലിറ്റി | ലൈഫ് മിഷൻ പദ്ധതി (116/2019) | 8550000 |
| | | സെക്രട്ടറി, മുനിസിപ്പാലിറ്റി | ലൈഫ് മിഷൻ പദ്ധതി (പട്ടികജാതി) (121/2019) | 870000 |
| | | സെക്രട്ടറി, മുനിസിപ്പാലിറ്റി | പി.എം.എ.വൈ ധനസഹായം (പട്ടികജാതി) (113/2019) | 2070000 |
| 4 | 2019-20 | സെക്രട്ടറി, മുനിസിപ്പാലിറ്റി | പി.എം.എ.വൈ ലൈഫ് ഭവന നിർമ്മാണ പദ്ധതി (93/2020) | 7356131 |
| | | സെക്രട്ടറി, മുനിസിപ്പാലിറ്റി | പി.എം.എ.വൈ ധനസഹായം (പട്ടികജാതി) (213/2020) | 1388000 |
| | | സെക്രട്ടറി, മുനിസിപ്പാലിറ്റി | പി.എം.എ.വൈ ലൈഫ് ഭവന നിർമ്മാണ പദ്ധതി (94/2020) | 2900000 |
| 2 | 2020-21 | സെക്രട്ടറി, മുനിസിപ്പാലിറ്റി | പി.എം.എ.വൈ ലൈഫ് ഭവന നിർമ്മാണ പദ്ധതി (7/2021) | 8500000 |
| 6 | 2021-22 | ഇല്ല | | |
| 7 | 2022-23 | സെക്രട്ടറി, | പി.എം.എ.വൈ - | 13940000 |

| | | | | |
|---|---|---|---|---|
| | | മുനിസിപ്പാലിറ്റി | ലൈഫ് ഭവന നിർമ്മാണ പദ്ധതി (129/2023) | |
| 8 | 2022-23 | സെക്രട്ടറി, മുനിസിപ്പാലിറ്റി | പി.എം.എ.വൈ - ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി) (130/2023) | 3100000 |
| | | | ആകെ | 69358542 |

കുറിപ്പ്: IKMസുലേഖ സ്റ്റേറ്റ്മെന്റിൽ കേന്ദ്ര – സംസ്ഥാന വിഹിതം ചെലവ് തുക ഉൾപ്പെടുത്തിയിട്ടില്ല.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 ലെ 4.17 നമ്പർ യോഗ തീരുമാന പ്രകാരം തിരൂർ നഗരസഭ ഭവന പദ്ധതിയിൽ ചെലവഴിക്കാതെ കിടക്കുന്ന ഫണ്ട് പി.എം.എ.വൈ ലൈഫ് പദ്ധതിയ്ക്കായി ഉപയോഗിക്കുന്നതിന് അനുമതി ലഭിക്കുകയുണ്ടായി. രണ്ട് ബാങ്ക് അക്കൗണ്ടുകളിലായി (ഐ.ഡി.ബി.ഐ ബാങ്ക്, തിരൂർ & കനറാ ബാങ്ക്, തിരൂർ) ഈ ഫണ്ടിനത്തിൽ ലഭ്യമായ 18655467 രൂപയിൽ നിന്ന് നിന്ന് 2022-23 ൽ 75,10,000 രൂപ ചെലവഴിച്ചു.

| ക്ര.നം | ഇനം | ബാങ്ക് അക്കൗണ്ട് | തുക | ചെക്ക് നമ്പർ തീയതി |
|---|---|---|---|---|
| 1 | ഇ.എം.എസ് ഭവന പദ്ധതി | ഐ.ഡി.ബി.ഐ ബാങ്ക്, തിരൂർ | 24,00,000 | 359061/11.01.2023 |
| 2 | ഇ.എം.എസ് ഭവന പദ്ധതി | ഐ.ഡി.ബി.ഐ ബാങ്ക്, തിരൂർ | 31,50,000 | 359062/27.02.2023 |
| 3 | IHSDP പദ്ധതി (Integrated Housing & Slum Development Programme) | കനറാ ബാങ്ക്, തിരൂർ | 19,60,000 | 525523/17.03.2023 |
| | | ആകെ | 7510000 | |
| | വിവിധ പ്രോജക്ടുകളിലെ ചെലവുകൾ | | 69358542 | |
| | | ആകെ | 76868542 | |

ലഭ്യമായ കണക്കുകൾ പ്രകാരം 7,68,68,542 രൂപയുടെ ചെലവാണ് കാണുന്നത്. ആയതിൽ കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെട്ടിട്ടില്ല. എന്നാൽ നഗസഭ തയ്യാറാക്കിയ പത്രിക പ്രകാരം 22,37,38,000 രൂപയുടെ ചെലവാണുള്ളത്. വ്യത്യാസം 14,68,69,458 (223738000- 76868542) രൂപയാണ്. 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിൽ കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ പി.എം.എ.വൈ പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കേണ്ടതാണ്.

4. 2022-23 ൽ നഗരസഭാ സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എം.എ.വൈ - ലൈഫ് ഭവന നിർമ്മാണ പദ്ധതി (129/2022) പരിശോധിച്ചതിൽ ചെലവിന്റെ (₹13940000) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ആകെ അടങ്കൽ | ആകെ ചെലവ് |
|---|---|---|
| പി.എം.എ.വൈ - ലൈഫ് ഭവന നിർമ്മാണ പദ്ധതി New (129/2022) | 21753932 (വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം 7600000 മറ്റുള്ളവ 14153932 ) | 13940000 (വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം 7600000 & മറ്റുള്ളവ 6340000) |

പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ താഴെ വിവരിക്കുന്ന ബില്ല് മുഖേനയാണ് ചെലവ് നടത്തിയിരിക്കുന്നത്.

| ക്രമ.നം | ബില്ല് നമ്പർ | തീയതി | തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | 22150547000200455011 | 24.08.2022 | 26,40,000 | |
| 2 | 22150547000200493552 | 01.09.2022 | 22,40,000 | |
| 3 | 22150547000200493559 | 01.09.2022 | 4,00,000 | |
| 4 | 22150547000200532327 | 14.09.2022 | 16,10,000 | |
| 5 | 22150547000200675229 | 19.10.2022 | 17,70,000 | |
| 6 | 22150547000200728089 | 03.11.2022 | 8,40,000 | |
| 7 | 22150547000200847303 | 30.11.2022 | 5,60,000 | |
| 8 | 22150547000200999714 | 05.01.2023 | 1,80,000 | |
| | | | 10240000 | |

മറ്റുള്ളവ ഇനത്തിൽ 6340000 രൂപയുടെ ചെലവാണ് സുലേഖ സ്റ്റേറ്റ്മെന്റിൽ കാണിക്കുന്നത്. വൗച്ചർ മുഖേന മാറിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | വൗച്ചർ നമ്പർ/തീയതി | ചെക്ക് നമ്പർ തീയതി | തുക |
|---|---|---|---|
| 1 | 22201354/11.01.2023 | 359061/11.01.2023 | 18,30,000 |
| 2 | 22201642/27.02.2023 | 359062/11.01.2023 | 25,50,000 |
| 3 | 22201746/17.03.2023 | 525523/17.03.2023 | 19,60,000 |
| | | ആകെ | 6340000 |

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം 7600000 രൂപയുടെ ചെലവാണുള്ളത്. എന്നാൽ ബില്ല് പ്രകാരം 10240000രൂപയുടെ ചെലവുണ്ട്. വ്യത്യാസം 2640000 (10240000-7600000) വിശദീകരിക്കേണ്ടതാണ്.

5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 ലെ 4.17 നമ്പർ യോഗ തീരുമാന പ്രകാരം തിരൂർ നഗരസഭ ഭവനപദ്ധതിയിൽ ചെലവഴിക്കാതെ കിടക്കുന്ന ഫണ്ട് പി.എം.എ.വൈ ലൈഫ് പദ്ധതിയ്ക്കായി ഉപയോഗിക്കുന്നതിന് അനുമതി ലഭിക്കുകയുണ്ടായി. ഈ ഫണ്ടിനത്തിൽ ലഭ്യമായ 18655467 രൂപയിൽ നിന്ന് നിന്ന് 2022-23 ൽ 7510000 രൂപയ ചെലവഴിക്കുകയുണ്ടായി. ചെലവഴിച്ച 7510000 രൂപ ലൈഫ് മിഷനിൽ നഗരസഭാ വിഹിതമായാണോ അതോ കേന്ദ്ര വിഹിതമായാണോ / സംസ്ഥാന വിഹിതം ആയാണോ പരിഗണിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

6. സലീന (ഡി.പി.ആർ 6/34) 40,000 രൂപ അധികം നൽകിയതായി കാണുന്നു. 4 ലക്ഷം അനുവദിക്കേണ്ടതിന് പകരം 4.4 ലക്ഷമാണ് അനുവദിച്ചത് (40,000 +1,60,000+1,60,000+80,000) അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

7. സുബൈദ തറയിൽ (ഡി.പി.ആർ 7/34) ഭവന പദ്ധതി പൂർത്തീകരിച്ചെങ്കിലും 320,000 രൂപ

(40,000+160,000+80,000+40,000) അനുവദിച്ചതായി കാണുന്നത്. മൂന്നാമത്തെ ഗഡുവിൽ 80,000 രൂപയുടെ വിഹിതം അനുവദിച്ചതായി കാണുന്നില്ല . അപാകത വിശദീകരിക്കേണ്ടതാണ്.

8. ഉഷ പി.എൻ (ഡി.പി.ആർ 5/51) ഭവന പദ്ധതിയിൽ ഒഴിവായതിനാൽ അനുവദിച്ച 150000 (30,000 - 18.06.2019)+ 120,000 - 20.01.2020)) രൂപ തിരിച്ചടച്ച് എന്ന് പി.എം.എ.വൈ ക്യാഷ് രജിസ്റ്ററിൽരേഖപ്പെടുത്തിയിട്ടുണ്ട്. തിരിച്ചടതിന്റെ രേഖകളും ഏത് ഫണ്ടിലേക്കാണ് അടവാക്കിയത് എന്നും വിശദീകരിക്കേണ്ടതാണ്.

9. ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല.

കരാർ പ്രകാരം ഒരു വർഷമാണ് ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ട കാലവധി. ഡി.പി.ആർ 1 മുതൽ 6 വരെയുള്ള ഭവന നിർമാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു. (വിശദാംശങ്ങൾക്ക് അനുബന്ധം-5 കാണുക)

| ഡി.പി.ആർ നമ്പർ | ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 1 | 13 |
| 2 | 12 |
| 3 | 13 |
| 4 | 15 |
| 5 | 7 |
| 6 | 34 |

കരാർ ചമച്ച് 12 മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിക്കണമെന്നും അല്ലാത്ത പക്ഷം പദ്ധതി പ്രകാരം അനുവദിച്ച മുഴുവൻ തുകയും പലിശ സഹിതം ഗുണഭോക്താവിൽ നിന്ന് നഗരസഭയ്ക്ക് തിരികെ ഈടാക്കുന്നതാണെന്നും കരാറിൽ വ്യവസ്ഥ ഉണ്ടായിരിക്കെ നിർദ്ദിഷ്ട കാലയളവിന് ശേഷവും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണാഭോക്താക്കൾക്കെതിരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

10. ഡി.പി.ആർ 3 ൽ ഉൾപ്പെട്ട വിശാലാക്ഷി മൂർക്കമ്പാട്ട് (ക്രമ നമ്പർ 5), സുലോചന കെ.പി (ക്രമ നമ്പർ 39), ശോഭ തറയിൽ (ക്രമ നമ്പർ 40) എന്നിവർ ഡി.പി.ആർ 6 ലും വിശാലാക്ഷി മൂർക്കമ്പാട്ട് (ക്രമ നമ്പർ 63), സുലോചന കെ.പി (ക്രമ നമ്പർ 65), ശോഭ തറയിൽ (ക്രമ നമ്പർ 64) ഉൾപ്പെട്ടതായി കാണുന്നു. അപാകത വിശദീകരിക്കേണ്ടതാണ്.

11. ഇ.എം.എസ്. ഭവനപദ്ധതി നടത്തിപ്പിലെ അപാകത മൂലം ഫണ്ട് വിനിയോഗം, പൂർത്തീകരണം എന്നിവ സംബന്ധിച്ച് നഗരസഭക്ക് വ്യക്തതയില്ല. ഇക്കാര്യം 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-38 ൽ പരാമർശിച്ചതാണ്. ഇ.എം.എസ് ഭവന പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് നഗരകാര്യ ഡയറക്ടർക്ക് നൽകിയിട്ടുള്ള 28-1-2016 ലെ എ7(എ4) 87/09 നമ്പർ കത്തിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം 12 ആണ് എന്നാണ് കാണിച്ചിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ വിവരിക്കുന്ന പ്രകാരമാണ്.

| ക്രമ നമ്പർ | ഇനം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം കൈപ്പറ്റിയവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | ഭവന രഹിതർ | 109 | 17 | 18,60,000 രൂപ ഭവന രഹിതർക്കായി അനുവദിച്ചു. |
| 2 | ഭൂരഹിതർ | 125 | 14 | 8,33,000 രൂപ ഭവന രഹിതർക്കായി |

| | | | | |
|---|---|---|---|---|
| | | | | അനുവദിച്ചു. |
| | ആകെ | 234 | 31 | |

എന്നാൽ, നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടർക്കയച്ച 8-1-2018ലെ എ5-87/09 നമ്പർ കത്തിലെ വിവരങ്ങൾ പ്രകാരം ഇ.എം.എസ് ഭവനപദ്ധതി പ്രകാരം പൂർത്തീകരിച്ച ഭവനങ്ങളുടെ എണ്ണം 9ഉം, പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ എണ്ണം 13ഉം ആണ്. ഇ.എം.എസ് പദ്ധതിയുൾപ്പെട്ട ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെ ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

12. 2022-23 ൽ നഗരസഭ സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എം.എ.വൈ - ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി) (130/2023)- ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ പി.എം.എ.വൈ ലൈഫ് ക്യാഷ് രജിസ്റ്ററിൽ പൂർണ്ണമായും ഉൾപ്പെടുത്തിയതായി കാണുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 41 തീയതി 25-09-23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ പ്രോജക്ടിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ |
| പ്രോജക്റ്റ് നമ്പർ | 200/2023 (NEW) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, തിരൂർ നഗരസഭ |
| വിഭാഗം / മേഖല | പൊതു വിഭാഗം - സേവനം |
| ഫണ്ടിനം | വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ് |
| അടങ്കൽ തുക | 1695619 |
| ചെലവ് തുക | 1418241 |
| ബില്ല് നമ്പർ/തീയതി/തുക | നമ്പർ 221505470002007315555 തീയതി 04.11.2022 ₹ 9,02,517<br>നമ്പർ 221505470002014372 34 തീയതി 22.03.2023 ₹ 3,86,793<br>നമ്പർ 221505470002015045 09 തീയതി 27.03.2023 ₹ 1,28,931 |
| ഫയൽ നമ്പർ | പി.ഡബ്ലിയു2-20012/18 |

പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.നഗരസഭാ ഫണ്ടിൽ നിന്നും ഭീമമായ സംഖ്യ (₹38,87,285/പ്രതിവർഷം) വെള്ളക്കരം ഇനത്തിൽ ഒടുക്കേണ്ടതായി വരുന്നു

സ.ഉ (കൈ) നം 11/2023 ജലവിഭവ വകുപ്പ് തീയതി 03.02.2023 പ്രകാരം നഗരസഭകളിലെ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് പ്രതിവർഷം ഒരു ടാപ്പിന് 21,838.68 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. നഗരസഭയിൽ നിലവിൽ ആകെ 178 പൊതു ടാപ്പുകളാണുള്ളത്. ആകെ 38,87,285.04 രൂപ നഗരസഭയ്ക്ക് വാട്ടർ ചാർജ് ഇനത്തിൽ ചെലവ് വരുന്നുണ്ട്. സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിൻമേൽ നഗരസഭയിലെ പൊതു കിണറുകളുടെ നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനായി നഗരസഭ ഉദ്യോഗസ്ഥരുമൊന്നിച്ച് സംയുക്ത പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. നഗരസഭയുടെ പരിധിയിലെ സ്കൂൾ പരിസരങ്ങളിലെ കിണറുകളും തിരൂർ മാർക്കറ്റിലെ പൊതു കിണറും അടുത്തടുത്ത താമസിക്കുന്ന ഒന്നിലധികം വീടുകളുള്ള സ്ഥലപരിമിതിയുള്ള സ്ഥലത്തെ പൊതു കിണറുമാണ് ഉപയോഗിക്കുന്നതായി കാണാൻ സാധിച്ചത്. എല്ലാ വീടുകളിലും കിണറുകളും കുടിവെള്ള കണക്ഷനുകളും ലഭ്യമായതിനാലാണ് പൊതു കിണറുകളുടെ ഉപയോഗത്തിന്റെ കാര്യത്തിൽ ജനങ്ങൾ വിട്ട് നിന്നത് എന്ന് ഓഡിറ്റിന് ബോധ്യപ്പെടുകയുണ്ടായി. ഇതേ സ്ഥിതി പൊതു ടാപ്പുകളുടെ കാര്യത്തിലുമുണ്ടാകാൻ സാധ്യതയുണ്ട്. തിരൂർ നഗരസഭയുടെ പതിനാലാം പഞ്ചവത്സര പദ്ധതി (2022-27) അവസ്ഥാരേഖയിൽ കുടിവെള്ളം എന്ന തലക്കെട്ടിന് കീഴിൽ പൊതു ടാപ്പുകൾ സംബന്ധിച്ച വിലയിരുത്തലുകൾ ഇല്ല. ഗാർഹിക കുടിവെള്ള കണക്ഷനുകൾ സാർവത്രികമാക്കുന്നതിന് ഊന്നൽ നൽകുന്നതിന് അവസ്ഥാരേഖയിൽ പരാമർശിക്കുന്നുണ്ട്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായ കുടിവെള്ളം

വർക്കിംഗ് ഗ്രൂപ്പിൽ 22.12.2022 ലെ കൂടിയ യോഗത്തിൽ ക്രമ.നമ്പർ 5 ലെ നിർദ്ദേശം നഗരസഭയിലെ ജലദൗർലഭ്യമുള്ള പ്രദേശങ്ങളിലെ പൊതു ടാപ്പ് നിലനിർത്തി ബാക്കിയുള്ളത് ഒഴിവാക്കുന്നതിനെപറ്റിയായാണ്.

നഗരസഭയുടെ പൊതു ടാപ്പുകളുടെ വെള്ളക്കര അടവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-31ലും 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-36 ലും വിശദീകരിക്കുകയുണ്ടായി. കേരള ജല അതോറിറ്റിയും നഗരസഭ അധികൃതരും 13.03.2012 ന് പൊതു ടാപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച് നടത്തിയ സംയുക്ത പരിശോധനയിൽ ആകെയുള്ള 405 പൊതു ടാപ്പുകളിൽ പ്രവർത്തന രഹിതമായ 146 ഡിസ്കണക്ട് ചെയ്യാൻ തീരുമാനിച്ചു. 146 പൊതുടാപ്പുകളിൽ അഞ്ച് പൊതുടാപ്പുകൾ പരിസരവാസികളുടെ എതിർപ്പ് മൂലം വിച്ഛേദിക്കാൻ സാധിച്ചില്ല എന്നും 141 പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്തു എന്നും വാട്ടർ അതോറിറ്റി അറിയിക്കുകയുണ്ടായി. 264 പൊതു ടാപ്പുകൾ മാത്രം നിലനിർത്തുകയുണ്ടായി. വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചമൂലം 2016 ജനുവരി മുതലാണ് ഡിമാന്റ് ക്രമീകരിച്ച് 264 പൊതു ടാപ്പുകൾക്ക് മാത്രമായി ചുരുക്കിയത്. പ്രവർത്തനരഹിതമായ 5 പൊതു ടാപ്പുകൾ തുടർന്നും ഡിമാന്റിൽ ഉൾപ്പെടുത്തി വാടക ഡിമാന്റ് ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇത് മൂലം വെള്ളക്കരമിനത്തിലും പിഴ ഇനത്തിലും അധിക ബാധ്യത നഗരസഭക്കുണ്ടായിട്ടുണ്ട്. തുടർന്ന് 01.11.2017 മുതൽ ഒരെണ്ണം കൂടി ഡിസ്കണക്ട് ചെയ്ത് 263 ടാപ്പുകൾക്ക് ഡിമാന്റ് ചെയ്ത് വരുന്നതായി കാണുന്നു. വെള്ളക്കരം ഡിമാന്റ്, അടവ്, അഡ്ജസ്റ്റ്മെന്റ്, കുടിശ്ശിക എന്നിവ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നതിന് മുൻവർഷ റിപ്പോർട്ടിൽ പരാമർശിച്ചെങ്കിലും ആയത് സൂക്ഷിക്കുന്നില്ല. പൊതു പണം അടവാക്കുന്നതിലും നിരീക്ഷിക്കുന്നതിലും നഗരസഭയുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായി. തുടർന്ന് 21.10.2020 ന് ജല അതോറിറ്റിയും നഗരസഭയും നടത്തിയ സംയുക്ത പരിശോധനയ്ക്ക് ശേഷം 85 പൊതു ടാപ്പുകൾ കൂടി ഡിസ്കണക്ട് ചെയ്തു. 11/2020 മുതൽ 178 പൊതുടാപ്പുകൾക്കുള്ള തുകയാണ് (1,16,946/പ്രതിമാസം) ഡിമാന്റ് ചെയ്തിരിക്കുന്നത്. കേരള ജല അതോറിറ്റി വെള്ളക്കരമിനത്തിൽ 5% വാർഷിക വർദ്ധനവ് വരുത്താറുണ്ട്. ഇതനുസരിച്ച് 2021-22 ൽ 178 പൊതു ടാപ്പുകൾക്ക് പ്രതിമാസം 1,227,90 രൂപയായും, 2022-23 ൽ 178 പൊതു ടാപ്പുകൾക്ക് 128931 രൂപയായും വർദ്ധിപ്പിച്ചു. 2022-23 സാമ്പത്തിക വർഷത്തിലെ വെള്ളക്കരം കുത്തനെ വർദ്ധിപ്പിക്കുകയുണ്ടായി. പ്രതിമാസം 128931 രൂപയാണ് (178 ടാപ്പുകൾക്ക്) വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നത്. എന്നാൽ 2023 മാർച്ച് മാസത്തിൽ സ.ഉ (കൈ) നം 11/2023 ജ.വി.വ തീയതി 03.02.2023 പ്രകാരം മുനിസിപ്പാലിറ്റികളുടെ പൊതു ടാപ്പുകളുടെ ഡിമാന്റ് തുക മൂന്ന് ഇരട്ടിയോളം വർദ്ധിപ്പിക്കുകയുണ്ടായി. 2023 മാർച്ച് മുതൽ പ്രതിമാസം 3,23,945 (178 ടാപ്പുകൾക്ക്) രൂപയാണ് വെള്ളക്കരമിനത്തിൽ ഡിമാന്റ് ചെയ്തത്. മുൻവർഷത്തെ ഓഡിറ്റ് ഒബ്ജക്ഷൻ സ്ലിപ്പിന് 29.12.2022 ൽ ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയിലെ അത്യാവശ്യമില്ലാത്ത പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിന് കൗൺസിൽ തീരുമാനമെടുക്കുമെന്നും അറിയിക്കുകയുണ്ടായി. പൊതു ടാപ്പുകളുടെ വെള്ളക്കരം മൂന്ന് ഇരട്ടിയലധികമായി വർദ്ധിപ്പിച്ച ഈ സാഹചര്യത്തിൽ, ഇത് സംബന്ധിച്ച് നഗരസഭയിലെ 38 വാർഡുകളിലേയും പൊതുടാപ്പുകൾ (178 എണ്ണം) ഉപയോഗിക്കുന്ന ഗുണഭോക്താക്കളെ സംബന്ധിച്ച് കൗൺസിൽ പഠനവിധേയമാക്കി ഗാർഹിക കുടിവെള്ള കണക്ഷൻ ഇല്ലാത്ത സ്ഥലങ്ങളിൽ മാത്രം പൊതു ടാപ്പുകൾ നിലനിർത്തുന്നത് സംബന്ധിച്ച് കൗൺസിൽ തീരുമാനവും മേൽ പൊതുടാപ്പുകൾ പരിശോധനാവിധേയമാക്കിയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2.നഗരസഭയുടെ വെള്ളക്കരം ഒടുക്കേണ്ടതിന് അനുമതിയില്ലാത്ത ഫണ്ട് ഉപയോഗിക്കുന്നു

സ.ഉ (സാധാ) 1275/2009 ത.സ്വ.ഭ.വ തീയതി 30.05.2009 ഉത്തരവ് പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിന് തനത് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ്, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിക്കാൻ അനുമതിയുണ്ടായിരുന്നു. സ.ഉ (സാധാ) 119/2022/ത.സ്വ.ഭ.വ തീയതി. 06.06.2022 പ്രകാരം കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നിവയ്ക്ക് നൽകാനുള്ള തുക തനത് വരുമാനം, പൊതു ആവശ്യ ഫണ്ട് എന്നിവയിൽ നിന്ന് നൽകേണ്ട ആദ്യ ഇനം ആക്കേണ്ടതാണ്. കൂടാതെ, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ അറിയിച്ച് കൊണ്ട് ഈ തുക യഥാസമയം അടക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയ്ക്കാണ് എന്നും ഉത്തരവിൽ വ്യക്തമാക്കുന്നു. സ.ഉ (സാധാ) 799/2023/ത.സ്വ.ഭ.വ തീയതി. 01.04.2023 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാനുള്ള അനുമതി റദ്ദ് ചെയ്യുകയുണ്ടായി. വെള്ളക്കരം ഒടുക്കുന്നതിന് നഗരസഭയ്ക്ക് പൊതു ആവശ്യ ഗ്രാന്റോ, തനത് ഫണ്ടോ ഉപയോഗിക്കാവുന്നതാണ് എന്നിരിക്കെ സി.എഫ്.സി ടൈഡ് ഫണ്ട് ഉപയോഗിച്ചാണ്

2021-22 വർഷം നഗരസഭ വെള്ളക്കരം അടവാക്കിയത്. 31.03.2023 ന് പുറപ്പെടുവിച്ച 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ 1-36 ഖണ്ഡികയിൽ ആയത് നിരീക്ഷിച്ചിരുന്നു. തുടർന്ന് 31.05.2023 ന് നഗരസഭ ലഭ്യമാക്കിയ റക്ടിഫിക്കേഷൻ റിപ്പോർട്ടിൽ കുടിവെള്ള പദ്ധതികൾക്ക് സി.എഫ്.സി ടൈഡ് ഫണ്ട് ഉപയോഗിക്കുന്നതിന് അനുവാദമില്ല എന്ന ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇനി വരുന്ന വർഷങ്ങളിൽ വെള്ളക്കര അടക്കുന്നതിന് മറ്റ് ഫണ്ടുകൾ വകയിരുത്തുന്നതാണ് എന്നാണ് അറിയിച്ചത്. എന്നാൽ തൻവർഷം പദ്ധതിയിലും (2022-23) മേൽ അപാകത ആവർത്തിച്ചിരിക്കുന്നു. കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നിവയ്ക്ക് നൽകാനുള്ള തുക തനത് വരുമാനം, പൊതു ആവശ്യ ഫണ്ട് എന്നിവയിൽ നിന്ന് നൽകേണ്ട ആദ്യ ഇനം ആക്കേണ്ടതാണ്. നിലവിൽ തനത് ഫണ്ടിൽ നിന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ബി.എസ്.എൻ.എൽ എന്നിവയ്ക്കുള്ള ബില്ലുകളാണ് മാസാമാസം അടവു വരുത്തുന്നത് എന്ന് മാസം തോറുമുള്ള തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ ബോധ്യപ്പെട്ടു. കേരള വാട്ടർ അതോറിറ്റിയുടെ ബില്ല് കൂടി ആയതിൽ ഉൾപ്പെടുത്തേണ്ടതും പേയ്മെന്റിനായി തനത് ഫണ്ട്/പൊതു ആവശ്യ ഫണ്ട് എന്നിവ ഉപയോഗിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നത് ഓഡിറ്റ് കർശനമായും നിരീക്ഷിക്കുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തെ നഗരസഭയുടെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി, ലൈസൻസ് ഫീസ്, വാടക എന്നീ ഇനങ്ങളിൽ 15 കോടിയോളം രൂപ തനത് ഫണ്ടിനത്തിൽ പിരിച്ചെടുക്കാനുണ്ട്. തനത് ഫണ്ട് പിരിവിലെ തികഞ്ഞ അനാസ്ഥയാണ് നഗരസഭയുടെ ഭാഗത്ത് നിന്നുണ്ടാവുന്നത്. വെള്ളക്കരം ഇനത്തിൽ തുക ഒടുക്കുവാൻ ഫണ്ട് വകമാറ്റുന്നത് ഓഡിറ്റ് കർശനമായും നിരീക്ഷിക്കുന്നതാണ്. മേൽ വസ്തുതകൾക്ക് കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

3. വെള്ളക്കരം യഥാസമയം അടവാക്കാത്താതിനാൽ പിഴത്തുക വർദ്ധിച്ചു വരുന്നു

2022-23 വർഷത്തിൽ നഗരസഭയുടെ 178 പൊതുടാപ്പുകൾക്ക് ജല അതോറിറ്റി വെള്ളക്കരമിനത്തിൽ ഡിമാന്റ് തുകയും ആയതിന് നഗരസഭ അടവാക്കിയ തുകയും പരിശോധാവിധേയമാക്കി. ജല അതോറിറ്റി അയച്ചു നൽകുന്ന വെള്ളക്കര ഡിമാന്റ് നോട്ടീസിനോട് കൂടെയുള്ള ആമുഖ കത്തിൽ പിഴയുടെ കാര്യം വ്യക്തമാക്കാറുണ്ട്. "വാട്ടർ അതോറിറ്റി ഓരോ മാസവും ആദ്യവാരം ലഭ്യമാക്കുന്ന ബില്ലിൽ വാട്ടർ ചാർജ് അതാത് മാസം 28ാം തീയതിയ്ക്ക് മുമ്പായി അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം വാട്ടർ ചാർജിന്റെ 2% പിഴ കൂടി അടവാക്കേണ്ടതാണ്. " സമയ ബന്ധിതമായി നഗരസഭ വാട്ടർ ചാർജ് അടവാക്കാത്തതിനാൽ പിഴ ഇനത്തിൽ വലിയൊരു തുക നഗരസഭയ്ക്ക് അടവാക്കേണ്ടതായി വരുന്നു. 2022-23 ലെ വെള്ളക്കര ഒടുക്കിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | വർഷം/ മാസം | ജല അതോറിറ്റിയുടെ ബില്ല് നമ്പർ/തീയതി | ബില്ല് തുക | ക്യൂമിലേറ്റീവ് ബില്ല് തുക | അടവാക്കേണ്ട അവസാന തീയതി | നഗരസഭ അടവാക്കി തുക/ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 04/2022 | 61903/05.04.2022 | 128931 | | 28.04.2022 | | |
| 2 | 05/2022 | 62812/06.05.2022 | 128931 | | 28.05.2022 | | |
| 3 | 06/2022 | 63766/03.06.2022 | 128931 | | 28.06.2022 | | |
| 4 | 07/2022 | 64741/04.07.20222 | 128931 | | 28.07.2022 | | |
| 5 | 08/2022 | 65469/03.08.2022 | 128931 | | 28.08.2022 | | |
| 6 | 09/2022 | 66417/03.09.2022 | 128931 | | 28.09.2022 | | |
| 7 | 10/2022 | 67309/03.10.2022 | 128931 | 902517 | 28.10.2022 | | 04/2022 മുതൽ 10/2022 വരെയുള്ള തുക 902517 രൂപ ഒന്നിച്ചാണ് അടവാക്കിയത്. പിഴ ഇനത്തിലെ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | തുക അക്രൂ ചെയ്തെങ്കിലും ആയത് അടവാക്കിയില്ല. |
| 8 | 11/2022 | | 128931 | | 28.11.2022 | 04.11.2022 ₹ 9,02,517 | |
| 9 | 12/2022 | | 128931 | | 28.12.2022 | | |
| 10 | 01/2023 | | 128931 | 386793 | 28.01.2023 | | 11/2022 മുതൽ 01/2023 വരെയുള്ള തുക 386793 രൂപ 2023 മാർച്ച് മാസത്തിൽ ഒന്നിച്ചാണ് അടവാക്കിയത്. പിഴ ഇനത്തിലെ തുക അക്രൂ ചെയ്തെങ്കിലും ആയത് അടവാക്കിയില്ല. |
| 11 | 02/2023 | | 128931 | 128931 | 28.02.2023 | | 02/2023 ലെ 128931 രൂപ മാർച്ച് 2023ലാണ് അടവാക്കിയത്. പിഴ ഇനത്തിലെ തുക അക്രൂ ചെയ്തെങ്കിലും ആയത് അടവാക്കിയില്ല. |
| 12 | 03/2023 | | 323945 | 323945 | 28.03.2023 | 22.03.23 ₹3,86,793 27.03.23 ₹ 1,28,931 | 03/2023 ലെ 323945 രൂപ 2022-23 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി ബില്ല് അടവാക്കിയില്ല |

കേരള ജല അതോറിറ്റിയുടെ ബില്ല് തുക തനത് വരുമാനം, പൊതു ആവശ്യ ഫണ്ട് എന്നിവയിൽ നിന്ന് നൽകേണ്ട ആദ്യ ഇനം ആക്കാത്തതിനാൽ, ഓരോ മാസത്തേയും ബില്ല് തുക അതത് മാസം 28നകം അടവാക്കാത്ത സാഹചര്യമുണ്ടാവുന്നു. ഇതിനാൽ ഭീമമായ തുകയാണ് പിഴ ഇനത്തിൽ നഗരസഭ അടവാക്കേണ്ടി വരുന്നത്. കേരള ജല അതോറിറ്റിയുടെ ആംനെസ്റ്റി പദ്ധതി പ്രകാരമുള്ള ഒറ്റത്തവണ തീർപ്പാക്കലുമായി ബന്ധപ്പെട്ട് 20.05.2023 ന് 961/RO/2022/PHD-EDPL-MLPM നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഒ.ടി.എസിൽ

(One Time Settlement) 2012 ഏപ്രിൽ മാസം മുതൽ 2023 മാർച്ച് മാസം വരെയുള്ള കണക്കുകളാണുള്ളത്. ഇതനുസരിച്ച് നഗരസഭയുടെ വെള്ളക്കരമിനത്തിലെ കുടിശ്ശിക 55,29,416 രൂപയും സമയബന്ധിതമായി അടവാക്കാത്തതിനാലുണ്ടായി പിഴ 39,50,498 രൂപയുമാണ്. വാട്ടർ ചാർജ് അതാത് മാസം 28ാം തീയതിയ്ക്ക് മുമ്പായി അടവാക്കിയില്ലെങ്കിൽ വെള്ളക്കരത്തിന്റെ 2% പിഴയോട് കൂടിയാണ് വെള്ളക്കരം അടവാക്കേണ്ടത്. എന്നാൽ ആംനെസ്റ്റി പദ്ധതിയിൽ കേരള വാട്ടർ സപ്ലൈ നിയമ പ്രകാരമുള്ള പിഴ പകുതിയായി കുറക്കാവുന്നതാണ്. ഇപ്രകാരം കുടിശ്ശിക വെള്ളക്കരത്തിനുള്ള പിഴ 2% ത്തിന് പകരം 1% മാക്കി കുറച്ച് കൊണ്ടുള്ള സ്റ്റേറ്റ്മെന്റാണ് One Time Settlement ന്റെ ഭാഗമായി കേരള ജല അതോറിറ്റി ലഭ്യമാക്കിയത്. 2012-13 മുതൽ 2022-23 വരെ കണക്കുകൾ ചുവടെ ചേർക്കുന്നു.

2012-13

| വെള്ളക്കരമിനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷം വെള്ളക്കര ബില്ല് തുക | ആകെ വെള്ളക്കര ബില്ല് | തൻവർഷം നഗരസഭ അടവാക്കിയ തുക | വെള്ളക്കര കുടിശ്ശിക തുക (എ) | പിഴ ഇനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷത്തെ പിഴത്തുക (ബി) | ആകെ അടവാക്കേണ്ട തുക (എ) + (ബി) |
|---|---|---|---|---|---|---|---|
| 789491 | 1361304 | 2150795 | ഇല്ല | 2150795 | ഇല്ല | 169611 | 2320406 |

കുറിപ്പ് : തൻവർഷം വെള്ളക്കരമിനത്തിൽ 13,61,304 രൂപ (1,13,442x12 മാസം) അടവാക്കാനുണ്ടായിരുന്നു. എന്നാൽ യാതൊരു തുകയും ജല അതോറിറ്റിയിൽ അടവാക്കിയില്ല. ഇത് മൂലം തൻവർഷം നഗരസഭയ്ക്ക് 1,69,611 രൂപ പിഴ (1% നിരക്കിൽ) ഇനത്തിൽ ബാധ്യത വന്നു.

2013-14

| വെള്ളക്കരമിനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷം വെള്ളക്കര ബില്ല് തുക | ആകെ വെള്ളക്കര ബില്ല് | തൻവർഷം നഗരസഭ അടവാക്കിയ തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (എ) | പിഴ ഇനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷത്തെ പിഴത്തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (ബി) | ആകെ അടവാക്കേണ്ട തുക (എ) + (ബി) |
|---|---|---|---|---|---|---|---|---|
| 2150795 | 1380576 | 3531371 | 689978 | 2841393 | 169611 | 264915 | 434526 | 3275919 |

കുറിപ്പ് : തൻവർഷം വെള്ളക്കരമിനത്തിൽ 13,80,576 രൂപ (1,13,442x2 മാസം, 1,16,946x1 മാസം, 1,15,194x9 മാസം) അടവാക്കാനുണ്ടായിരുന്നു. എന്നാൽ ആയതിന്റെ പകുതി തുക (₹6,89,978) മാത്രമാണ് 05/2013 ന് ജല അതോറിറ്റിയിൽ അടവാക്കിയത്. ഇത് മൂലം തൻവർഷം നഗരസഭയുടെ പിഴ ബാധ്യത (1% നിരക്കിൽ) ₹4,34,526 രൂപയായി ഉയർന്നു.

2014-15

| വെള്ളക്കരമിനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷം വെള്ളക്കര ബില്ല് തുക | ആകെ വെള്ളക്കര ബില്ല് | തൻവർഷം നഗരസഭ അടവാക്കിയ തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (എ) | പിഴ ഇനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷത്തെ പിഴത്തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (ബി) | ആകെ അടവാക്കേണ്ട തുക (എ) + (ബി) |
|---|---|---|---|---|---|---|---|---|
| 2841393 | 1727910 | 4569303 | 4527910 | 41393 | 434526 | 257635 | 692161 | 733554 |

കുറിപ്പ് : തൻവർഷം വെള്ളക്കരമിനത്തിൽ 17,27,910 രൂപ ( 115194x6 മാസം, 172791x6 മാസം) അടവാക്കാനുണ്ടായിരുന്നു. എന്നാൽ കുടിശ്ശിക ഉൾപ്പെടെ 09/2014 ൽ 28,00,000 രൂപയും 03/2015 ൽ 17,27,910 രൂപയും ഉൾപ്പെടെ ₹ 45,69,303 രൂപ തൻവർഷം ജല അതോറിറ്റിയിൽ അടവാക്കി. മുൻവർഷ കുടിശ്ശിക തീർപ്പാക്കാത്തതിനാൽ നഗരസഭയുടെ പിഴ ബാധ്യത (1% നിരക്കിൽ) 6,92,161 രൂപയായി വർദ്ധിച്ചു.

2015-16

| വെള്ളക്കരമിനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷം വെള്ളക്കര ബില്ല് തുക | ആകെ വെള്ളക്കര ബില്ല് | തൻവർഷം നഗരസഭ അടവാക്കിയ തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (എ) | പിഴ ഇനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷത്തെ പിഴത്തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (ബി) | ആകെ അടവാക്കേണ്ട തുക (എ) + (ബി) |
|---|---|---|---|---|---|---|---|---|
| 41393 | 2073492 | 2114885 | 1596512 | 518373 | 692161 | 103044 | 795205 | 1313578 |

കുറിപ്പ് : തൻവർഷം വെള്ളക്കരമിനത്തിൽ 20,73,492 രൂപ (1,72,791x12 മാസം) അടവാക്കാനുണ്ടായിരുന്നു. എന്നാൽ 02/2016 ൽ 15,96,512 രൂപ മാത്രമാണ് തൻവർഷം ജല അതോറിറ്റിയിൽ അടവാക്കിയത്. മുൻവർഷ കുടിശ്ശിക തീർപ്പാക്കാത്തതിനാൽ നഗരസഭയുടെ പിഴ ബാധ്യത (1% നിരക്കിൽ) 7,95,205 രൂപയായി വർദ്ധിച്ചു.

2016-17

| വെള്ളക്കരമിനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷം വെള്ളക്കര ബില്ല് തുക | ആകെ വെള്ളക്കര ബില്ല് | തൻവർഷം നഗരസഭ അടവാക്കിയ തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (എ) | പിഴ ഇനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷത്തെ പിഴത്തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (ബി) | ആകെ അടവാക്കേണ്ട തുക (എ) + (ബി) |
|---|---|---|---|---|---|---|---|---|
| 518373 | 2081376 | 2599749 | 2576980 | 22769 | 795205 | 80929 | 876134 | 898903 |

കുറിപ്പ് : തൻവർഷം വെള്ളക്കരമിനത്തിൽ 20,81,376 രൂപ (1,73,448x12 മാസം) അടവാക്കാനുണ്ടായിരുന്നു. എന്നാൽ 04/2016 ൽ 4,76,980 രൂപയും 11/2016 ൽ 10,82,081 രൂപയും 03/2017 ൽ 10,17,919 രൂപയും ഉൾപ്പെടെ 25,76,980 യാണ് തൻവർഷം ജല അതോറിറ്റിയിൽ അടവാക്കിയത്. മുൻവർഷ കുടിശ്ശിക തീർപ്പാക്കാത്തതിനാൽ നഗരസഭയുടെ പിഴ ബാധ്യത 8,76,134 രൂപയായി വർദ്ധിച്ചു.

2017-18

| വെള്ളക്കരമിനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന | തൻവർഷം വെള്ളക്കര | ആകെ വെള്ളക്കര | തൻവർഷം നഗരസഭ | ആകെ വെള്ളക്കര | പിഴ ഇനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന | തൻവർഷത്തെ പിഴത്തുക | ആകെ വെള്ളക്കര | ആകെ അടവാക്കേണ്ട |
|---|---|---|---|---|---|---|---|---|

| മുൻവർഷ കുടിശ്ശിക | ബില്ല് തുക | ബില്ല് | അടവാക്കിയ തുക | കുടിശ്ശിക തുക (എ) | മുൻവർഷ കുടിശ്ശിക | | കുടിശ്ശിക തുക (ബി) | തുക (എ) + (ബി) |
|---|---|---|---|---|---|---|---|---|
| 22769 | 2078091 | 2100860 | 0 | 2100860 | 876134 | 117143 | 993277 | 3094137 |

കുറിപ്പ് : തൻവർഷം വെള്ളക്കരമിനത്തിൽ 20,78,091 രൂപ (1,73,448x7 മാസം, 1,72,791x5 മാസം) അടവാക്കാനുണ്ടായിരുന്നു. എന്നാൽ തൻവർഷം ജല അതോറിറ്റിയിൽ യാതൊരു തുകയും അടവാക്കിയില്ല. ഇതിനാൽ നഗരസഭയുടെ പിഴ ബാധ്യത (1% നിരക്കിൽ) 9,93,277 രൂപയായി വർദ്ധിച്ചു.

2018-19

| വെള്ളക്കരമിനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷം വെള്ളക്കര ബില്ല് തുക | ആകെ വെള്ളക്കര ബില്ല് | തൻവർഷം നഗരസഭ അടവാക്കിയ തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (എ) | പിഴ ഇനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷത്തെ പിഴത്തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (ബി) | ആകെ അടവാക്കേണ്ട തുക (എ) + (ബി) |
|---|---|---|---|---|---|---|---|---|
| 2100860 | 2073492 | 4174352 | 1727910 | 2446442 | 993277 | 302212 | 1295489 | 3741931 |

കുറിപ്പ് : തൻവർഷം വെള്ളക്കരമിനത്തിൽ 20,73,492 രൂപ (172791x12 മാസം) അടവാക്കാനുണ്ടായിരുന്നു. എന്നാൽ തൻവർഷം ജല അതോറിറ്റിയിൽ 11/2018 ൽ 13,82,328 രൂപയും 12/2018 ൽ 1,72,791 രൂപയും 01/2019 ൽ 1,72,791 രൂപയും ഉൾപ്പെടെ 17,27,910 രൂപായാണ് അടവാക്കിയത്. മുൻ വർഷ കടിശ്ശിക തീർപ്പാക്കാത്തതിനാൽ നഗരസഭയുടെ പിഴ ബാധ്യത (1% നിരക്കിൽ) 12,95,489 രൂപയായി വർദ്ധിച്ചു.

2019-20

| വെള്ളക്കരമിനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷം വെള്ളക്കര ബില്ല് തുക | ആകെ വെള്ളക്കര ബില്ല് | തൻവർഷം നഗരസഭ അടവാക്കിയ തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (എ) | പിഴ ഇനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷത്തെ പിഴത്തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (ബി) | ആകെ അടവാക്കേണ്ട തുക (എ) + (ബി) |
|---|---|---|---|---|---|---|---|---|
| 2446442 | 2073492 | 4519934 | 96655 | 4423279 | 1295489 | 398492 | 1693981 | 6117260 |

കുറിപ്പ് : തൻവർഷം വെള്ളക്കരമിനത്തിൽ 20,73,492 രൂപ (1,72,791x12 മാസം) അടവാക്കാനുണ്ടായിരുന്നു. എന്നാൽ തൻവർഷം ജല അതോറിറ്റിയിൽ 04/2019 ൽ 17,865 രൂപയും 05/2019 ൽ 6,700 രൂപയും 06/2019 ൽ 72,090 രൂപയും ഉൾപ്പെടെ 96,655 രൂപ മാത്രമാണ് അടവാക്കിയത്. കടിശ്ശിക തീർപ്പാക്കാത്തതിനാൽ നഗരസഭയുടെ പിഴ ബാധ്യത (1% നിരക്കിൽ) 16,93,981 രൂപയായി വർദ്ധിച്ചു.

2020-21

| വെള്ളക്കരമിനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷം വെള്ളക്കര ബില്ല് തുക | ആകെ വെള്ളക്കര ബില്ല് | തൻവർഷം നഗരസഭ അടവാക്കിയ തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (എ) | പിഴ ഇനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷത്തെ പിഴത്തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (ബി) | ആകെ അടവാക്കേണ്ട തുക (എ) + (ബി) |
|---|---|---|---|---|---|---|---|---|
| 4423279 | 1794267 | 6217546 | 0 | 6217546 | 1693981 | 639251 | 2333232 | 8550778 |

കുറിപ്പ് : തൻവർഷം വെള്ളക്കരമിനത്തിൽ 17,94,267 രൂപ (1,72,791x7 മാസം, 1,16,946x5) അടവാക്കാനുണ്ടായിരുന്നു. എന്നാൽ തൻവർഷം ജല അതോറിറ്റിയിൽ യാതൊരു തുകയും അടവാക്കിയില്ല. കടിശ്ശിക തീർപ്പാക്കാത്തതിനാൽ നഗരസഭയുടെ പിഴ ബാധ്യത 23,33,232 രൂപയായി വർദ്ധിച്ചു.

2021-22

| വെള്ളക്കരമിനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷം വെള്ളക്കര ബില്ല് തുക | ആകെ വെള്ളക്കര ബില്ല് | തൻവർഷം നഗരസഭ അടവാക്കിയ തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (എ) | പിഴ ഇനത്തിൽ നഗരസഭ അടവാക്കാനവശേഷിക്കുന്ന മുൻവർഷ കുടിശ്ശിക | തൻവർഷത്തെ പിഴത്തുക | ആകെ വെള്ളക്കര കുടിശ്ശിക തുക (ബി) | ആകെ അടവാക്കേണ്ട തുക (എ) + (ബി) |
|---|---|---|---|---|---|---|---|---|
| 6217546 | 1473480 | 7691026 | 0 | 7691026 | 2333232 | 827147 | 3160379 | 10851405 |

കുറിപ്പ് : തൻവർഷം വെള്ളക്കരമിനത്തിൽ 14,73,480 രൂപ (1,22,790x12) അടവാക്കാനുണ്ടായിരുന്നു. എന്നാൽ തൻവർഷം ജല അതോറിറ്റിയിൽ യാതൊരു തുകയും അടവാക്കിയില്ല. കടിശ്ശിക തീർപ്പാക്കാത്തതിനാൽ നഗരസഭയുടെ പിഴ ബാധ്യത 31,60,379 രൂപയായി വർദ്ധിച്ചു.

2022-23 ലെ വിശദാംശങ്ങൾ

| ക്ര.ന | വർഷം/ മാസം | വെള്ളക്കര മിനത്തിൽ നഗരസഭ അടവാക്കാ നവശേഷിക്കുന്ന കുടിശ്ശിക | തൻമാസ വെള്ളക്കര ബില്ല് തുക | ആകെ വെള്ളക്കര ബില്ല് | നഗരസഭ അടവാക്കിയ തുക | അവശേഷിക്കുന്ന വെള്ളക്കര കുടിശ്ശിക തുക (എ) | പിഴ ഇനത്തിൽ നഗരസഭ അടവാക്കാനവശേ ഷിക്കുന്ന കുടിശ്ശിക | തൻമാസ പിഴത്തുക | ക്യുമുലേറ്റീവ് പിഴത്തുക (ബി) | ആകെ അടവാക്കേണ്ട തുക (എ) + (ബി) | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 04/2022 | 7691026 | 128931 | 7819957 | 1467636 | 6352321 | 3160379 | 76910 | 3237289 | 9589610 | 30.03.2022 നാണ് 1467636 രൂപ അടവാക്കിയത്. ആയ്ത് 04/2023 നാണ് ജല അതോറിറ്റി വരവ് വെച്ചത് |
| 2 | 05/2022 | 6352321 | 128931 | 6481252 | | 6481252 | 3237289 | 63523 | 3300813 | 9782065 | |
| 3 | 06/2022 | 6481252 | 128931 | 6610183 | | 6610183 | 3300813 | 64813 | 3365625 | 9975808 | |
| 4 | 07/2022 | 6610183 | 128931 | 6739114 | | 6739114 | 3365625 | 66102 | 3431727 | 10170841 | |
| 5 | 08/2022 | 6739114 | 128931 | 6868045 | | 6868045 | 3431727 | 67391 | 3499118 | 10367163 | |
| 6 | 09/2022 | 6868045 | 128931 | 6996976 | | 6996976 | 3499118 | 68660 | 3567798 | 10564774 | |
| 7 | 10/2022 | 6996976 | 128931 | 7125907 | | 7125907 | 3567798 | 69970 | 3637768 | 10763675 | |
| 8 | 11/2022 | 7125907 | 128931 | 7254838 | 902517 | 6352321 | 3637768 | 71259 | 3709027 | 10061348 | |
| 9 | 12/2022 | 6352121 | 128931 | 6481052 | | 6481252 | 3709027 | 63523 | 3772550 | 10253802 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 10 | 01/2023 | 6481252 | 128931 | 6610183 | 1017919 | 5592264 | 3772550 | 64813 | 3837363 | 9429627 |
| 11 | 02/2023 | 5592264 | 128931 | 5721195 | | 5721195 | 3837363 | 55923 | 3893286 | 9614481 |
| 12 | 03/2023 | 5721195 | 323945 | 6045140 | 515724 | 5529416 | 3893286 | 57212 | 3950498 | 9479914 |

31.03.2023 ലെ കണക്കനുസരിച്ച് വെള്ളക്കരമിനത്തിൽ 5529416 രൂപയും പിഴ ഇനത്തിൽ 3950498 രൂപയും ഉൾപ്പെടെ നഗരസഭയ്ക്ക് 9479914 രൂപയുടെ തുക ജല അതോറിറ്റിയിൽ അടവാക്കാനുണ്ട്. 2012-13, 2017-18, 2020-21 2021-22 സാമ്പത്തിക വർഷങ്ങളിൽ യാതൊരു തുകയും ജല അതോറിറ്റിയിൽ അടവാക്കിയിട്ടില്ല. സമയബന്ധിതമായി അടവാക്കിയിരുന്നെങ്കിൽ പിഴ ഇനത്തിലെ 3950498 രൂപ നഗരസഭയ്ക്ക് ഒഴിവാക്കാമായിരുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വെള്ളക്കര അടവ് കൃത്യമായി നിരീക്ഷിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. വെള്ളക്കരമിനത്തിൽ കുടിശ്ശികയായ 5529416 രൂപ എത്രയും വേഗം ജല അതോറിറ്റിയിൽ അടവാക്കേണ്ടതാണ്.

4. പൊതു ടാപ്പുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല

നഗരസഭയിലെ പൊതു ടാപ്പുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും അവയുടെ വാട്ടർ ചാർജ്ജ് അടവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും പൊതു ടാപ്പുകളെ സംബന്ധിച്ച് പരാതി രജിസ്റ്റർ രേഖപ്പെടുത്തുന്നതിനും മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല. ഇതിനാൽ നഗരസഭയ്ക്ക് വെള്ളക്കരം ഡിമാന്റ്, അടവ്, അഡ്ജസ്റ്റ്മെന്റ്, കുടിശ്ശിക എന്നിവ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ലാത്തത് എന്ന് വ്യക്തമാകുന്നു. നഗരസഭയിലെ 178 പൊതു ടാപ്പുകളെ സംബന്ധിച്ച വിവരം (പൊതു ടാപ്പ് സ്ഥാപിച്ച വാർഡ്/കൃത്യമായ സ്ഥലം, ഉപയോഗപ്പെടുത്തുന്ന കുടുംബങ്ങളുടെ എണ്ണം) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

5. വെള്ളക്കരം യഥാസമയം അടവാക്കാത്തതിനാലുണ്ടായ പിഴ ₹ 7,90,119 ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

സ.ഉ (സാധാ) 199/2022/ത.സ്വ.ഭ.വ തീയതി. 06.06.2022 പ്രകാരം കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നിവയ്ക്ക് നൽകാനുള്ള തുക തനത് വരുമാനം, പൊതു ആവശ്യ ഫണ്ട് എന്നിവയിൽ നിന്ന് നൽകേണ്ട ആദ്യ ഇനം ആക്കേണ്ടതാണ്. കൂടാതെ, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ അറിയിച്ച് കൊണ്ട് ഈ തുക യഥാസമയം അടക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയ്ക്കാണ്. തുക അടയ്ക്കുന്നതിൽ അകാരണമായി വരുന്ന കാലതാമസത്തിനുള്ള പിഴ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്. കേരള ജല അതോറിറ്റി ലഭ്യമാക്കിയ ആംനെസ്റ്റി പദ്ധതി പ്രകാരം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം വെള്ളക്കരം യഥാസമയം അടവാക്കാത്തതിനാൽ പിഴ ഇനത്തിൽ 7,90,119 രൂപ നഗരസഭയ്ക്ക് ബാധ്യതായിട്ടുണ്ട്. ടി തുക അതത് കാലയളവിലെ നഗരസഭ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | വർഷം/ മാസം | വെള്ളക്കരമിനത്തിൽ നഗരസഭ അടവാക്കാന വശേഷിക്കുന്ന കുടിശ്ശിക | തൻമാസ വെള്ളക്കര ബില്ല് തുക | ആകെ വെള്ളക്കര ബില്ല് | നഗരസഭ അടവാക്കിയ തുക | അവശേ ഷിക്കുന്ന വെള്ളക്കര കുടിശ്ശിക തുക (എ) | പിഴ ഇനത്തിൽ നഗരസഭ അടവാക്കാനവ ശേഷിക്കുന്ന കുടിശ്ശിക | തൻമാസ പിഴത്തുക | ക്യുമുലേറ്റീവ് പിഴത്തുക (ബി) | ആകെ അടവാക്കേണ്ട തുക (എ) + (ബി) | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 04/2022 | 7691026 | 128931 | 7819957 | 1467636 | 6352321 | 3160379 | 76910 | 3237289 | 9589610 | 30.03.2022 നാണ് 1467636 രൂപ അടവാക്കിയത്. ആയത് 04/2023 നാണ് ജല അതോറിറ്റി വരവ് വെച്ചത് |
| 2 | 05/2022 | 6352321 | 128931 | 6481252 | | 6481252 | 3237289 | 63523 | 3300813 | 9782065 | |
| 3 | 06/2022 | 6481252 | 128931 | 6610183 | | 6610183 | 3300813 | 64813 | 3365625 | 9975808 | |
| 4 | 07/2022 | 6610183 | 128931 | 6739114 | | 6739114 | 3365625 | 66102 | 3431727 | 10170841 | |
| 5 | 08/2022 | 6739114 | 128931 | 6868045 | | 6868045 | 3431727 | 67391 | 3499118 | 10367163 | |
| 6 | 09/2022 | 6868045 | 128931 | 6996976 | | 6996976 | 3499118 | 68680 | 3567798 | 10564774 | |
| 7 | 10/2022 | 6996976 | 128931 | 7125907 | | 7125907 | 3567798 | 69970 | 3637768 | 10763675 | |
| 8 | 11/2022 | 7125907 | 128931 | 7254838 | 902517 | 6352321 | 3637768 | 71259 | 3709027 | 10061348 | |
| 9 | 12/2022 | 6352121 | 128931 | 6481052 | | 6481252 | 3709027 | 63523 | 3772550 | 10253802 | |
| 10 | 01/2023 | 6481252 | 128931 | 6610183 | 1017919 | 5592264 | 3772550 | 64813 | 3837363 | 9429627 | |
| 11 | 02/2023 | 5592264 | 128931 | 5721195 | | 5721195 | 3837363 | 55923 | 3893286 | 9614481 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 12 | 03/2023 | 5721195 | 323945 | 6045140 | 515724 | 5529416 | 3893286 | 57212 | 3950498 | 9479914 | |
| | | | | | | | ആകെ | 790119 | | | |

അപാകതയ്ക്ക് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ സ്ലിപ്പിന് (നം 28/2022-23 തീയതി 20.07.2023) മറുപടി ലഭ്യമാക്കിയില്ല. പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് കുത്തനെ വർദ്ധിപ്പിച്ചവ നിലവിലെ സാഹചര്യത്തിൽ ആവശ്യമായ പൊതു ടാപ്പ് മാത്രം നിലനിർത്തി ബാക്കി എല്ലാം അതത് വാർഡ് കൗൺസിലർമാരിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി വാട്ടർ കണക്ഷൻ ഒഴിവാക്കേണ്ടതും വാട്ടർ അതോറിറ്റിയുടെ ഭീമമായ കുടിശ്ശിക അടവാക്കേണ്ടതുമാണ്. വെള്ളക്കരമിനത്തിലെ ഡിമാന്റിലേയും അടവിലേയും വീഴ്ച ഓഡിറ്റ് കൃത്യമായി നിരീക്ഷിക്കുന്നതാണ്.

## 1-22 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - തുല്യതാ പഠിതാക്കൾക്ക് ധനസഹായം - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - തുല്യതാ പഠിതാക്കൾക്ക് ധനസഹായം (266/2023 New) |
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭ സെക്രട്ടറി |
| അടങ്കൽ | 231285<br>(വികസന ഫണ്ട് പൊതുവിഭാഗം- സാധാരണ വിഹിതം) |
| ചെലവ് | 129750<br>(വികസന ഫണ്ട് പൊതുവിഭാഗം- സാധാരണ വിഹിതം) |
| ബില്ലുകൾ | 1. BRN 22150547000201445769 തീ. 23.03.2023 ₹ 46,250<br>(Director State Saksharatha Mission Authority A/c No. 57026996123)<br>2. BRN 22150547000201520874 തീ.28.03.2023 ₹ 83,500<br>(Kerala State Literacy Mission Authority A/c No. 02880100113107) |

നഗരസഭയിലെ തുല്യത പഠിതാക്കൾക്കുള്ള ധനസഹായമായി പത്താംതരം തുല്യത കോഴ്സ് ഫീസായി 25 പേർക്ക് 1850 രൂപ വീതം 46250 രൂപയും ഹയർസെക്കന്ററി തുല്യത കോഴ്സ് ഫീസായി 29 പേർക്ക് 2500 രൂപ വീതം 72500 രൂപയും പ്ലസ് ടു വിന് 5 പേർക്ക് 2200 രൂപ വീതം 11,000 രൂപയും ചേർത്ത് ആകെ 129750/- രൂപ സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ (നം.57026996123 & 02880100113107) അക്കൗണ്ടിലേക്ക് കൈമാറുകയുണ്ടായി.

| ഇനം | പത്താംതരം | പ്ലസ് വൺ | പ്ലസ് ടു | ആകെ |
|---|---|---|---|---|
| പഠിതാക്കളുടെ എണ്ണം | 25 | 29 | 5 | 59 |
| കോഴ്സ് ഫീസ് | 1850 | 2500 | 2200 | 6550 |
| സംസ്ഥാന സാക്ഷരത മിഷന് കൈമാറിയ തുക | 46250 | 72500 | 11000 | 129750 |

1. 59 തുല്യത പഠിതാക്കൾക്കുളുടെ കോഴ്സ് ഫീസായി 129750 രൂപ സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. 59 ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. മേൽ പഠിതാക്കൾ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചതിന്റെ രേഖകൾ, പരീക്ഷ എഴുതിയതിന്റെ രേഖകൾ

(ഹാൾ ടിക്കറ്റ്) തുല്യത പരീക്ഷ പാസായതിന്റെ വിവരം എന്നിവ ഫയലിൽ ഇല്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3. ധനസഹായം അനുവദിച്ചവരിൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാത്തവരോ, കോഴ്സ് പൂർത്തീകരിക്കാത്തവരോ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 50 തീയതി 04.10.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-23 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ (എ.എം.സി) കുടിശ്ശികകാരനിൽ നിന്ന് തുക വസൂലാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | പ്രൊജക്ട് നം. 131/23 തെരുവ് വിളക്കിന്റെ വാർഷിക അറ്റകുറ്റപ്പണികൾ (എ.എം.സി) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1845280/-(വികസന ഫണ്ട്<br>(ധനകാര്യ കമ്മീഷൻ അവാർഡ് അടിസ്ഥാന വിഹിതം) |
| ആകെ ചെലവ് | 2022-23 (131/2023)<br>1366266<br>Vr.No.22200705/05.09.2022 ₹ 904946<br>Vr.No.22201060/17.11.2022 ₹ 461320<br>2023-24 (356/2024)<br>Vr.No.222300090/13.04.2023 ₹ 438255 |
| ക്വോട്ട് ചെയ്ത കരാർ തുക | 1845280(7.736% Below) |
| കരാറുകാരൻ | ശ്രീ രമേഷ്. ഇ.<br>പ്രൊപ്രൈറ്റർ, മെ. ഇറാൻ അസോസിയേറ്റ്സ് |
| എഗ്രിമെന്റ് തിയ്യതി | 23.12.2021 |
| ഫയൽ നം. | എ5-16752/21 |

തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി (എ.എം.സി) എന്ന പ്രവർത്തിക്ക് ഇ-ടെണ്ടർ ക്ഷണിച്ചതിൽ കുറവ് രേഖപ്പെടുത്തിയ ശ്രീ രമേഷ്. ഇ.യ്ക്ക് (പ്രൊപ്രൈറ്റർ, മെ. ഇറാൻ അസോസിയേറ്റ്സ്, രഞ്ജു, ബി.പി. അങ്ങാടി തിരൂർ-676102) പദ്ധതി നിർവ്വഹണത്തിന് കരാർ നല്കുകി. പദ്ധതി പരിശോധനയിൽ താഴെക്കാണുന്ന അപാകതകൾ കാണുന്നു.

1. എ5-16752/21 തിയ്യതി 30.09.2021 കത്ത് നമ്പറിൽ ചന്ദ്രിക ദിനപത്രം, ജനയുഗം ദിനപത്രങ്ങളിൽ ഉൾപേജിൽ തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി (എ.എം.സി) എന്ന പ്രവർത്തിക്ക് ഇ-ടെണ്ടർ പരസ്യം നല്കാൻ ആവശ്യപ്പെട്ടുകൊണ്ട് മേൽ സ്ഥാപനങ്ങൾക്ക് കത്ത് നല്കിയിട്ടുണ്ട്. മേൽ പ്രവർത്തിയ്ക്ക് രണ്ട് ടെണ്ടർ മാത്രമാണ് ലഭിച്ചത്. വിവിധ പത്രങ്ങളിൽ വ്യാപകമായ പരസ്യം നല്കിയിരുന്നുവെങ്കിൽ കൂടുതൽ പേർ ടെണ്ടറിൽ പങ്കെടുക്കുകയും കുറവ് തുക ക്വോട്ട് ചെയ്യുകയും ചെയ്യുമായിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം നടത്തുന്നത് 1997ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സ.ഉ. (പി).13/2012/പി.ഡബ്ലിയുഡി/01.02.2012) എന്നിവയുടേയും പദ്ധതി മാർഗ്ഗരേഖയുടേയും അടിസ്ഥാനത്തിലാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. കേരള പൊതുമരാമത്ത് ചട്ടങ്ങൾ (ചട്ടം 9) പ്രകാരം ടെണ്ടർ പരസ്യം 1 ലക്ഷം മുതൽ 10 ലക്ഷം വരെ മതിപ്പ് ചെലവുള്ള പ്രവർത്തികൾ പഞ്ചായത്ത്, നഗരസഭ പ്രദേശത്ത് എറ്റവും കൂടതൽ പ്രചാരമുള്ള ഒരു ദിനപത്രത്തിൽ, ആവശ്യമെങ്കിൽ മറ്റുപത്രങ്ങളിലും ടെണ്ടർ പരസ്യം നല്കേണ്ടതാണ്. എന്നാൽ താരതമ്യേന പ്രചാരം കുറഞ്ഞ മേൽ പത്രങ്ങളിൽ പരസ്യം നല്കിയത്.

മുൻ സാമ്പത്തിക വർഷങ്ങളിലും മേൽ കരാറുകാരൻ വിവിധ പദ്ധതികൾ നിർവ്വഹിച്ചിട്ടുണ്ട്. മേൽ വർഷങ്ങളിൽ വ്യാപകമായി പത്രപ്പരസ്യം നല്കാത്തതിനാൽ വളരെ കുറച്ച് മത്സരാധിഷ്ഠിത ടെണ്ടർ മാത്രമാണ് ലഭ്യമായത് .

2. 23.12.2021 നാണ് കരാറുകാരനുമായി നഗരസഭ കരാറിലേർപ്പെട്ടത്. ആയത് പ്രകാരമാണ് വർക്ക് ഓർഡർ നല്കിയിട്ടുള്ളതെന്ന് 03.06.2022 തിയ്യതിയിലെ ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മെയിന്റനൻസ് പ്രവർത്തികൾ കൌസിലർമാരുടെ നിർദ്ദേശപ്രകാരം 22.11.2021 മുതൽ ആരംഭിച്ചിട്ടുണ്ടെന്നും പ്രവർത്തിയുടെ കാലാവധി മുൻകാല പ്രാബല്യത്തോടെ 22.11.2021മുതൽ അനുവദിച്ച് തരണമെന്ന് കരാറുകാരന്റെ അപേക്ഷ കൌൺസിൽ 19.04.2022ലെ 14-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ വയ്ക്കുന്നതിനു മുമ്പ് പ്രവർത്തി തുടങ്ങിയത് അംഗീകരിക്കാനാവില്ല.

3. 24.11.2021 മുതൽ 21.05.2022 വരെ 179 ദിവസത്തിന് 904945/-രൂപയായി എ.എം.സി തുക നല്കുമ്പോൾ നിയമാനുസൃത നികുതികൾ കുറവു ചെയ്യുന്നതിനു പുറമെ R424839/2016 തീയതി 19.09.2019 അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കുറിപ്പിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള റവന്യൂ സെക്ഷനിലെ കുടിശ്ശിക കുറവ് വരുത്തണമെന്ന് എഞ്ചിനീയർ വിഭാഗം 30.06.2022 തിയ്യതിയിൽ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് പരിഗണിക്കാതെ പാർട്ട് ബില്ലായി 6,00,000/- രൂപ (വൗച്ചർ നം.22200496 തീ.21.07.2022) നൽകുകയാണുണ്ടായത്. തുടർന്ന് 05.09.2022 ന് അനുവദിച്ച പേയ്മെന്റിൽ പാർട്ട് ബില്ലായി അനുവദിച്ച 600,000 രൂപ നഗരസഭയിലേക്ക് ട്രാൻസ്ഫർ ചെയ്യുകയുണ്ടായി. കുടിശ്ശിക യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടാവുന്നു.

| | |
|---|---|
| വൗച്ചർ നം / തീയതി/ തുക | 22201705/05.09.2022 ₹ 904946 |
| M/s ഇറാൻ അസോസിയേറ്റ്സ് | 259700 |
| തിരൂർ നഗരസഭ | 600000 |
| ആദായ നികുതി | 18099 |
| ജി.എസ്.റ്റി | 18098 |
| കെ.ബി.ഒ.സി.ഡബ്ല്യു.ഡബ്ല്യു ബോർഡ് | 9049 |
| ആകെ | 904946 |

4. കംപ്ലൈന്റ് രജിസ്റ്റർ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മെയിന്റനൻസ് ആവശ്യമുള്ള വിളക്കുകളുടെ വിശദ വിവരം ലഭ്യമല്ല. കരാറുകാർ സമർപ്പിച്ച വർക്ക് ഷീറ്റാണ് ഫയലിൽ ഉള്ളത്. എന്നാൽ പ്രവർത്തന രഹിതമായ തെരുവ് വിളക്ക്, പോസ്റ്റ് നമ്പർ/പ്രദേശം/വാർഡ് വിവരം പരാതി നല്കുന്ന ആളുകളുടെ പേരും മേൽവിലാസവും, അറ്റകുറ്റപ്പണി നടത്തിയ തിയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ സാക്ഷ്യപത്രം എന്നീ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ/രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ കരാറുകാരൻ മെയിന്റനൻസ് ചെയ്ത വിളക്കുകൾ കേടുവന്നവയാണെന്ന് ഉറപ്പിക്കാൻ ഉതകുന്ന രേഖകൾ ഫയലിൽ ഇല്ല.

5. വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ, അതായത് 2017-18 ഖണ്ഡിക 3-15 സ്ട്രീറ്റ് ലൈറ്റ് ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് & പർച്ചേയ്സ് ഓഫ് സ്ട്രീറ്റ് ലൈറ്റ്സ്, 2018-19 ഖണ്ഡിക 1-23 തിരൂർ നഗരസഭയിലെ ഇ.എം.എസ്, സ്മാരക ചിൽഡ്രൻസ് പാർക്ക്, 2019-20സാമ്പത്തിക വർഷത്തിൽ ഖണ്ഡിക 3-1 നഗര സഭ ഓഫീസിലും ടൌൺ ഹാളിലും ജനറേറ്റർ സ്ഥാപിക്കൽ 2020-21 സാമ്പത്തിക വർഷത്തെ ഖണ്ഡിക 1-38 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി എന്നീ പ്രവർത്തികൾ നിർവ്വഹിച്ചും മേൽ കരാറുകാരനാണ്. മേൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ച അപാകത പരിഹരിക്കാതെയാണ് ശ്രീ. ഇ രമേഷിന് (പ്രൊപ്രൈറ്റർ, മെ. ഇറാൻ അസോസിയേറ്റ്സ്) വീണ്ടും കരാർ നല്കിയത്. ആയതിന് വിശദീകരണം നല്കേണ്ടതാണ്.

6. നഗരസഭ സെക്രട്ടറിയുടെ 19.10.2022 ലെ ആർ4-17014/10 Vol-II ഉത്തരവ് പ്രകാരം ശ്രീ രമേശ് ഇ (ഇറാൻ അസോസിയേറ്റ്സ്) നഗരസഭയിൽ ഒടുക്കാൻ അവശേഷിക്കുന്ന തുക താഴെ വിവരിച്ച പ്രകാരം നിശ്ചയിക്കുകയുണ്ടായി.

| ക്രമ നം. | ഇനം | തുക (₹) | റിമാർക്സ് |
|---|---|---|---|
| 1 | ഇ.എം.എസ്. | 258737 + | |

| | | | |
|---|---|---|---|
| | പാർക്ക്/പാർക്കിംഗ് ഫീസ് | നികുതി | |
| 2 | പഴയ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് | 2211330 + നികുതി + പിഴ | |
| 3 | ജനറേറ്റർ സ്ഥാപിക്കൽ | 63000 | |
| 4 | ആകെ | 2533067 നികുതി + പിഴ | നിയമാനുസൃത നികുതികളുടെ പിഴയും ഉൾപ്പെടാതെ |

മേൽ തീയതിയിൽ (19.10.2022) ടിയാന് സ്ട്രീറ്റ് ലൈറ്റ് എ.എം.സി ഇനത്തിൽ നൽകാനുണ്ടായിരുന്ന തുക തുടർന്നുള്ള ബില്ലിൽ നിന്ന് ഈടാക്കി. ഇപ്രകാരം 438301രൂപ നഗരസഭ അക്കൗണ്ടിലേക്ക് വരവ് വെക്കുകയുണ്ടായി.

| | |
|---|---|
| വൗച്ചർ നം / തീയതി/ തുക | 22201060/17.11.2022 ₹ 461320 |
| തിരൂർ നഗരസഭ | 438301 |
| ആദായ നികുതി | 9226 |
| ജി.എസ്.റ്റി | 9226 |
| കെ.ബി.ഒ.സി.ഡബ്ല്യു.ഡബ്ല്യു ബോർഡ് | 4567 |
| ആകെ | 461320 |

ബഹു. കൗൺസിലിന്റെ 17/01/2023 ലെ 01ാം നമ്പർ തീരുമാന പ്രകാരം ശ്രീ. രമേശ് ഇ M/s Iran Associates ന് സപ്ലിമെന്ററി എഗ്രിമെന്റ് (നം.80/2022-23 തീ. 09.02.2023) പ്രകാരം കരാർ കാലാവധി ഒരു മാസത്തേക്ക് കൂടി (09.03.2023 വരെ) നീട്ടി നൽകുകയുണ്ടായി. കുടിശ്ശിക തുക ടിയാന്റെ ബില്ലിൽ നിന്ന് വസൂലാക്കിയതിന് ശ്രീ. രമേശ് ഇ M/s Iran Associates കോടതിയെ സമീപിക്കുകയുണ്ടായി. ബഹു ഹൈക്കോടതിയുടെ 03.03.2023 ലെ WP(C) No. 39834/2022 നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും ബഹു കൗൺസിലിന്റെ തീരുമാനത്തിന്റ അടിസ്ഥാനത്തിലും ബില്ലിൽ നിന്ന് വസൂലാക്കിയ ₹438255 രൂപ 13.04.2023 ന് 22300090 നമ്പർ വൗച്ചർ പ്രകാരം ശ്രീ. രമേശ് ഇ M/s Iran Associates തിരിച്ച് നൽകുകയുണ്ടായി. മേൽ വിധിയ്ക്കെതിരെ നഗരസഭ അപ്പീലിന് പോയതിന്റെ വിശദാംശങ്ങൾ ഫയലിൽ നിന്ന് ലഭ്യമല്ല.

നഗരസഭ സെക്രട്ടറിയുടെ 19.10.2022 ലെ ആർ4-17014/10 Vol-II ഉത്തരവ് പ്രകാരം ശ്രീ രമേശ് ഇ (ഇറാൻ അസോസിയേറ്റ്സ്) നഗരസഭയിൽ ഒടുക്കാൻ അവശേഷിക്കുന്ന തുക 2533067 (നിയമാനുസൃത നികുതികളും പിഴയും ഒഴികെ) രൂപയാണ് എന്ന് കാണുന്നു. കുടിശ്ശിക സംബന്ധിച്ച നിലവിലെ വിവരവും കുടിശ്ശിക ഈടാക്കാൻ നഗരസഭ തുടർനടപടി സ്വീകരിച്ചതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക വരുത്തിയ കരാറുകാരന് വീണ്ടും പ്രവൃത്തി നൽകുന്നത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.42/03.10.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-24 ഉപയോഗ്യ ശൂന്യമായ യു.പി.എസ് ബാറ്ററികൾ മതിപ്പുവില കണക്കാക്കി ലേലം ചെയ്യാതെ കൈയൊഴിഞ്ഞു

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | പ്രൊജക്ട് നം. 342/2023<br>നഗരസഭാ യു.പി.എസ് കേടുവന്ന ബാറ്ററി എന്നിവ മാറ്റൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 168500/-(തനത് ഫണ്ട്) |
| ആകെ ചെലവ് | ₹ 168500<br>വൗ നം. 22201334തീയതി. 10.01.2023 ₹168500 |
| ഫയൽ നം. | എ5-22777/22 |

തിരൂർ നഗരസഭയിലെ കേടു വന്ന യു.പി.എസ്, ബാറ്ററി എന്നിവ മാറ്റുന്നതിന്റെ ഭാഗമായി ജെം മുഖാന്തിരം M/s

ഐ.ജി.എ ടെക് ഇന്റസ്ട്രിയൽ ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു യു.പി.എസും 10 ബാറ്ററിയും വാങ്ങിക്കുകയുണ്ടായി. ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | ഇനം | എണ്ണം | വില | ജി.എസ്.റ്റി % | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഓൺലൈൻ യു.പി.എസ് 5 KVA 120V Wtih Rack (Byeback Duducted Rs1000) | 1 | 49915 | 18 | 58900 | |
| 2 | ബാറ്ററി 12 V 150AH IGATECH TUBULAR (Byeback Duducted Rs20000) | 10 | 8562.5 | 28% | 109600 | |
| | | | | ആകെ | 168500 | |

കേടുവന്ന ബാറ്ററികളും യുപി.എസും എന്ത് ചെയ്തു എന്ന് ഫയലിൽ ഇല്ല. ടാക്സ് ഇൻവോയ്സിൽ ബൈബാക്ക് രീതിയിൽ എടുത്ത് കുറച്ചതായി കാണുന്നു. കേട് വന്ന ബാറ്ററികൾ ലേലം വിളിച്ച് പകരം മതിപ്പു വിൽക്കുന്നതിനു പകരം വില കാണിച്ച് വിതരണം ചെയ്ത കമ്പനിയ്ക്ക് തന്നെ നൽകുകയാണുണ്ടായത്.

അപാകതയ്ക്ക് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.45 തീയതി 04.10.2023) ലേലം വിളിച്ചാൽ ആയത് എടുക്കാൻ ആളുകളെ കിട്ടാതെ വരുന്ന സാഹചര്യം ഉള്ളതിനാലും ലേല പ്രചാരണത്തിന് കൂടുതൽ തുക ചെലവ് വരുമെന്നതിനാലുമാണ് ബൈബാക്ക് രീതിയിൽ ബാറ്ററികൾ കൈമാറിയത് എന്ന് മറുപടിയായി അറിയിച്ചു. മതിപ്പു വില കണക്കാക്കാതെ ബാറ്ററികൾ കൈമാറിയത് ശരിയായ രീതിയല്ല. നഗരസഭ ഫണ്ടിലേക്കുള്ള വരുമാനം കുറയുന്നതിന് ഇടയാക്കും. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-25-1 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക 911233 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (204/2023) New |
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭ സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ് 911233 |
| ചെലവ് | വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ് 911233 |

വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായി (പുതിയ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനും വൈദ്യുതി ലൈൻ വിദൂരങ്ങളിലേക്ക് എത്തിക്കുന്നതിനും) 2022-23 സാമ്പത്തിക വർഷത്തിൽ 9,11,233 രൂപ കെ.എസ്.ഇ.ബിയക്ക് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും പൂർത്തീകരണ വിവരമോ വിനിയോഗ സാക്ഷ്യപത്രമോ കെ.എസ്.ഇ.ബി.യിൽനിന്നും ലഭിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | ഫയൽ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക | ലൈൻ ദീർഘിപ്പിക്കൽ (വാർഡ് നമ്പർ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | PW2(A5)-19615/21 | 22200750/19.09.22 | 12036 | വാർഡ് 35 (സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഇലക്ട്രിക് പോസ്റ്റ് | KSEB ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക കരാർ ചമക്കാതെ |

| | | | | | |
|---|---|---|---|---|---|
| | | | | ലൈൻ നീട്ടുന്നത്) (പൂങ്ങോട്ടുകളം കെ.ജി പടി ഭാഗത്ത്) | ഡെപ്പോസിറ്റ് ചെയ്യുകയാണുണ്ടായത്. |
| 2 | PW1-2754/22 | 22201006/04.11.22 | 11583 | വാർഡ് 17 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് | -ടി- |
| 3 | PW2-17083/21 | 22201304/03.01.23 | 97964 | 1-ാം വാർഡിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് | -ടി- |
| 4 | PW2-19246/21 | 22201305/03.01.23 | 65844 | വാർഡ് 5 (സ്ട്രീറ്റ് ലൈറ്റ് ലൈൻ നീട്ടുന്നതിന്) | -ടി- |
| 5 | A5-8882/22 | 22201470/03.02.23 | 408917 | 22-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനും വൈദ്യുത ലൈൻ നീട്ടുന്നതിനും | -ടി- |
| 6 | PW2-14112/22 | 22201738/16.03.23 | 126454 | വാർഡ് 2 (സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കുന്നതിന് | -ടി- |
| 7 | PW1(A5)-14146/20 | ലഭ്യമല്ല | 188435 | ലഭ്യമല്ല. | ഫയൽ ഹാജരാക്കിയില്ല |
| | | ആകെ | 911233 | | |

സ.ഉ (കൈ) 86/2022/തസ്വഭവ. 19-04-22 പദ്ധതി മാർഗ്ഗരേഖ ഖ. 12-2 (സി Ii മുതൽ IV വരെ) പ്രകാരം KSEB യ്ക്ക് തുക മുൻകൂറായി നൽകുമ്പോൾ കരാറിലേർപ്പെടേണ്ടതാണ്. എന്നാൽ പണി എന്നു പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കികൊണ്ട് യാതൊരുവിധ ഉടമ്പടിയും നഗരസഭ കെ.എസ്.ഇ.ബിയുമായി വെക്കാതെയാണ് വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായി 911233/-രൂപ കെ.എസ്.ഇ.ബിയ്ക്ക് നല്കിയിട്ടുള്ളത്. മാത്രവുമല്ല തുക ഡെപ്പോസിറ്റ് ചെയ്തതല്ലാതെ പ്രവർത്തി ചെയ്യിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും നഗരസഭ പിന്നീട് യാതൊരുവിധ തുടർ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ/നിലവിലെ അവസ്ഥ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതിന്റെ വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതിനാൽ, ചെലവ് തുക 911233 തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.46 /04.10.2023) മറുപടി ലഭ്യമാക്കിയില്ല.

**1-25-2 വയോമിത്രം സാമൂഹ്യ സുരക്ഷാമിഷന് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക 10,00,000 രൂപ തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | വയോമിത്രം സാമൂഹ്യ സുരക്ഷാമിഷന് വിഹിതം നല്കൽ<br>(198/2023 New) |
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭ സെക്രട്ടറി |
| അടങ്കൽ | ₹10,00,000<br>(വികസന ഫണ്ട് - പൊതു. സാധാരണ വിഹിതം) |
| ചെലവ് | ₹10,00,000<br>(വികസന ഫണ്ട് - പൊതു. സാധാരണ വിഹിതം) |
| ബില്ല് നം. | നം.221505470002005323322 തീ.13.09.2022<br>₹10,00,000 |
| ഫയൽ നമ്പർ | എ5-15072/2022 |

2022-23 സാമ്പത്തിക വർഷം ₹10,00,000 കേരള സാമൂഹ്യ സുരക്ഷാ മിഷന് നഗരസഭ നല്കിയിട്ടുണ്ട്. സ.ഉ(സാധാ) നം.1209/2013 ത.സ്വ.ഭ.വ തീ. 06.05.2013 പ്രകാരം കേരള സാമൂഹിക സുരക്ഷാമിഷന് വിഹിതം നൽകുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ നഗരസഭ നല്കിയ ₹10,00,000 യുടെ കൈപറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (61 തീയതി 04.10.2023) 10 ലക്ഷം രൂപ സാമൂഹ്യ സുരക്ഷാമിഷന് നൽകിയിട്ടുള്ളതാണ് എന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും മറുപടിയായി അറിയിച്ചു. ചെലവ് തുക 10,00,000 രൂപ തടസ്സപ്പെടുത്തുന്നു.

### 1-25-3 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപിക്കൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക 3647000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (82/2023) SO |
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭ സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്<br>3665224 |
| ചെലവ് | വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്<br>3647000 |

നഗരസഭയിലെ വിവിധ വാർഡുകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കുടിവെള്ള പൈപ്പ്ലൈൻ നീട്ടി പരമാവധി ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. താഴെ വിവരിക്കുന്ന പട്ടിക പ്രകാരം കുടിവെള്ള പൈപ്പ്ലൈൻ നീട്ടുന്നതിന് 3647000/-രൂപ മുൻകൂറായി വാട്ടർ അതോറിറ്റിയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | ഫയൽ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക | ലൈൻ ദീർഘിപ്പിക്കൽ (വാർഡ് നമ്പർ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | PW2-19433/21 | 22200747/17.09.22 | 1,10,000 | വാർഡ് 35 (പൂങ്ങോട്ടുകുളം കെ.ജി പടി ഭാഗത്ത് കുടിവെള്ള പൈപ്പ്ലൈൻ | |

| | | | | | |
|---|---|---|---|---|---|
| | | | | ദീർഘിപ്പിക്കുന്നതിന്) | |
| 2 | PW1-495/22(A5) | 22200748/17.09.22 | 5,00,000 | വാർഡ് 26 ലെ കുത്തുപറമ്പ് കിഴക്ക് പടിഞ്ഞാറ് ഭാഗത്തുള്ള ഫൂട്പാത്ത് റോഡാക്കി മാറ്റിയപ്പോൾ റോഡിന്റെ മധ്യത്തിലായ കുടിവെള്ള പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് | |
| 3 | PW1-4038/21(A5) | 22200749/17.09.22 | 60,000 | വാർഡ് 16 ലെ ചോനാട്ടിൽ ഫുട്പാത്തിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് | |
| 4 | PW2-4882/22 & PW2-20310/21 & PW2-9272/22 | 22201562/09.02.23 | 115000 | വാർഡ് 36 ലെ അന്നാര, തുഞ്ചൻപറമ്പ് എന്നീ അംഗൻവാടികളിലേക്ക് കുടിവെള്ള കണക്ഷൻ (PW2-4882/22 ₹ 25,000)<br>വാർഡ് 36 ലെ പൊതു ടാപ്പിൽ നിന്നും വെള്ളം ഒഴുകി റോഡിൽ ചളിയും,വെള്ളവും കെട്ടി നിൽകുന്നതിനാൽ സമീപവാസികൾക്ക് ബുദ്ധിമുട്ടാക്കുന്നതിനാൽ ടി ടാപ്പ് മാറ്റി സ്ഥാപിക്കുന്നതിൻ (PW2-20310/21 ₹ 30,000)<br>17ാം വാർഡിലെ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (PW2-9272/22 ₹60,000) | |
| 5 | PW1/147/22 & | 22201558/09.02.23 | 52000 | വാർഡ് 21 ലെ ഡിസ്പെൻസറി റോഡിലെ പൊതുടാപ്പ് | |

| | | | | | |
|---|---|---|---|---|---|
| | PW1/9456/22 & PW2/16803/21 | | | 6 മീറ്റർ അകലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് (PW1/147/22 ₹7000) &വാർഡ് 18 ഒന്നാം നമ്പർ അംഗൻവാടിയിലേക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് (PW1/9456/22 ₹21,000) & വാർഡ് 33 ലെ പുതുതായി പണികഴിപ്പിച്ച വിഷ്ണു പാടം അംഗൻവാടിയിലേക്ക് (നം.35) കുടിവെള്ള കണക്ഷൻ എടുക്കുന്നതിനായി (PW2/16803/21 ₹24,000) | |
| 6 | PW2/14111/22 | 22201773/22.03.23 | 28,10,000 | വാർഡ് 2 ലെ കുരിക്കൾ റോഡിലേയും ടി.ഇ അബൂബക്കർ ഹാജി റോഡിലേയും 35 വർഷത്തിലധികം പഴക്കമുള്ള PHED വാട്ടർ പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് | |
| | | ആകെ | 3647000 | | |

സ.ഉ (കൈ) നം.86/2022 ത.സ്വ.ഭ.വ തീയതി 19.04.2022 പദ്ധതി മാർഗ്ഗരേഖ പ്രകാരം കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവയ്ക്ക് ഡെപ്പോസിറ്റ് തുക മുൻകൂർ അനുവദിക്കുമ്പോൾ നഗരസഭ ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിലേർപ്പെട്ടതിനു ശേഷമേ മുൻകൂർ തുക അനുവദിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഉടമ്പടി ഇല്ലാതെ വാട്ടർ അതോറിറ്റി സമർപ്പിക്കുന്ന എസ്റ്റിമേറ്റിലെ തുക തന്നെ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതായാണ് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നത്.

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരവും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതിന്റെ വിശദാംശങ്ങളും അപാകത സംബന്ധിച്ചുള്ള നഗരസഭയുടെ വിശദീകരണവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 47 തീയതി 04.10.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, ചെലവ് തുക 36,47,000 തടസ്സപ്പെടുത്തുന്നു.

**1-26 പയ്യനങ്ങാടി കുടിവെള്ള പദ്ധതി അപാകതകൾ**

ഫയൽ നമ്പർ - PW1-D5/200/21-22

പ്രോജക്ട് നമ്പർ - 200/22, 46/23 (സ്പിൽ ഓവർ)

അടങ്കൽ തുക - 1000000

ചെലവ് തുക - 937502

ബിൽ നമ്പർ - CO 22314447501 തീയതി 09-02-2023

വൗച്ചർ നമ്പർ - 22201561/09-02-2023

എം. ബുക്ക് നമ്പർ - 73/21-22

കരാറുകാരൻ - യൂസഫ്. പി

Cost Of Index - 36.44 (DSR – 2018)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

2021-22 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ (200/22) ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതിയാണ് പയ്യനങ്ങാടി കുടിവെള്ള പദ്ധതി. തിരൂർ നഗരസഭയിലെ 13-ാം വാർഡിലെ കുന്നമ്മൽ അങ്കണവാടിക്ക് മുകളിലായി കുടിവെള്ള പദ്ധതിക്കായി വാട്ടർ ടാങ്ക് നിർമ്മിക്കുന്നതാണ് പദ്ധതി. ടി പദ്ധതിയിൽ താഴെ ചേർത്ത അപാകതകൾ ഉള്ളതായി കാണുന്നു.

(A) പദ്ധതി പ്രവർത്തനസജ്ജമായില്ല.

കുടിവെള്ള പദ്ധതിക്കായി നിർമ്മിച്ച ടാങ്കിന്റെ പണി 01-10-2022 ന് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 04-11-2023 ന് നഗരസഭ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് വിഭാഗം സ്ഥലം പരിശോധിച്ചതിൽ നിലവിൽ കുടിവെള്ള വിതരണത്തിനായി ടാങ്ക് ഉപയോഗപ്പെടുത്തുന്നില്ലായെന്ന് വ്യക്തമായി. ടാങ്ക് പണി പൂർത്തീകരിച്ചുവെന്നത്കൊണ്ട് മാത്രം പദ്ധതി ലക്ഷ്യം കണ്ടുവെന്ന് വിലയിരുത്താനാവില്ല. ആയതിനാൽ ടാങ്ക് ഉപയോഗപ്പെടുത്തി കുടിവെള്ള വിതരണം നടത്തുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

(B) ജി.എസ്.ടി പൂർണ്ണമായും അടവാക്കിയില്ല.

എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ 02-09-22 ലെ DB3/9058/2017/CE/LSGD സർക്കുലർ പ്രകാരം 18-07-2022 ന് മുമ്പ് നടന്ന പ്രവൃത്തികൾക്ക് 12% ജി.എസ്.ടി യും 18-07-2022 ന് ശേഷം നടന്ന പ്രവൃത്തികൾക്ക് 18% ജി.എസ്.ടി. യും വേർതിരിച്ച് ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ഈ പ്രവൃത്തിയിൽ മൊത്തം 817429.13 രൂപയുടെ പ്രവൃത്തി മൂല്യത്തിന് 12% ജി.എസ്.ടി പ്രകാരം 98091.49/- കണക്കാക്കി. 18-07-2022 ന് ശേഷം നടന്ന 366351.368 രൂപയുടെ പ്രവൃത്തിക്ക് 6% അധിക ജി.എസ്.ടി നിരക്ക് തുകയായ 21981.07 രൂപയും അടവാക്കിയിട്ടുണ്ട്. എന്നാൽ എം. ബുക്ക് പരിശോധിച്ചതിൽ 18/07/22 ന് മുമ്പായി 334827.548/- രൂപയുടെ പ്രവൃത്തിയും 18-07-2022 ന് ശേഷം 482601.582 പ്രവൃത്തിയും നടന്നതായുമാണ് കാണുന്നത്. ആയത് പ്രകാരം 482601.582 രൂപയുടെ 6% 28956.09 രൂപ അടവാക്കേണ്ടതായിരുന്നു. എന്നാൽ 21981.07/- രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. 6975/- രൂപ ജി.എസ്.ടി ഇനത്തിൽ കുറവ് വന്നിരിക്കുന്നു. 18/07/22 ന് മുമ്പായി നടന്ന പ്രവൃത്തി മൂല്യങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക് (എം. ബുക്ക് പ്രകാരം) | തുക | എം. ബുക്ക് പേജ് നമ്പർ |
|---|---|---|---|---|---|
| 1 | 1 | 49.14 | 869/m$^2$ | 42702.66 | 43 |
| 2 | 2 | 24.958 | 653/m$^2$ | 16297.574 | 44 |
| 3 | 3 | 42.611 | 820/m$^2$ | 34941.02 | 45 |
| 4 | 5 | 4.176 | 10500/m$^3$ | 43848.00 | 46 |
| 5 | 6 | 7.939 | 11564 | 91806.596 | 46 |
| 6 | 7 | 1073.791 | 98/Kg | 105231.518 | 47 |
| | | | | 334827.368 | |

മേൽ അപാകതകൾ അറിയിച്ചുകൊണ്ട് 10-11-2023 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 74/22-23 പ്രകാരം ഓഡിറ്റ്

എൻക്വയറി നൽകിയിരുന്നുവെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല.

## 1-27 നഗരസഭയിലേക്ക് സാനിട്ടറി ഉപകരണങ്ങൾ വാങ്ങൽ - ചെലവുതുക 3,92,167/- രൂപ തടസ്സം ചെയ്യുന്നു

പ്രോജക്റ്റ് നമ്പർ : SO 007/23

ഫയൽ നമ്പർ : H3-16046/22

അടങ്കൽ : 5,00,000

ചെലവ് : 4,99,921

ഫണ്ട് ഇനം : ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പ്രത്യേക ഉദ്ദേശ ഗ്രാന്റ്)

ബിൽ നമ്പർ : 22150547004101536929 തീയതി 28-03-2023

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് സൂപ്പർവൈസർ

തിരൂർ നഗരസഭ ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് " ഹെൽത്ത് വിഭാഗത്തിലേക്ക് ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ ". ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്ത അപാകതകൾ ഉള്ളതായി കാണുന്നു.

1. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചാണ് പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ സ.ഉ(കൈ) നം.272/2021/തസ്വഭവ തീയതി 24-11-2021 പ്രകാരം (ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ) ശുചീകരണ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗപ്പെടുത്താനാവില്ല. മേൽ ഉത്തരവ് ഖണ്ഡിക 3.1 പ്രകാരം കുടിവെള്ളം, ശുചിത്വം, ഖരമാലിന്യ സംസ്കരണം എന്നീ മേഖലകളിലെ സേവന നിലവാരം (Service Level Benchmark) മെച്ചപ്പെടുത്തുന്നതിനാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആയതിൽ ശുചിത്വ ഉപകരണങ്ങൾ വാങ്ങൽ ഉൾപ്പെടുന്നില്ല.
2. പദ്ധതിയുടെ ഭാഗമായി 4,99,921/- രൂപ ചെലവ് ചെയ്ത് ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ശുചീകരണ ഉപകരണങ്ങൾ താഴെ ചേർത്ത ഇൻവോയ്സ് പ്രകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 165/25-03-23 | 3,44,684.74 |
| 2 | 166/25-03-23 | 71,409.79 |
| 3 | 167/25-03-23 | 39,269.07 |
| 4 | 168/25-03-23 | 44,557.48 |
| | | 4,99,921.08 |

മേൽ ഇൻവോയ്സുകളിൽ ക്രമ നമ്പർ (2), (3) എന്നിവ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ മാത്രമേ സ്റ്റോക്കിലെടുത്തിട്ടുള്ളൂ. ആയതിൽ തന്നെ ഇൻവോയ്സ് 167 ൽ ഉൾപ്പെട്ട Waste Bin – 25 എണ്ണം സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് 13-07-2023 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 25/2022-23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല. ആയതിനാൽ സ്റ്റോക്കിലെടുക്കാത്ത ഉപകരണങ്ങളുടെ തുകയായ 3,92,167/- രൂപ (344684.74 + 44557.48 + 2924.92) ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 1-28 വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം മൂലം പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കാതെ പോകുന്നു

2022-23 സാമ്പത്തിക വർഷത്തെ നഗരസഭാ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 40 പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ആയതിൽ 15 എണ്ണം നടപ്പിലാക്കാത്തതാണ്. വിശാദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രോജക്റ്റ് നമ്പർ | വിഭാഗം/മേഖല | പേര് | ഫണ്ടിനം | അടങ്കൽ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 356/2023 (NEW) | പൊതു വിഭാഗം - പശ്ചാത്തലം | തെരുവിളക്ക് വാർഷിക അറ്റകുറ്റപണികൾ എ.എം.സി | തനത് ഫണ്ട് | 400000 |
| 2 | 359/2023 (NEW) | പൊതു വിഭാഗം - പശ്ചാത്തലം | അല്ലാമ ഇക്ബാൽ സ്മാരക ലൈബ്രറിയിലേക്ക് ഫർണിച്ചർ വാങ്ങൽ | വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ് | 100000 |
| 3 | 374/2023 (NEW) | പൊതു വിഭാഗം - സേവനം | നഗരസഭയിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | മറ്റുള്ളവ | 800018 |
| 4 | 306/2023 (NEW) | പൊതു വിഭാഗം - സേവനം | അർബൻ ഹെൽത്ത് വെൽനെസ്സ് സെന്ററുകൾ അർബൻ പോളി ക്ലിനിക്ക് എന്നിവ സജ്ജീകരിക്കൽ | ഫണ്ടിനം ഇല്ല | 11800000 |
| 5 | 308/2023 (NEW) | പൊതു വിഭാഗം - പശ്ചാത്തലം | നഗസഭാ ഓഫീസിലേക്ക് വാഹനം വാങ്ങൽ | തനത് ഫണ്ട് | 1300000 |
| 6 | 263/2023 (NEW) | പൊതു വിഭാഗം - സേവനം | ജി.എൽ.പി സ്കൂൾ തൃക്കണ്ടിയൂർ സൗണ്ട് സിസ്റ്റം | മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 200000 |
| 7 | 264/2023 (NEW) | പൊതു വിഭാഗം - സേവനം | ഏഴൂർ ഗവ ഹയർ സെക്കന്ററി സ്കൂളിൽ സൗണ്ട് സിസ്റ്റം | മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 200000 |
| 8 | 265/2023 (NEW) | പൊതു വിഭാഗം - സേവനം | ജി.എൽ.പി സ്കൂൾ തൃക്കണ്ടിയൂർ കമ്പ്യൂട്ടർ ലാബ് നവീകരണം | മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 200000 |
| 9 | 267/2023 (NEW) | പൊതു വിഭാഗം - സേവനം | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനത്തിന് ധനസഹായം | തനത് ഫണ്ട് | 20000 |
| 10 | 268/2023 (NEW) | പൊതു വിഭാഗം - സേവനം | സ്കൂളുകളിൽ പ്രീപ്രൈമറിക്ക് കളി ഉപകരണങ്ങൾ | മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 200000 |
| 11 | 83/2023 (SO) | പൊതു വിഭാഗം - സേവനം | വാതിൽപ്പടി സേവനം | തനത് ഫണ്ട് | 200000 |
| 12 | 114/2023 (SO) | പൊതു വിഭാഗം - സേവനം | ജി.എൽ.പി.എസ് അന്നാര കളിയുപരണങ്ങൾ വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 100000 |
| 13 | 115/2023 (SO) | പൊതു വിഭാഗം - സേവനം | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് - | 1000000 |

| | | | | | |
|---|---|---|---|---|---|
| | | | | റോഡിതരം | |
| 14 | 116/2023 (SO) | പൊതു വിഭാഗം - സേവനം | സ്കൂളുകളിൽ പാചകപാത്രങ്ങൾ വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 500000 |
| 15 | 117/2023 (SO) | പൊതു വിഭാഗം - സേവനം | ജി.ബി.എച്ച്.എസ്.എസ് കമ്പ്യൂട്ടർ ലാബ് നവീകരണം | മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 500000 |
| | | | | | 17520018 |

മേൽ പദ്ധതികൾ നടപ്പിലാക്കാത്തതിന്റെ കാരണവും 2023-24 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശാദാംശവും കാരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (48/04.10.2023) വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏഴൂർ ജി.എച്ച്.എസ്.എസ് പ്രിൻസിപ്പാളിന് ഡി.ഡി.ഒ കോഡ് ലഭ്യമാകാത്ത സാഹചര്യത്തിൽ 2023 ഫെബ്രുവരി അവസാനത്തോടെ ബഹു. കൗൺസിൽ തീരുമാനത്തോടെ പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി എന്നും പദ്ധതി ആരംഭിച്ചെങ്കിൽ പൂർത്തീകരിക്കാൻ സാധിച്ചില്ല എന്നും ഇത് മൂലം നഗരസഭയ്ക്ക് യാതൊരു വിധ സാമ്പത്തിക നഷ്ടവുമുണ്ടായിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. വ്യക്തമായ ആസൂത്രണത്തിന്റെ അഭാവമാണ് ഇത്രയധികം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കാതെ പോയത്. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-29 നഗരസഭ ചിൽഡ്രൻസ് ലൈബ്രറി കെട്ടിടം തിരൂർ പ്രസ്സ് ക്ലബ്ബിന് താത്കാലികമായി അനുവദിച്ചതിലെ അപാകതകൾ

ഫയൽ നമ്പർ. ആർ4-17824/20

2000 മുതൽ 2018 വരെ പൊതുമരാമത്ത് വിശ്രമ കേന്ദ്രത്തിലെ അനുബന്ധ കെട്ടിടത്തിലായിരുന്ന തിരൂർ പ്രസ് ക്ലബ്ബ് പ്രവർത്തിച്ചിരുന്നത് എന്നും പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് കെട്ടിടം പുനർനിർമ്മിക്കേണ്ടി വന്നതിനാൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടത്തിൽ ഭീമമായ വാടക നൽകിയാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും കൊറോണ സാഹചര്യത്തിൽ വാർത്താ സമ്മേളനത്തിൽ നിന്ന് ലഭിക്കുന്ന വരുമാനം മാത്രമാണ് ഇപ്പോൾ കിട്ടുന്ന വരുമാനമെന്നും ആയതിനാൽ നഗരസഭയുടെ ടൗൺ ഹാളിലുള്ള ചിൽഡ്രൻസ് ലൈബ്രറി കെട്ടിടം താത്കാലികമായി അനുവദിച്ച് തരണമെന്നും പ്രസ് ക്ലബ് സെക്രട്ടറി ശ്രീ എം.പി മുഹമ്മദ് റാഫി 26.10.2020 ന് നഗരസഭയോട് അപേക്ഷിക്കുകയുണ്ടായി. 05.11.2020 ൽ കൂടിയ കൗൺസിലിന്റെ 9ാം നമ്പർ തീരുമാന പ്രകാരം വാഗൺ ട്രാജഡി ഹാളിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ലൈബ്രറി കെട്ടിടത്തിലെ ഒഴിവുള്ള ഒരു മുറി തിരൂർ പ്രസ് ക്ലബ്ബിന് താത്കാലികമായി ആറ് മാസത്തേക്ക് 30,000 രൂപ മുൻകൂറായി അടവാക്കി അനുവദിക്കുന്നതിന് തീരുമാനമെടുക്കുകയുണ്ടായി. എന്നാൽ, 30,000 രൂപ ഒരുമിച്ച് അടയ്ക്കാൻ പ്രസ് ക്ലബ്ബിന് ഇന്നത്തെ അവസ്ഥയിൽ കഴിയില്ലാത്തതിനാൽ പ്രതിമാസ വാടക രൂപത്തിൽ അടവാക്കുന്നതിന് അനുവദിച്ചു നൽകുന്നതിന് പ്രസ് ക്ലബ്ബ് സെക്രട്ടറി ശ്രീ മുഹമ്മദ് റാഫി 30.11.2020 ന് നഗരസഭ സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആദ്യ ഗഡു വാടക 5000 രൂപ (900 രൂപ -ജി.എസ്.റ്റി 18%, 50 രൂപ ഫ്ലഡ് സെസ്) എന്നിവ സഹിതം ₹5950 അദർ ഫീസ് എന്ന ഹെഡിൽ 20.11.2020 ന് 120010112027 നമ്പർ പ്രകാരം അടവാക്കിയ രശീതി, കരാർ ഉടമ്പടി എന്നിവ പ്രസ് ക്ലബ്ബ് സെക്രട്ടറി ഹാജരാക്കുകയുണ്ടായി. കരാറിലെ വ്യവസ്ഥകളിൽ 37/1338 G എന്ന നമ്പറിലുള്ള നഗരസഭ ലൈബ്രറി കെട്ടിടം (119 M2) 6 മാസത്തേക്ക് 5000+18%GST+1%Flood Cess മുൻകൂറായി വാടക നൽകണമെന്നും ആയതിന്റെ ആദ്യ ഗഡു 01.12.2020ന് നൽകേണ്ടതാണെന്നും എല്ലാ മാസത്തേയും വാടക അതത് മാസം 1ാം തീയതിയോ അതിനു മുമ്പോ നൽകണമെന്നും ടി കെട്ടിടത്തിനും വളപ്പിനും നൽകേണ്ടതായി വരുന്ന എല്ലാ കരവും ചാർജ്ജുകളും നൽകണമെന്നും നഗരസഭയുടെ മുൻകൂർ അനുമതിയില്ലാതെ യാതൊരു മാറ്റം വരുത്തലുകൾ നടത്തില്ലായെന്നുമുള്ള ഹാജരാക്കുമെന്ന കരാർ പ്രസ് ക്ലബ്ബ് സെക്രട്ടറി സമർപ്പിച്ചത് നഗരസഭ സെക്രട്ടറി 01.12.2020ന് ഒപ്പുവെച്ചതായി കാണുന്നു. അഡ്വാൻസ് 30,000 രൂപ ഈടാക്കാനായിരുന്നു കൗൺസിൽ തീരുമാനം. വാടക സംബന്ധിച്ച് കരാർ ചമയ്ക്കുന്ന സമയത്ത് നിശ്ചയിക്കേണ്ടതായിരുന്നു. അതിന് പകരം അഡ്വാൻസ് തുക 5000 രൂപയുടെ ഗഡുക്കളായി മാറ്റുന്നതിനുള്ള പ്രസ് ക്ലബ്ബ് അധികൃതർ അപേക്ഷയും ആദ്യ

ഗഡു 5000 രൂപ അദർ ഫീസ് ഇനത്തിൽ അടവാക്കിയതിന്റെ രസീതിയും അഡ്വാൻസ് തവണകളായി അടവാക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയ കരാർ അംഗീകരിച്ച് ഒപ്പുവെക്കുകയാണുണ്ടായത്. ഇത് മൂലം വാടക ഇനത്തിൽ എത്ര തുകയാണെന്ന് ഈടാക്കേണ്ടത് എന്ന് നിശ്ചയിക്കുകയുണ്ടായില്ല. ഗഡുക്കളാക്കിയതും വാടക പി.ഡബ്ല്യൂ.ഡി നിരക്കിൽ നിശ്ചയിക്കാതെ മുറി പ്രസ് ക്ലബിന് അനുവദിച്ച് നൽകിയതും കൗൺസിൽ തീരുമാനമില്ലാത്തതാണ്. 119 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ലൈബ്രറി കെട്ടിടത്തിലെ രണ്ട് മുറികളും കേരള മുനിസിപ്പാലിറ്റി നിയമം, സെക്ഷന് 215 (സി) പ്രകാരം പരസ്യ ലേലം/ടെണ്ടർ നടപടികൾ കൂടാതെ, വൈദ്യുതി ചാർജ് ഈടാക്കാതെ മുറി അനുവദിച്ചത് നിയമത്തിന് വിരുദ്ധമാണ്. അഡ്വാൻസ് തുകയായ 30,000 രൂപ പോലും സമയബന്ധിതമായി (ഗഡുക്കളായി പ്രസ് ക്ലബ്ബ് അപേക്ഷിച്ചതനുസരിച്ച് 01.12.2020 മുതൽ 01.05.2021 വരെ) അടവാക്കുകയുണ്ടായില്ല.

ആറ് മാസക്കാലാവധി അവസാനിച്ചതിനെ തുടർന്ന് 26.08.2020 ന് ആർ4-17824/20 നമ്പർ പ്രകാരം മുറി ഒഴിയുന്നതിനും കുടിശ്ശിക വാടക അടവാക്കുന്നതിനും പ്രസ് ക്ലബ് സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകുകയുണ്ടായി. സമയബന്ധിതമായി നോട്ടീസ് നൽകാത്തതിനാൽ 05/2020 ന് ശേഷം രണ്ട് മാസം കൂടി ചിൽഡ്രൻസ് ലൈബ്രറി കെട്ടിടത്തിൽ തുടരുവാൻ പ്രസ് ക്ലബിനെ അനുവദിച്ചു. അഡ്വാൻസ് ഇനത്തിലെ 30,000 രൂപ അടവാക്കേണ്ടതിന് പകരം 25,000/- രൂപ (നികുതികൾ ഉൾപ്പെടെ) മാത്രമാണ് അടവാക്കിയത്. 26-08-2021 ന് മുറി ഒഴിയാൻ നഗരസഭ നോട്ടീസ് നൽകിയെങ്കിലും പ്രസ് ക്ലബ് താക്കോൽ തിരികെ നൽകുകയോ വാടക കുടിശ്ശിക അടവാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ നഗരസഭ സെക്രട്ടറി 10.09.2021 ന് റൂം പൂട്ടിയെടുക്കുന്നതിന് റവന്യൂ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. താത്കാലിക കാലാവധി 31.05.2021 ന് കഴിഞ്ഞിട്ടും റൂം പൂട്ടി കീ നഗരസഭയിൽ തിരിച്ചേൽപ്പിക്കുകയോ കുടിശ്ശിക പൂർണ്ണമായും അടവാക്കുകയോ ചെയ്യാത്തതിനാൽ 15/09/2021 ന് 12.30 പി.എം ന് നഗരസഭ റവന്യൂ ഇൻസ്പെക്ടർ മുറി ഏറ്റെടുത്ത് മഹസ്സർ റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. റിപ്പോർട്ട് പ്രകാരം അവിടെയുണ്ടായിരുന്ന സ്ഥാവരജംഗമ വസ്തുക്കളുടെ ലിസ്റ്റിൽ 37 കസേര, 2 ടേബിൾ ഫാൻ, 6 സീലിംഗ് ഫാൻ, 8 ട്യൂബ് ലൈറ്റ്, അലമാര, ടി.വി സ്റ്റാന്റ്, പോഡിയം, കാരം ബോർഡ്, വാട്ടർ പ്യൂരിഫയർ, കോൺഫറൻസ് ടേബിൾ, സ്പോട്ട് ലൈറ്റ്, കമ്പ്യൂട്ടർ - ഡെൽ, സി.പി.യു , പ്രിന്റർ, ക്ലോക്ക്, റാക്ക് എന്നിവ ഉൾപ്പെട്ടിരിന്നു.

തിരൂർ നഗരസഭ വാഗൺ സ്മാരക ടൗൺഹാളിന് സമീപം പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന തിരൂർ പ്രസ് ക്ലബ് പ്രവർത്തന കാലാവധി നീട്ടിത്തരണമെന്നും അതോടൊപ്പം പുതുതായി തിരഞ്ഞെടുത്ത പ്രസ് ക്ലബ്ബ് ഭാരവാഹികൾക്ക് കെട്ടിടത്തിന്റെ ചാവി കൈമാറണമെന്നും പുതിയ പ്രസ് ക്ലബ് ഭരണ സമിതി സെക്രട്ടറി ശ്രീ എ.പി ഷഫീഖ് 15.09.2021 ന് നഗരസഭ സെക്രട്ടറിയ്ക്ക് അപേക്ഷ നൽകുകയുണ്ടായി. ഇതിനെ തുടർന്ന്, പുതിയ പ്രസ് ക്ലബ്ബ് ഭാരവാഹികൾ നിലവിൽ വന്നതിനാലും അടവാക്കാനുള്ള കുടിശ്ശിക രണ്ട് ഗഡുക്കൾ ആയി അടവാക്കി റൂം പുതിയ ഭരണസമിതിയ്ക്ക് കൈമാറുന്നതിനും നഗരസഭ ചെയർപേഴ്സൺ കൗൺസിലിന്റെ അനുമതി പ്രതീക്ഷിച്ച് 6 മാസക്കാലത്തേയ്ക്ക് കൂടി മുൻകൂറായി അനുമതി നൽകുകയുണ്ടായി.

18-09-2021 ലെ കൗൺസിൽ യോഗത്തിൽ 40-ാം നമ്പർ തീരുമാനപ്രകാരം ചെയർപേഴ്സൺ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുകയുണ്ടായി. തുടർന്ന് 05/2021 ലെ വാടക കുടിശ്ശിക 5000 രൂപ 20.09.2021 ന് പ്രസ് ക്ലബ്ബ് അധികൃതർ അടവാക്കുകയുണ്ടായി. പുതുതായി അനുവദിച്ച 6 മാസക്കാലയളവ് 2021 ജൂൺ മാസം മുതൽ 2021 നവംബർ മാസം വരെയാണ്. മുഹമ്മദ് ഷഫീഖ്. എ.പി എന്ന വ്യക്തിയുടെ പേരിൽ 18/09/21 ന് പ്രസ് ക്ലബ് സെക്രട്ടറി ഒപ്പിട്ട 200 രൂപയുടെ മുദ്ര പത്രത്തിലുള്ള കരാറിൽ വാടക നിരക്കോ ഏത് തീയതി മുതൽ വാടകക്ക് എന്നോ രേഖപ്പെടുത്താതെ അപൂർണ്ണമായി ഫയലിൽ വെച്ചിട്ടുണ്ട്. കരാറിൽ നഗരസഭ സെക്രട്ടറി ഒപ്പു വെച്ചതായി കാണുന്നില്ല. പുതിയ പ്രസ് ക്ലബ് ഭരണ സമിതിയും സമയബന്ധിതമായി വാടക അടവാക്കുകയോ സമയ പരിധിക്ക് ശേഷം നഗരസഭക്ക് മുറി ഒഴിഞ്ഞു കൊടുക്കുകയോ ചെയ്തില്ല. 2021 ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ വാടക 24.12.2022 നാണ് പ്രസ് അധികൃതർ അടവാക്കുന്നത്. കൗൺസിൽ അനുവദിച്ച ആറ് മാസക്കാലയളവിലെ സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ വാടക അടവാക്കിയില്ല. എന്നാൽ താത്കാലിക കാലാവധി (11/2021) അവസാനിച്ചതിന് ശേഷം നഗരസഭ റൂം വീണ്ടെടുക്കാനുള്ള നടപടി യഥാസമയം സ്വീകരിക്കുകയുണ്ടായില്ല. 03.01.2022 ന് കുടിശ്ശിക അടച്ച തീർക്കുന്നതിനും താക്കോൽ തിരിച്ചേൽപ്പിക്കുന്നതിനും പ്രസ് സെക്രട്ടറിയ്ക്ക് അറിയിപ്പ് നൽകുകയുണ്ടായി. പ്രസ് അധികൃതർ യാതൊരു മറുപടിയും നൽകാത്തതിനെ തുടർന്ന് 21.06.2022, 27.07.2022, 28.10.2022 എന്നീ തീയതികളിൽ പ്രസ് ക്ലബ്ബ് സെക്രട്ടറിയ്ക്ക് കുടിശ്ശിക വാടക അടവാക്കുന്നതിന് അന്തിമ നോട്ടീസ് നോട്ടീസ് നൽകുകയുണ്ടായി. കരാർ

പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ, കുടിശ്ശിക ഒടുക്കുകയോ ചെയ്യിട്ടില്ലാത്ത സാഹചര്യത്തിൽ നവംബർ രണ്ടിനകം വാടക കുടിശ്ശികയും ടി കെട്ടിടത്തിന്റെ താക്കോലും തിരിച്ചേൽപ്പിക്കേണ്ടതാണെന്നും വീഴ്ചയുണ്ടാവുന്ന പക്ഷം പ്രസ് ക്ലബ്ബ് സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനോടൊപ്പം മുറി പൂട്ടി സീൽ ചെയ്യുന്നതാണ് എന്ന് 28.10.2022 ലെ അന്തിമ നോട്ടീസിലൂടെ പ്രസ് ക്ലബ്ബ് സെക്രട്ടറിയെ അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ ഒരു വർഷത്തോളം കാലം (12/2021 മുതൽ 11/2022 വരെ) കരാർ പുതുക്കാതെ മുറി പ്രസിന് അനുവദിക്കുകയുണ്ടായി.

2022 സെപ്റ്റംബർ, ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ വാടക അടവാക്കി കുടിശ്ശിക തീർത്തതിനാൽ കരാർ പുതുക്കി നൽകണമെന്ന് പ്രസ്സ് അധികൃതർ 17.11.2022 ന് നഗരസഭയ്ക്ക് കത്ത് നൽകുകയുണ്ടായി. ഇതേ തുടർന്ന് 15.02.2023 ൽ കൂടിയ കൗൺസിലിന്റെ രണ്ടാം നമ്പർ തീരുമാന പ്രകാരം കരാർ പുതുക്കേണ്ടതില്ലായെന്നും ഉചിതമായ സ്ഥലം നഗരസഭയിലെ മറ്റു കെട്ടിടത്തിൽ കണ്ടെത്തി അറിയിക്കുന്ന പക്ഷം ആയത് പ്രസ് ക്ലബ്ബിന് അനുവദിക്കുന്നതിനും തീരുമാനമെടുക്കുകയുണ്ടായി. മുറി തിരികെ ഏൽപ്പിക്കുന്നതിന് 18.05.2023 ന് അന്തിമ നോട്ടീസ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത നോട്ടീസിൽ 3 ദിവസത്തിനകം പ്രസ് ക്ലബ്ബ് പ്രവർത്തിക്കുന്ന നഗരസഭ മുറി പൂട്ടി താക്കോൽ തിരിച്ചേൽപ്പിച്ചില്ലെങ്കിൽ ഇനിയോരറിയിപ്പില്ലാതെ നഗരസഭ മുറി പൂട്ടി സീൽ ചെയ്ത് ഏറ്റെടുക്കുന്നതാണെന്ന് അറിയിക്കുയുണ്ടായി. ആയതിന് മറുപടി ലഭ്യമാക്കാതെ അനധികൃതമായി കൈവശം വെച്ചതിനെ തുടർന്ന് മുറി പൂട്ടി സീൽ ചെയ്യുന്നതിന് 02.06.2023 റവന്യൂ ഇൻസ്പെക്ടറെ നഗരസഭ സെക്രട്ടറി ചുമതലപ്പെടുത്തുകയുണ്ടായി. 02.06.2023 ന് നഗരസഭ ചുമതലപ്പെടുത്തിയ റവന്യൂ ഇൻസ്പെക്ടർ പോലീസ് ഓഫീസറേയും കൂട്ടി പോയ സമയത്ത് ഇരുപതോളം വരുന്ന ആളുകൾ മുറി പൂട്ടുന്നത് തടയുകയും പ്രസ് ക്ലബ്ബ് പുതിയ കെട്ടിടത്തിലേക്ക് മാറുകയാണെന്നും ആയതിന് 6 മാസത്തെ സാവകാശം വേണമെന്നും പ്രസ് ക്ലബ്ബ് സെക്രട്ടറി അറിയിക്കുകയുണ്ടായി എന്നും മുറി പൂട്ടാതെ തിരികെ പോരേണ്ടി വന്നു എന്നും റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. 03.06.2023ന് കെട്ടിടം പ്രസ് ക്ലബ്ബ് അംഗങ്ങൾ പൂട്ടിയിരിക്കുന്നതിനാലും പുതിയ പൂട്ട് ഉപയോഗിച്ച് പൂട്ടാൻ സാധിക്കാത്തതിനാലും പ്രസ് ക്ലബ്ബ് അംഗങ്ങൾ പൂട്ടിയ അതേ പൂട്ട് നിലനിർത്തി സീൽ ചെയ്യുകയും നോട്ടീസ് വാതിലിൽ പതിപ്പിക്കുകയും ചെയ്തു. 06.06.2023 ന് വാടകക്കാർ സീൽ പൊട്ടിച്ച് അനധികൃതമായി കൈയേറുകയുണ്ടായി. നഗരസഭ സെക്രട്ടറി മേൽ അനധികൃത കയ്യേറ്റത്തിന് നടപടി സ്വീകരിക്കാൻ തിരൂർ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് 06.06.2023ന് കത്ത് നൽകുകയുണ്ടായി. കെട്ടിടം കൈവശം തുടരുന്നതിനെ യാതൊരു വിധത്തിലും തടസ്സപ്പെടുത്താതിരിക്കുന്നതിനും ബലം പ്രയോഗിച്ച് കെട്ടിടത്തിൽ നിന്ന് ഒഴിപ്പിക്കുന്നത് നിരോധിക്കുന്നതിനും ഇൻജങ്ക്ഷൻ ഉത്തരവ് ആവശ്യപ്പെട്ട് തിരൂർ മുൻസിഫ് കോടതി മുമ്പാകെ 06.06.2023ന് ഒ.എസ് 135/2023 നമ്പർ പ്രകാരം നഗരസഭയെ പ്രതി ചേർത്ത് പ്രസ് ക്ലബ്ബ് സെക്രട്ടറി കേസ് ഫയൽ ചെയ്യുകയുണ്ടായി.

മുറി പൂട്ടി സീൽ ചെയ്യുന്നതിന് 20.07.2023 റവന്യൂ ഇൻസ്പെക്ടറെ നഗരസഭ സെക്രട്ടറി ചുമതലപ്പെടുത്തിയതിനെ തുടർന്ന് 21.07.2023 ന് വീണ്ടും മുറി പൂട്ടി സീൽ ചെയ്യുകയുണ്ടായി. 29.07.2023 ന് നഗരസഭ ജീവനക്കാർ ഡ്യൂട്ടിയിൽ വരുന്ന സമയത്ത് കെട്ടിടത്തിന്റെ പൂട്ട് പൊളിച്ച നിലയിൽ കണ്ടെത്തിയതിനെ തുടർന്ന് അനധികൃത കയ്യേറ്റത്തിന് നടപടി സ്വീകരിക്കാൻ തിരൂർ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നഗരസഭ സെക്രട്ടറി കത്ത് നൽകുകയുണ്ടായി. 30.09.2023 ന് കോടതി കേസ് പരിഗണിച്ചപ്പോൾ കരാർ പുതുക്കാതെയും വാടക സമയബന്ധിതമായി അടക്കാതെ ഇരുന്നതും നോട്ടീസ് കൊടുത്തിട്ടും റൂം ഒഴിവാകാതെ, സീൽ ചെയ്ത പൂട്ട് പൊട്ടിച്ച അനധികൃതമായി റൂം കയ്യേറിയതും കോടതിയ്ക്ക് ബോധ്യപ്പെട്ടതിനാൽ പ്രസ് ഭാരവാഹികൾ നൽകിയ കേസ് തള്ളിപ്പോവുകയാണുണ്ടായത്. കോടതി വിധി അനുകൂലമായതിനെ തുടർന്ന് മുറി പൂട്ടി സീൽ ചെയ്യുന്നതിന് വീണ്ടും 20.10.2023 റവന്യൂ ഇൻസ്പെക്ടറെ നഗരസഭ സെക്രട്ടറി ചുമതലപ്പെടുത്തിയതിനെ തുടർന്ന് 21.10.2023 ന് വീണ്ടും മുറി പൂട്ടി സീൽ ചെയ്യുകയുണ്ടായി. റവന്യൂ ഇൻസ്പെക്ടർ തയ്യാറാക്കിയ മഹസ്സർ റിപ്പോർട്ട് പ്രകാരം അവിടെയുണ്ടായിരുന്ന സ്ഥാവരജംഗമ വസ്തുക്കളുടെ ലിസ്റ്റിൽ കമ്പ്യൂട്ടർ, പ്രിന്റർ, ഓഫീസ് ടേബിൾ, കസേര (30), ഫയൽ റാക്ക്, ട്രോഫികൾ(2), മെമെന്റോ (5), നെറ്റ് വർക്ക് മോഡം, സീലിംഗ് ഫാൻ (6), ബ്ലൂ സ്റ്റാർ വാട്ടർ പ്യൂരിഫയർ, സി.സി.ടി.വി, ഇരുമ്പ് ഷെൽഫ്, കാരം ബോർഡ്, കമ്പ കയർ, വീഡിയോ കോൺ ടി.വി, സെറ്റ് അപ് ബോക്സ്, ഇൻവർട്ടർ, പി.എ സിസ്റ്റം ആംപ്ലിഫയർ, വാൾ ഹങ് സ്പീക്കർ (2), സ്പോട്ട് ലൈറ്റ്(2), ട്രൈപോഡ്, സ്പ്ലിറ്റ് എ.സി (2) ഉൾപ്പെട്ടിരിന്നു. പ്രസ് അധികൃതർ വീണ്ടും പൂട്ട് പൊളിച്ച് അകത്തു കയറുകയുണ്ടായി. നഗരസഭ അധികാരികൾ വീണ്ടും സീൽ ചെയ്യുകയുണ്ടായി.

അപാകതകൾ

1. 5-11-2020 ലെ 9-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരമാണ് ആദ്യ തവണ കെട്ടിടം പ്രസ്സ് ക്ലബ്ബിന് അനുവദിച്ച നൽകിയത്. 30,000/- രൂപ അഡ്വാൻസ് അടവാക്കി നിബന്ധനകളോടെ കരാർ ചമച്ച് മുറി അനുവദിക്കാനാണ് കൗൺസിൽ തീരുമാനിച്ചത്. എന്നാൽ, ആയതിനു വിപരീതമായി നഗരസഭയുടെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കാതെ പ്രസ് ക്ലബ് സെക്രട്ടറി സമർപ്പിച്ച അപേക്ഷയും കരാർ ഉടമ്പടിയും അതിലെ വ്യവസ്ഥകളും അംഗീകരിച്ച് നഗരസഭ സെക്രട്ടറി കരാറിൽ ഒപ്പു വെക്കുകയാണുണ്ടായത്. ഇത് മൂലം 30,000 രൂപ മുൻകൂർ തുക ഗഡുക്കളായാണ് ഈടാക്കിയത് കൂടാതെ യാതൊരു തുകയും വൈദ്യുതി ചാർജ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ചില്ല. നഗരസഭയുടെ ഹൃദയഭാഗത്ത് വാടക നിശ്ചയിച്ച് നൽകാത്താതിനാൽ ഫെയർവാല്യൂ അടിസ്ഥാനത്തിൽ മാസം 50000 രൂപയിലധികം (119M2) വാടക ഇനത്തിൽ ലഭിക്കേണ്ട തുകയാണ് നഗരസഭയ്ക്ക് നഷ്ടമായത്. കൂടാതെ, ചിൽഡ്രൻസ് ലൈബ്രറി കെട്ടിടത്തിലെ ഒരു മുറിയാണ് പ്രസ് ക്ലബ്ബിന് അനുവദിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചത്. അതിനു വിപരീതമായ ചിൽഡ്രൻസ് ലൈബ്രറി കെട്ടിടത്തിലെ രണ്ട് മുറികളും പ്രസ് ക്ലബ്ബിന് അനുവദിച്ചു. അഡ്വാൻസ് തുക ഗഡുക്കളാക്കി മാറ്റിയത് പ്രസ് ക്ലബ്ബ് അധികാരികൾ സമയബന്ധിതമായി അടവാക്കിയില്ല. പി.ഡബ്ല്യു.ഡി നിരക്കിലുള്ള വാടക കണക്കാക്കി നിശ്ചയിക്കുന്നതിന് പകരം മാസ വാടക 5000 രൂപ നിശ്ചയിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല.

2. ആറ് മാസക്കാലാവധി 31.05.2020 ന് അവസാനിച്ചെങ്കിലും റൂം ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിച്ചത് 26.08.2020 നാണ് മാത്രമാണ്. ഇത് മൂലം രണ്ട് മാസം കൂടി ചിൽഡ്രൻസ് ലൈബ്രറി കെട്ടിടത്തിൽ തുടരുവാൻ അനുവദിക്കുകയാണുണ്ടായത്. ആയത് ക്രമ പ്രകാരമല്ല. തുടർന്ന് പ്രസ് ക്ലബ് സെക്രട്ടറിയുടെ കുടിശ്ശിക തീർക്കാമെന്ന അപേക്ഷയെ തുടർന്ന് ചെയർപേഴ്സൻ പ്രസിന് വീണ്ടും റൂം അനുവദിക്കുന്നതിന് മുൻകൂർ അനുമതി നൽകുകയും ആയത് 18-09-2021 ലെ 40-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. മുഹമ്മദ് ഷഫീഖ്. എ.പി എന്ന വ്യക്തിയുടെ പേരിൽ 18/09/21 ന് എടുത്ത ഒരു മുദ്ര പേപ്പർ വാടക നിരക്കോ ഏത് തീയതി മുതൽ വാടകക്ക് എന്നോ രേഖപ്പെടുത്താതെ അപൂർണ്ണമായി പൂരിപ്പിച്ച് ഫയലിൽ വെച്ചിട്ടുണ്ട്. എന്നാൽ ഇതിൽ സെക്രട്ടറി ഒപ്പു വെച്ചിട്ടില്ല. ഇതിനാൽ മേൽ കരാറിന് നിയമസാധുത ഇല്ല. ഇക്കാരണത്താൽ രണ്ടാമത് കാലവാധി അനുവദിച്ച 06/2021 മുതൽ 11/2021 വരെയുള്ള കാലയളവിൽ കൃത്യമായ കരാർ ഉടമ്പടി വെക്കാതെ, വാടക നിശ്ചയിക്കാതെ 5000 രൂപ മാത്രം ഈടാക്കുന്ന രീതിയിൽ റൂം അനുവദിച്ചത് നഗരസഭയുടെ വീഴ്ചയാണ്.

3. പ്രസ് ക്ലബ്ബിന്റെ പുതിയ ഭരണ സമിതിയും സമയബന്ധിതമായി വാടക അടവാക്കുകയോ സമയ പരിധിക്ക് ശേഷം നഗരസഭക്ക് മുറി ഒഴിഞ്ഞു കൊടുക്കുകയോ വാടക അടവാക്കുകയോ ചെയ്തിട്ടില്ല. കരാർ പ്രകാരം എല്ലാ മാസവും ഒന്നാം തീയതിയ്ക്കുള്ളിൽ തുക അടവാക്കണം. എന്നാൽ ആയത് പാലിച്ചതായി കാണുന്നില്ല. താത്കാലിക കാലാവധി (11/2021) അവസാനിച്ചതിന് ശേഷവും നഗരസഭ റൂം വീണ്ടെടുക്കാനുള്ള നടപടി യഥാസമയം സ്വീകരിക്കുകയുണ്ടായില്ല. ഇത് മൂലം കരാർ കാലാവധിയ്ക്ക് ശേഷവും 5000 രൂപ യാതൊരു വർദ്ധനവും ഇല്ലാതെ നഗര ഹൃദയ ഭാഗത്ത് കരാറിനു വിരുദ്ധമായി മൂന്നും നാലും മാസത്തെ ഒന്നിച്ച് അടവാക്കിയത് പരിഗണിച്ച് ചിൽഡ്രൻസ് ലൈബ്രറി കെട്ടിടത്തിൽ തുടരുന്നതിന് പ്രസ് ക്ലബ്ബിനെ അനുവദിക്കുകയാണുണ്ടായത്. ആയത് അംഗീകരിക്കാവുന്നതല്ല. നാളിതു വരെ പ്രസ് ക്ലബ് അധികൃതർ വാടക (Rent Receivable From Civic Amenities) ഇനത്തിൽ അടവാക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 05.11.2020 ലെ 9 നമ്പർ കൗൺസിൽ തീരുമാന പ്രകാരം ആദ്യ 6 മാസത്തേക്ക് റൂം അനുവദിച്ച ഇനത്തിൽ ലഭിച്ച തുക | | | | | |
|---|---|---|---|---|---|
| വർഷം | മാസം | രസീതി നം | തീയതി | തുക (5000+GST18%+ Flood Cess 1%+ Penal Interst) | അടവാക്കാൻ വൈകിയ കാലയളവ് |

| | | | | | |
|---|---|---|---|---|---|
| 2020 | ഡിസംബർ | 120010112027 | 20.11.2020 | 5950 | ഇല്ല |
| 2021 | ജനുവരി | 120010114370 | 12.01.2021 | 6011 | ഇല്ല |
| 2021 | ഫെബ്രുവരി | 120010115805 | 02.02.2021 | 5950 | ഇല്ല |
| 2021 | മാർച്ച് | 120010120034 | 06.03.2021 | 6000 | ഇല്ല |
| 2021 | ഏപ്രിൽ | 121010100067 | 05.04.2021 | 5950 | ഇല്ല |
| 2021 | മെയ് | 121010105942 | 20.09.2021 | 6200 | 5 മാസം വൈകി |
| 18.09.2021 ലെ 40 നമ്പർ കൗൺസിൽ തീരുമാന പ്രകാരം വീണ്ടും 6 മാസത്തേക്ക് റൂം അനുവദിച്ചപ്പോൾ ലഭിച്ച തുക | | | | | |
| 2021 | ജൂൺ | 121101110101 | 24.12.2021 | | 7 മാസം വൈകി |
| 2021 | ജൂലൈ | 121101110101 | 24.12.2021 | 18900 | 6 മാസം വൈകി |
| 2021 | ഓഗസ്റ്റ് | 121101110101 | 24.12.2021 | | 5 മാസം വൈകി |
| 2021 | സെപ്റ്റംബർ | 122010101374 | 30.04.2022 | | 8 മാസം വൈകി |
| 2021 | ഒക്ടോബർ | 122010101374 | 30.04.2022 | 19500 | 7 മാസം വൈകി |
| 2021 | നവംബർ | 122010101374 | 30.04.2022 | | 6 മാസം വൈകി |
| കരാർ ഇല്ലാതെ പ്രസ് അധികൃതർ അടവാക്കിയ തുക | | | | | |
| 2021 | ഡിസംബർ | 122010105060 | 27.07.2022 | | |
| 2022 | ജനുവരി | 122010105060 | 27.07.2022 | | |
| 2022 | ഫെബ്രുവരി | 122010105060 | 27.07.2022 | 30100 | |
| 2022 | മാർച്ച് | 122010105060 | 27.07.2022 | | |
| 2022 | ഏപ്രിൽ | 122010105060 | 27.07.2022 | | |
| 2022 | മെയ് | 122010110953 | 30.09.2022 | | |
| 2022 | ജൂൺ | 122010110953 | 30.09.2022 | 25200 | |
| 2022 | ജൂലൈ | 122010110953 | 30.09.2022 | | |
| 2022 | ഓഗസ്റ്റ് | 122010110953 | 30.09.2022 | | |
| 2022 | സെപ്റ്റംബർ | 122010113296 | 17.11.2022 | | |
| 2022 | ഒക്ടോബർ | 122010113296 | 17.11.2022 | 18000 | |
| 2022 | നവംബർ | 122010113296 | 17.11.2022 | | |
| 2022 | ഡിസംബർ | 121010115888 | 31.12.2022 | 5950 | |
| 2023 | ജനുവരി | 121010117582 | 31.01.2023 | 5950 | |
| 2023 | ഫെബ്രുവരി | 121010123275 | 04.03.2023 | 6000 | |
| 2023 | മാർച്ച് | 121010101217 | 29.04.2023 | 6050 | |

കുറിപ്പ് : മാർച്ച് 2023 ന് ശേഷം കെട്ടിട മുറി സീൽ ചെയ്യുന്നത് വരെ (ഏറ്റവും അവസാനം സീൽ ചെയ്തത് 21.10.2023 നാണ്) യാതൊരു തുകയും അടവാക്കിയിട്ടില്ല.

4. നഗരസഭ അറിയാതെ കെട്ടിടത്തിൽ മാറ്റം വരുത്തുകയും എയർ കണ്ടീഷൻ ഉൾപ്പെടെ സ്ഥാപിക്കുകയുണ്ടായി. ആയത് കരാറിലെ വ്യവസ്ഥ ക്ര.നം (4) ന് എതിരാണ്. കെട്ടിടം നവീകരിക്കാൻ 17,00,000 രൂപ പ്രസ് ക്ലബ്ബ് ചെലവ് വന്നതായി തിരൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ് നം.135/2023 നമ്പർ കേസിൽ 30.09.2023 വിധി പ്രസ്താവത്തിൽ നിന്ന് വ്യക്തമാവുന്നു. ഈ നിർമ്മാണ പ്രവർത്തനം നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടതായി ഫയലിൽ ഇല്ല. നഗരസഭയുടെ മുൻകൂർ അനുമതി ഇല്ലാതെയും വാടകയ്ക്ക് നൽകിയപ്പോൾ ഒപ്പ് വെച്ച കരാറിന് വിരുദ്ധമായി ഈ നിർമ്മാണം നടത്തിയത് അംഗീകരിക്കാനാവുന്നതല്ല.

5. പ്രസ് ക്ലബ്ബുമായി ചമച്ച കരാറിലെ രണ്ടാം നമ്പർ വ്യവസ്ഥ പ്രകാരം പ്രസ് കബ്ല് ടി കെട്ടിടത്തിനും വളപ്പിനും

നൽകേണ്ടി വരുന്ന എല്ലാ കരവും ചാർജ്ജുകളും നികുതികളും ചെലവുകളും നൽകുകയും തീർക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ, കെട്ടിടത്തിന് പ്രത്യേക മീറ്റർ സംവിധാനം ഒരുക്കാത്തതിനാൽ കറന്റ് ചാർജ് ഇനത്തിൽ യാതൊരു തുകയും പ്രസ് ക്ലബിൽ നിന്ന് വസൂലാക്കിയിരുന്നില്ല. കെട്ടിടത്തിന് തൊട്ടടുത്തുള്ള ടൗൺ ഹാളിൽ നിന്ന് വൈദ്യുതി കണക്ഷൻഎടുക്കുകയാണുണ്ടായത്. പ്രസ് ക്ലബ്ബിൽ എ.സി ഉൾപ്പെടെയുള്ള ഉപകരണങ്ങൾ പ്രവർത്തിക്കുന്നതിനാൽ ടൗൺ ഹാൾ ഉപയോഗിക്കാൻ പ്രത്യേകമായി വാടകയ്ക്ക് എടുത്ത കക്ഷികൾക്ക് ഇടക്കിടെ വൈദ്യുതി ട്രിപ്പ് ആവുന്ന അവസ്ഥ വരുകയും ആയത് നഗരസഭയ്ക്ക് റിപ്പോർട്ട് ചെയ്തു വരുന്നതായും കാണുന്നു. നഗരസഭയ്ക്ക് പ്രസ് ക്ലബിന്റെ പ്രവർത്തനം ബുദ്ധിമുട്ട് സൃഷ്ടിക്കുക മാത്രമല്ല വൈദ്യുതി ഇനത്തിൽ ഭീമമായ സംഖ്യ അടവാക്കേണ്ടതായി വരുന്നുണ്ട്. പ്രത്യേക വൈദ്യുതി കണക്ഷൻ ഇല്ലാതെ റൂം അനുവദിച്ചത് നഗരസഭയുടെ വീഴ്ചയാണ്. പി.ഡബ്ല്യു1-8075/01 നമ്പർ ഫയലിൽ കെ.എസ്.ഇ.ബി 1165696007761 നമ്പർ കൺസ്യൂമർ നമ്പർ പ്രകാരം നഗരസഭ ഒടുക്കേണ്ടി വന്ന കഴിഞ്ഞ ഒരു വർഷത്തെ വൈദ്യുതി ബില്ലിന്റെ (ടൗൺ ഹാളിന്റേയും ലൈബ്രറി കെട്ടിടത്തിന്റേയു ഉൾപ്പെടെ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | മാസം/വർഷം | വൈദ്യുതി ചാർജ് (₹) |
|---|---|---|
| 1 | 10/2022 | 9825 |
| 2 | 11/2022 | 6696 |
| 3 | 12/2022 | 9318 |
| 4 | 01/2023 | 16843 |
| 5 | 02/2023 | 11596 |
| 6 | 03/2023 | 11666 |
| 7 | 04/2023 | 8965 |
| 8 | 05/2023 | 8954 |
| 9 | 06/2023 | 13412 |
| 10 | 07/2023 | 12084 |
| 11 | 08/2023 | 9582 |
| 12 | 09/2023 | 6486 |
| 13 | 10/2023 | 7360 |

പ്രസ് ക്ലബ്ബ് അടവാക്കുന്ന വാടകയേക്കാൾ അധികം തുക വൈദ്യുതി ബില്ലിനത്തിൽ നഗരസഭയ്ക്ക് അടവാക്കേണ്ടി വരാനുള്ള സാധ്യത നില നിൽക്കുന്നതായി മേൽ പട്ടിക പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു.

6. കരാർ പുതുക്കാത്തതിനാലും വാടക കൃത്യമായി അടക്കാത്തതിനാലും റൂം ഒഴിയുന്നതിന് പ്രസ് ക്ലബിന് നഗരസഭ 03.01.2022, 21.06.2022, 27.07.2022, 28.10.2022, 18.05.2023 എന്നീ തീയതികളിൽ നോട്ടീസ് നൽകുകയുണ്ടായി. റൂം ഒഴിയാത്തതിനാൽ നഗരസഭ സെക്രട്ടറി റൂം പൂട്ടി സീൽ ചെയ്യുന്നതിന് റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തുകയുണ്ടായി. 03.06.2023 നും, 21.07.2023 നും 21.10.2023 നും റൂം പൂട്ടി സീൽ ചെയ്തെങ്കിലും പ്രസ് ക്ലബ്ബ് അധികൃതർ സീൽ പൊട്ടിച്ച് റൂം അനധികൃതമായി കയ്യേറുകയാണുണ്ടായത്. 11/2021 ൽ കരാർ കാലയളവ് അവസാനിച്ചിട്ടും 10/2023 വരെ (2 വർഷത്തിനടുത്ത്) അനധികൃതമായി പ്രസ് അധികൃതരെ തുച്ഛമായ വാടക മാത്രം അടവാക്കിയത് അംഗീകരിച്ച് തുടരാൻ അനുവദിച്ചത് ക്രമ പ്രകാരമല്ല.

മേൽ അപാകതകൾക്ക് മറുപടി നൽകുന്നതിനോടപ്പം കരാർ കാലാവധി കഴിഞ്ഞിട്ടും കരാർ പുതുക്കാതെയും വാടക കുടിശ്ശിക അടവാക്കാതെയും നഗരസഭ അറിയാതെ 17,00,000 രൂപയ്ക്ക് റൂം നവീകരിച്ച് പ്രസ് ക്ലബ് അധികാരികൾ രണ്ട് വർഷത്തോളം കാലം (12/2021 മുതൽ 10/2023 വരെ) നഗരസഭ ചിൽഡ്രൻസ് ലൈബ്രറി കെട്ടിടത്തിൽ അനധികൃതമായി തുടർന്നതിനാൽ വൈദ്യുതി, കോടതി ചെലവ് ഇനത്തിൽ അനാവശ്യ ചെലവ് ഉണ്ടായിട്ടുണ്ട്. ആയത് കൃത്യമായി പരിശോധിക്കപ്പെടേണ്ടതാണ്. ഈ കാര്യാലയത്തിൽ നിന്ന് 25.10.2022 ന് കെ.എസ്.എ.ടി.ആർ.എം3/373/2022 നമ്പറായി പുറപ്പെടുവിച്ച അർദ്ധവാർഷിക ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ് ക്ലബ്ബിന് റൂം അനുവദിച്ചതിലെ അപാകതകൾ സംബന്ധിച്ച് നഗരസരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

 തുച്ഛമായ വാടകയ്ക്കാണ് പ്രസ് ക്ലബ്ബിന് കുറഞ്ഞ കാലത്തേക്കാണെങ്കിലും കെട്ടിടം അനുവദിച്ച് നൽകിയത്. നഗരസഭയുടെ ഹൃദയഭാഗത്തുള്ള കെട്ടിടമായതിനാൽ ഫെയർവാല്യു അടിസ്ഥാനത്തിൽ മാസം 50000 രൂപയിലധികം (119M2) വാടക ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്നു. ആയത് കൃത്യമായ വാടക നിശ്ചയിച്ച് നൽകാത്താതിനാൽ നഗരസഭക്ക് നഷ്ടമായി. എം.പി. ഫണ്ട് ചെലവഴിച്ച് നിർമ്മിച്ച മുൻസിപ്പൽ ലൈബ്രറി കെട്ടിടം ആയത് ഉദ്ദേശിച്ച ആവശ്യത്തിന് ഉപയോഗിക്കേണ്ടതാണ്. ഇനി അഥവാ ചിൽഡ്രൻസ് ലൈബ്രറി കെട്ടിടം വാടകയ്ക്ക് നൽകാനാണ് കൗൺസിൽ തീരുമാനിക്കുന്നതെങ്കിൽ വാടക കൃത്യമായി നിശ്ചയിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കി, പ്രത്യേക മീറ്റർ സ്ഥാപിച്ച് അനുവദിക്കേണ്ടതാണ്.

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 70/07.11.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-30 C No.7 അംഗനവാടി അറ്റകുറ്റപ്പണികൾ – അപാകതകൾ

ഫയൽ നമ്പർ - PW2-D9/392/2020

പ്രോജക്ട് നമ്പർ - SO 15/23

അടങ്കൽ തുക - 1,90,000 (2020-21)

ചെലവ് തുക - 112844

ബിൽ നമ്പർ - 22150547004500065261 തീയതി 30-04-2022

എം. ബുക്ക് നമ്പർ - 157/2019-20, 141/2020-21

കരാറുകാരൻ - ഷൈജു. പി

Cost Of Index - 31.06 (2016 ലെ നിരക്കിൽ) (DSR – 2016)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

തിരൂർ നഗരസഭ വാർഡ് 38 നോർത്ത് അന്നാര C No.7 അംഗനവാടി അറ്റകുറ്റപ്പണിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ 1,90,000/- രൂപ വകയിരുത്തിയ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി ഫയൽ, സൈറ്റ് പരിശോധന എന്നിവ നടത്തിയതിന്റെയടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

(A) സൈറ്റ് പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ അധിക തുക വകയിരുത്തുന്നു.

C No.7 നോർത്ത് അന്നാര അംഗനവാടിയുടെ അറ്റകുറ്റപ്പണികൾക്കായി 1,90,000/- രൂപ വകയിരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പിന്നീട് സൈറ്റിലെ ആവശ്യ പ്രകാരം അടങ്കൽ തുകയിൽ അധികരിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 112844/- രൂപയുടെ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരവധി ഇനങ്ങൾ ചെയ്തിട്ടില്ല. (ഇനം 1, 2, 5, 6, 7, 8, 11, 12, 15, 19, 25, 29, 32, 34, 35). സൈറ്റ് പരിശോധന നടത്തി ആവശ്യമായ പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തിയല്ല എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇത് ശരിയായ നടപടിയല്ല. ഇപ്രകാരം ചെയ്യുന്നത് മൂലം മറ്റ് പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്താൻ സാധിക്കാതെ വരും.

(B) സ്റ്റീൽ വർക്ക് അധിക തുക നൽകി.

അംഗനവാടിയുടെ മുൻവശം ഷീറ്റ് മേയുന്നതിനായി സ്റ്റീൽ വർക്ക് നടത്തിയിട്ടുണ്ട്. ആയതിന് എം. ബുക്ക് പ്രകാരം ഒബ്സർവ്ഡ് ഡാറ്റ 50 . 10 . 1 ബിൽറ്റ് അപ് ട്രസ്സസ് പ്രകാരമാണ് തുക കണക്കാക്കിയത്. എന്നാൽ 4/11/23 ന് നഗരസഭ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയപ്പോൾ സിംഗിൾ സെക്ഷൻ വർക്കാണ് നടത്തിയിട്ടുള്ളത്. ആയതിന് ഒബ്സർവ്ഡ് ഡാറ്റ 50.10.2 പ്രകാരമുള്ള തുകയാണ് അനുവദിക്കേണ്ടത്.

കരാറുകാരന് അനുവദിച്ച തുക - 9582.37 (73.003 $M^2$ X 131.26/Kg)

അനുവദിക്കാവുന്ന തുക - 7802.56 (73.003 $M^2$ X 106.87/Kg)

അധികം നൽകിയ തുക - 1779.81 രൂപ

12% ജി.എസ്.ടി - 213.52 രൂപ

ആകെ - 1993.39 രൂപ

അധികമായി നൽകിയ 1993/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

മേൽ അപാകതകൾ അറിയിച്ചുകൊണ്ട് 10-11-2023 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 73/22-23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയില്ല.

## 1-31 കരാറുകാരുമായി ചമയ്ക്കുന്ന കരാറിലെ വ്യവസ്ഥകൾ കാലഹരണപെട്ടത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി .എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും കാണുന്നു. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്ന മറ്റ് മേഖലകൾ. വിശദാംശം

താഴെ കൊടുക്കുന്നു.

**എ) സ്പെസിഫിക്കേഷൻ**

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി അനാലിസിസ് ഓഫ് റേറ്റും (DAR) ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റും (DSR) ബാധകമാക്കിയിട്ടുണ്ട്. ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്ന് കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്.

**ബി) പിഴ സംബന്ധിച്ച അപാകത**

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്നു. പ്രൊജക്ടുകളുടെ കാര്യത്തിൽ 2012 ൽ പുതുക്കിയ PWD മാനുവലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ല. മേൽ മാനുവലിനു മുൻപുള്ള വ്യവസ്ഥകളാണ് പ്രതിപാദിച്ചിരിക്കുന്നത്. പുതുക്കിയ മാനുവൽ പ്രകാരം കരാറുകാരന്റെ വീഴ്ച മൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PAC യുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2% പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ മേൽ വ്യവസ്ഥക്ക് പകരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% ഗ്രേസ് പീരീയഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നു വരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണ് എന്ന പഴയ മാനുവലിലെ വ്യവസ്ഥകളാണ് എല്ലാ പ്രവൃത്തികളുടെയും കരാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**സി) പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം**

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർ ത്തീകരിക്കുകയെന്നത് അസംഭാവ്യമാണെന്ന് കാണാം. ഓഡിറ്റ് വർഷം രൂപീകരിച്ച പ്രൊജക്ടുകൾക്ക് കരാർ പ്രകാരം എന്നാണ് പൂർത്തീകരിക്കുമെന്ന് എഗ്രിമെന്റിൽ വ്യക്തമല്ല. 31.03.2023ന് പൂർത്തിയാക്കുമെന്നാണ് കരാറുകാർ ഉറപ്പു നല്കിയിരിക്കുന്നത്. കരാർ നിഷ്കർഷിക്കുന്ന എഞ്ചിനീയറോ കരാർ ഒപ്പിടുന്ന കരാറുകാരനോ ഇത്തരത്തിലുള്ള വസ്തുതകളുടെ സാംഗത്യം പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ടെണ്ടർ നോട്ടീസിലെ സമയ കാലയളവാണ് ഓഡിറ്റ് പരിഗണിക്കുന്നത്.

പ്രവർത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ അപാകത പരിഹരിച്ച് കരാറുകളിലെ വ്യവസ്ഥകൾ കാലികമാക്കി മാത്രം തുടർന്നുള്ള പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.90/02.12.2023) 2023-24 മുതൽ പുതുക്കിയ മാനുവൽ അനുസരിച്ചിട്ടുള്ള കരാർ വ്യവസ്ഥകളാണ്

ഉൾകൊള്ളിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കി. കരാറിലെ വ്യവസ്ഥകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തി. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

**1-32 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - നഗരസഭയുടെ വിഹിതം നൽകൽ - അപാകതകൾ - ചെലവു തുക 380000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു**

ഫയൽ നമ്പർ : A5-23056

പ്രോജക്റ്റ് നമ്പർ : SO 234/23

അടങ്കൽ : 3,80,000

ചെലവ് : 3,80,000

ബിൽ നമ്പർ : 2215057004101087686 തീയതി 24-01-2023

ഫണ്ട് : ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പ്രത്യേക ഉദ്ദേശ ഗ്രാന്റ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് സൂപ്പർവൈസർ

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി തിരൂർ നഗരസഭ 2022-23 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് "വാർഡുകളിലെ ശുചീകരണ പ്രവർത്തിക്ക് ധനസഹായം - സാനിറ്റേഷൻ കമ്മിറ്റിക്ക് വിഹിതം നൽകൽ" എന്ന പദ്ധതി. നഗരസഭയുടെ വിഹിതം നൽകുന്നതിന് വേണ്ടിയാണ് പ്രൊജക്റ്റ് തയ്യാറാക്കിയത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. 25-07-2021 ലെ ജി.ഒ (ആർ.ടി) 1052/2021/എൽ.എസ്.ജി.ഡി പ്രകാരം നഗരസഭകൾക്ക് തനത് ഫണ്ട്, ശുചിത്വ മിഷൻ ഫണ്ട്, എൻ.എച്ച്.എം. ഫണ്ട് എന്നിവയിൽ നിന്നും തുക ചെലവഴിക്കാനാണ് അനുമതി ഉള്ളത്. എന്നാൽ നഗരസഭ ഫണ്ട് വകയിരുത്തിയത് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ്. ഉത്തരവിന് വിരുദ്ധമായി ഫണ്ട് വകയിരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.
2. മഴക്കാല പൂർവ്വ ശുചീകരണങ്ങൾക്ക് നഗരസഭക്ക് വാർഡ് ഒന്നിന് വാർഡ്തല പ്രവർത്തന രേഖയുടെ ആവശ്യകതയനുസരിച്ച് 30,000/- രൂപ ചെലവ് ചെയ്യാവുന്നതാണ്. (തനത് ഫണ്ട് വിഹിതം 10,000, ശുചിത്വമിഷൻ വിഹിതം - 10,000, എൻ.എച്ച്.എം വിഹിതം - 10,000). നഗരസഭ വാർഡ് ഒന്നിന് 10,000/- രൂപ സാനിറ്റേഷൻ കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്. ആയത് മേൽ ഖണ്ഡികയിൽ പ്രതിപാദിച്ചത് പ്രകാരം CFC ഫണ്ടിൽ നിന്നുമാണ്. (പ്രത്യേക ഉദ്ദേശ ഗ്രാന്റ്). അപ്രകാരം 38 വാർഡുകൾക്കായി അനുവദിച്ച 3,80,000/- രൂപ എപ്രകാരം ചെലവഴിച്ചുവെന്നത് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
3. 2022-23 സാമ്പത്തിക വർഷത്തിലെ ശുചിത്വ മിഷൻ വിഹിതം, എൻ.എച്ച്.എം. വിഹിതം എന്നിവ നഗരസഭക്ക് ലഭ്യമായിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ. ലഭ്യമായിട്ടില്ലായെങ്കിൽ ലഭ്യമാക്കുന്നതിനായി നഗരസഭ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ വ്യക്തമാക്കിക്കൊണ്ട് 22-07-23 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 29/22-23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കാത്തതിനാലും ചെലവ് ചെയ്ത 380000/- രൂപയുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ലാത്തതിനാലും ചെലവ് തുക തടസ്സം ചെയ്യുന്നു. ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്.

**1-33 വയോമിത്രം മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല. ചെലവു തുക ആയതിനാൽ 109648/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.**

പ്രോജക്റ്റ് നമ്പർ : SO 238/23

ഫയൽ നമ്പർ : H3-16051/22-23

ഫണ്ട് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അടങ്കൽ : 2,00,000

ചെലവ് : 1,72,368

ചെക്ക് നമ്പർ : C 112253905226 തീയതി 03-12-2022

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് സൂപ്പർവൈസർ

2022-23 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് വയോമിത്രം മരുന്ന് വാങ്ങൽ. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതിയുടെ ഭാഗമായി വയോമിത്രം മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ട 4 ഇനം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ആവശ്യപ്പെടുകയും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ പ്രസ്തുത മരുന്നുകൾക്ക് 29-11-2022 ലെ PRF 2626 നമ്പർ ഇൻവോയ്സ് പ്രകാരം 172368/- രൂപ മരുന്നു വില അറിയിക്കുകയും ചെയ്തു. മരുന്നുകൾക്കായി നഗരസഭ 3/12/2022 ലെ C 112253905226 നമ്പർ ചെക്ക് പ്രകാരം (Vr. No. 22201159/03-12-2022) 1,72,368/- രൂപ മെഡിക്കൽ സർവ്വീസ് സൊസൈറ്റിക്ക് അനുവദിച്ചു. എന്നാൽ മെഡിക്കൽ സർവ്വീസ് സൊസൈറ്റി 4 ഇനം മരുന്നുകൾക്കുള്ള തുക കൈപ്പറ്റിയെങ്കിലും 16-12-22 ലെ 20257 നമ്പർ ഇൻവോയ്സ് പ്രകാരം 62720/- രൂപയുടെ ഒരിനം മരുന്ന് മാത്രമാണ് ലഭ്യമാക്കിയത്. 109648/- രൂപയുടെ മരുന്ന് നാളിതുവരെയും മെഡിക്കൽ സർവ്വീസ് സൊസൈറ്റി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനായി നഗരസഭ 30-1-23, 8-5-23 എന്നീ തീയതികളിൽ കത്ത് അയച്ചിട്ടുണ്ടെങ്കിലും മെഡിക്കൽ സർവ്വീസ് സൊസൈറ്റി യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.
2. ലഭ്യമാക്കിയ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ഫയലിൽ കാണുന്നില്ല

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 27/13-07-2023) ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. മരുന്ന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1,09,648 രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 1-34 നഗരസഭയിലെ കിണറ്റിലെ ജലം പരിശോധിക്കാൻ കെമിസ്ട്രി ലാബ് ശാക്തീകരണം പദ്ധതി നടത്തിപ്പിലെ അപാകത ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടും പരിഹരിച്ചില്ല; പദ്ധതിപ്പണം പാഴ്ച്ചെലവാകുന്നു

2020-21 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 ൽ ശ്രീ. അനിൽ കുമാർ കെ.പി (റിട്ട. ഹെഡ്മാസ്റ്റർ) നിർവ്വഹണം നടത്തിയ SO238/21 "നഗരസഭയിലെ കിണറ്റിലെ ജലം പരിശോധിക്കാൻ കെമിസ്ട്രി ലാബ് ശാക്തീകരണം" എന്ന പദ്ധതി - നടത്തിപ്പിലെ അപാകത മൂലം വാങ്ങിച്ച ഉപകരണങ്ങൾ ഉപയോഗിക്കാതെ സ്കൂളുകളിലെ ലാബിൽ കൂട്ടിയിട്ടത് മൂലം പദ്ധതിക്കായി ചെലവഴിച്ച 1,99,868/- രൂപ പാഴ്ച്ചെലവായി എന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. പദ്ധതിയുടെ നിലവിലെ സ്ഥിതി പരിശോധിക്കാൻ 26.09.2023 ന് നഗരസഭ ഉദ്യോഗസ്ഥന്റെ കൂടെ ബന്ധപ്പെട്ട സ്കൂളുകളിൽ സ്ഥല പരിശോധന നടത്തുകയുണ്ടായി. ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ 26.03.2021 ലെ ഇൻവോയ്സ് പ്രകാരം ലഭ്യമായ 54 ഇനങ്ങളും 8 ബോക്സിലായി കെമിസ്ട്രി ലാബിൽ സൂക്ഷിച്ചിരിക്കുകയാണ്. 01.12.2021, 02.12.2021 എന്നീ തീയതികളിലായി ഓഡിറ്റ് വേളയിൽ നടത്തിയ ആദ്യ സ്ഥല പരിശോധനയിൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകത നിലനിൽക്കുന്നതായി രണ്ട് വർഷത്തിന് ശേഷം 26.09.2023 ന് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. നഗരസഭയിൽ നിന്ന് ലഭ്യമായ ഉപകരണങ്ങൾ എപ്രകാരമാണ് പ്രാവർത്തികമാക്കേണ്ടത് എന്ന് നിർദ്ദേശം ലഭിക്കാത്തതിനാലാണ് ഉപകരണങ്ങളും കെമിക്കലുകളും കിണറുകളിലെ ജലം പരിശോധിക്കുന്നതിനായി ഉപയോഗിക്കാത്തത് എന്ന് സ്കൂൾ അധികൃതർ വ്യക്തമാക്കി. ലഭ്യമായവ സ്റ്റോക്കിലെടുത്തിട്ടുമില്ല. ഏഴൂർ സ്കൂളിലെ സയൻസ് ലാബിൽ ഈയാവശ്യത്തിനായ നൽകിയ വർക്കിംഗ് ടേബിൾ സയൻസ് ലാബിൽ പൊടിപിടിച്ച കിടക്കുകയാണ്. പദ്ധതി പ്രകാരം ലഭ്യമായ ഉപകരണങ്ങളും കെമിക്കലുകളും നാളിതു വരെ പ്രാവർത്തികമാക്കാത്തതിനാൽ വാറന്റി നഷ്ടപ്പെടാനും കെമിക്കലുകൾ ഉപയോഗശൂന്യമാകാനും സാധ്യതയുണ്ട്.




കെമിക്കലുകളും ഉപകരണങ്ങളും സ്റ്റോക്കിലെടുക്കാതെ കെമിസ്ട്രി ലാബിൽ സൂക്ഷിച്ചിരിക്കുന്നു. (ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, തിരൂർ)

**മറ്റ് അപാകതകൾ**

- **പ്രൈമറി സ്കൂൾ പ്രധാനാധ്യാപകനെ നിർവ്വഹണോദ്യോഗസ്ഥനാക്കി**

നഗരസഭയിൽ രണ്ട് ഹയർ സെക്കന്ററി സ്കൂളുകളാണുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം വിദ്യാഭ്യാസം മേഖലയുടെ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാളാണ്. എന്നാൽ നിർവ്വഹണം

ഏൽപ്പിക്കുന്നത് പ്രൈമറി സ്കൂൾ പ്രധാനാധ്യാപകനെയാണ്. ഇങ്ങിനെ ചെയ്യതിനാൽ പ്രോജക്ടുകളുടെ നടത്തിത്തിപ്പിൽ ഏകോപനം ഇല്ലാതെ വരുന്നു.

- **വിദ്യാഭ്യാസം മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിർജീവം.**

 പ്രോജക്ട് രൂപീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് മാത്രമാണ് യോഗം ചേരുന്നത്. മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കാത്തതിനാൽ പ്രോജക്ട് നടപ്പിലാക്കിയത് ഫലപ്രദമായാണോ എന്ന് പരിശോധിക്കപ്പെടുന്നില്ല.

- **ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ**

 മേൽ രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലും ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടും പരിഹരിക്കാനവശ്യമായ ചർച്ചകൾ നടന്നിട്ടില്ല.

- **സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കി.**

 നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഹാജരാക്കിയ സർക്കാർ ഉത്തരവുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന നടപ്പിലാക്കണമെന്ന് പറയുന്നില്ല.

- **ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും തുടർനടപടി സ്വീകരിച്ചില്ല.**

നിർവഹണത്തിലെ അപാകത നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും (നം.കെ.എസ്.എ-ടി.ആർ.എം2/398/2023 തീയതി 04-10-2023) നാളിതു പരിഹരിക്കുന്നതിനുള്ള നടപടി നഗരസഭയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല.

അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകത പരിഹരിക്കാൻ തുടർനടപടി സ്വീകരിക്കാത്ത പക്ഷം വിഷയം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## 1-35 ബിരുദം, ബിരുദാന്തര ബിരുദം, ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം അപാകതകൾ-109632/-രൂപ തടസത്തിൽ വയ്ക്കുന്നു

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | ബിരുദം, ബിരുദാന്തര ബിരുദം, ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രൊജക്ട് നം. 216/23) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ,നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗം |
| അടങ്കൽ | 1384919/-(എസ്.സി.പി) |
| ചെലവ് തുക | 1059776/- (BRN-22150547001501169351/09.02.2023) |
| ഫയൽ നം. | H3/8257/22 |

2022-23 സാമ്പത്തിക വർഷം പ്രൊജക്ട ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ, പ്രൊഫഷണൽ കോഴ്സ് എന്നിയ്ക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലാപ്ടോപ്പ് നല്കൽ. 39 പേർ അടങ്ങുന്നതാണ് ഗുണഭോക്തൃ ലിസ്റ്റ്. മേൽ ലിസ്റ്റിൽ നിന്നും 29 ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് നല്കാനായി CPRSCS വഴി കെൽട്രോണിൽ നിന്നും DC.No. Date 02407/ITP/23-24 Date 01.06.2022പ്രകാരം 10,59,775.21 രൂപയ്ക്ക്

ലാപ്പ്ടോപ്പ് വാങ്ങിയിട്ടുണ്ട്. പദ്ധതി പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 15.07.2023ലെ നഗരസഭ കാര്യാലയ കുറിപ്പിൽ തിരൂർ കോ-ഓപ്പറേറ്റീവ് കോളേജിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 29 ലാപ്പ്ടോപ്പിന് വർക്ക് ഓർഡർ നല്കിയിട്ടുണ്ടെന്നും എന്നാൽ സ്റ്റെയിറിംഗ് കോർഡിനേഷൻ കമ്മിറ്റി കോ-ഓപ്പറേറ്റീവ് കോളേജിലെ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നല്കാൻ കഴിയില്ല എന്ന് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥാപനത്തിലെ 6 വിദ്യാർത്ഥികളെ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയെന്നും 29 ലാപ്പ്ടോപ്പിൽ 23 എണ്ണം 2022-23 സാമ്പത്തിക വർഷം വിതരണം ചെയ്യുവാനും അവശേഷിക്കുന്ന 6 ലാപ്ടോപ്പുകൾ 2023-24 സാമ്പത്തിക വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് നല്കാനും കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ കുറിപ്പിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിരീക്ഷണങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണ്.

1-1. അപേക്ഷകൾ സമഗ്രമായി പരിശോധിക്കാതെ ലാപ്പ്ടോപ്പ് വാങ്ങാനുള്ള കാരണം

1-2. അവശേഷിക്കുന്ന 6 ലാപ്പ്ടോപ്പുകൾ വിതരണം ചെയ്യുതിന്റെ വിശദാംശം.

1-3. ലാപ്ടോപ്പുകളുടെ വാറൻറി കാലയളവ് 3 വർഷമാണ്. വിതരണം വൈകിയാൽ നഗരസഭ ലാപ്ടോപ്പ് വാങ്ങിയതു മുതൽ വിതരണം വരെയുള്ള കാലയളവിലെ ഗാരന്റി പിരിയഡ് വിദ്യാർത്ഥികൾക്ക് നഷ്ടപ്പെടും

1-4. ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായ മറ്റു വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യാത്തതിനുള്ള കാരണം.

2. സർക്കാർ ഉത്തരവ്(കൈ)നം. 115/2022/തസ്വഭവ തിയ്യതി 28.05.2022 ധനസഹായങ്ങൾ 7.2.7 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുസരിച്ച് ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിഗ്, അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം,ബിരുദാന്തര ബിരുദം) ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലാപ്പ്ടോപ്പ് നല്കാം. എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള കോഴ്സിനാണോ പഠിക്കുന്നത് എന്ന് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ചതായി ഫയലിൽ ഇല്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കോഴ്സ് | സ്ഥാപനം |
|---|---|---|---|
| 01 | ശ്യാംജിത്ത്. കെ<br>അഡ്മിഷൻ നം. 428/2022 | Trainee In The Trade Of Mechanic Diesel-August 2022 To July 2023 | ഗവ.ഇൻഡസ്റ്ററിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷൻ, ചെറിയമുണ്ടം |
| 02 | വൈശാഖ്.വി<br>അഡ്മിഷൻ നം. 1500/22 | ട്രെയിനി-NCVT Welder Trade (Regular Course) Auguse 2022-July 2023 | ഗവ. ഐ.ടി.ഐ. നിലമ്പൂർ |
| 03 | അനിരുദ്ധൻ ഐ.പി.<br>അഡ്മിഷൻ നമ്പർ ലഭ്യമല്ല. | Trainee Of The 2022-23 Batch Plumber (NSQF) Trade | ഗവ.ഇൻഡസ്റ്ററിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷൻ, പട്ടികജാതി വികസന വകുപ്പ്, |

| | | | |
|---|---|---|---|
| | | | കേരളാധീശ്വരപുരം, മലപ്പുറം. |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വറിയ്ക്ക് (നം.35/22-23 തിയ്യതി 14.08.2023) 22.11.2023, 15.12.2023 എന്നീ തീയതികളിൽ ലഭ്യമാക്കിയ മറുപടിയിൽ തിരൂർ കോർപ്പറേറ്റീവ് കോളേജ് സ്വാശ്രയ/എയ്ഡഡ് വിദ്യാലയമാണെന്നുള്ള ധാരണയിലാണ് മേൽ വിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 6 ലാപ്പ്ടോപ്പ് വാങ്ങാൻ തീരുമാനിച്ചതെന്നും എന്നാൽ പിന്നീട് സബ്സിഡി മാർഗ്ഗരേഖപ്രകാരമുള്ള വിദ്യാലയമല്ലായെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ലാപ്പ്ടോപ്പ് മേൽ സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടില്ലായാന്നും മേൽ ലാപ്പ്ടോപ്പുകൾ സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടുണ്ടെന്നും ലാപ്പ്ടോപ്പുകൾ ഭരണ സമിതിയുടെ 22.08.23ലെ 14-ാം നമ്പർ തീരുമാന പ്രകാരം 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചു. മേൽ ലാപ്പ്ടോപ്പുകൾ തുടർവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. എന്നാൽ അപാകത (2) ന് മറുപടി ലഭ്യമാക്കിയില്ല. വിദ്യാർത്ഥികൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള കോഴ്സിനാണോ പഠിക്കുന്നത് എങ്കിൽ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത 3 ലാപ്പ്ടോപ്പിന്റെ വിലയായ 109632/-രൂപ (1059776/29x3) തടസത്തിൽ വയ്ക്കുന്നു

## 1-36-1 വീട് വാസയോഗ്യമാക്കൽ (ജനറൽ)-അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് വീട് വാസയോഗ്യമാക്കൽ പദ്ധതി. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നല്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | വീട് വാസയോഗ്യമാക്കൽ (ജനറൽ)<br>പ്രൊജക്ട് നം. 211/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗം |
| ആകെ അടങ്കൽ | 1330000/-<br>(വികസന ഫണ്ട് -പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് - 340000/- | 35000/- Vr.No.22201622/23.02.2023<br>105000/-Vr.No.22201741/15.03.2023<br>105000/-Vr.No.22201742/15.03.2023<br>30000/- Vr.No.22201849/31.03.2023 |

| | |
|---|---|
| | 275000/- (വികസന ഫണ്ട് -ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>========<br>65000/- (തനതു ഫണ്ട് Vr.No.22201777/23.03.2023) |
| ഫയൽ നം. | H3-18261/22 |

പദ്ധതി പരിശോധനയിൽ കാണുന്ന അപാകതകൾ റിമാർക്സിൽ കൊടുക്കുന്നു.ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പേരും ഗുണഭോക്തൃ നമ്പറും | ധനസഹായ തുക | റിമാർക്സ് |
|---|---|---|---|
| 01 | ശ്രീമതി സൈനബ ഒഴൂർ പറമ്പിൽ (ഗു.ലി.ക്രമ നം.26) | 35000 | വീടിന്റെ കാലപ്പഴക്കം രേഖപ്പെടുത്തിയിട്ടില്ല. |
| 02 | ശ്രീമതി ആയിഷ ബീവി കാത്തികോത്ത് വീട് (ഗു.ലി.ക്രമ നം.17) | 35000 | വീടിന്റെ കാലപ്പഴക്കം രേഖപ്പെടുത്തിയിട്ടില്ല. സ്വന്തം പേരിൽ വീടുള്ളതിന് രേഖയില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല. |
| 03 | ശ്രീമതി ശാന്തമ്മാൾ,തൃപ്തി, തെക്കുംമുറി, തിരൂർ (ഗു.ലി.ക്രമ നം.6) | 35000 | വീടിന്റെ കാലപ്പഴക്കം രേഖപ്പെടുത്തിയിട്ടില്ല. സ്വന്തം പേരിൽ വീടുള്ളതിന് രേഖയില്ല. |
| 04 | ശ്രീമതി മറിയാമ്മു, പുത്തൻ പുരയ്ക്കൽ(ഗു.ലി.ക്രമ നം.1) | 35000 | ടി |
| 05 | ശ്രീമതി ഗീത, തെക്കെപുരയ്ക്കൽ (ഗു.ലി.ക്രമ നം.20) | 35000 | ഗുണഭോക്താവ് അപേക്ഷയിൽ രേഖപ്പെടുത്തിയ 18/413 കെട്ടിടം പൊളിച്ചു മാറ്റിയെന്നു 13.02.23ലെ ഓഫീസ് നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയുടെ കൂടെ സമർപ്പിച്ച 18/413,18/417 കെട്ടിടങ്ങൾ വസ്തു നികുതി രശീതി പ്രകാരം ശ്രീ വേലായുധന്റെ പേരിലാണ്. കാലപ്പഴക്കം ലഭ്യമല്ല. |

| | | | |
|---|---|---|---|
| 06 | ശ്രീമതി. അമ്മാളു, ചേണാട്ടു പറമ്പിൽ(ഗു.ലി.ക്രമ നം.5) | 30000 | വീട് സ്വന്തം പേരിലാണെന്നുള്ളതിന് രേഖയില്ല. വീടിന്റെ കാലപ്പഴക്കം രേഖപ്പെടുത്തിയിട്ടില്ല. |
| 07 | ശ്രീമതി ഫാത്തിമ, ഇയ്യാണ്ടത്ത് (ഗു.ലി.ക്രമ നം.25) | 30000 | ടി |

**മറ്റു അപാകതകൾ**

**1.** പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ (പൊതുവിഭാഗം സാധാരണ വിഹിതം) നിന്നാണ് 1330000/-രൂപ അടങ്കലായി വച്ചിരിക്കുന്നത്. എന്നാൽ ചെലവ് പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ് ഗ്രാന്റിൽ നിന്നും തനതു ഫണ്ടിൽ നിന്നുമാണ് അടങ്കൽ വയ്ക്കുകയും ചെലവും ചെയ്തിരിക്കുന്നതും (ധനകാര്യ കമ്മീഷൻ അവാർഡ് ഗ്രാന്റ് അടങ്കൽ 300000/-രൂപ ചെലവ് 275000/-രൂപ, തനതു ഫണ്ട് അടങ്കൽ 100000/-രൂപ ചെലവ് 65000/-രൂപ ആകെ 340000/-രൂപ) അംഗീകരിച്ച പ്രൊജക്ടിന് വിരുദ്ധമായി ഫണ്ട് വക മാറ്റിയതിന് വിശദീകരണം നല്കേണ്ടതാണ്.

2. 135 പേർ അടങ്ങുന്നതാണ് ഗുണഭോക്തൃ ലിസ്റ്റ്. 2022-23 വർഷം 1330000/-രൂപ അടങ്കൽ വച്ച് കേവലം 10പേർക്ക് (340000/-രൂപ) മാത്രമാണ് ധനസഹായം നല്കിയത്. അടങ്കൽ തുക പരമാവധി വിനിയോഗിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. സ.ഉ(കൈ)115/2022/തസ്വഭവ തിയ്യതി 28.05.2022 ഖണ്ഡിക 6.7 (4) 2അനുസരിച്ച് പുതിയ വീട് നിർമ്മിച്ച് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ ഫയൽ പരിശോധനയിൽ നിർവ്വഹണോദ്യോഗസ്ഥൻ ഈ നിബന്ധന പാലിച്ചതായി കാണുന്നില്ല.

അപാകതകൾക്കുള്ള വിശദീകരണം 26.08.2023നകം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ (ഓഡിറ്റ് എൻക്വയറി നം. 38/22-23 തിയ്യതി 21.08.2023) ഓഡിറ്റ് എൻക്വയറിയ്ക്ക് 22.11.2023ന് നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് രൂപീകരിച്ച സമയത്ത് ജനറൽ ഫണ്ടിൽ നിന്നുമാണ് അടങ്കൽ വച്ചതെന്നും റിവിഷൻ സമയത്ത് പ്രസ്തുത പ്രോജക്ടിന്റെ ഫണ്ട് ക്രമീകരിച്ച് സി.എഫ്.സി., തനത് ഫണ്ട് എന്നിങ്ങനെ ആക്കിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന് ആധികാരികമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പട്ടികയിൽ പറയുന്ന ശ്രീമതി. സൈനബ ഒഴുപറമ്പിൽ, ശ്രീമതി ഐഷാബീവി എന്നിവർക്ക് ധനസഹായം നല്കിയതിലെ അപാകതകൾ മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നു. അവശേഷിക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതുവരെ പരാമർശം നിലനില്ക്കുന്നു.

## 1-36-2 വീട് അറ്റകുറ്റപ്പണി (ജനറൽ) അപാകതകൾ

പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് ഭവന അറ്റകുറ്റപ്പണി നിർവ്വഹിക്കാൻ 2022-23 സാമ്പത്തിക വർഷം പ്രൊജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണിത്.132/23 എന്ന പദ്ധതി 25/22ന്റെ സ്പിൽ ഓവർ പദ്ധതിയാണ്. മേൽ പദ്ധതിയിൽ കണ്ട അപാകതകൾ/നിരീക്ഷണങ്ങൾ താഴെ നല്കുന്നു

**പ്രൊജക്ട് നം. SO. 132/23വീട് അറ്റകുറ്റപ്പണി (ജനറൽ)**

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | വീട് അറ്റകുറ്റപ്പണി (ജനറൽ)<br>(പ്രൊജക്ട് നം. SO.132/23) |

| | |
|---|---|
| അടങ്കൽ | 1675372/-(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | Vr.No.22201737/15.03.23 ₹. 120000/-<br>Vr.No.22201587/16.02.23 ₹. 30000/-<br>Vr.No.22201360/16.01.23 ₹. 30000/-<br>Vr.No.22201246/29.12.22 ₹. 90000/-<br>Vr,No.22200728/12.09.22 ₹. 624000/-<br>Vr.No.22200922/25.10.22 ₹. 30000/-<br>------------<br>924000/-<br>=========== |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ<br>നഗര ദാരിദ്ര്യ ലഘൂകരണ സെൽ |
| ഫയൽ നം. | H3-17746/21 |

**പ്രൊജക്ട് നമ്പർ പ്രൊജക്റ്റ് നടപ്പാക്കിയതിൽ കണ്ട അപാകതകൾ/നിരീക്ഷണങ്ങൾ**

1. 2021-22ൽ പ്രൊജക്ട് നം. 25/22ന് നഗരസഭ 1200000/-രൂപ അടങ്കൽ വയ്ക്കുകയും 604628/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നീക്കിയിരിപ്പായി 595372/-രൂപയുണ്ട്. 2022-23ൽ 1675372/-രൂപ അടങ്കൽ വച്ചതിൽ 30 പേർക്ക് 924000/-രൂപ ധനസഹായം നല്കുകയും ചെയ്തു. രണ്ടു വർഷം കൂടി 2875372/-രൂപ അടങ്കലായി വച്ചപ്പോൾ 1528628/-രൂപ മാത്രമാണ് ചെലവഴിച്ചത്. 1346744/-രൂപ നീക്കിയിരിപ്പുണ്ട്. 364 പേർ ഉൾപ്പെട്ട ഗുണഭോക്തൃലിസ്റ്റിൽ നിന്നും 2021-22 സാമ്പത്തിക വർഷം 21 പേർക്കും 2022-23 സാമ്പത്തിക വർഷം 30 പേർ അടക്കം ആകെ രണ്ടു വർഷം കൂടി 51 പേർക്കാണ് ധനസഹായം നല്കിയത്. നീക്കിയിരിപ്പായി വലിയ തുകയുള്ളപ്പോൾ വളരെ കുറച്ച് ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. സ.ഉ.(കൈ)നം.22/2018/തസ്വഭവ തിയ്യതി 14.02.2018 പ്രകാരം വീട് അറ്റകുറ്റപ്പണി എന്ന പ്രൊജക്ടിനെപ്പറ്റി പ്രതിപാദിക്കുന്നില്ല. മേൽ പദ്ധതി നടപ്പിലാക്കാൻ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. താഴെപ്പറയുന്ന വൗച്ചർ നമ്പറിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയിട്ടുണ്ടെങ്കിലും സ്വന്തമായി വീടുള്ളതായോ വസ്തു നികുതി അടച്ചതിന്റെ രശീതിയോ ബന്ധപ്പെട്ട അപേക്ഷയിലോ ഫയലിൽ നിന്നോ ലഭ്യമല്ല.

| ക്രമ നം. | ഗുണഭോക്തൃ ലിസ്റ്റ് ക്രമ നം. | പേര് | നല്കിയ തുക |
|---|---|---|---|
| | | വൗച്ചർ നം. 22200728 തിയ്യതി 12.09.2022 തുക 624000/-) | |
| 1 | 7 | ശ്രീമതി.ചിന്നമ്മു ചട്ടിക്കൽ, | 30000 |

| | | | |
|---|---|---|---|
| 2 | 4 | ശ്രീ. ഷെമീർ ബാബു,വെളിയംമ്പാട് വീട്,തൃക്കണ്ടിയൂർ | 30000 |
| 3. | 36 | ശ്രീമതി ആമിന.വി.വെള്ളത്തൂർ വീട്, മുത്തൂർ, തിരൂർ | 30000 |
| 4. | 42 | ശ്രീമതി ദേവകി.പി., പിടാക്കൽ വീട്, മുത്തൂർ, തിരൂർ. | 30000 |
| 5 | 28 | ശ്രീ.രവീന്ദ്രൻ, പോത്തനിപറമ്പിൽ, സൗത്ത് അന്നാര. | 30000 |
| 6 | 34 | ശ്രീമതി സുബൈദ, ആപറമ്പിൽ,<br>നോർത്ത് അന്നാര | 30000 |
| 7 | 20 | ശ്രീമതി. ഷീജ.കെ., കുണ്ടിൽ(പിള്ളത്ത്) വടക്കേ അന്നാര, തിരൂർ | 30000 |
| 8 | 53 | ശ്രീമതി.ബിവിഅതിയത്തിൽ, പറന്നേക്കാട്, തിരൂർ | 30000 |
| 9 | 37 | ശ്രീമതി കാർത്ത്യായനി, പള്ളിയേരി വീട്, അന്നാര, തിരൂർ | 30000 |
| 10 | 8 | ശ്രീമതി ബീവി,മാടമ്പാട്, ചെമ്പ്ര | 30000 |
| 11 | 18 | ശ്രീമതി കാർത്ത്യായനി,പരിയേരി പറമ്പിൽ, ചെമ്പ്ര | 30000 |
| 12 | 52 | ശ്രീമതി. ഫാത്തിമ സി.ചാത്തേരി വീട്, കൊട്ട | 30000 |
| 13 | 5 | ശ്രീമതി. തങ്കം എം.പി. മുത്തനാട്ട് പറമ്പിൽ, വിഷ്ണുപാടം | 30000 |
| 14 | 19 | ശ്രീമതി നബീസ.ടി.വി. തൈവളപ്പിൽ, തിരൂർ | 30000 |
| Vr.No.22201246/29.12.22 ₹. 90000/- | | | |
| 15 | 62 | ശ്രീ.ആലികുട്ടി, ഒരിക്കലിൽ വീട്, പെരുമ്പഴിമ്പല്ലം. | 30000 |
| Vr.No. 22201587/16.02.2023 ₹. 30000/- | | | |
| 16 | 40 | ശ്രീമതി. ജമീല.കെ.കീഴേടത്തിൽ വീട്, പൂക്കയിൽ, നടുവിലങ്ങാടി, | 30000 |
| | | ആകെ | 4,80,000 |

4. പ്രൊജക്ട് നം. 132/23ന് ചെലവ് പത്രിക പ്രകാരം ചെലവ് തുക 924000/-രൂപയും അംഗീകൃത പ്രൊജക്ട് പ്രകാരം 1675372/-രൂപയുമാണ്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം 22.08.2023നകം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 37/ 2022-23 തിയ്യതി 17.08.2023) 15.11.2023ന് നിർവ്വഹണോദ്യോഗസ്ഥൻ അപൂർണ്ണമായ മറപടിയാണ് ലഭ്യമാക്കിയത്. ആവശ്യമായ രേഖകൾ ഹാജരാക്കാത്തിനാലാണ് ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും ധനസഹായം നല്കാതെന്ന് അറിയിക്കുകയുണ്ടായി. മുഴുവൻ അപാകതകൾക്കും മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-37 ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ-അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ<br>പ്രൊജക്ട് നം. SO.66/23<br>(2021-22 പ്രൊജക്ട് നം. 106/22) |
| നിർവ്വഹണോദ്യോഗസ്ഥ | ശ്രീമതി. ധന്യ.ടി.വി. |

| | |
|---|---|
| | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | 300000/-<br>ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവ് | 285646/-<br>(BRN-22150547003201231768d Dated 23.02.2023)<br>10328/-(എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് പ്രതിഫലം)<br>(BRN-22150547003201356710 Dated 23.02.2023)<br>-----------<br>295974/-<br>======== |
| എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | 258193.85/-+GST |
| കരാറുകാരൻ ക്വോട്ട് ചെയ്തത് | 255611.91/-(ജി.എസ്.ടി.പുറമെ) |
| അളവ് പുസ്തകം | 27/2019-20 |
| കരാറുകാരൻ | ശ്രീ.ടി.വി.മുജീബ് റഹ്മാൻ,വെക്റ്റാ എഞ്ചിനീയറിംഗ് |
| ഫയൽ നം. | PW2-24740/19 |
| ഭരണാനുമതി നമ്പറും തിയ്യതിയും | 1/04.11.2022. (പ്രൊജക്ട് നം. SO.66/23) |
| സാങ്കേതികാനുമതി നമ്പറും തിയ്യതിയും | 207/EE/LSGD/Electrical Commitee/2019-20 Dated 31.12.2019<br>(മുൻ വർഷ പ്രൊജക്ട് നം. 124/19) |
| അഗ്രിമെന്റ് നം. | 82/2019-20 Dated 11.03.2020 |
| സൈറ്റ് കൈമാറിയത് തിയ്യതി | 11.03.2020 |
| പ്രവർത്തി പൂർത്തീകരിക്കേണ്ട തിയ്യതി | 10.05.2020 (2 മാസം ടെണ്ടർ നോട്ടീസ് പ്രകാരം) |
| പണി പൂർത്തീകരിച്ച് അളവെടുത്തത് | 30.03.2022 (M-book 27/19-20 Page No. 28) |

**1.ഒരേ പ്രവൃത്തിക്ക് വ്യത്യസ്ത നിരക്ക് നല്കി.**

തിരൂർ നഗരസഭയിലെ മുനിസിപ്പൽ എഞ്ചിനീയർ 2022-23സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ പ്രൊജക്ട് നം. SO.66/23 പ്രവർത്തിയ്ക്കും അസിസ്റ്റന്റ് എഞ്ചിനീയർ 2022-23സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ ജി.എം.യു.പി.സ്കൂൾ വൈദ്യുതീകരണം പ്രൊജക്ട് നം. 26/23 പ്രവർത്തിയ്ക്കും എസ്റ്റിമേറ്റ് നിരക്ക് വ്യത്യസ്ത രീതിയിലാണ് ഇലക്ട്രിക്കൽ സാങ്കേതിക സമിതി തയ്യാറാക്കിയിരിക്കുന്നത്.

DSR 2016 Cost Of Index.31.06 പ്രകാരം നിർണ്ണയിച്ച നിരക്ക് (എം.ബുക്ക് പ്രകാരം)

| Sl. No. | Spec.Code And Description | Electrification Of GMUPS, Tirur (M.B.No.25/2019-20) | Electrification Of Buds School |
|---|---|---|---|

| | | | |
|---|---|---|---|
| | | | Tirur<br>(M.B.No.27/2019-20) |
| 1 | 2 | 3 | 4 |
| 01. | 90.2.1.1<br>Suppy And........Short Point | 856.49/Point | 896.50/Point<br>44 Point X 896.50 = 39446<br>കോളം നം. 3 നിരക്ക് പ്രകാരം ചെയ്യുകയാണെങ്കിൽ<br>856.49നിരക്കിൽx44= 37685.56<br>**വ്യത്യാസം 1760.44** |
| 02 | 90.2.1.4<br>Suppy And........Short Point | 1329.92/Point | 1371.12/Point<br>24 Point X 1371.12= 32906.88<br>കോളം നം. 3 നിരക്ക് പ്രകാരം ചെയ്യുകയാണെങ്കിൽ<br>1329.92 നിരക്കിൽ X24= 31918.08<br>**വ്യത്യാസം 988.80** |
| 03 | 90.2.1.6<br>Supply And Wiring.....light Points | 428.90/each | 526.86/each<br>8Nos. X 526.86/each= 4214.48<br>കോളം നം. 3 നിരക്ക് പ്രകാരം ചെയ്യുകയാണെങ്കിൽ<br>428.90 നിരക്കിൽ X 8= 3431.2<br>**വ്യത്യാസം 783.28** |
| 04 | 90.2.1.7<br>Supply And Wiring Points .....Short Point | 571.43/Point | 701.17/each<br>5 X 701.17= 3505.85<br>കോളം നം. 3 നിരക്ക് പ്രകാരം ചെയ്യുകയാണെങ്കിൽ<br>571.43 നിരക്കിൽ X 5= 2857.15<br>**വ്യത്യാസം 648.7** |
| 05 | 90.4.5.2 | 1857.50 Each | 2161.43/each |

| | | | |
|---|---|---|---|
| | Supply, Conveyance,i Nstalllation Testing And ......... Single Face A/C | | 33Nos. X 2161.43 Each=71327/-<br>കോളം നം. 3 നിരക്ക് പ്രകാരം ചെയ്യുകയാണെങ്കിൽ<br>1857.50 നിരക്കിൽ X 33= 61297.50<br>**വ്യത്യാസം 10029.50** |

**ആകെ വ്യത്യാസം 14210.72/- (കരാറുകാരന് അധികം നല്കിയത്)**

രണ്ടു പ്രൊജക്ടുകളുടേയും നിരക്ക് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് ശ്രീ അബ്ദുൾ ഗഫൂർ. കെ.എൻ. അസി.എഞ്ചിനീയർ (റിട്ടയേർഡ്). കേരള സംസ്ഥാന വൈദ്യുതി ബോർഡ്, മേമ്പർ ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതി , എൽ.എസ്.ജി.ഡി. മലപ്പുറം, ശ്രീ അലികുന്നത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ടയേർഡ്) കേരള പൊതുമരാമത്ത് വകുപ്പ് വൈദ്യുതിവിഭാഗം മെമ്പർ, ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതി, എൽ.എസ്.ജി.ഡി., മലപ്പുറം ആണ്. രണ്ടു പദ്ധതിയുടേയും കരാറുകാരനും ഒരേ വ്യക്തിയാണ്.

രണ്ടു നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ ഒരേ സ്പെസിഫിക്കേഷൻ പ്രവർത്തികൾക്ക് ഒരേ കാലഘട്ടത്തിൽ വ്യത്യസ്ത നിരക്ക് രേഖപ്പെടുത്തുവാനുള്ള കാരണവും രണ്ടു പ്രവർത്തികളുടേയും Detailed Estimateഉം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

<u>പ്രവർത്തി പൂർത്തീകരിക്കാൻ കാലത്താമസം വന്നതിന് നിയാമാനുസൃത പിഴ ഈടാക്കിയിട്ടില്ല.</u>

2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബഡ്സ് സ്കൂൾ വൈദ്യുതീകരണ പ്രവർത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിച്ചില്ല. (പദ്ധതിയുടെ വിവരങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) 04.01.2020ലെ PW2-14107/19 പ്രകാരം മേൽ പ്രവർത്തിക്ക് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ നോട്ടീസ് പ്രകാരം 2മാസമാണ് പ്രവർത്തി പൂർത്തീകരണ കാലാവധി. എന്നാൽ 21 മാസത്തോളം വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് കരാറുകാരനിൽ നിന്നും നഗരസഭ യാതൊരു പിഴയും ഈടാക്കാതെ ബിൽ അനുവദിച്ചു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ജി.ഒ(പി) നം. 13/2012/PWD തിയ്യതി 01.02.2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2011 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന കാലാവധി തീരുന്നതിനുമുമ്പായി അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവർത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡായി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവർത്തിയുടെ കാലാവധി ദീർഘിപ്പിക്കേണ്ടി വരുന്ന ഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥർ മുഖേന അപേക്ഷ നല്കേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി പി.എ.സിയുടെ 1% (Minimum 1000/-രൂപ) പിഴ ഈടാക്കികൊണ്ട് പൂർത്തീകരണ കലാവധിയുടെ 25% വരെ (പരമാവധി ആറുമാസം ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നല്കാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ 2%(minimum 2000/-രൂപ) പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% അധികരിക്കാവുന്നതല്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018ലെ എസി.2/233/15/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കരാറുകാൻ യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്തതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലളവിന് ഒരു ശതമാനം നിരക്കിലും തുടർന്ന് ഓരോ മൂന്ന് മാസത്തിനും 2%നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് കരാറുകാരന് ബിൽ അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

കൊറോണ വ്യാപനം മൂലമുള്ള അടച്ചിടൽ കാരണം കൊണ്ട് പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്ന സന്ദർഭത്തിൽ സർക്കാർ ഉത്തരവ് നം. (സാധാ)സ1444/2021ത.സ്വ.ഭ.വ. തിയ്യതി 31.07.2021 പ്രകാരം

ലോക്ക് ഡൗൺ പരിഗണിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ ഏറ്റെടുത്ത പൊതുമരാത്ത് പ്രവൃത്തികളുടെ കരാർ ജോലികളുടെ പൂർത്തീകരണ കാലാവധി പിഴകൂടാതെ 6 മാസംകൂടി നീട്ടി നല്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ആയതിൽ പ്രകാരം പിഴകൂടാതെ പണി പൂർത്തിയാക്കേണ്ടത് 11.11.2020 . ആയതിനാൽ 11.11.2020വരെ പിഴയിൽ നിന്നും ഇളവു നല്കാവുന്നതാണ്. അളവു പുസ്തക പ്രകാരം മേൽ പ്രവർത്തി പൂർത്തീകരിച്ച് അളവെടുത്തത് മേൽ തിയ്യതിയ്ക്ക ശേഷം 30.03.2022 നാണ് .

നഗരസഭയും കരാറുകാരനും ഒപ്പുവച്ച അഗ്രിമെന്റ് നം.82/2019-20 തിയ്യതി 11.03.2020 ക്രമ നം. 6 പ്രകാരം കരാർ ഉടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ പ്രവർത്തി നടത്തുന്നതിനായി സ്ഥലം ഏറ്റു വാങ്ങണമെന്നും സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവർത്തി തുടങ്ങി കരാർ വച്ച സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കണമെന്നും പറയുന്നുണ്ട്. മേൽ അഗ്രിമെന്റ് ക്രമ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിതകാലാവധിയുടെ 20% സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. പ്രവർത്തി വൈകാൻ ഇപ്രകാരത്തിലുള്ള അവസ്ഥയുണ്ടായിതായി ഫയലിൽ ഇല്ല. പ്രസ്തുത ഖണ്ഡികയിൽ അതിൽ കൂടുതൽ വരുന്ന മൂന്നു മാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തുകൊണ്ടും പിന്നീട് വരുന്ന ഓരോ മാസത്തിലും കരാർ തുകയുടെ രണ്ടു ശതമാനം വീതം ചുമത്തികൊണ്ടും മാത്രമെ കാലാവധി നീട്ടുകൊടുക്കുവാൻ പാടുള്ളൂ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവർത്തി വൈകിയതിന് മേൽ അഗ്രിമെന്റിൽ പറയുന്ന പിഴ ചുമത്തിയതായി കാണുന്നില്ല. എഗ്രിമെന്റ് പ്രകാരം ചുമത്തേണ്ട പിഴ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| 11.05.2020 മുതൽ 10.11.2020 | 6 മാസം വരെ പിഴ ഇല്ല (Covid Extension) |
| 11.11.2020-10.02.2021 | 3 മാസം 2556 (1% PAC) |
| 11.02.2021-10.05.2021 | 3 മാസം 5112 (2% PAC) |
| 11.05.2021-10.08.2021 | 3 മാസം 5112 (2%PAC) |
| 10.08.2021-10.11.2021 | 3 മാസം 5112 (2%PAC |
| 11.11.2021-10.02.2022 | 3 മാസം 5112 (2% PAC) |
| 11.02.22-29.03.2022 | 47 ദിവസം - 2669 (2% PAC) |

ആകെ 25673

കാലവധി ദീർഘിപ്പിച്ച തരുന്നതിന് 14.10.22ലെ കരാറുകാരന്റെ കത്ത് പ്രകാരവും 29.10.22ലെ അസിസ്റ്റന്റ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുത ബോർഡ് മെമ്പർ, ജില്ലതല ഇലക്ട്രിക്കൽ സാങ്കേതിക സമിതി, എൽ.എസ്.ജി.ഡി, മലപ്പുറം എന്നിവരുടെ Time Extension-ന് വേണ്ടിയുള്ള ശുപാർശ കത്ത് പ്രകാരവും കൗൺസിൽ തീരുമാനം നം. 24 തിയ്യതി 22.12.2022 പ്രകാരവും കരാർ കാലവധി 31.03.22വരെ പുതുക്കി കരാർകാരൻ ഏറ്റെടുത്ത പ്രസ്തുത പ്രവൃത്തിയ്ക്ക് പിഴ കൂടാതെ ബിൽ തുക അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ കരാർ കാലവധി 22.12.2022 വരെ ദീർഘിപ്പിച്ച നല്കിയിരിക്കുന്നുവെന്ന് 03.02.2023ലെ ഓഫീസ് നോട്ട്സ് പറയുന്നുണ്ട്. കേരള പൊതുമരാമത്ത് മാനലിൽ പറയുന്ന സമയത്ത് കരാറുകാരൻ പിഴകൂടാതെ പ്രവർത്തി ദീർഘിപ്പിക്കുന്നതിന് അപേക്ഷ തന്നിട്ടില്ലെന്നാണ് മേൽ കുറിപ്പിൽ നിന്നും വ്യക്തമാകുന്നത്. മാത്രവുമല്ല. പ്രവർത്തിയുടെ അളവെടുത്തതിനു ശേഷമാണ് പ്രവർത്തിയുടെ സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നല്കിയതും, ഇലക്ട്രിക്കൽ സമിതി ആയതിന് ശുപാർശ ചെയ്തെന്നും വ്യക്തമാണ്. കൗൺസിൽ തീരുമാനം നം. 24 തിയ്യതി 22.12.2022 പ്രകാരം കരാർ കാലവധി 31.03.22വരെ പുതുക്കി കരാർകാരൻ ഏറ്റെടുത്ത പ്രസ്തുത പ്രവൃത്തിയ്ക്ക് പിഴ കൂടാതെ ബിൽ തുക അനുവദിക്കണമെന്ന് പണി പൂർത്തിയാക്കി അളവെടുത്തിനു ശേഷമാണ് കൗൺസിൽ തീരുമാനമെടുത്തത്.

പിഴ തുകയെ പരാമർശിച്ച ഉത്തരവുകൾക്കും, എഗ്രിമെന്റ് രേഖപ്പെടുത്തിയതിനും വിരുദ്ധമായി പിഴ ഈടാക്കാതെ മുഴുവൻ ബിൽ തുകയും നല്കിയതിന് നിർവ്വഹണോദ്യോഗസ്ഥ വിശദീകരണം നല്കേണ്ടതാണ്.

അപാകതകൾക്ക് 28.11.2023നകം മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ( ഓഡിറ്റ് എൻക്വയറി നം. 85/2022-23 തിയ്യതി 23.11.2023)ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ പലിശയിനത്തിൽ ഈടാക്കേണ്ട 25673/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

**1-38-1 തിരൂർ മാർക്കറ്റ് കോറിഡോർ വികസനം - കരാറുകാരനിൽ നിന്ന് പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല**

ഫയൽ പി.ഡബ്ലിയു.1 - 16531/19

ഫൈനൽ ബിൽ/തുക - 22150547003200815813, 816, 819/24-11-22 : 4147714

നിർവ്വഹണോദ്യോഗസ്ഥൻ :- മുനിസിപ്പൽ സെക്രട്ടറി

തിരൂർ മാർക്കറ്റ് കോറിഡോർ വികസനം എന്ന പദ്ധതി, പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസിയായ സിഡ്കോയെ 5-9-2019 ലെ നഗരസഭയുടെ 2-ാം നമ്പർ തീരുമാനപ്രകാരം പ്രവർത്തി ചെയ്യാൻ ഏൽപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സിഡ്കോയുമായി 31-12-2019 ന് 65/2019-20 നമ്പറിൽ കരാർ ഉടമ്പടി വെച്ചു. ഈ

പ്രവർത്തി സിഡ്കോ ഈ-ടെൻഡർ ചെയ്യുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കെ. സിദ്ധിഖിന് പ്രവർത്തി നൽകി. 29-02-2020 ന് ഉടമ്പടി വെച്ചു. 2-3-2020 ന് സൈറ്റ് കൈമാറി. ഫയൽ പരിശോധിച്ചപ്പോൾ പ്രവർത്തി പൂർത്തീകരണ കാലതാമസത്തിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയതായി കാണുന്നില്ല.

വിശദാംശം താഴെ കൊടുക്കുന്നു.

സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയതി - 2-3-2020

പ്രവർത്തി പൂർത്തീകരണ കാലയളവ് - 11 മാസം

(നഗരസഭ സിഡ്കോയുമായി ചമച്ച കരാറിൽ 13-ാം ഇനം കാണുക)

അതായത് 2-3-2020 ന് ശേഷം 11 മാസം കഴിഞ്ഞാൽ 1-2-2021 ന് പ്രവർത്തി പൂർത്തിയാക്കണം. ഇതിന് ശേഷം 10% കാലയളവ് പിഴ ഇല്ലാതെ അനുവദിച്ചു. (എഗ്രിമെന്റ് ഇനം 22 കാണുക). ഇത് കൂടി കണക്കാക്കിയാൽ 37 ദിവസം അധികം വരും. അതായത് 7-3-2021 ന് പ്രവർത്തി പൂർത്തിയാക്കണം. ജി.ഒ 1444/2021/തസ്വഭവ തീയതി 31-07-2021 ലെ ഉത്തരവ് പ്രകാരം ലോക്ക്ഡൗൺ പരിഗണിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി 6 മാസം നീട്ടി നൽകി. ഇവിടെ 8-3-2021 മുതൽ 7-9-2021 വരെ നീട്ടി നൽകിയതായി കണക്കാക്കാം. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 21-10-2021 നാണ്. അസിസ്റ്റന്റ് എഞ്ചിനീയർ അവസാനമായി അളവെടുത്ത തീയതിയായ 21-10-2021 ആണ് പ്രവൃത്തി പൂർത്തിയായതായി കണക്കാക്കേണ്ടത്. (എം ബുക്ക് 181/2021 പേജ് 24 കാണുക). 8-9-2021 മുതൽ 21-10-2021 വരെയുള്ള കാലയളവിൽ പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ഇത് പ്രകാരം 8-9-2021 മുതൽ മൂന്ന് മാസം വരെ പി.എ.സി. യുടെ 1% പിഴ ഈടാക്കാം. 1,97,50,000 രൂപയുടെ 1% തുകയായ 1,97,500 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. അത് സിഡ്കോ ഈടാക്കി നഗരസഭക്ക് നൽകേണ്ടതാണ്. തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പിഴ ഈടാക്കി ഓഡിറ്റിനെ അറിയിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 83/2022-23 തിയ്യതി 21.11.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-38-2 വൈദ്യുതീകരണ പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പ്രവർത്തി പൂർത്തീകരിച്ചില്ല – പിഴ ഈടാക്കിയില്ല

2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വൈദ്യുതീകരണ പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിച്ചില്ല. ടെൻഡർ നോട്ടീസ് പ്രകാരം 2 മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. എന്നാൽ 21 മാസത്തോളം വൈകി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് കരാറുകാരനിൽ നിന്നും നഗരസഭ യാതൊരു പിഴയും ഈടാക്കാതെ ബിൽ അനുവദിച്ചു.

ജി.ഒ(പി) നം. 13/2012/PWD തീയതി 01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡായി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ കരാറുകാർ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി പി.എ.സി യുടെ 1% (Minimum 1000/-) പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറു മാസം ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ 2% പിഴ (Minimum 2000/-) ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018 ലെ എസി.2/223/15/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്ന് ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. മേൽ നടപടിക്രമങ്ങളൊന്നും പാലിക്കാതെ കരാറുകാരന് ബിൽ അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

കൊറോണ വ്യാപനം മൂലമുള്ള അടച്ചിടൽ മൂലമാണ് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിയാതിരുന്നത് എന്ന് കരാറുകാരൻ അറിയിച്ചതായാണ് ഫയൽ പരിശോധനയിൽ വ്യക്തമായത്. 2020 മാർച്ച് അവസാന വാരം കൊറോണ വ്യാപനവുമായി ബന്ധപ്പെട്ട് സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം നിയന്ത്രണങ്ങൾ കണക്കിലെടുത്ത് നിർമ്മാണ പ്രവൃത്തികളുടെ കാലാവധി പിഴ കൂടാതെ 6 മാസം നീട്ടി നൽകാൻ 31-07-2021 ലെ ജി.ഒ (എം.എസ്) നമ്പർ 1444/2021/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ ലോക്ക്ഡൗൺ മൂലം 6 മാസത്തിൽ കൂടുതൽ പിഴ ഈടാക്കാതിരിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ പിഴ ഈടാക്കാതെ ബിൽ അനുവദിച്ച നടപടി ക്രമപ്രകാരമല്ല. വൈകി പൂർത്തീകരിച്ച 21 മാസത്തിൽ 6 മാസം കുറവ് ചെയ്ത് തുടർന്നുള്ള മാസങ്ങൾക്ക് നിയമാനുസൃതമായ പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**I. മുനിസിപ്പൽ ഗസ്റ്റ് ഹൗസ് ഇലക്ട്രിഫിക്കേഷൻ**

ഫയൽ നമ്പർ - 11771/19

പ്രോജക്ട് നമ്പർ - SO 288/20

ഭരണാനുമതി നമ്പർ/തീയതി - 14-06-2019

ഡി.പി.സി അംഗീകാര തീയതി - 29-06-2019

അടങ്കൽ - 2,00,000 (വികസന ഫണ്ട്)

പി.എ.സി - 169307.11 + ജി.എസ്.ടി

ചെലവ് തുക - 164180 (22150547004501231734 – 22.3.23)

6841 (22150547004501231737 – 23.2.23)

കരാർ നമ്പർ, തീയതി - 80/2019-20 തീയതി 11-03-2020

സൈറ്റ് കൈമാറിയ തീയതി - 11-03-2020

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 10-05-2020 (2 മാസം - ടെൻഡർ ഷെഡ്യൂൾ)

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 30-03-2022 (അളവ് പുസ്തകം 24/2019-20,

പേജ് നമ്പർ 30)

കരാറുകാരൻ - ടി.വി. മുജീബ് റഹ്മാൻ

അളവ് പുസ്തകം - 24/2019-20

ഈടാക്കേണ്ട പിഴ

11-05-2020 മുതൽ 10-11-2020 വരെ 6 മാസം - പിഴയില്ല (Covid Extension)

11-11-2020 മുതൽ 10-02-2021 വരെ മൂന്ന് മാസം - 1693 (1% PAC)

11-02-2021 മുതൽ 10-05-2021 വരെ മൂന്ന് മാസം - 3386.10 (2% PAC)

11-05-2021 മുതൽ 10-08-2021 വരെ മൂന്ന് മാസം - 3386.10 (2% PAC)

11-08-2021 മുതൽ 10-11-2021 വരെ മൂന്ന് മാസം - 3386.10 (2% PAC)

11-11-2021 മുതൽ 10-02-2022 വരെ മൂന്ന് മാസം - 3386.10 (2% PAC)

11-02-2022 മുതൽ 29-03-2022 വരെ 47 ദിവസം - 1788.16

ആകെ പിഴ - 17025.56

= 17026

=====

II ജി.എം.യു.പി. സ്കൂൾ വൈദ്യുതീകരണം

ഫയൽ നമ്പർ - PW2-5136/20

പ്രോജക്റ്റ് നമ്പർ - SO 165/20 (Project No. 26/22-23)

ഭരണാനുമതി തീയതി - 05-09-2019 (2)

അടങ്കൽ - 2,00,000/-

PAC - 170676.90 + ജി.എസ്.ടി

ചെലവ് തുക - 1689974/- (22150547004501231726 തീയതി 23-02-23)

6896/- (22150547004501231733 തീയതി 23-02-23)

കരാർ നമ്പർ, തീയതി - 81/2019-20 - 11-03-2020

സൈറ്റ് കൈമാറിയ തീയതി - 11-03-2020

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 10-05-2020 (2 മാസം ടെൻഡർ ഷെഡ്യൂൾ പ്രകാരം)

പൂർത്തീകരിച്ച തീയതി - 30-03-2022 (അളവ് പുസ്തകം 25/19-20, പേജ് നമ്പർ 23)

അളവ് പുസ്തകം - 25/2019-20

കരാറുകാരൻ - ടി.വി. മുജീബ് റഹ്മാൻ

ഈടാക്കേണ്ട പിഴ

11-05-2020 മുതൽ 10-11-2020 വരെ 6 മാസം - പിഴയില്ല (Covid Extension)

11-11-2020 മുതൽ 10-02-2021 വരെ മൂന്ന് മാസം - 1706.80 (1% PAC)

11-02-2021 മുതൽ 10-05-2021 വരെ മൂന്ന് മാസം - 3413.50 (2% PAC)

11-05-2021 മുതൽ 10-08-2021 വരെ മൂന്ന് മാസം - 3413.50 (2% PAC)

11-08-2021 മുതൽ 10-11-2021 വരെ മൂന്ന് മാസം - 3413.50 (2% PAC)

11-11-2021 മുതൽ 10-02-2022 വരെ മൂന്ന് മാസം - 3413.50 (2% PAC)

11-02-2022 മുതൽ 29-03-2022 വരെ 47 ദിവസം - 1802.50

ആകെ പിഴ - 17163.30

17163

====

III. G.H.S.S ഏഴൂർ വൈദ്യുതീകരണം

ഫയൽ നമ്പർ - PW2-25471/19

പ്രോജക്റ്റ് നമ്പർ - SO 163/20 (Project No. 25/23)

ഭരണാനുമതി തീയതി - 05-09-2019 (2)

അടങ്കൽ - 2,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

PAC - 213291.03 + ജി.എസ്.ടി

ചെലവ് തുക - 158859/- (ചെക്ക് നമ്പർ 293872 തീയതി 10-02-2023)

47903/- (22150547004501156075 തീയതി 07-02-23)

കരാർ നമ്പർ, തീയതി - 78/2019-20 തീയതി 11-03-2020

സൈറ്റ് കൈമാറിയ തീയതി - 11-03-2020

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 10-05-2020

പൂർത്തീകരിച്ച തീയതി - 30-03-2022 (അളവ് പുസ്തകം 23/19-20, പേജ് നമ്പർ 27)

അളവ് പുസ്തകം - 23/2019-20

കരാറുകാരൻ - ടി.വി. മുജീബ് റഹ്മാൻ

ഈടാക്കേണ്ട പിഴ

11-05-2020 മുതൽ 10-11-2020 വരെ 6 മാസം - പിഴയില്ല (Covid Extension)

11-11-2020 മുതൽ 10-02-2020 വരെ 3 മാസം - 2132.90 (1% PAC)

11-02-2021 മുതൽ 10-05-2021 വരെ 3 മാസം - 4265.80 (2% PAC)

11-05-2021 മുതൽ 10-08-2021 വരെ 3 മാസം - 4265.80 (2% PAC)

11-08-2021 മുതൽ 10-11-2021 വരെ 3 മാസം - 4265.80 (2% PAC)

11-11-2021 മുതൽ 10-02-2022 വരെ 3 മാസം - 4265.80 (2% PAC)

11-02-2022 മുതൽ 29-03-2022 വരെ 47 ദിവസം - 2252.70 (2% PAC)

ആകെ പിഴ 21448.80

= 21449

======

മേൽ മൂന്ന് പ്രവൃത്തികളുടെയും കരാറുകാരൻ ഒരേ വ്യക്തിയാണ്. ആയതിൽ ജി.എച്ച്.എസ്.എസ്. ഏഴൂർ വൈദ്യുതീകരണ പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കി ബിൽ തുക അനുവദിക്കാൻ 30-08-2022 ലെ 14-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തീരുമാനിച്ചതാണ്. എന്നാൽ പിന്നീട് കരാറുകാരൻ 14-11-2022 ന് സമർപ്പിച്ച അപേക്ഷയുടെയും മലപ്പുറം ജില്ലാ ഇലക്ട്രിക്കൽ സാങ്കേതിക സമിതി അംഗത്തിന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ 31-03-2022 വരെ കാലാവധി പുതുക്കി നൽകുകയും ബിൽ അനുവദിക്കുകയുമാണുണ്ടായത്. കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ച കഴിഞ്ഞതിന് ശേഷമാണ് കാലാവധി ദീർഘിപ്പിക്കാൻ അപേക്ഷ സമർപ്പിച്ചത്. ടി അപേക്ഷ പരിഗണനാർഹമല്ല. സർക്കാർ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി സാങ്കേതിക സമിതി അംഗം പണിയുടെ കാലവധി പുതുക്കാൻ ശുപാർശ ചെയ്തത് ശരിയായ നടപടയല്ല. ആയതിനാൽ അത്തരം ശുപാർശകളും പരിഗണനാർഹമല്ല. കൂടാതെ സർക്കാർ ചട്ടങ്ങളും ഉത്തരവുകളും കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനുമാണ്. അപ്രകാരം ചെയ്തതായും ഫയലിൽ കാണുന്നില്ല. ആയതിനാൽ കരാറുകാരനിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

നഗര സഭയും കരാറുകാരനും തമ്മിൽ ചമച്ച കരാറിൽ മേൽ 3 പദ്ധതികളിലും പൊതുവായി രേഖപ്പെടുത്തിയിരിക്കുന്ന നിബന്ധനകൾ താഴെ കൊടുക്കുന്നതു പ്രകാരമാണ്.

കരാറുമ്പടി ക്രമ നം. 6 പ്രകാരം കരാർ ഉടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ പ്രവർത്തി നടത്തുന്നതിനായി സ്ഥലം ഏറ്റു വാങ്ങണമെന്നും സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവർത്തി തുടങ്ങി കരാർ വച്ച സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കണമെന്നും പറയുന്നുണ്ട്. അഗ്രിമെന്റ് ക്രമ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിതകാലാവധിയുടെ 20% സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. പ്രവർത്തി വൈകാൻ ഇപ്രകാരത്തിലുള്ള അവസ്ഥയുണ്ടായിതായി ഫയലിൽ ഇല്ല. പ്രസ്തുത ഖണ്ഡികയിൽ അതിൽ കൂടുതൽ വരുന്ന മൂന്നു മാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തികൊണ്ടും പിന്നീട് വരുന്ന ഓരോ 3 മാസത്തിലും കരാർ തുകയുടെ രണ്ടു ശതമാനം വീതം ചുമത്തികൊണ്ടും മാത്രമെ കാലാവധി നീട്ടികൊടുക്കുവാൻ പാടുള്ളൂ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവർത്തി വൈകിയതിന് മേൽ അഗ്രിമെന്റിൽ പറയുന്ന പിഴ ചുമത്തിയതായി കാണുന്നില്ല. ക്രമ നം. 9 പ്രകാരം കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃത നോട്ടീസ് അയച്ച് 14 ദിവസങ്ങൾക്കു ശേഷം കരാറദ്ദാക്കുന്നതും പ്രവൃത്തി മറ്റോരു ഏജൻസി വഴി പൂർത്തിയാക്കുന്നതുമാണെന്നും അങ്ങനെ മറ്റൊരു ഏജൻസിയെ കൊണ്ട് പൂർത്തിയാക്കുന്നതുമൂലം ഉണ്ടാകുന്ന അധിക ചെലവു മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽ നിന്നും, ജാമ്യ നിക്ഷേപത്തിൽ നിന്നും സ്ഥാവര ജംഗമ വസ്തുകളിൽ നിന്നും വസൂലാക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതുമാണെന്നും കരാറിൽ പറയുന്നുണ്ട്. എന്നാൽ പ്രവർത്തി വൈകിയതിന് മേൽ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ അറിയിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/21-09-2023) ലഭ്യമാക്കിയ

മറുപടിയിൽ പിഴ ഒഴിവാക്കി ബിൽ തുക അനുവദിച്ചത് ഇലക്ട്രിക്കൽ സാങ്കേതിക സമിതിയുടെ ശുപാർശ പ്രകാരവും 22.12.2022 ലെ 24ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരവുമാണ് എന്നാണ്. മറുപടി അംഗീകരിക്കുന്നില്ല. നിമാനസൃത പിഴ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യകതിഗത ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-39 പകൽ വീട് നിർമ്മാണത്തിലെ അപാകതകൾ

ഫയൽ നമ്പർ : PW1.19946/16

പദ്ധതി നമ്പർ : 224/17

അടങ്കൽ തുക : 58,75,000/-രൂപ

ആകെ ചെലവ് : 58,68,587-രൂപ

കരാർ നമ്പർ : 24/2016-17/04-02-2017

നിർവ്വഹണ ഏജൻസി : FACT-RCF Building Products Ltd.

(Joint Venture Of The Fertilisers And Chemicals Travancore Ltd. & Rashtriya Chemicals & Fertilisers Ltd. )

നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എൻജിനീയർ

സാങ്കേതികാനുമതി :224/TIRMUNI/2016-17/07.02.2017.

ചെലവ് വിവരം :-(8% കൺസൾട്ടൻസി ചാർജ്ജും ആയതിന്റെ 15% സേവന നികുതിയുമുൾപ്പെടെ)

| ക്രമ നമ്പർ | ബിൽ നമ്പർ,തീയ്യതി | തുക (₹) |
|---|---|---|
| 1 | 14/2016-17/27-02-2017 | 11,75,000 |
| 2 | 22/2016-17/27-03-2017 | 17,62,500 |
| 3 | 57/2017-18/19-08-2017 | 21,12,500 |
| 4 | 58/2017-18/19-08-2017 | 2,38,775 |
| 5 | 164/2017-18/21-03-2018 | 5,79,812 |
| | ആകെ | ₹ 58,68,587/- |

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിയ്ക്ക് 03.10.2016 ലെ ഒന്നാം കൗൺസിൽ തീരുമാന പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. വൃദ്ധജനങ്ങൾക്ക് പകൽവീട് പദ്ധതി (224/2017) FACT-RCFബിൽഡിംഗ്

പ്രൊഡക്ട് ലിമിറ്റഡ് (FRBL) മുഖേന നിർവ്വഹിക്കുന്നതിന് 09.12.2016 ലെ 14ാം നമ്പർ കൗൺസിൽ തീരുമാനിക്കുകയും സർക്കാരിലേക്ക് അംഗീകാരത്തിനയക്കുകയുണ്ടായി. 18.01.2017 ലെ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 3.42 നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭിക്കുകയുണ്ടായി. അനുമതി ലഭ്യമായതിനെ തുടർന്ന് FACT-RCFബിൽഡിംഗ് പ്രൊഡക്ട് ലിമിറ്റഡ് മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് 5875000 രൂപയുടെ എസ്റ്റിമേറ്റ് കണക്കാക്കി 24/2016-17 നമ്പർ എഗ്രിമെന്റ് പ്രകാരം 04.02.2017ന് നഗരസഭ മുനിസിപ്പൽ എഞ്ചിനീയർ ഒന്നാം കക്ഷിയായും FRBL ഡെപ്യൂട്ടി ജനറൽ മാനേജർ രണ്ടാം കക്ഷിയായും കരാറിലേർപ്പെടുകയുണ്ടായി.

നഗരസഭയുടെ ആസ്തിയിൽപ്പെട്ട കോരങ്ങത്ത് 3000 ചതുരശ്ര അടി വിസ്തൃതിയിലാണ് വൃദ്ധർക്കായി 58 ലക്ഷത്തിലേറെ രൂപ ചെലവഴിച്ച് ഇത്തരത്തിലൊരു കെട്ടിടം പണിതത്. കെട്ടിടത്തിൽ രണ്ട് വിശ്രമ മുറികൾ,അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, വയോമിത്രം പദ്ധതിക്കായി പ്രത്യേകമുറി, ഫാർമസി, ഡ്രോയിംഗ്റൂം, അടുക്കള, സ്റ്റോർ റൂം, തുറന്ന വരാന്ത, വാഹനം പാർക്ക് ചെയ്യാനുള്ള സൗകര്യം എന്നിവ ഒരുക്കിയിരിക്കുന്നു. FACT-RCF Building Products Ltd സമർപ്പിച്ച 27.06.2017 ലെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം വർക്ക് ആരംഭിച്ചത് 20.02.2017 നാണ്. 50 ദിവസത്തെ കാലയളവിനുള്ളിൽ പണി പൂർത്തീകരിച്ച് 10.04.2017 ന് കെട്ടിടം ഉപയോഗ്യയോഗ്യമാക്കി എന്നാണ് കാണുന്നത്. 14.08.2017 ന് കെട്ടിടം ഉദ്ഘാടനം നിർവ്വഹിച്ചതായും കാണുന്നു. 04.02.2017 ലെ കരാർ പ്രകാരം പണി പൂർത്തീകരിക്കുന്നതിന് 12 മാസവും അതിനു പുറമെ പൂർത്തീകരിച്ച തീയതി മുതൽ ഡിഫക്ട് ല്യാബിലിറ്റി പിരീയഡ് ആയി 24 മാസവുമാണ് എന്നാണുള്ളത്.

SO292/18 പദ്ധതി മുഖേന 4,49,833/- രൂപ മുടക്കി 03/2018 ൽ ഫർണിച്ചറുകൾ, ടെലിവിഷൻ, പാത്രങ്ങൾ, പാചക വാതക കണക്ഷൻ & സ്റ്റൗ തുടങ്ങിയവ വാങ്ങി പകൽ വീട് പ്രവർത്തന സജ്ജമാക്കുകയുണ്ടായി. 2017-18 വർഷം നടപ്പിലാക്കിയ മേൽ പദ്ധതികളിലായി ₹63,18,420/- (58,68,587+449833) ചെലവഴിച്ചിട്ടും പകൽവീട്ടിൽ അന്തേവാസികളില്ലാത്തതിനാൽ കെട്ടിടം പദ്ധതി ലക്ഷ്യം കൈവരിക്കാതെ നിഷ്ക്രിയ ആസ്തിയായതായി 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-13 ൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ചിരുന്നു.

പകൽ വീട്ടിൽ സർക്യൂട്ട് തകരാർ കാരണം വൈദ്യുതി ഭാഗികമായി മാത്രമേ ലഭിക്കുന്നുള്ളൂ എന്നും ആയതിനാൽ ഫ്രിഡ്ജ്, ലൈറ്റ്, ഫാൻ എന്നിവ പ്രവർത്തിക്കുന്നില്ലായെന്ന് 16.07.2019 ന് പകൽവീട് വാച്ച്മാൻ പരാതിപ്പെടുകയുണ്ടായി. ആയത് പരിശോധിച്ചതിനെ തുടർന്ന് പി.ഡബ്ല്യുഡി ഇലക്ട്രിക്കൽ വിംഗിലേക്ക് കത്ത് നൽകുകയുണ്ടായി. പകൽ വീട്ടിലെ വൈദ്യുതി തകരാർ, ടോയ്‌ലറ്റിൽ നിന്നും വെള്ളം പോകാതെ കെട്ടികിടക്കുക, കെട്ടിടം ചോർന്നൊലിക്കുക എന്നീ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ 18.11.2019 ന് നഗരസഭയ്ക്ക് കത്ത് നൽകുകയുണ്ടായി. പകൽ വീട് കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കണമെന്ന് കാണിച്ച് 20.11.2019 ന് പി.ഡബ്ല്യു.1-20776/2019 നമ്പർ പ്രകാരം FACT-RCFബിൽഡിംഗ് പ്രൊഡക്ട് ലിമിറ്റഡിന് കത്ത് നൽകുകയുണ്ടായി. യാതൊരു മറുപടിയും ലഭിക്കാത്തതിനെ തുടർന്ന് ജനറൽ മാനേജർ (FRBL) ന് 18.03.2020 ന് പി.ഡബ്ല്യു.1-19946/2016 നമ്പർ പ്രകാരം വീണ്ടും കത്ത് നൽകുകയുണ്ടായി. മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾ

1. നഗരസഭയിൽ സുസജ്ജമായ എഞ്ചിനീയറിംഗ് വിങ്ങ് ഉണ്ടായിരിക്കെ പകൽ വീട് നിർമ്മാണം അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിച്ചത് ഉചിതമായില്ല.

2. ഒരു ബിൽഡിംഗ് പരമാവധി 50 വർഷത്തിലേറെ കാലം നിലനിൽക്കുന്നതാണ്. എന്നാൽ 3 വർഷത്തിനകം ബിൽഡിംഗ് ഡാമേജ് ആയി ചോർന്നൊലിക്കുന്ന അവസ്ഥയാണെന്ന് 23.11.2023 നടത്തിയ സ്ഥലപരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു. സീലിംഗ് അടർന്ന് പോയതായി കാണുന്നു. ഡിഫക്ട് ല്യാബിലിറ്റി പീരിയഡിനുള്ളിൽ ഇക്കാര്യം ചൂണ്ടിക്കാണിക്കുകയോ, തുടർനടപടി സ്വീകരിക്കുകയോ ഉണ്ടായില്ല. ബിൽഡിംഗിന് ഫിറ്റ്നസ് ഇല്ലാത്ത ഈ അവസ്ഥയിൽ പകൽ വീട്ടിലെ അന്തേവാസികളെയും അവിടെ പ്രവർത്തിക്കുന്ന വയോമിത്രം ഓഫീസ് ജീവനക്കാരുടെ സുരക്ഷയെ തന്നെ അപകടത്തിലാകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

3. ചോർച്ച സംബന്ധിച്ച വിവരം അക്രഡിറ്റഡ് ഏജൻസിയെ അറിയിച്ചിട്ടും യാതൊരു മറുപടി ഇല്ലാത്തത് ഗൗരവമായി വീക്ഷിക്കുകയോ FACT-RCF Building Products Ltd നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനോ, സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയോ ഉണ്ടായില്ല.

4. പകൽ വീടിന്റെ ശോചനീയവസ്ഥ പരിഹരിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല.

ചോർച്ച പരിഹരിക്കുന്നതിന് അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്. കെട്ടിടത്തിന്റെ ഫിറ്റ്നസ് ഉറപ്പു വരുത്തി വൃദ്ധജനങ്ങൾക്കും വയോമിത്രത്തിനും പകൽവീട് ഉപയോഗത്തിനായി വിട്ട് നൽകേണ്ടതാണ്.

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ സ്ലിപ്പിന് (നം. 91/07.12.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-40 റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മിക്സഡ് സീൽ സർഫസിംഗും (MSS) മറ്റൊന്ന് 20mm പ്രീ മിക്സഡ് ചിപ്പിംഗ് കാർ പ്പെറ്റുമാണ്. രണ്ടാമത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനുമുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനംകൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ ഒന്നാമത്തെ ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പെടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇത് പരിഗണിക്കുമ്പോൾ 2016 ലെ നിരക്ക് കണക്കാക്കിയാൽ 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറിന് ഏകദേശം 32% രൂപയുടെ അധിക ചെലവ് വരുന്നുണ്ടെന്ന് കാണുന്നു.

മിക്സഡ് സീൽ സർഫസ് (MSS)എന്ന ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mmചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്ന തരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations) , മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800 ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്,ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ് (Tolerance) കൂടിയത് + 6mm ഉം കുറഞ്ഞത് -6mmമാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത (Undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി + 10mm ഉം -10mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ് (Tolerance) ആയ + 10mmഉം -10mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത്കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലുംവളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്. മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി നഗരസഭയിലെ റോഡുകളുടെ നിർമ്മിതിയിൽ അവലംബിക്കേണ്ടത് അത്യാവശ്യമാണെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

നഗരസഭയിലെ സ്ഥിതിവിശേഷം

സ്ഥാപനത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹിക്കപ്പെട്ട ഭൂരിഭാഗം റോഡ് ടാറിംഗ് പ്രവൃത്തികൾക്കും ഉപയോഗപ്പെടുത്തിയ പേവിംഗ് ഇനം മിക്സഡ് സീൽ സർഫസ് (മാന്വൽ മീൻസ്) ആണ്. മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (Item Number 509) അടിസ്ഥാനപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയതെന്ന് ഡാറ്റാബുക്കിൽ നിന്നും വ്യക്തമാകുന്നു. 20mm സെമി

ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പേവിംഗ് നിർമ്മിതി പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്പ്രഡ്ഡിംഗും (Material Spreading Or Laying) നിർവ്വഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Propelled Hydrolic Paving Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു. എന്നാൽ റോഡിന്റെ നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതിയോ (Narrow Width) ഉണ്ടെങ്കിൽ , അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉപയോഗപ്പെടുത്തി സ്പ്രഡ്ഡിംഗ് നടത്താമെന്ന് ഇതേ ഇനത്തിന്റെ അവസാന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ഉപയോഗപ്പെടുത്താനാണ് മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ സ്ഥാപനത്തിലെ ഭൂരിഭാഗം റോഡുകളും പൂർണ്ണമായും ബിറ്റുമിൻ പേവിംഗ് നടത്തിയിരിക്കുന്നത് ഈ ഇനം (മാന്വൽ മീൻസ്) ഉപയോഗപ്പെടുത്തിയാണ്. ആവശ്യത്തിന് മെറ്റീരിയൽ ഇത്തരത്തിലുള്ള അശാസ്ത്രീയ നിർമ്മിതിയിൽ ഉറപ്പുവരുത്തുവാനും റോഡിന്റെ ആയുസ്സിനേയും (Durability) നിമ്നോന്നതയുടെ (Undulations) ടോളറൻസ് (Tolerance) പരിമിതമാണെന്ന് ഉറപ്പുവരുത്തുവാനും കഴിയാത്തതിനാൽ ഈ നിർമ്മിതി ഗുണമേന്മയേയും പ്രതികൂലമായി ബാധിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. യഥാർത്ഥത്തിലുള്ള മിക്സഡ് സീൽ സർഫസിംഗ് (MSS Mechanical) ) രീതി നഗരസഭയിലെ റോഡുകളിൽ അവലംബിക്കാത്തതിന് കാരണമായി ഉയർത്തിക്കാട്ടപ്പെടുന്നത് ഇവിടുത്തെ ചെറിയ റോഡുകളിൽ പേവർ ഉപയോഗിക്കാൻ കഴിയാത്തതാണെന്നതാണ്. ഈ വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല. മോർഡ് സ്പെസിഫിക്കേഷൻ ഇനം 509.5.4.3ൽ മെക്കാനിക്കൽ പേവർ, IRC 27 പ്രകാരമുള്ള അത്യാവശ്യ കാര്യങ്ങളുള്ള (Essential Features) വയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. IRC 27-2009 (Specifications For Bituminous Macadam) അനുബന്ധം A ഖണ്ഡിക E (H)ൽ പേവർ മെഷീൻ 2.5 മീറ്റർ മുതൽ 4 മീറ്റർ വരേയോ 4 മീറ്റർ മുതൽ 27 മീറ്റർ വരേയോ വീതിയിൽ മെറ്റീരിയൽ വിരിക്കാൻ കഴിവുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ നഗരസഭയിലെ റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്താതെ മിക്സഡ് സീൽ സർഫസിംഗ് മാന്വൽ രീതി അവലംബിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.88/22-23 തീയതി 01.12.2023) ലഭിച്ച മറുപടിയിൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ DB/1/1966/21/CE/LID&EW Dated 13.01.22 സർക്കുലർ പ്രകാരമാണ് മെക്കാനിക്കൽ പ്രവൃത്തി ഒഴിവാക്കി മാന്വൽ ആയി പ്രവൃത്തി ചെയ്യുന്നതെന്നും നഗരസഭയിൽ വളവും തിരിവും, റോഡിന് വീതി കുറവും ഉള്ളതിനാലാണ് മെക്കാനിക്കൽ മീൻസ് ഉപയോഗിക്കാൻ ബുദ്ധിമുട്ട് നേരിടുന്നത് എന്നും പരമാവധി ക്വാളിറ്റി ഉറപ്പുവരുത്തുകയും അണ്ടുലേഷൻ കുറച്ചുമാണ് പ്രവൃത്തി ചെയ്തത് എന്നും വ്യക്തമാക്കി. എന്നാൽ മെക്കാനിക്കൽ പേവർ വീതി കുറഞ്ഞത് ലഭ്യമാകുന്ന സാഹചര്യത്തിൽ മേൽ മറുപടി അംഗീകരിക്കാനാവില്ല. ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-41 വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ (കിച്ചൺ വേസ്റ്റ് ഡയജസ്റ്റർ) നൽകൽ - പദ്ധതി നടപ്പാക്കിയില്ല

ഫയൽ നമ്പർ : A5-4243/237

പ്രോജക്ട് നമ്പർ : SO 240/23

അടങ്കൽ തുക : 40,70,528

ചെലവ് തുക : ഇല്ല

(വികസന ഫണ്ട് (CFC Tied) 2442317 + സംസ്ഥാന വിഹിതം 1221158 + ഗുണഭോക്തൃ

വിഹിതം 407053)

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് സൂപ്പർവൈസർ

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. തിരൂർ നഗരസഭയിൽ ഉൾപ്പെട്ട വീടുകളിൽ ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ

(കിച്ചൺ വേസ്റ്റ് ഡയജസ്റ്റർ) നൽകൽ. 2022-23 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കാനുദ്ദേശിച്ച പദ്ധതിക്ക് 60% നഗരസഭാ വിഹിതം, 30% സംസ്ഥാന വിഹിതം, 10% ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ 40,70,528/- രൂപ അടങ്കൽ തുക വകയിരുത്തി 16-02-2023 ലെ എ5-4243/23 നമ്പർ താൽപര്യ പത്രം പ്രകാരം ഓഫറുകൾ ക്ഷണിച്ചു. റെയ്ഡ്കോ ഒരു ബയോബിന്നിന് 2099/- രൂപ ഓഫർ നൽകുകയും നെഗോഷിയേഷൻ പ്രകാരം 1985/- രൂപക്ക് വിതരണം ചെയ്യാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർ നടപടികൾ സ്വീകരിക്കുകയോ പദ്ധതി നടപ്പാക്കുകയോ ചെയ്തില്ല.

2. മേൽ പദ്ധതിക്ക് വകയിരുത്തിയ അടങ്കൽ തുക 4070528/- രൂപയാണ്. പദ്ധതിയുടെ നടത്തിപ്പിനായി ഓഫർ ക്ഷണിച്ചതിൽ ഒരു ബയോബിന്നിന്റെ വില 2160/- രൂപയിൽ കവിയരുതെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരമാണെങ്കിൽ 649 ബിന്നുകൾക്ക് 1401840/- രൂപ മാത്രമേ ചെലവ് വരുന്നുള്ളൂ. റെയ്ഡ്കോ ഒരു ബിന്നിന് നികുതി ഉൾപ്പെടെ 1985/- രൂപ മാത്രമാണ് കണക്കാക്കിയത്. 649 ബിന്നുകൾക്ക് 12,88,265/- രൂപ മാത്രമേ ചെലവ് വരുകയുള്ളൂ. 15,00,000/- രൂപയിൽ താഴെ ചെലവ് വരുന്ന പദ്ധതിക്ക് യാതൊരു പരിശോധനയും നടത്താതെ 40,70,528/- രൂപ വകയിരുത്തിയത് മൂലം മറ്റ് പദ്ധതികൾ രൂപീകരിക്കുന്നതിന് ഫണ്ട് ലഭ്യമല്ലാതെ വരുകയും നഗരസഭയുടെ വികസന പ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്യും. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/22-07-23) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചത് 2023 മാർച്ച് മാസം പകുതിയോടെയാണ് എന്നും ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലാണ് പദ്ധതി മാറ്റിവെച്ചത് എന്ന് അറിയിക്കുകയുണ്ടായി. 40,70,528 രൂപ അടങ്കലുള്ള ബൃഹത്തായ പദ്ധതി 2023 മാർച്ച് പകുതിയോടെ മാത്രം അംഗീകാരം നൽകാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്

## 1-42 വിശപ്പുരഹിത കേരളം-ജനകീയ ഹോട്ടലുകൾ ആരംഭിക്കൽ -അപാകതകൾ ചെലവു തുക 106390/- തടസ്സം ചെയ്യുന്നു.

2022-23 സാമ്പത്തിക വർഷം പ്രൊജക്ട് ഓഫീസർ നടപ്പിലാക്കിയ പദ്ധതിയാണ് വിശപ്പുരഹിതകേരളം-ജനകീയ ഹോട്ടൽ ആരംഭിക്കൽ. പദ്ധതിയുടെ വിശദ വിവരങ്ങൾ താഴെ നല്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | വിശപ്പുരഹിത കേരളം-ജനകീയ ഹോട്ടലുകൾ ആരംഭിക്കൽ പ്രൊജക്ട് നം. 103/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ,നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗം |
| അടങ്കൽ | 200000/- ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 106390/- |
| ഫയൽ | H3-3130/22 |

ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനായി ഫർണിച്ചർ വാങ്ങാനായി ബിൽ നം. 22150547001501039571/13.01.2023 പ്രകാരം കേരള ആർട്ടിസാൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്,കോഴിക്കോടിൽ നിന്നും ഇൻവോയ്സ് നം. NRO/22-23/284 Dated 23.12.2022പ്രകാരം ടാക്സ് ഉൾപ്പെടെ 106390/-രൂപയുടെ മേശ, കസേര, അലമാര എന്നിവ താഴെപ്പറയുന്ന സ്പെസിഫിക്കേഷൻ പ്രകാരം വാങ്ങി തിരൂർ നഗരസഭയിലെ ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിന് (കൈപ്പുണ്യം കഫേശ്രീ) നല്കിയിട്ടുണ്ട്. (നഗരസഭ കൗൺസലിന്റെ 24.05.2022 തിയ്യതിയിലെ 12-ാം നമ്പർ തീരുമാനം)

1. Steel Table -Size 48x24x30 With One Side One Shelf And One Locker – 1 No.

2.Dining Table – Size 4x2 Marine Ply With Laminated And Gl Pipe Frame Side With Mental Beeding – 12 Nos,

3. Stool – PVC 100% Virgin 48 Nos.

4. Dining Table – Size 6x2 SS Top 21 Gauge Folding Leg Square Pipe With Special Locking System- 3 Nos.

5. Plastic Chair – Armless – Unbreakable – 100% Virging 8 Nos.i

6. Almirah Size 3x3x1.5 Feet Frame With Aluminium Fabricated Covered With 3 Side Glass And One Side Sliding Glass Doors And Shelves With 3 Shelves – 1 No

കാഡ്കോയിൽ നിന്നും സ്റ്റീൽ ഫർണിച്ചറുകൾ ടെണ്ടർ കൂടാതെ വാങ്ങുവാൻ സർക്കാർ ഉത്തരവ് നം.(ആർ.ടി)നം. 48/2019/എസ്.പി.ഡി തിയ്യതി 14.11.2019 പ്രകാരം അനുവാദം ഉണ്ടെങ്കിലും നിർവ്വഹണോദ്യോഗസ്ഥൻ വാങ്ങി വിതരണം ചെയ്ത ഫർണിച്ചറുകൾ ഈ അനുമതി ഉത്തരവിൽ ഉൾപ്പെട്ട സ്പെസിഫിക്കേഷനില്ലാത്തവയാണ്. ലിസ്റ്റിൽ ഉൾപ്പെടാത്തവ ഫർണിച്ചർ ക്വട്ടേഷൻ/ടെണ്ടർ വിളിക്കാതെ വാങ്ങിയതിന് 26.09.2023നകം വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 58/ 23-24 തിയ്യതി 19.09.2023) നിർവ്വണോദ്യോഗസ്ഥൻ 22.11.2021ന് നല്കിയ മറുപടിയിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫർണ്ണിച്ചറുകൾ ഹോട്ടലിന്റെ മുറിയ്ക്ക് അനുയോജ്യമല്ലാത്തതിനാലാണ് സ്പെസിഫിക്കേഷനിൽ പറയാത്ത ഫർണിച്ചറുകൾ വാങ്ങിയതെന്ന മറുപടി തൃപ്തികരമല്ല. ആയതിനാൽ ചെലവു തുക 106390/- തടസ്സം ചെയ്യുന്നു. സാധന സാമഗ്രികൾ വാങ്ങുമ്പോൾ അനുമതി പ്രകാരമുള്ള സാധന സാഗ്രികൾ ഉത്തരവിൽ പറയുന്ന പ്രകാരമുള്ള സ്പെസിഫിക്കേഷൻ പ്രകാരം വാങ്ങേണ്ടതാണ്.

## 1-43 കുടിവെള്ള കിണറുകൾക്ക് സബ്സിഡി-അപാകതകൾ ചെലവു തുക 135000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | കുടിവെള്ള കിണറുകൾക്ക് സബ്സിഡി<br>പ്രൊജക്റ്റ് നം. 110/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്റ്റ് ഓഫീസർ<br>നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗം |
| അടങ്കൽ | 135000/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 15000/-വൗച്ചർ നം. 22200511 Dated 23.07.2022<br>120000/-വൗച്ചർ നം.22200306 Dated 30.05.2022<br>135000/-<br>====== |
| ഫയൽ നം. | എച്ച്3-17754/21 |

1. തിരൂർ നഗരസഭയിലെ നഗര ദാരിദ്ര്യ ലഘൂകരണം വിഭാഗം പ്രൊജക്റ്റ് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് കുടിവെള്ള കിണറുകൾക്ക് സബ്സിഡി നല്കൽ. 2021-22 ( പ്രൊജക്റ്റ് നം. 215/22) സാമ്പത്തിക വർഷം 87 ഗുണഭോക്താക്കളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം പദ്ധതിയ്ക്ക് 1305000/-രൂപ അടങ്കൽ വയ്ക്കുകയും രണ്ടു ഗുണഭോക്താക്കൾക്ക് 24000/-(9000+15000)രൂപ ധനസഹായം നല്കുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷം 110/23 നമ്പർ സ്പിൽ ഓവറായി മേൽ പദ്ധതി നടപ്പിലാക്കി. 135000/-രൂപ അടങ്കൽ വയ്ക്കുകയും 9 ഗുണഭോക്താക്കൾക്ക് 15000/-രൂപ വീതം ആകെ 135000/-രൂപ ധനസഹായമായി നല്കിയിട്ടുണ്ട്. 87 പേർ ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളപ്പോൾ രണ്ട് വർഷത്തെ പ്രൊജക്റ്റിൽ ഉൾപ്പെടുന്ന 11 പേർക്ക് മാത്രമാണ് ധനസഹായം നല്കിയത്. മാത്രവുമല്ല 11 പേരെ തെരഞ്ഞെടുത്ത് ധനസഹായം നല്കിയതിന് സ്വീകരിച്ച മാനദണ്ഡവും ഫയലിൽ നിന്നും ലഭ്യമല്ല.

2. സർക്കാർ ഉത്തരവ് നം. (കൈ) 115/2022/തസ്വഭവ തിയ്യതി 28.05.2022 ഖണ്ഡിക 6.6 കുടിവെള്ളം (1)ൽ പറയുന്ന താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയിട്ടുള്ളത്.

1.പൊതുവെള്ള/കുടിവെള്ള സംവിധാനത്തിൽ നിന്നും ഹൗസ് കണക്ഷൻ ലഭിക്കാൻ സാദ്ധ്യതയില്ലെങ്കിൽ മാത്രമേ സബ്സിഡി നല്കാവൂ.

2.മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രം

3.മഴവെള്ളം റീചാർജ്ജ് ചെയ്യാനുള്ള സംവിധാനങ്ങൾ ഒരുക്കണം

3. താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 15000/-രൂപ ധനസഹായമായി നല്കിയെങ്കിലും സ്വന്തമായി ഭൂമിയുള്ളതായോ ഭൂനികുതി അടവാക്കിയതിന്റെയോ രേഖയില്ല.

1. ലക്ഷ്മി , കാവുങ്ങൽ ,പനമ്പാലം A/c.No. 4356000100129209 PNB,Tirur

2.ഷീജ.എം.കെ.,മഠത്തിൽ പറമ്പിൽ, വിഷ്ണപ്പാടം, തിരൂർ - A/c. No. 20211221115 SBI, Tirur

3.ആയിശുമ്മു, കേലത്തിൽ വീട്, തിരൂർ A/c.No. 12640100008610 – IOB,Tirur

4. ബീപാത്തു .കെ, കുറ്റിയത്തിൽ വീട്, ചെമ്പ്ര A/c. No. 550902010008723 Union Bank, Tirur

മേൽ അപാകതകൾക്ക് വിശദീകരണം 16.08.2023നകം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.33/22-23 തിയ്യതി 07.08.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി അഭാവത്തിൽ ചെലവു തുക 135000/- തടസ്സത്തിൽ വയ്ക്കുന്നു.

## 1-44 ആരോഗ്യ കേന്ദ്രങ്ങളിലേക്ക് വാങ്ങിയ ഫർണിച്ചർ ഉപകരണങ്ങൾ വിതരണം ചെയ്തില്ല -ചെലവു തുക 494134/-രൂപ തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നമ്പർ - SO 081/22

ഫയൽ നമ്പർ - H3-20055/21

അടങ്കൽ തുക - 5,00,000

ചെലവ് തുക - 4,94,134

ബിൽ നമ്പർ (1) 22150547004100127336 തീയതി 23-05-2022 - 194136രൂപ

(2) 22150547004100295202 തീയതി 11-07-2022 299998 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർവൈസർ

തിരൂർ നഗരസഭയിലെ ചെമ്പ്ര ആരോഗ്യ ഉപകേന്ദ്രം, പൂക്കയിൽ ആരോഗ്യ ഉപകേന്ദ്രം, ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിലേക്ക് ഫർണിച്ചറുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് "ചെമ്പ്ര ആരോഗ്യ കേന്ദ്രം ഫർണിച്ചർ ഉപകരണങ്ങൾ (SO 81/22)". ആയത് പ്രകാരം 494134/- രൂപ ചെലവ് ചെയ്ത് ഫർണിച്ചറുകൾ, ആശുപത്രി ഉപകരണങ്ങൾ എന്നിവ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം വാങ്ങുകയും സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1. Calicut Surgicals, Calicut | 16/18-05-2022 | 194136 |
| 2. Fidco Olavanna, Kozhikkod | FE/22-23/4-7-22 | 234098 |
| | FE/22-23/7-7-22 | 65900 |
| | ആകെ | 494134 |

എന്നാൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ, ഹോമിയോ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾ ഫർണ്ണിച്ചർ/ഉപകരണങ്ങൾ കൈപ്പറ്റിയതായി ഫയലിലോ സ്റ്റോക്ക് രജിസ്റ്ററിലോ രേഖപ്പെടുത്തി കാണുന്നില്ല. ആയതിനാൽ മേൽ ഉപകരണങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 04/07/2023 ലെ ഓഡിറ്റ് എൻക്വയറി നം. 23/2022-23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഉപകരണങ്ങൾ ആരോഗ്യ കേന്ദ്രങ്ങൾ കൈപ്പറ്റിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ലാത്തതിനാലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കാത്തതിനാലും ചെലവ് തുക 494134/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-45 മിനി എസ്കവേറ്റർ - ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ

നഗരസഭയിലെ ശുചീകരണ പ്രവർത്തനത്തിനായി മിനി എക്സവേറ്റർ വാങ്ങാൻ 30,00,000/-രൂപ അടങ്കൽ വച്ച പദ്ധതിയാണിത്. പദ്ധതിയുടെ വിശദ വിവരം താഴെ നല്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ശുചീകരണ പ്രവർത്തനത്തിനായി മിനി എക്സ്കവേറ്റർ വാങ്ങൽ (പ്രൊജക്ട് നം. S0.373/23) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 3000000/-<br>വികസന ഫണ്ട്<br>(ധനകാര്യകമ്മീഷൻ അവാർഡ്- പ്രത്യേക ഉദ്ദേശ ഗ്രാന്റ്) |
| ചെലവ് | 2538090/-<br>Vr.No. 22201808 Dated 30.03.2023 |
| ഫയൽ നം. | A5-2391/23 |

മിനി എക്സ്കവേറ്റർ വാങ്ങുന്നതിനായി നഗരസഭ GeM മുഖേന Bid നല്കിയതിൽ 3 സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറവ് ക്വോട്ട് ചെയ്ത കഡൂർ സെയിൽസ് കോർപ്പറേഷൻ, രാമനാട്ടുകര, മലപ്പുറത്തിന്റെ 2399471/-രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. സ്ഥാപനം താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം എക്സ്കവേറ്റർ നഗരസഭയ്ക്ക് നല്കിയിട്ടുണ്ട്.

| Sl.No. | Particulalrs &Invoice No.dated | Amount |
|---|---|---|
| 1 | JCB2DX Backhoe Loader<br>Invoice No.M-506/2022-23 Dated 27.03.2023 | 2171758 |
| 2 | 1 Feet Digging Bucket<br>Invoice No. W-119 Dated 27.03.2023 | 32345 |
| | Road Tax | 173741 |
| | Insurance | 17106 |
| | Registration Fee | 4520 |
| | **Total** | **2399470** |
| 3. | JCB Machine Care Pluse (Extended Warranty 2 Years) | 138620 |
| | Grant Total (2399470+138620) | 2538090 |

പദ്ധതി പരിശോധനയിൽ കണ്ട നിരീക്ഷണങ്ങൾ താഴെ നല്കുന്നു.

**1. എക്സ്കവേറ്റർ വാങ്ങലിലെ അപാകതകൾ**

1. 25.02.2023 ലെ A5-2391 കത്ത് നമ്പർ പ്രകാരം സെക്രട്ടറി ബിഡ് തുകയിൽ കുറവ് ചെയ്യാൻ സാധിക്കുമോ എന്നാരാഞ്ഞ് സ്ഥാപനത്തിന് കത്ത് നല്കുകയും ആയതിന് കാട്ടൂർ സെയിൽസ് കോർപ്പറേഷൻ 01.03.2023ന് നല്കിയ മറുപടിയിൽ തുക കുറവ് ചെയ്യാൻ വിസമ്മതിക്കുയും ചെയ്തു. GeM മുഖേനയാണ് വാങ്ങൽ നടത്തിയതെങ്കിലും പൊതു മാർക്കറ്റിലെ മതിപ്പ് വില അന്വേഷിക്കുകയോ GeM മുഖേനയല്ലാതെ ടെണ്ടർ ക്ഷണിച്ച് മതിപ്പ് വില നിർണ്ണയിക്കുകയോ ചെയ്യാതെയാണ് എക്സ്കവേറ്റർ വാങ്ങിയത്. ഓഡിറ്റ്

അന്വേഷണത്തിൽ പൊതു മാർക്കറ്റിൽ മേൽ എക്സ്കവേറ്ററിന് മതിപ്പു വില നഗരസഭ നല്കിയതിനേക്കാൾ 2 ലക്ഷം കുറവിൽ ലഭ്യമാകുമെന്ന് അറിയുകയുണ്ടായി. പൊതു മാർക്കറ്റിലെ മതിപ്പു വില കണക്കാക്കാതെയും തുടർ നെഗോഷിയേഷൻ നടത്താതെയും സ്ഥാപനത്തിന് Bidൽ പറഞ്ഞ മുഴുവൻ തുകയും നല്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2.ഡ്രൈവർ നിയമനത്തിലെ അപാകതകൾ**

1. നഗരസഭ കൗൺസലിന്റെ മുൻകൂർ അനുമതിയില്ലാതെ ചെയർപേഴ്സൺ നിയമിച്ച ഡ്രൈവർ നിയമനം നഗരസഭയുടെ 19.05.2023ലെ 27-ാം കൗൺസിൽ തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. ഡ്രൈവറെ അടിയന്തിരമായി നിയമിക്കാൻ കാരണമായി രേഖപ്പെടുത്തിയിരിക്കുന്നത് മഴയ്ക്കുമുമ്പ് ശുചീകരണ പ്രവർത്തി നടത്തുവാൻ വേണ്ടി എന്നാണ്. എന്നാൽ ലോഗ് ബുക്കിൽ മഴ തുടങ്ങിയതിനു ശേഷം 28.05.2023നാണ് ശുചീകരണ പ്രവർത്തി ആരംഭിച്ചത്. (ഫയൽ നം. H1-12271/23)

2. മേൽ നിയമിതനായ ഡ്രൈവർ ശ്രീ. ഹാഫിൽ കെ.എം. വേണ്ടത്ര മുൻപരിചയം ഇല്ലാത്തതിനാൽ നഗരസഭയ്ക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് ഹെൽത്ത് ഓഫീസർ 18.05.2023ന് ഓഫീസ് നോട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ഫയൽ നം. H1-11562/23) തുടർന്ന് 18.05.2023ലെ H1-11562/23 നമ്പർ കത്തു പ്രകാരം എക്സ്കവേറ്റർ പ്രവർത്തിക്കുന്നതിന് ദിവസ വേതാനാടിസ്ഥാത്തിൽ ഓപ്പറേറ്ററെ ആവശ്യപ്പെട്ടുകൊണ്ട് 10.05.23നും 18.05.23ന് യഥാക്രമം ജില്ലാ എംപ്ലായ്മെന്റ് ഓഫീസിലേക്ക് കത്ത് നല്കിയെങ്കിലും എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും H1/11562/23കത്തിന് മറുപടി ഒന്നും ലഭ്യമായില്ല. തുടർന്ന് 04.10.2013ന് തിരൂർ ടൗൺ എംപ്ലോയ്മെന്റ് ഓഫ് ഓഫീസറുടെ ശ്രദ്ധയിൽ ഇക്കാര്യം അറിയിച്ചപ്പോൾ ദിവസ വേതാനാടിസ്ഥാനത്തിൽ എക്സ്കവേറ്റർ ഡ്രൈവറെ നിയമിക്കുന്നത് സംബന്ധിച്ച ഒരു കത്തും നഗരസഭയിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റിന് മറുപടി നല്കി.

3. 18.05.2023ലെ H1-11562/23 നമ്പർ കത്തു പ്രകാരം എക്സ്കവേറ്റർ പ്രവർത്തിക്കുന്നതിന് ദിവസ വേതാനാടിസ്ഥാനത്തിൽ ഓപ്പറേറ്ററെ ആവശ്യപ്പെട്ടുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് കത്ത് നല്കിയതായി ഫയലിൽ ഉണ്ട്. ഓഡിറ്റ് ടീം എംപ്ലോയ്മെന്റ് ഓഫീസിൽ പോയി നേരിട്ട് അന്വേഷിച്ചപ്പോൾ മേൽ കത്ത് ലഭിച്ചിട്ടില്ലെന്നും എക്സ്കവേറ്റർ പ്രവർത്തിക്കുന്നതിന് യോഗ്യതയും പരിചയവുമുള്ള ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് ഓഫീസിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. അർഹരായ ഉദ്യോഗാർത്ഥികൾ ഉണ്ടായിട്ടും എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും നിയമനം നടത്താത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. തുടർന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഡ്രൈവറെ ലഭിക്കുന്നതു വരെ ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിക്കാൻ തീരുമാനിച്ചു. 20.05.2023ലെ H1-11562/23 നമ്പർ കത്തു പ്രകാരം എക്സ്കവേറ്റർ പ്രവർത്തിക്കുന്നതിന് ദിവസ വേതാനാടിസ്ഥാനത്തിൽ തൊഴിൽ പരിചയമുള്ള ഡ്രൈവറെ/ഓപ്പറേറ്ററെ ആവശ്യപ്പെട്ടുകൊണ്ട് പത്രപ്പരസ്യം നല്കാൻ തയ്യാറാക്കിയുള്ള കത്ത് ഫയലിൽ ഉണ്ട്. നിശ്ചിതയോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത് ഹെവി മോട്ടോർ വെഹിക്കിൾ & എക്സ്കവേറ്റർ ലൈസൻസ്. എന്നാൽ ഏതെല്ലാം ദിനപത്രത്തിൽ ഏത് തിയ്യതിയിൽ പരസ്യം നല്കിയെന്നും പത്ര പരസ്യയിനത്തിൽ ചെലവായ തുകയുടെ ബില്ലും വൗച്ചറും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പരസ്യം ചെയ്ത പത്രത്തിന്റെ ബന്ധപ്പെട്ട പേജും പരസ്യയിനത്തിൽ ചെലവായ തുകയുടെ ബില്ലും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

5.മേൽ പരസ്യത്തിന്റെ അടിസ്ഥാനത്തില ശ്രീ.ഷാഫിൽ.കെ.എം.കളമണയിൽ വീട്,ബി.പി. അങ്ങാടി,തിരൂർ, ശ്രീ.ഇല്ല്യാസ്.പി. പറമ്പിൽ വീട്, ഓമച്ചപുഴ, മലപ്പുറം എന്നീ രണ്ടു ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂവിൽ പങ്കെടുത്തു. മേൽ രണ്ടുപേരിൽ ഒന്നാം നമ്പറുകാരനെ ഡ്രൈവറായി നിയമിച്ചു.

6. 27.03.2023ന് വാങ്ങിയ എക്സ്കവേറ്റർ 27.05.2023 വരെ പ്രവർത്തന രഹിതമാണെന്ന് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശുചീകരണ പ്രവർത്തനം ഏർപ്പെടാതെ ഇത്രയും കാലം ഓഫീസിൽ നിർത്തിയിടാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. 27.05.2023മുതൽ ഡ്രൈവർക്ക് വേതനം നല്കിയിട്ടുണ്ടെങ്കിലും ലോഗ് ബുക്ക് പ്രകാരം ശുചീകരണ പ്രവർത്തി ആരംഭിച്ചത് 28.05.2023നാണ്. 28.05.2023 മുതൽ 29.09.2023 വരെ ആകെ ശുചീകരണ പ്രവർത്തി ചെയ്തത് 490 മണിക്കൂറും സഞ്ചരിച്ചത് 266.15 കിലോമീറ്ററും മാത്രമാണ് . പല ദിവസങ്ങളിലും വാഹനം ശുചീകരണം പ്രവർത്തനത്തിൽ ഏർപ്പെടുന്നില്ല. ഇതിൽ നിന്നും വൻതുക നല്കി വാങ്ങിയ എക്സ്കവേറ്റർ ശുചീകരണ പ്രവർത്തനത്തിന് അത്യാവശ്യമല്ലെന്ന് വ്യക്തമാണ്.

7. ശുചീകരണ പ്രവർത്തനത്തിന് എക്സ്കവേറ്റർ ആവശ്യമാണെന്ന് വർക്കിംഗ് കമ്മിറ്റി/വാർഡ് സഭ/വാർഡ് കൗൺസിലർമാർ എന്നിവർ ആവശ്യപ്പെട്ടതായി ഫയലിൽ നിന്നും ലഭ്യമല്ല. ആരോഗ്യ,വികസന സ്റ്റാന്റിംഗ് കമ്മിറ്റികളും എക്സ്കവേറ്ററുടെ ആവശ്യകത കൗൺസിൽ മീറ്റിംഗിൽ ഉന്നയിച്ചിട്ടില്ല.

8. എക്സ്കവേറ്റർ വാങ്ങുന്നതിനായി രൂപീകരിച്ച പർച്ചേസിംഗ് കമ്മിറ്റിയംഗങ്ങളുടെ പേരു വിവരവും മിനിറ്റ്സും ലഭ്യമല്ല. മാത്രവുമല്ല വാഹനത്തിന് ആവശ്യമായ സ്പെസിഫിക്കേഷൻ പർച്ചേസ് കമ്മിറ്റി അംഗീകരിച്ചതായി ഫയലിൽ ഇല്ല. വാങ്ങിയ വാഹനത്തിന്റെ സ്പെസിഫിക്കേഷൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതായും ഫയലിൽ ഇല്ല.

9.ലോഗ് ബുക്കിൽ എല്ലാ കോളവും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആകെ സഞ്ചരിച്ച ദൂരം, ഇന്ധനം നിറച്ചതിന്റെ വിശദാംശം, ശുചീകരണ പ്രവർത്തി ആരംഭിച്ചതിന്റേയും അവസാനിപ്പിച്ചതിന്റെയും വിവരം എന്നിവയിൽ സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. കൂടാതെ വാഹനത്തിന്റെ ഇൻഷ്വറൻസ് യുണൈറ്റൈഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയിൽ ആണ് ചെയ്തത്. ഇതിന് 17106/-രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഇൻഷ്വറൻസ് ഓഫീസ് മുഖേന വാഹനം ഇൻഷ്വർ ചെയ്യുന്നതിന് പകരം യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി വഴി ഇൻഷ്വർ ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**4. ഇന്ധനം നിറച്ചതിന്റ ബിൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.**

ലോഗ് ബുക്ക് പരിശോധനയിൽ താഴെപ്പറയുന്ന തിയ്യതികളിൽ ഇന്ധനം എക്സ്കവേറ്ററിൽ നിറച്ചിട്ടുണ്ട്. എന്നാൽ ഇൻവോയസ്/ബിൽ ലഭ്യമല്ല.

| ക്രമ നം. | തിയ്യതി | ഇന്ധന അളവ് ലിറ്ററിൽ |
|---|---|---|
| 1 | 27.05.23 | 50.00 |
| 2 | 02.06.23 | 44.83 |
| 3 | 08.06.23 | 46.39 |
| 4 | 15.06.23 | 52.97 |
| 5 | 26.06.23 | 52.95 |
| 6 | 15.07.23 | 53.45 |
| 7 | 24.07.23 | 53.02 |
| 8 | 02.08.23 | 56.85 |
| 9 | 10.08.23 | 56.08 |
| 10 | 19.08.23 | 51.28 |
| 11 | 01.09.23 | 52.00 |
| 12 | 13.09.23 | 54.18 |
| 13 | 20.09.23 | 52.55 |
| 14 | 23.09.23 | 56.29 |
| | Total | 732.84 |

ഇന്ധനക്ഷമത സർട്ടിഫിക്കറ്റ് ഫയലിൽ നിന്നും ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഇന്ധനം നിറച്ചതിന്റെ ആധികാരികത ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ/കസ്റ്റോഡിയൻ പരിശോധിക്കാത്തതും ബിൽ/ഇൻവോയ്സ് ഓഡിറ്റിന് ലഭ്യമാക്കാത്തതും ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ ഇതുവരെ ജെ.സി.ബി 490 മണിക്കൂർ പ്രവർത്തിച്ചതായും സഞ്ചരിച്ചത് 266.15 കിലോമീറ്ററും ആണ്. ഇതിന് ഒരു മണിക്കൂറിൻ 4ലിറ്റർ ഡീസൽ എന്ന കണക്കിൽ പരിഗണിച്ചാൽ 490 മണിക്കൂറിന് 1960 ലിറ്റർ ഡീസലും ഒരു ലിറ്റർ ഡീസലിന് 8 കിലോമീറ്റർ നിരക്കിൽ മൊത്തം സഞ്ചരിച്ച 266.15 കിലോമീറ്ററിന് 33 ലിറ്റർ കൂടി കണക്കാക്കിയാൽ ആകെ 1993 ലിറ്റർ ഡീസൽ ആവശ്യമായി വരും. എന്നാൽ 732.84 ലിറ്റർ മാത്രമാണ് 28.05.23 മുതൽ 23.09.23വരെ നിറച്ചത്. ഇത് വലിയ അന്തരമാണ്. മേൽ അപാകതകയ്ക്കും വിശദീകരണം നല്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി 10.10.2023നകം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് (ഓഡിറ്റ്

അന്വേഷണം നം.7/23-24 തിയ്യതി 04.10.2023) ഓഡിറ്റ് എൻക്വയറിയ്ക്ക് 18.12.2023ന് ലഭ്യമാക്കിയ മറുപടിയിൽ റോഡ് ടാക്സ് 173741/-രൂപയും, ഇൻഷ്വറൻസ് തുക 17106/-രൂപയും, രണ്ടു വർഷത്തെ വാറൻറി പിരിയഡ് എക്സ്റ്റൻഷൻ ചെയ്തതിന് ചെലവായ ഒരു ലക്ഷം രൂപയും കമ്പനി എക്സവേറ്റർ തുകയിൽ നിന്നും കുറച്ചതായി മറുപടിയിൽ പറയുന്നുണ്ട്. എന്നാൽ ആയത് കുറച്ചതിന് ആധികാരികമായ രേഖകൾ നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല. മാത്രവുമല്ല റോഡ് ടാക്സും, ഇൻഷ്വറൻസ് തുകയും വാറന്റി എക്സ്റ്റഷനു വേണ്ടിയുള്ള തുകയും ഉൾപ്പെട്ട തുകയാണ് കാഡൂർ സെയിൽസ് കോർപ്പറേഷന് എക്സവേറ്റർ വാങ്ങുന്നതിന് നഗരസഭ നല്കിയത്. ആയതിനാൽ മറുപടിയിൽ പറയുന്ന കുറവ് ചെയ്ത 290847/-രൂപയുടെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 732.84 ലിറ്റർ ഇന്ധനം നിറച്ചതിന്റെ ബിൽ/ഇൻവോയ്സും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഡ്രൈവർ നിയമനം ഉടൻതന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുമെന്നും മറുപടിയിൽ പറയുന്നുണ്ട്.

മേൽ പദ്ധതിയെ സംബന്ധിച്ച അപാകതകൾ/നിരീക്ഷണങ്ങൾ നഗരസഭയുടേയും ഭരണ സമിതിയുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഓഡിറ്റ് അപാകതകൾക്ക്/നിരീക്ഷണങ്ങൾക്ക് നഗരസഭ എടുത്ത തീരുമാനം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-46 ഹയർ സെക്കന്ററി സ്കൂളിൽ സാനിട്ടറി നാപ്കിൻ വിതരണം അപാകതകൾ -ചെലവു തുക 228153/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.**

ഫയൽ നമ്പർ - A5-21471/22

പ്രോജക്ട് നമ്പർ - SO 291/23

അടങ്കൽ - 4,00,000/- [വികസന ഫണ്ട് (ജനറൽ)]

ചെലവ് - 2478 + 265500 = 2,67,978

ബിൽ നമ്പർ - (1) 22150547004101028327 തീയതി 07-07-2022 - 2478/-

(2) 22150547004101408413 തീയതി 18-03-2023 - 2,65,500

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർവൈസർ

തിരൂർ നഗരസഭയിൽ 2022-23 വർഷത്തിൽ ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് "ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിനുകൾ സ്കൂളുകൾ മുഖേന വിതരണം" എന്ന പദ്ധതി. ബെസ്റ്റ് ഫ്രണ്ട് എന്ന സ്ഥാപനത്തിൽ നിന്ന് 132.75 രൂപ വീതം 2000 നാപ്കിനുകളാണ് (ആകെ 265500 രൂപ) പദ്ധതിയുടെ ഭാഗമായി വാങ്ങിച്ചത് നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ടെണ്ടർ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ ക്വാളിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്ന് ടെണ്ടർ നോട്ടീസിൽ നിബന്ധനകളിൽ ക്രമ നമ്പർ 2 ആയി ചേർത്തിട്ടുണ്ട്. എന്നാൽ ക്വാളിറ്റി സർട്ടിഫിക്കറ്റ് ടെണ്ടർ അംഗീകരിച്ച ബെസ്റ്റ് ഫ്രണ്ട് എന്ന സ്ഥാപനം സമർപ്പിച്ചതായി കാണുന്നില്ല. ആയതിനു പകരം ക്വാളിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചതും ആയതിന്റെ ചെലവ് തുക 2478/- രൂപ നൽകിയതും നഗരസഭയാണ്. നിബന്ധനകൾക്ക് വിരുദ്ധമായി തുക ചെലവ് ചെയ്തത് അംഗീകരിക്കുന്നില്ല.
2. ടെണ്ടർ പ്രകാരം തെരഞ്ഞെടുത്ത Best Friend, Tirur ന്റെ 09-03-2023 ലെ BF 2300001 നമ്പർ ഇൻവോയിസ് പ്രകാരം 2,000 നാപ്കിനുകൾ നഗരസഭ വാങ്ങിയിട്ടുണ്ട്. എന്നാൽ G.B.H.S.S തിരൂരിലെ വിദ്യാർത്ഥിനികൾക്ക് 300 നാപ്കിനുകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമേ ഫയലിൽ കാണുന്നുള്ളൂ. ബാക്കി 1700 നാപ്കിനുകൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രേഖകൾ പരിശോധനക്കായി സമർപ്പിച്ചില്ല.

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് ലെ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/26-07-2023) ലഭ്യമാക്കിയ മറുപടിയിൽ ക്ര.നം (1) ന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ബെസ്റ്റ് ഫ്രണ്ട് എന്ന സ്ഥാപനം ക്വാളിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട് എന്നും വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കിയത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ വിവരം ബന്ധപ്പെട്ട ഫയലിൽ ഇല്ല. ക്ര.നം (2) ന് രണ്ടായിരം നാപ്കിനുകൾ വാങ്ങിച്ചതിൽ ഒരു വിദ്യാർത്ഥിനിയ്ക്ക് നാല് നാപ്കിനുകൾ വീതം 500 വിദ്യാർത്ഥിനികൾക്കാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് അറിയിച്ചു. എന്നാൽ ഫയലിൽ ഒരെണ്ണം വീതം 300 വിദ്യാർത്ഥിനികൾക്ക് വിതരണം ചെയ്തതായണുള്ളത്.

ആയതിനാൽ വിതരണം ചെയ്യാതെ അവശേഷിച്ച നാപ്കിനുകളുടെ തുകയായ 225,675 (1700x132.75) രൂപയും ക്വാളിറ്റി സർട്ടിഫിക്കറ്റ് ബെസ്റ്റ് ഫ്രണ്ട് ഹാജരാക്കാതെ പദ്ധതി നടത്തിപ്പിനായി ചെലവ് ചെയ്ത 2478 രൂപയും ഉൾപ്പെടെയുള്ള തുകയായ 2,28,153 രൂപ തടസ്സം ചെയ്യുന്നു.

## 1-47 നഗരസഭയിൽ സംഭരിച്ച ടാർ ഉപയോഗ ശൂന്യമാകുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

2020-21 വർഷത്തെ വിവിധ മരാമത്ത് പ്രവർത്തികൾക്കായി നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ 94.814 ടൺ വി.ജി 30 ബിറ്റുമെൻ, 9.8 ടൺ ആർ.എസ്1, 6.1812 ടൺ എസ്.എസ്1 ഇമൽഷൻ എന്നിവ ടാറിംഗിനായി സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ബിറ്റുമെൻ വാങ്ങിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സിഡ്കോ ടാക്സ് ഇൻവോയ്സ്/തീയതി | തുക | വാങ്ങിയ ടാറിന്റെ അളവ് ടണ്ണിൽ | | |
|---|---|---|---|---|---|
| | | | VG 30 | RS1 | SS1 |
| 1 | RMDMI 20-21/0069 Dt. 12-05-2020 | 392881 | 9360 | | |
| 2 | RMDMI 20-21/0087 Dt. 15-05-2020 | 171635 | 4212 | | |
| 3 | RMDMI 20-21/0104 Dt. 19-05-2020 | 373915 | 8268 | 1000 | 500 |
| 4 | RMDMI 20-21/0113 Dt. 20-05-2020 | 177882 | 4524 | | |
| 5 | RMDMI 20-21/0377 Dt. 3-12-2020 | 352524 | | 8000 | |
| 6 | RMDMI 20-21/0378 Dt. 3-12-2020 | 273963 | | | 3636 |
| 7 | RMDMI 20-21/0391 Dt. 4-12-2020 | 499871 | 11649.6 | | |
| 8 | RMDMI 20-21/0392 Dt. 4-12-2020 | 499871 | 11649.6 | | |
| 9 | RMDMI 20-21/0397 Dt. 7-12-2020 | 666494 | 15532.8 | | |
| 10 | RMDMI 20-21/0398 Dt. 7-12-2020 | 499871 | 11649.6 | | |
| 11 | RMDMI 20-21/0399 Dt. 8-12-2020 | 499871 | 11649.6 | | |
| 12 | RMDMI 20-21/0490 Dt. 26-12-2020 | 467936 | 10031.6 | | |
| 13 | RMDMI 20-21/0972 Dt. 10-03-2021 | 401545 | 7766.4 | | |

| | | | | | |
|---|---|---|---|---|---|
| 14 | RMDMI 20-21/1119 Dt. 26-03-2021 | 780454 | 14885.6 | | |
| 15 | RMDMI 20-21/1120 Dt. 26-03-2021 | 217459 | | 1800 | 1454.4 |
| 16 | RMDMI 20-21/0377 Dt. 3-12-2020 | 91022 | | | 1090.8 |
| | ആകെ | 6367194 | 121178.8 | 10800 | 6681.2 |

മേൽ ടാക്സ് ഇൻവോയ്സിൽ 12-ാമത്തെ ഇനം മാത്രം പരിശോധനയ്ക്ക് ലഭ്യമല്ല. ടാർ വാങ്ങിയ വകയിൽ താഴെ കൊടുത്ത സിഡ്കോയുടെ കാഷ് രസീത് പ്രകാരം 5175184 രൂപ നഗരസഭ അനുവദിച്ചിട്ടുണ്ട്.

| കാഷ് രസീത് നമ്പർ | തുക |
|---|---|
| മുൻവർഷം അനുവദിച്ചതിൽ ബാക്കിയുള്ള തുക | 206930 |
| 1. 1/20.04.2020 | 420623 |
| 2. 65/13.05.2020 | 550544 |
| 3.281/20-11-2020 | 3406540 |
| 4. 329/17-12-2020 | 339942 |
| 5. 434/15-01-21 | 471341 |
| 6. 782/22-02-21 | 997361 |
| ആകെ | 6393281 |

ഫയൽ/സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. 16-02-2021 ലെ ഇൻവോയ്സ് RMDMJ 20-21/0840 പ്രകാരം 1090.8 അതായത് 6 ബാരൽ SS1 ഇമൾഷൻ (6 X 181.8 = 1090.8) നഗരസഭയിൽ ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്റർ പേജ് 34 ൽ രേഖപ്പെടുത്തൽ കാണുന്നു. എന്നാൽ ഇതിന്റെ ടാക്സ് ഇൻവോയ്സ് ഫയലിലില്ല. ഇതിന് 91022 രൂപ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുണ്ട്. ടാക്സ് ഇൻവോയ്സ് പ്രകാരം ആകെ 6367194 രൂപയുടെ ബിറ്റുമെൻ നഗരസഭയ്ക്ക് സിഡ്കോ നൽകിയിട്ടുണ്ട്. എന്നാൽ കാഷ് രസീത് പ്രകാരം 6393281 രൂപയെ നഗരസഭ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. വ്യത്യാസം 26087 രൂപ തിരികെ ഈടാക്കേണ്ടതാണ്. 2018 മുതൽ നാളിതുവരെ (Stock Register Vol. 3) സിഡ്കോയ്ക്ക് അനുവദിച്ച തുകയും, സിഡ്കോ ടാക്സ് ഇൻവോയ്സ് പ്രകാരം നഗരസഭയ്ക്ക് നൽകിയ ടാറിന്റെ വിലയും തമ്മിൽ ഒത്തുനോക്കി നഗരസഭ കൂടുതൽ തുക സിഡ്കോയ്ക്ക് നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. സ്റ്റോക്ക് രജിസ്റ്റർ പേജ് 37 പ്രകാരം താഴെ കൊടുത്ത പ്രകാരം ബിറ്റുമെൻ/ഇമൽഷൻ നഗരസഭയിൽ അവശേഷിക്കുന്നുണ്ട്.

ആർ. എസ് 1 - 1050.15

എസ്.എസ് 1 - 352.81

വി.ജി 30 - 1589.81

ഇത് ബാരൽ കണക്കിൽ പറയുമ്പോൾ ആർ.എസ് 1 ഇമൽഷൻ (1050.15/200) 5.25 ബാരലും, എസ്.എസ് 1 ഇമൽഷൻ 2 ബാരലും (352.81/181.8) = 2), വി.ജി 30 ബിറ്റുമെൻ 9.8 അതായത് 10 ബാരലും (1589.81/161.8 = 9.8) അവശേഷിച്ചിട്ടുണ്ട്. എന്നാൽ 24-11-23 ൽ നടത്തിയ സ്റ്റോക്ക് പരിശോധനയിൽ വി.ജി 30, 10 എണ്ണത്തിന് പകരം 12 എണ്ണവും, അർ.എസ് 1 അഞ്ച് ബാരലിന് പകരം 6 ബാരൽ ആണ് ഉള്ളത്. എസ്.എസ്. 1

രണ്ടെണ്ണത്തിനു പകരം 5 എണ്ണവും കാണുന്നു. ഇത്രയധികം സ്റ്റോക്ക് അന്തരം വിശദീകരിക്കേണ്ടതാണ്.

(3) നഗരസഭയിലെ ബിറ്റുമെൻ ഇമൽഷൻ സിഡ്കോയിൽ നിന്ന് അവസാനമായി ഇറക്കിയത് 2021 മാർച്ച് മാസത്തിലാണ്. (ഇൻവോയ്സ് കാണുക). ഇമൽഷന്റെ കാലയളവ് ഒരു വർഷമാണ്. 24-11-2023 ൽ നടത്തിയ സ്റ്റോക്ക് പരിശോധനയിൽ RS1, SS1 എന്നിവ യഥാക്രമം 5,6 ബാരലാണ് ഉള്ളത്. ഇത് നഗരസഭയിൽ സിഡ്കോ-യിൽ നിന്ന് ഇറക്കിയിട്ട് രണ്ടര വർഷ കാലമാകുന്നു. 2022 മാർച്ച് മാസത്തിനകം മേൽ ഇമൽഷൻ റോഡ് പ്രവർത്തിക്ക് ഉപയോഗിക്കേണ്ടതായിരുന്നു. കാലഹരണപ്പെട്ട ബിറ്റുമെൻ ഇമൽഷന്റെ വില 21053 രൂപ (26-03-2021 ലെ ടാക്സ് ഇൻവോയ്സ് പ്രകാരം ഹിൻകോൾ ഇമൽഷൻ RS1 ന് ടണ്ണിന് വില 51674.65 രൂപയും SS1 ടണ്ണിന് 85564/-രൂപയുമാണ്) ഇത്തരത്തിൽ 6 ബാരൽ അതായത് 1200 Kg RS 1 ന് 62010/-രൂപയും SS 1 ന് 5 ബാരൽ അതായത് 1000 കിലോയ്ക്ക് 85564/-രൂപയും ഉൾപ്പെടെ 147574/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്. മേൽ തുക 147574/- രൂപ നഷ്ടപ്പെടാനിടയായത് ഓരോ പ്രവർത്തിയ്ക്കും എത്ര ഇമൽഷൻ ആവശ്യമുണ്ടെന്ന (Adequacy) കണക്ക് കൂട്ടലിൽ വന്ന പിഴവാണ്. അപാകതകൾക്ക് അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.86/27.11.2023) ആവശ്യകത കണക്കാക്കിയതിൽ തെറ്റിയതല്ലായെന്നും ടാറിംഗ് പ്രവൃത്തികൾ നടക്കുമ്പോൾ വന്ന മാറ്റവും മിച്ചം വന്ന ബിറ്റുമിൻ ആണെന്നും വ്യക്തമാക്കി. ഇത് കണക്കിലെടുത്താലും RS-1, SS-1 എന്നിവ ഉപയോഗ്യ ശൂന്യമായിട്ടുണ്ട്. ആയതിനാൽ തുക മുനിസിപ്പൽ എഞ്ചിനീയർ ശ്രീ രാമചന്ദ്രൻ.കെ യിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-48 അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി കരാറുകാരനിൽ നിന്ന് വാങ്ങിയില്ല

ഫയൽ - പി.ഡബ്ലിയു2/D7/319/21-22

ബിൽ നമ്പർ - 22150547004500297667/തീ. 11-07-2022, തുക – 363814

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

സൗത്ത് അന്നാര എസ്.സി. കോളനി റോഡ് കോൺക്രീറ്റ് പ്രവൃത്തിയ്ക്ക് (പ്രോജക്ട് നമ്പർ 59/23) 467207 രൂപയുടെ അടങ്കലിന് സാങ്കേതികാനുമതി ലഭിച്ചു. (ടി.എസ് നമ്പർ 90420/21-22 തീയതി 4-3-2022). ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റിന്റെ 10% കുറവാണെങ്കിൽ അത്തരം കരാറുകാർ അധികം അടക്കേണ്ട തുകയാണ് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി പർസൻറ്റേജ് റേറ്റ്. കോൺട്രാക്റ്റിൽ എസ്റ്റിമേറ്റിന്റെ 10% ത്തിൽ മേൽ കുറവ് ക്വാട്ട് ചെയ്ത നിരക്ക് X എന്ന് കണക്കാക്കുകയാണെങ്കിൽ അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി X – 10% ആയിരിക്കും. G.O(P) 168/2019/Fin. Dated 17-03-2019 കാണുക. ഇവിടെ ശ്രീ. കുഞ്ഞിമുഹമ്മദ്. യു എന്ന കരാറുകാരൻ 21.37% കുറവിനാണ് ടെൻഡർ ക്വാട്ട് ചെയ്തത്. അതിനാൽ കരാറുകാരൻ (21.37 – 10 = 11.37) 11.37% അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഒടുക്കേണ്ടതാണ്. അതായത് (467207 X 11.37/100 = 53121) 53121 രൂപ അടക്കേണ്ടതായിരുന്നെങ്കിലും അത് അടച്ചതായി ഫയലിൽ രേഖകളില്ല. ടിയാനുമായി 11-04-22 ന് കരാർ വെച്ചപ്പോൾ ഇ.എം.ഡി ഇനത്തിൽ ട്രഷറി സേവിംഗ്സ് ബാങ്ക് ടേം ഡെപ്പോസിറ്റ് 23500 രൂപയുടേത് വാങ്ങി വെച്ചതല്ലാതെ മറ്റ് നടപടികൾ കൈക്കൊണ്ടിട്ടില്ല. 4-4-2022 ലെ PW2/D2/317/22 നമ്പർ കത്ത് പ്രകാരം 52744 രൂപ APG അടക്കാൻ നിർദ്ദേശിച്ചതായി ഫയലിലുണ്ടെങ്കിലും അത് ഒടുക്കിയതിന്റെ രേഖ ഫയലിൽ ഇല്ല. നടപടിക്രമങ്ങൾ പാലിക്കാത്തത് ക്രമപ്രകാരമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കി ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 87/23 തിയ്യതി 27.11.2023) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-49 ഇ.എം.എസ്. ചിൽഡ്രൻസ് പാർക്ക് നവീകരണം – എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതയും, മറ്റ് അപാകതകളും-ചെലവു തുക 51088/-രൂപ തടസ്സത്തിൽ വയ്ക്കുന്നു

എസ്റ്റിമേറ്റ് തുക - 15 ലക്ഷം രൂപ

പ്രോജക്ട് നമ്പർ - 50/22

കരാറുകാരൻ - അർജ്ജുനൻ. എം

എം. ബുക്ക് - 122, 123/2021-22

ഫയൽ - പി.ഡബ്ല്യു 1/ഡി1/50/21-22

ഒന്നാം പാർട്ട് ബിൽ നമ്പർ - 21150547004501514615/30-03-22

തുക - 338190

ഫൈനൽ ബിൽ - 22150547004500484242/30-08-22

തുക - 178036

ആകെ പ്രവർത്തി മൂല്യം - 516226

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

മേൽ പദ്ധതിയ്ക്ക് 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ 2 ലക്ഷം രൂപ ഇലക്ട്രിഫിക്കേഷനും, 12% ജി.എസ്.ടി കോമ്പൻസേഷൻ തുകയായ 160175.91 രൂപ ഉൾപ്പെടെയുള്ളതാണ് അടങ്കലായി കാണിച്ചത്. അതായത് 1139824.09 രൂപയുടെ സിവിൽ വർക്കാണ് ഉൾപ്പെട്ടിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. ഈ നവീകരണ പ്രവൃത്തിയുടെ സിവിൽ വർക്കിന്റെ എസ്റ്റിമേറ്റ് 1139824 രൂപയ്ക്കാണെങ്കിലും പ്രവർത്തി മൂല്യം 516226 രൂപ ആണ്. അതായത് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ 45.29% പ്രവർത്തി മാത്രമാണ് നടപ്പാക്കിയത്. (516226/1139824 X 100 = 45.29). ആദ്യം എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും തുടർന്ന് പ്രവർത്തിയുടെ വ്യതിയാനം മനസ്സിലായപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. 15 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിനും 31-03-22 ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആദ്യ എസ്റ്റിമേറ്റിൽ നിന്ന് ഇനം 16, 17, 23, 25 മുതൽ 34 വരെ, 37, 40, 41, 42, 43, 44 എന്നീ ഇനങ്ങൾ ഒഴിവാക്കിയാണ് എക്സ്ട്രാ ഇനം 1 മുതൽ 14 വരെ പുതിയ പ്രവർത്തികൾ ഉൾപ്പെടുത്തിയത്. മേൽ ഇനങ്ങൾ 353281 രൂപയുടേതാണ് ഒഴിവാക്കിയത്. എന്നാൽ എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തിയത് 204050 രൂപയുടേതുമാണ്. അതായത് 1139824 രൂപയുടെ സിവിൽ വർക്കിൽ 353281 രൂപയുടെ ഇനങ്ങൾ പ്രവർത്തിയുടെ സമയത്ത് ഒഴിവാക്കി. അതായത് 31% പ്രവർത്തികളും ഒഴിവാക്കി. ഇത്രയധികം ഒഴിവാക്കലും, കൂട്ടിച്ചേർക്കലും എസ്റ്റിമേറ്റിൽ വരുത്തുന്നത് ശരിയായ നടപടിയല്ല. ഇതിൽ നിന്നും സൈറ്റ് പരിശോധിച്ച് ഏതൊക്കെ പ്രവർത്തി ഇനങ്ങളാണ് എസ്റ്റിമേറ്റിൽ വേണ്ടത് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് ഇത്തരത്തിൽ വൻ അന്തരം സംഭവിച്ചതെന്ന് വ്യക്തമാകും.
2. ഈ പ്രവർത്തിയുടെ എം. ബുക്ക് 122/21-22 കാണുക. പേജ് നമ്പർ 38 മുതൽ 43 വരെ എഞ്ചിനീയർ അളന്ന പ്രവൃത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടില്ല. ഇതിൽ ഖണ്ഡിക 2 ൽ പ്രതിപാദിച്ച 6 ബൽദാറിന്റെ പ്രവൃത്തിയും, 98.705 ച. മീറ്റർ വാട്ടർ പ്രൂഫിംഗ് പ്രവൃത്തിയുമാണ്. പ്രവൃത്തി ചെയ്തത് അളന്നതിന് ശേഷം ചെക്ക് മെഷർ ചെയ്യാതെ ബിൽ അനുവദിച്ചത് ശരിയായ നടപടിയല്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 77/22-23 തിയ്യതി 15.11.2023) മറുപടിയായി ഡെയ്‌ലി ലേബർ റിപ്പോർട്ട് ഹാജരാക്കി . ആയതിനാൽ 98.705 ച.മീ പേർ പ്രവൃത്തി ചെയ്തതിന് ഒരു ച.മീ 517.69 രൂപ നിരക്കിൽ 51088 രൂപ അനുവദിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-50 മുനിസിപ്പൽ ബസ്സ്റ്റാന്റ് വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്-നിരീക്ഷണങ്ങൾ

ഫയൽ (1) പി.ഡബ്ല്യു.1 - 19936/16

പി.ഡബ്ല്യു.1/ഡി4/254/21-22

പി.ഡബ്ല്യു.1/ഡി1/326/2020

നഗരസഭയുടെ ബസ്സ്റ്റാന്റിന് പുറക് വശത്ത് മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ റാം ബയോളജിക്കൽ എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു. ഇതിന്റെ ഭാഗമായി 50 KLD EPPഉള്ള ട്രീറ്റ്മെന്റ് പ്ലാന്റ്

നിർമ്മാണത്തിന് 15800000 രൂപയുടെ ഒരു പദ്ധതി 2016-17 വർഷം തയ്യാറാക്കി. (173/17). 12-07-2018 ലെ 236/ജി/2018 എസ്.എം പ്രകാരം 60 ലക്ഷം രൂപയുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും 96 ലക്ഷം രൂപയുടെ ഓപ്പറേഷൻ & മെയിന്റനൻസ് ചാർജ്ജും DPR നിർമ്മിച്ചതിന് 120000, അധിക ജി.എസ്.ടി ഉൾപ്പെടെ 1580000 രൂപയ്ക്ക് ശുചിത്വമിഷൻ അംഗീകാരം നൽകി. പ്രവൃത്തി 07-01-19 ന് ഇ-ടെണ്ടർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹൈഡ്രാഡ് (Hydriad) വാട്ടർ മാനേജ്മെന്റ് സിസ്റ്റം എന്ന കമ്പനിക്ക് നിർമ്മാണാനുമതി നൽകി. തുടർന്നു തയ്യാറാക്കിയ പദ്ധതിയും അധികച്ചെലവും താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ബിൽ നമ്പർ | തുക | കരാറുകാരുടെ പേര് |
|---|---|---|---|
| (1) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം 275/20 | 1915054700320 1582925/23-03-2020 | 2174265 | Hydriad അബൂബക്കർ സിദ്ദിഖി |
| (2) ശുദ്ധീകരിച്ച വെള്ളത്തിന്റെ പുനരുപയോഗം 326/20 | -- | -- | 350000 ലക്ഷം രൂപ വകയിരുത്തി Hydriad കമ്പനിക്ക് നൽകി. |
| (3) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വൈദ്യുതീകരണം 185/22 | -- | -- | 632000 രൂപയുടെ എസ്റ്റിമേറ്റ് പി. റിജേഷ് എന്ന ഇലക്ട്രിക്കൽ കരാറുകാരന് നൽകി. (9.63% ബിലോ) |
| (4) പ്രിലിമിനറി ട്രീറ്റ്മെന്റ് ടാങ്ക് സ്ഥാപിക്കൽ 387/23 | ചെക്ക് നമ്പർ 92331622356 തീയതി 26-09-2023 | 939000 (CFC ഗ്രാന്റ്) | ഹാസ്കോൺ കൺസ്ട്രക്ഷൻ & ഇന്റീരിയേഴ്സ് |
| (5) വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഷെൽട്ടർ നിർമ്മാണം 254/22 | ചെക്ക് നമ്പർ 102246273841 തീയതി 25-10-22 | 1064143 (CFC ഗ്രാന്റ്) | കരാറുകാരൻ യാസീർ അഹമ്മദ്. എൻ എന്നവർക്ക് നൽകി. |

ആകെ നാളിതുവരെ ചെലവ് - 4177408

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

(1) ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിന്റെ അടങ്കൽ 60 ലക്ഷം രൂപയാണ്. ഇതിൽ നഗരസഭയുടെ വിഹിതം 1631327 രൂപ എന്നാണ് ശുചിത്വമിഷൻ അനുവദിച്ച സാങ്കേതികാനുമതിയിൽ വ്യക്തമാക്കുന്നത്. അതായത് 60 ലക്ഷം രൂപയിൽ 1631327 രൂപ ബാക്കി രൂപ ഗുണഭോക്തൃ വിഹിതം എന്നാണ് കണക്കാക്കേണ്ടത്. പകരം ശുചിത്വമിഷൻ 3725373 രൂപ ഗുണഭോക്തൃ വിഹിതം കണക്കാക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

നിലവിൽ പ്രോജക്ട് കോസ്റ്റ് 5356700 രൂപയായി കണക്കാക്കുമ്പോൾ തദ്ദേശ വിഹിതം 1631327 രൂപയും ഗുണഭോക്തൃ വിഹിതം 3725373 രൂപയാണ്. എന്നാൽ മേൽ കാണിച്ച ബിൽ/ചെക്ക് പ്രകാരം വിവിധ കരാറുകാർക്ക് നൽകിയ 4177408 രൂപയിൽ സി.എഫ്.സി ഗ്രാന്റ് ആണ് വിനിയോഗിച്ചത്. 1631327 രൂപ മാത്രം നഗരസഭാ വിഹിതം വകയിരുത്തി ചെലവഴിക്കേണ്ടതിന് പകരം ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ മുഴുവൻ തുകയും (4177408 രൂപ) CFC യിൽ ചെലവഴിച്ചത് ശരിയായ നടപടിയല്ല.

(2) പ്ലാന്റിന്റെ പരിസരത്ത് കച്ചവടം ചെയ്യുന്ന വ്യാപാരികളിൽ നിന്ന് പ്ലാന്റ് നിർമ്മാണം, പരിപാലനം എന്നിവയ്ക്കായി ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് നിക്ഷേപിക്കാൻ എച്ച്.ഡി.എഫ്.സി ബാങ്കിന്റെ തിരൂർ ശാഖയിൽ കറന്റ് അക്കൗണ്ട് (നമ്പർ 50200024199452) 30/03/2017 ൽ ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ 30-03-2017 മുതൽ 31-03-22 വരെ 25 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും 6 ലക്ഷം രൂപ ചെലവും ചെയ്തതായി കാണുന്നു. അവശേഷിക്കുന്ന 19 ലക്ഷത്തിൽ 115 രൂപ ചെക്ക് ക്ലിയറൻസ് ചാർജ് ഇനത്തിൽ കുറവ് ചെയ്താൽ 1899885 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ 19 ലക്ഷത്തിനടുത്ത് തുക ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുമ്പോഴാണ് മേൽ ഖണ്ഡിക (1) ലെ അപാകത തുടരുന്നത്. അതായത് 4177408 രൂപ വികസന/സി.എഫ്.സി ഗ്രാന്റ് വകയിരുത്തി ചെലവ് ചെയ്തത്.

14-03-2017 ലെ 11-ാം നമ്പർ തീരുമാന പ്രകാരം ബസ്സ്റ്റാന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനായി 931372 രൂപ നഗരസഭ വിഹിതവും 4656700 രൂപ ഗുണഭോക്തൃ വിഹിതവും നിശ്ചയിച്ചതണ്. ബസ്സ്റ്റാന്റിലെ 15 വ്യാപാരികളേയും ഒരു പള്ളിയേയും ആണ് ഗുണഭോക്താക്കളായി കണക്കാക്കിയത്. അവരിൽ നിന്ന് 25 ലക്ഷം രൂപ മാത്രമാണ് നാളിതുവരെ പിരിച്ചെടുക്കാനായത്. കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുകയോ അല്ലാത്ത പക്ഷം 16 പേരിൽ നിന്ന് വകയിരുത്തിയ മുഴുവൻ ഗുണഭോക്ത്യ വിഹിതം പിരിച്ചെടുക്കാനുള്ള ശ്രമമോ ഉണ്ടായില്ല. വിഭാവനം ചെയ്തതിലും വളരെ കുറഞ്ഞ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാനായുള്ളൂ.

(3) മത്സ്യ മാർക്കറ്റിലെ മലിനജല നിർമ്മാർജ്ജന പ്ലാന്റിന്റെ അറ്റകുറ്റപ്പണി ചെയ്തതിൽ 7.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉണ്ടാക്കുകയും (ഫയൽ PW1-11428/14 EST No. 2020/17493) ഇതിന്റെ ഫൈനൽ ബിൽ പ്രകാരം 737300 രൂപ Hydriad ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ HDFC A/c ൽ നിന്ന് 6 ലക്ഷം രൂപ അനുവദിച്ചു. ബസ്സ്റ്റാന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ആവശ്യത്തിന് ഗുണഭോക്തൃ വിഹിതം സൂക്ഷിച്ച HDFC അക്കൗണ്ടിൽ നിന്ന് 6 ലക്ഷം രൂപ മത്സ്യ മാർക്കറ്റ് ട്രീറ്റ്മെന്റ് പ്ലാന്റിന് വിനിയോഗിച്ചത് ശരിയായ നടപടിയല്ല.

(4) ഗുണഭോക്തൃ വിഹിതം സൂക്ഷിച്ചത് HDFC യുടെ കറന്റ് അക്കൗണ്ടിലാണ്. സേവിംഗ്സ് ബാങ്കിലായിരുന്നെങ്കിൽ അക്കൗണ്ട് ആരംഭിച്ച 30-03-17 മുതൽ നാളിതുവരെ പലിശ ലഭിക്കുമായിരുന്നു. ഇപ്പോൾ ഈ അക്കൗണ്ടിൽ 1899885 രൂപ അവശേഷിക്കുന്നുണ്ട്. 30-03-2017 മുതൽ 31-03-2023 വരെ പലിശ ഇനത്തിൽ വൻ തുക നഗരസഭയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ട്.

ഇതിന് ഉത്തരവാദിയായവരെ കണ്ടെത്തി തുക ഈടാക്കേണ്ടതാണ്.

(5) നിലവിൽ 4 പദ്ധതിയായിട്ടാണ് പ്രവർത്തനം നടത്തുന്നത്.

1. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം (പ്രോജക്ട് നമ്പർ 275/20)
2. ശുദ്ധീകരിച്ച വെള്ളത്തിന്റെ പുനരുപയോഗം (പ്രോജക്ട് നം. 326/20)
3. പ്രിലിമിനറി ട്രീറ്റ്മെന്റ് ടാങ്ക് സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ 387/23)
4. വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഷട്ടർ നിർമ്മാണം (പ്രോജക്ട് നമ്പർ 254/22)
5. 

ഈ പദ്ധതികളിലായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് നഗരസഭയ്ക്ക് മൊത്തം എത്ര തുക ചെലവഴിച്ചു എന്നതിന് കൃത്യമായ രേഖകൾ/രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വിവിധ ഫയലിൽ സൂക്ഷിച്ച വൗച്ചർ/ബിൽ തുകകൾ കൂട്ടിയെടുത്തതിൽ നിന്നാണ് 4177408 രൂപ ചെലവഴിച്ചു എന്ന് വ്യക്തമാകുന്നത്. ഇതിന്റെ കൃത്യത പരിശോധിക്കാൻ ഉതകുന്ന രീതിയിൽ വർക്ക് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല.

(6) 17-08-2020 ലെ കൗൺസിൽ തീരുമാന പ്രകാരം കോഴിക്കോട് സി.ഡബ്ലിയു.ആർ.ഡി.എം ലെ ശാസ്ത്രജ്ഞർ ട്രീറ്റ്മെന്റ് പ്ലാന്റ് പരിശോധന നടത്തിയപ്പോൾ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിൽ പരിചയമുള്ളവരെ വെച്ച് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ വിവിധങ്ങളായ 7 വിദഗ്ധരെ ഉൾകൊള്ളിച്ച് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. 2-6-2020 ന് CWRDM വർക്ക് പരിശോധന

നടത്തിയതിൽ ഡി.പി.ആർ ൽ നിന്ന് വലിയ വ്യതിയാനത്തിലാണ് പ്രവൃത്തി ചെയ്തതെന്ന് റിപ്പോർട്ട് ചെയ്തു. പ്രവർത്തിയുടെ ഭൂരിഭാഗവും സിമന്റ് കോൺക്രീറ്റ് ആണ് ചെയ്തത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചത്. എന്നാൽ തുടർ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് പദ്ധതി ഫലപ്രദമായി പൂർത്തീകരിക്കാൻ മോണിറ്ററിംഗ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. 2014 ൽ തുടങ്ങിയ ഈ പദ്ധതി ഇപ്പോഴും പൂർത്തിയായിട്ടില്ല.

അപാകതകൾ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.78/15.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രിക പരിശോധിച്ചിട്ടുള്ളത്. ഓഡിറ്റ് സാക്ഷ്യപത്രം ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി (KWA/KSEB/GWD) | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | Bus Stand Transformer Change | 22200735 Dtd. 16/09/2022 | 188435 | 188435 | Nil |
| KSEB | Ward 2 Line Extension | 2201614 Dtd. 22/02/2023 | 110824 | 110824 | Nil |
| KSEB | Ward 1 Street Light Line Extension | 22201304 Dtd.03/01/2023 | 97964 | 97964 | Nil |

| | | | | | |
|---|---|---|---|---|---|
| KSEB | Ward 5 Street Light Line Extension | 22201305 Dtd.03/01/2023 | 65844 | 65844 | Nil |
| KSEB | Ward 22 Street Light Line Extension | 22201470 Dtd.03/02/2023 | 408917 | 408917 | Nil |
| KSEB | Ward 02 Street Light Line Extension | 22201738 Dtd.16/03/2023 | 126454 | 126454 | Nil |
| KWA | Pipe Line Extension Ward35 | 22200747 Dtd.17/09/2023 | 110000 | 110000 | Nil |
| KWA | Pipe Line Extension Ward26 | 22200748 Dtd.17/09/2022 | 500000 | 500000 | Nil |
| KWA | WARD 16 CHONATTIL FOOTPATH PIPE LINE EXTENSION | 22200749 DTD.17/09/2022 | 60000 | 60000 | Nil |
| KWA | WARD 36 PUBLIC TAP CHANGING , WARD 36 KWA CONNECTION TO ANGANWADI , WARD 17 KWA LINE EXTENSION | 22201562 DTD.09/02/2023 | 115000 | 115000 | Nil |
| KWA | WARD 21 PUBLIC TAP CHANGING , WARD 33 KWA CONNECTION TO ANGANWADI NO 35, WARD 18 KWA CONNECTION TO ANGANWADI NO 01 | 22201558 DTD.09/02/2023 | 52000 | 52000 | Nil |
| KWA | WARD 02 KWA LINE EXTENSION | 22201773 DTD.22/03/2023 | 2810000 | 2810000 | Nil |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ, പി.എം.എ.വൈ/ലൈഫ് മിഷൻ | | 3,70,00,000 | 2,95,99,999 | 24,66,668 | - | 2,71,33,331 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,93,94,750 |
| തൻവർഷം നിക്ഷേപിച്ച തുക | 15,45,662 |

| | |
|---|---|
| ആകെ | 2,09,40,412 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 14756006 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (പലിശ ഉൾപ്പെടെ) | 6184406 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കേരള മർമ്മ ആയുർവേദിക കോ-ഓപ് ഫാർമസി | 100 |
| കെ.യു.ആർ.ഡി.എഫ്.സി | 35000 |
| എം.ഡി.സി. സ്പിന്നിംഗ് മിൽ | 5000 |
| ഗവ. പ്രസ്സ്, തിരുവനന്തപുരം | 500 |
| ആർട്ടിസാൻ കോർപ്പറേഷൻ | 10000 |
| എം.ഡി.സി. ഹോസ്പിറ്റൽ | 5000 |
| ഫിക്സഡ് ഡെപ്പോസിറ്റ് | 2128806 |
| ഇക്യുറ്റി ഷെയർ | 4000000 |
| ആകെ | 6184406 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|---|---|
| 2000-2001 | 61 | 2004-2005 | 91 | കാർഷിക യന്ത്രവൽക്കരണം-ട്രാക്ടർ ദുരുപയോഗം ചെയ്തു. |
| 2001-2002 | 3(61) | 2006-2007 | 4.23.3 | 3നിർമ്മാണ പ്രവൃത്തികളുടെ ഫയലുകൾ ലഭ്യമാക്കാത്തത് |
| 2001-2002 | 3(61) | 2006-2007 | 4.23.3 | തെക്കുംമുറി ജി.എൽ.പി.എസ് കെട്ടിട നിർമ്മാണം |
| 2001-2002 | 3(61) | 2006-2007 | 4.23.3 | താലൂക്ക് ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി-മൊബിലൈസേഷൻ അഡ്വാൻസ് |

| | | | | |
|---|---|---|---|---|
| 2004-2005 | 3.24 | 2007-2008 | 4.10.1 | ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല. |
| 2009-10 | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-12 | 2.9.8 | മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. |
| 2010-2011 | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-12 | 3.1.9 | കേരകൃഷി |
| 2010-11 | 3.20 | 2012-2013 | 4.6.3 | കുത്തുപറമ്പ് ഗ്യാസ് ക്രിമറ്റോറിയം-18.94 ലക്ഷം പാഴായി |
| -- | മുന്നറിയിപ്പില്ലാതെ നടത്തിയ പരിശോധന | 2013-2014 | 5.3.5-3.6 | വനിത വ്യവസായ കേന്ദ്രം നിഷ്ക്രിയമായിരിക്കുന്നത് |
| -- | - ടി - | 2013-2014 | 5.3.5-10 | മൈക്രോ സംരംഭകർക്ക് സഹായം ലഭ്യമാക്കാത്തത് |
| 2011-12 | പ്രത്യേക ഓഡിറ്റ് പരിശോധനാ റിപ്പോർട്ട് | 2014-2015 | അദ്ധ്യായം-2 | നഗരസഭകളുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തുടർ നടപടികളില്ല. |
| 2011-12 | ,, | 2015-2016 | 4.2.3 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് -വ്യത്യസ്ത ചിത്രം |
| 2014-15 | ,, | 2015-2016 | 4.2.4 | വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 318390461 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 309664438 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7809473 |

ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| ഇല്ല | 0 | 0 | |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1-16 | 245028 | ഡോ. ബേബി ലക്ഷ്മി.കെ.ആർ മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി | നടുവിലപറമ്പിൽ, റഹ്ന ഹോംസ്, ദ ഗ്രീൻസ്, പേരാമംഗലം, തൃശ്ശൂർ-680545 |
| 1-25-1 | 911233 | 596344 ശ്രീ. റ്റി.വി. ശിവദാസൻ, സെക്രട്ടറി ഇൻ ചാർജ് | തട്ടാരം വീട്ടിൽ ഫാക്ടറി റോഡ് പച്ചാളം, കൊച്ചിൻ-12 |
| 1-25-1 | | 314889 ശ്രീമതി. റ്റി.എൻ. സിനി സെക്രട്ടറി | നവമല്ലിക, ചാലുപാട് അടക്കാട് പി.ഒ, പോരുവഴി, കൊല്ലം |
| 1-25-2 | 1000000 | ശ്രീ. റ്റി.വി. ശിവദാസൻ, സെക്രട്ടറി ഇൻ ചാർജ് | തട്ടാരം വീട്ടിൽ ഫാക്ടറി റോഡ് പച്ചാളം, കൊച്ചിൻ-12 |
| 1-25-3 | 3647000 | 837000 ശ്രീ. റ്റി.വി. ശിവദാസൻ, സെക്രട്ടറി ഇൻ ചാർജ് | തട്ടാരം വീട്ടിൽ ഫാക്ടറി റോഡ് പച്ചാളം, കൊച്ചിൻ-12 |
| 1-25-3 | | 28,10,000 ശ്രീമതി. റ്റി.എൻ. സിനി സെക്രട്ടറി | നവമല്ലിക, ചാലുപാട് അടക്കാട് പി.ഒ, പോരുവഴി, കൊല്ലം |
| 1-27 | 392167 | ശ്രീ.ജീവരാജ്.ഇ.കെ, ക്ലീൻ സിറ്റി മാനേജർ | ശ്രീവിഹാർ, കൊല്ലം, കൊയിലാണ്ടി-673307 |
| 1-32 | 380000 | ശ്രീ.ജീവരാജ്.ഇ.കെ, ക്ലീൻ സിറ്റി മാനേജർ | ശ്രീവിഹാർ, കൊല്ലം, കൊയിലാണ്ടി-673307 |
| 1-33 | 109648 | ശ്രീ.ജീവരാജ്.ഇ.കെ, ക്ലീൻ സിറ്റി മാനേജർ | ശ്രീവിഹാർ, കൊല്ലം, കൊയിലാണ്ടി-673307 |
| 1-35 | 109632 | ശ്രീ. രഞ്ജിത്ത്. എ, പ്രോജക്ട് ഓഫീസർ, യു.പി.എ.സി. | കൃഭാ നിവാസ്, പാപ്പിനിശ്ശേരി പി.ഒ. കണ്ണൂർ – 670561 |
| 1-42 | 106390 | ശ്രീ. രഞ്ജിത്ത്. എ, പ്രോജക്ട് ഓഫീസർ, യു.പി.എ.സി. | കൃഭാ നിവാസ്, പാപ്പിനിശ്ശേരി പി.ഒ. കണ്ണൂർ – 670561 |
| 1-43 | 135000 | ശ്രീ. രഞ്ജിത്ത്. എ, പ്രോജക്ട് ഓഫീസർ, യു.പി.എ.സി. | കൃഭാ നിവാസ്, പാപ്പിനിശ്ശേരി പി.ഒ. കണ്ണൂർ – 670561 |
| 1-44 | 494134 | ശ്രീ.ജീവരാജ്.ഇ.കെ, ക്ലീൻ സിറ്റി മാനേജർ | ശ്രീവിഹാർ, കൊല്ലം, കൊയിലാണ്ടി-673307 |
| 1-46 | 228153 | ശ്രീ.ജീവരാജ്.ഇ.കെ, ക്ലീൻ സിറ്റി മാനേജർ | ശ്രീവിഹാർ, കൊല്ലം, കൊയിലാണ്ടി-673307 |
| 1-49 | 51088 | ശ്രീമതി. പത്മശ്രീ കെ അസി.എഞ്ചിനീയർ | ശ്രീ പത്മനാഭ, തൊറ്റപ്പള്ളി പി.ഒ, ആലപ്പുഴ – 688013 |

| | | | |
|---|---|---|---|
| ആകെ | 7809473 | | |

ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-26 | 6975 |

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | - | - |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | എൽഎഫ്.എം4/343/2003/ തിയ്യതി 13-08-2004 | 30 |
| 2001-2002 | എൽഎഫ്.എം18/1121/2009 തീയതി 18-07-2009/12-08-2009 | 76 |
| 2002-2003 (വരവ്) | എൽഎഫ്.എം14/1313/2006 തീയതി 13-11-2003 | 20 |
| 2002-2003 (ചെലവ്) | എൽഎഫ്.എം4/1343/2005 തീയതി 02-03-2007 | 27 |
| 2003-2004 | എൽഎഫ്.എം18/273/2007 തീയതി 20-03-2007 | 39 |
| 2004-2005 | എൽഎഫ്.എം18/273/2007 തീയതി 20-03-2007 | 29 |
| 2005-2006 | എൽഎഫ്.ടി.എം1/31/2010 തീയതി 02-05-2011 | 34 |

| | | |
|---|---|---|
| 2006-2007 | എൽഎഫ്.ടി.എം1/32/2010<br>തീയതി 27-06-2011 | 22 |
| 2007-2008 | എൽഎഫ്.ടി.എം1/33/2010<br>തീയതി 18-09-2011 | 20 |
| 2008-2009 | കെ.എസ്.എ.ടി.ആർ.എം.2/454/2022<br>തീയതി 28-10-2022 | 20 |
| 2009-2010 | കെ.എസ്.എ.ടി.ആർ.എം.2/454/2022<br>തീയതി 28-10-2022 | 8 |
| 2010-2011 | എൽഎഫ്.ടി.എം2/356/2012<br>തീയതി 19-08-2013 | 48 |
| 2011-2012 | കെ.എസ്.എ.ടി.ആർ.എം.2/454/2022<br>തീയതി 28-10-2022 | 22 |
| 2012-2013 | കെ.എസ്.എ.ടി.ആർ.എം.2/454/2022<br>തീയതി 28-10-2022 | 12 |
| 2013-2014 | കെ.എസ്.എ-ടി.ആർ.എം2/230/2016<br>തീയതി 22-10-2018 | 41 |
| 2014-2015 | കെ.എസ്.എ-ടി.ആർ.എം2/171/2016<br>തീയതി 27-06-2016 | 29 |
| 2015-2016 | കെ.എസ്.എ-ടി.ആർ.എം2/20/2017<br>തീയതി 08-02-2017 | 25 |
| 2016-2017 | കെ.എസ്.എ-ടി.ആർ.എം2/326/2017<br>തീയതി 21-06-2018 | 17 |
| 2017-2018 | കെ.എസ്.എ-ടി.ആർ.എം2/76/2018<br>തീയതി 02-02-2019 | 16 |
| 2018-2019 | കെ.എസ്.എ.ടി.ആർ.എം2/57/2020<br>തീയതി 03-07-2020 | 36 |
| 2019-2020 | കെ.എസ്.എ.ടി.ആർ.എം2/370/2021<br>തീയതി 15-12-2021 | 22 |
| 2020-2021 | കെ.എസ്.എ.ടി.ആർ.എം2/230/2022<br>തീയതി 02-06-2022 | 33 |
| 2021-2022 | കെ.എസ്.എ.ടി.ആർ.എം2/229/2023<br>തീയതി 25-07-2023 | 40 |

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭ ഓഡിറ്റ് കാര്യാലയം,തിരൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 20-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Tirur Concurrent Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Tirur Concurrent Municipality for the year 2022-2023

**Date: 28/12/2023**

**Deputy Director**
**Tirur Municipality**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Tirur Concurrent Municipality for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

(1) The following mandatory financial statements prescribed in accounting rules are not appended with annual financial statements.

Eg:- Notes as per accounting rules 58(2) (E)

Assumptions as per accounting rules 58(2) (F)

Ratios shown in the accounting rules 58(3)

(2) The figures as per balance sheet schedule for the year 2021-22 when compared with the figures of opening balance of current year ledger/trial balance are some varies.

| SL. No. | Head of Account | Item | Balance Sheet (2021-22) | Ledger/Trial balance (2022-23) |
|---|---|---|---|---|
| 1 | 310100100 | General Fund | 140424529.78 | 22387021.28 |
| 2 | 310900100 | Excess of income over expenditure | 25909623 | 143947131.50 |

(3) The amount of General Fund and Excess of income over expenditure as per B1-schedule does not match with the amount of Ledger and B1- Landscape.

| SL. No. | Head of Account | Item | Balance Sheet (2021-22) | Ledger/Trial balance (2022-23) |
|---|---|---|---|---|
| 1 | 310100100 | General Fund | 166334152.78 | 22387021.28 |
| 2 | 310900100 | Excess of income over expenditure | 14686620 | 143947131.50 |

Closing balance of Excess of income over expenditure in B1 schedule (Landscape) is Rs. 15,86,33,751

(4) On verifying the closing balance of various bank accounts which were mentioned in B17 and RP 40(b) schedules shown some difference with the actual figure. Eventhough reconciliation statements have been submitted for verification still the difference in the amount in the pass book/Bank statement.

| SL. No. | Bank Account | As per AFS | Pass book | Reconciliation statement |
|---|---|---|---|---|
| 1 | ICICI 021905001257 | 51800 | 5930429 | 16000 |
| 2 | SBI Own Fund 57003523639 | 52023740.28 | 50895806.12 | 50447753 |
| 3 | SBT (EPF) 67327417799 | 103281 | 12612 | 106881 |

Treasury Savings Accounts were not match with RP-40(b)

1. The balance amount in the treasuty savings bank account bearing Account No. 799011400007351 is 2188278, but it is not taken into account of the AFS.
2. The Closing balance of STSB Account No. 7352 is Rs. 1342026/- but it is shown as Zero in the AFS.

3. The closing balance of LGTSB Account No. 799013000000582 is Rs. 2034471/-, but as per AFS this figure is -184239.

**(5)** As per the schedule B-14 for the year 2022-23 the stock balance is Rs. 13,47,748/-. This same figure was also shown in the previous years, ie., 2020-21, 2021-22. This indicates some discrepancy in the stock account.

**(6)** The closing balance of beneficiary contributiions in the B4 schedule is Rs. 6058994/-. As per the AFS for the year 2021-22, the closing balance was Rs. 6088994. The details of amount collected under this item. The project details in which the beneficiary contributiions were not fully utilised, and all other details should be made available for audit.

**(7)** On verification of the demand register for non-accrual basis revenue does not match with AFS.

| SL. No. | Head of Account | As per Register | AS per AFS |
|---|---|---|---|
| 1 | 140501000 Market Fees | 56,01,999 | 4590065 |
| 2 | 140501300 Vehicle Stand Fee | 124500 | 447905 |
| 3 | 140500900 Public Sanitation charge | 231999 | 813734 |

**(8)** Expenditure shown in ACR, grant statement and AFS does not match with eachother.

| SL. No. | Grant | AFS | ACR | Grant Statement |
|---|---|---|---|---|
| 1 | Development Fund General | 25563377 | 25563377 | 29569399 |
| 2 | Maintenance Fund Non-road | 7513249 | 8513249 | 7513249 |
| 3 | Development Fund SCP | 11633042 | 11640542 | 11269228 |

**(9)** Amount in deposit received shown in the various schedules varies.

In annual financial statement for the year 2022-23, the deposit received shown in the B7 schedule is Rs. 15374388/- but on verification the amount B7 Deposit received is Rs. 13557139/-. The details are given below.
B7 schedule in the AFS for the year 2022-23 is Rs.15374388

In the AFS for 2021-22 B7 Deposit received = 14383752

2022-23 RP 27 (Receipt) = 1716843

2022-23 RP 27 (Payment) = 2543456

Actual Deposit for the year 2022-23 = 2021-22 By deposit received + 2022-23 RP 27

receipt Â 2022-23 RP27 Payment = 13557139

Difference = 1817249 (15374388 - 13557139)

**(10)** The following differences were noticed in the demand, collection and balance statement of property Tax which is taken from sanchaya software and the entries AFS.

**Arrear**

| | Demand | collection | Balance |
|---|---|---|---|
| As per sanchaya | 43065240 | 14844130 | 28264919 |
| AS per AFS | 36461871 | 14336618 | 21400054 |

**Current Year**

| | Demand | collection | Balance |
|---|---|---|---|
| As per sanchaya | 58262780 | 43962417 | 15793873 |
| AS per AFS | 46310000 | 37066719 | 9705445 |
| (As per B-15 2022-23 | | | |

**(11)** The Amount collected as part of the sale of E-Tender forms was not included in the AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, തിരൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനു – 3

## ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ (ഖണ്ഡിക 1-13)

പട്ടിക: **ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ.**

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധ വർഷം 2022 – 2023 |
|---|---|---|---|
